LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1964.

Monday, the 7th September 1964

Vol. XIX] **OFFICIAL REPORT** **[No. 3**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 7th September 1964 with Mr. Speaker in the Chair.

PANEL OF CHAIRMEN

Mr. Speaker : I nominate Sarvashri Joseph Chazhikatt, M. M. Mathai and Smt. K. O. Aisha Bai as Panel of Chairmen for this Session.

Motion of No Confidence

Mr. Speaker : We may begin the discussion on the No-confidence motion. Two full days viz., 10 hours have been allotted for the discussion. The time allotted is distributed as follows, as agreed to by the parties.

The mover of the motion	35 minutes
Congress party	170 minutes
Communist party (Rightist)	80 minutes
Communist party (Leftist)	40 minutes
S. S. P.	60 minutes
Muslim League	45 minutes
Dissidents	60 minutes
Independents	20 minutes
Reply	90 minutes

I call upon the mover....

ശ്രീ. ബേബി ജോൺ: ഞങ്ങൾ ആറു പേരുണ്ട്. അതുകൊണ്ട് ഇരുപതു മിനിററുസമയം ഞങ്ങൾക്ക് അനുവദിച്ചാൽ പോരാ. കൂടുതൽ അനുവദിച്ചു തരണം.

2/3207/V

Mr. Speaker : Order, order. The time has been allotted on the basis of the time available for each member, after deducting the time required for the mover and the Government's reply. I call upon Shri P. K. Kunju to move the mo.ion.

Shri P. K. Kunju : Sir, "I move that this House expresses want of confidence in the Council of Ministers headed by Shri R. Sankar, Chief Minister".

ശ്രീ. പി. കെ. കുഞ്ഞ്: സർ, കേരളനിയമസഭയിൽ ആറുമാസം കൂടുമ്പോൾ ഓരോ അവിശ്വാസപ്രമേയങ്ങൾ അവതരിപ്പിക്കുക എന്നുള്ളത് സാധാരണസംഭവമാണെന്നും, അത് കേവലം ബാലിശമായ ഒരു കൗതുകം മാത്രമാണെന്നും ശ്രീ. ആർ. ശങ്കറിന്റേയുംകൂടി ഉടമസ്ഥതയിൽ നടത്തപ്പെടുന്ന ദിനമണി തുടങ്ങിയ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷെ ബാലിശമായ കൗതുകം എന്നുപറയുന്നത് കേവലം ബാലിശമാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു ഒരുഗവണ്മെന്റു അധികാരത്തിൽ വന്നുകഴിഞ്ഞാൽ, ആഗവണ്മെന്റിന്റെ ചെയ്തികൾ ഗവണ്മെന്റിന്റെ ഭരണം രാജ്യത്തിന്റെ വളർച്ചയ്ക്കു എത്രമാത്രം സഹായകമാണെന്നും രാജ്യത്തിലെ ജനങ്ങൾക്ക് എത്രത്തോളം സ്വീകാര്യമാണോ എന്നുമുള്ളതിനെ സംബന്ധിച്ച് കാലാകാലങ്ങളിൽ ചിന്തിക്കുകയും വിമർശിക്കുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം പ്രതിപക്ഷങ്ങൾക്കുണ്ട്. അങ്ങനെ പ്രതിപക്ഷങ്ങളുടെ അഭിപ്രായങ്ങൾ ഗവണ്മെന്റിന്റെ ഭരണത്തിലുള്ള തെറ്റുകൾ തിരുത്തുന്നതിനും, ചിലപ്പോൾ പുതിയ പുതിയ നിർദ്ദേശങ്ങൾ നൽകുന്നതിനും സഹായകരമായി വരികയാണെങ്കിൽ അത് ഒരു നല്ല കീഴ്‌വഴക്കമാണ്. അങ്ങനെ സദുദ്ദേശത്തോടുകൂടി, രാജ്യത്തിന്റെ പൊതു നന്മയ്ക്കുവേണ്ടി, ജനങ്ങളുടെ ശ്രേയസ്സിനുവേണ്ടി, ദുർഭരണം അവസാനിപ്പിക്കുന്നതിനുവേണ്ടി, ഗവണ്മെന്റിന്റെ തെറ്റുകൾ തിരുത്തുന്നതിനുവേണ്ടി കാലം കാലങ്ങളിൽ അവിശ്വാസപ്രമേയം അവതരിപ്പിക്കേണ്ട ചുമതല പ്രതിപക്ഷത്തിരിക്കുന്നവർക്ക് ഉണ്ടാകണം. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്നതിനുവേണ്ടി, അവരുടെ ശ്രേയസ്സിനുവേണ്ടി പ്രതിപക്ഷങ്ങൾ അവിശ്വാസപ്രമേയ അവതരണരൂപേണ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇടവരികയാണെങ്കിൽ അത് കേവലം ബാലിശമായ ഒരു ചിന്താഗതിയുടെ ഫലമായിട്ടല്ല എന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. എന്റെ പാർട്ടി കഴിഞ്ഞമാസം രണ്ടാം തീയതി കാലിക്കട്ട്‌വെച്ച് കൂടിയ യോഗത്തിൽവെച്ച്, ഇന്നത്തെ ദുർഭരണത്തിന് ഒരു അറുതി വരുത്തുന്നതിനുവേണ്ടി ഈ നിയമസഭയിലെ മറ്റു പ്രതിപക്ഷാംഗങ്ങളുമായി ആലോചിച്ച് രാജ്യത്തിന്റെ ശ്രേയസ്സിനെ ലക്ഷ്യമാക്കി, അഭിമാനകരമായ അന്തസ്സായ ഒരു ഭരണത്തിന്റെ ആവശ്യകത തെളിയിക്കുന്നതിനുവേണ്ടി ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കണമെന്നു തീരുമാനിച്ചിരുന്നു. അതു മറ്റുള്ള പ്രതിപക്ഷകക്ഷികൾ സമ്മതിക്കുകയും ചെയ്തു. അങ്ങനെ ഐകകണ്ഠ്യേന സ്വീകരിച്ച ഒരുതീരുമാനത്തിന്റെ ഫലമായിട്ടാണ് ഞാൻ ഈ അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ഞാൻ അവതരിപ്പിച്ചിട്ടുള്ള അവിശ്വാസപ്രമേയത്തിനെ ഈ രാജ്യത്തിലെ ജനങ്ങൾ എത്രത്തോളം സ്വീകാര്യമായി കണക്കിലെടുത്തിട്ടുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. ഈ നിയമസഭയിലെ പ്രധാന പ്രതിപക്ഷമായ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാവായ ശ്രീ. സി. അച്യുതമേനോനും ഒരു അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിനു അനുമതി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഞാൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഇവിടെയുള്ള ഭൂരിപക്ഷം മെമ്പറന്മാരും പിൻതാങ്ങുന്നതിന് തയാറായിട്ടുണ്ട്. അങ്ങനെ എന്റെ പ്രമേയത്തിനു ചർച്ചയ്ക്കുള്ള അനുവാദം നൽകി. രാജ്യത്തിന്റെ നന്മയ്ക്കും ജനങ്ങളുടെ ക്ഷേമത്തിനുംവേണ്ടി പ്രവർത്തിച്ചിട്ടുള്ള പ്രവർത്തിക്കുന്ന മുസ്ലീംലീഗും ഈ അവിശ്വാസപ്രമേയത്തെ പിൻതാങ്ങിയിട്ടുണ്ട്. ഒരിക്കൽ കോൺഗ്രസ്സ് കക്ഷിയിൽ വളരെ ശക്തിയായും ഊർജ്ജസ്വലമായും പ്രവർത്തിച്ചുകൊണ്ടിരുന്ന കുറെ അംഗങ്ങൾ ഈ ഭരണത്തോടുള്ള അവരുടെ അമർഷം രേഖപ്പെടുത്തുന്നതിനുവേണ്ടി സ്വതന്ത്രമായ ഒരു നില സ്വീകരിക്കുകയും, കോൺഗ്രസ്സിന്റെ ബ്ലോക്കിൽനിന്നകന്നുമാറി ഇരുന്ന് സ്വതന്ത്രമായി ചിന്തിച്ച് രാജ്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തുതുടങ്ങിയിരിക്കുകയാണ്. ശ്രീ. കെ. എം. ജോർജ്ജിന്റെ നേതൃത്വത്തിലാണ് അവർ പ്രവർത്തിക്കുന്നത്. ആ ഗ്രൂപ്പുകാരും എന്റെ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചിരിക്കുകയാണ്. ചെറിയ ഒരു കക്ഷിയാണെങ്കിലും ഈ രാജ്യത്തിന്റെ പുരോഗതിക്കും നന്മയ്ക്കും വേണ്ടി പ്രവർത്തിക്കുന്ന റവല്യൂഷണറി സോഷ്യലിസ്റ്റുപാർട്ടിയുടെ ഏക അംഗമായ ശ്രീ. ബേബിജോണും മററു സ്വതന്ത്ര മെമ്പറന്മാരും ശ്രീ. കൃഷ്ണയ്യർ അടക്കമുള്ള അംഗങ്ങളും ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നുണ്ടെന്നു കഴിഞ്ഞ ദിവസംതന്നെ എല്ലാവർക്കും മനസ്സിലായതാണ്.

സർ, സാധാരണ ഗതിയിൽ ജനാധിപത്യസംപ്രദായത്തെ ആദരിക്കുന്നതിന്, മാനിക്കുന്നതിന് ഈ ഗവൺമെന്റു തയാറാകുന്നില്ലെന്നുള്ളത് ഇപ്പോൾ തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ഈ കഴിഞ്ഞ വ്യാഴാഴ്ച, രാവിലെ 9 അടിച്ചു 20 മിനിട്ടായപ്പോൾ ഈ ഗവൺമെന്റു മരിച്ചു കഴിഞ്ഞിരിക്കുകയാണ്. ചത്ത കുതിരയെ കുത്തുന്നതിന് ഒപ്പമാണ് ഇന്നത്തെ ഈ സഭാനടപടികൾ. ഈ നിയമസഭയിലെ എഴുപതിൽ കുറയാത്ത അംഗങ്ങൾ ഈ അവിശ്വാസപ്രമേയത്തെ പിൻതാങ്ങിയതായി കഴിഞ്ഞദിവസം എഴുനേററുനിന്നു വ്യക്തമാക്കിയിട്ടും (അതായത്തു ആകെയുള്ള അംഗസംഖ്യയുടെ പകുതിയിൽ കൂടുതൽ അംഗങ്ങൾ) പിന്നെയും അവിശ്വാസപ്രമേയം ചർച്ചയ്ക്കു വയ്ക്കണമെന്നു പറയുന്നതു ജനാധിപത്യവിരുദ്ധമാണ്, വിവരക്കേടാണ്, ഈ രാജ്യത്തിലെ ജനങ്ങളോടു കാണിക്കുന്ന അഹന്തയാണ്. ഈ രാജ്യത്തിലെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം രൂപീകരിക്കുന്ന ഗവൺമെന്റിനു ചില ചുമതലകളെല്ലാമുണ്ട്. രാജ്യത്തിലെ ജനങ്ങളുടെ ഭൂരിപക്ഷാഭിപ്രായത്തെ മാനിക്കണം. അങ്ങനെ ഈ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ വ്യക്തമായ അഭിപ്രായം വ്യക്തമായ ഭാഷയിൽ വ്യക്തമായ രീതിയിൽ കഴിഞ്ഞ വ്യാഴാഴ്ച രാവിലെ 9.20--നുമുമ്പ് ഇവിടെ രേഖപ്പെടുത്തുകയുണ്ടായി. അതു എന്താണെന്നും എങ്ങിനെയാണെന്നും ഞാൻ ഇവിടെ ആവർത്തിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ മന്ത്രിസഭ ഇനിയും ഈ നിലയിൽ തുടരാം എന്നു വിചാരിക്കുന്നതു സ്വേച്ഛാധിപത്യത്തിന്റെ, ജനാധിപത്യവൈരുദ്ധ്യത്തിന്റെ പേരിലാണെന്നേ പറയാനുള്ളു. എന്തോ പ്രത്യേക ഉദ്ദേശംകൊണ്ടായിരിക്കാം ഈ ഗവൺമെന്റു ഇനിയും തുടരാം എന്നു വിചാരിക്കുന്നതു. അല്ലെങ്കിൽ എന്തെങ്കിലും പോംവഴി കണ്ടുപിടിക്കാമെന്നുള്ളതുകൊണ്ടായിരിക്കാം, ചിലയാളുകളെ സമീപിക്കുകയോ പ്രീണിപ്പിക്കുകയോ, വശീകരിക്കുകയോ ചെയ്യാമെന്നുള്ള വ്യാമോഹത്തോടുകൂടിയായിരിക്കാം ഇനിയും തുടരുന്നതു. കഴിഞ്ഞ വ്യാഴാഴ്ച ഈ അവിശ്വാസപ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു എഴുനേററുനിന്നവരെ കൂടാതെ രണ്ടു പേരെങ്കിലും കൂടുതലായിട്ടു ഇന്നു ഇതിനെ അനുകൂലിക്കാൻ കാണും എന്നുള്ളതു തീർച്ചയാണ്. ഈ അവിശ്വാസപ്രമേയത്തോടു സ്വീകരിക്കേണ്ട നയം ജനാധിപത്യത്തിന്റെ പേരിൽ ഈ സഭാനേതാവു സ്വീകരിച്ചില്ലെന്നുള്ളതു ചരിത്രാങ്കിതമാണ്. ജനാധിപത്യത്തിന്റെ തത്വങ്ങളെതന്നെ നിഷേധിച്ചുകൊണ്ടുള്ള ഒരു നിലപാടാണ് ഇതു. ഇതിനുമുമ്പും ഇവിടെ കാൺഗ്രസ്സ് ഗവൺമെന്റു അധികാരത്തിലിരുന്നിട്ടുണ്ട്. അവരെല്ലാംതന്നെ ഇത്തരം സന്ദർഭങ്ങളിൽ നല്ല മാതൃകകൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ തിരു-കൊച്ചി നിയമസഭയിലെ മുഖ്യമന്ത്രിയായിരുന്ന കാലത്തു കാൺഗ്രസ്സിലുള്ള ഒരു വിഭാഗം ആളുകൾ—അവരെ അഖണ്ഡന്മാർ എന്നാണ് പറഞ്ഞിരുന്നതു—മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെടുകയുണ്ടായി. അവർ ഏഴുപേർ കാൺഗ്രസ്സ് വിട്ടുപോരുകയും ചെയ്തു. തന്റെ കക്ഷിക്കു ഭൂരിപക്ഷമില്ലെന്നുകണ്ട മാത്രയിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ആണത്തമായി രാജിവച്ചു ഇറങ്ങിപ്പോവുകയാണു ചെയ്തതു. അങ്ങനെ കാൺഗ്രസ്സ് ഗവൺമെൻറുതന്നെ ഇമ്മാതിരി കാര്യത്തിൽ കീഴ്‌വഴക്കങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യുന്നതു കാൺഗ്രസ്സ് സംഘടനയ്ക്കു അഭിമാനകരവും കോൺഗ്രസ്സിനോടു ജനങ്ങൾക്കുള്ള വിശ്വാസം നിലനിൽക്കുന്നതിനും നല്ലതുമാണ്. ആ മാതൃക ഈ ഗവൺമെന്റു സ്വീകരിക്കാത്ത തനെപ്പററി എനിക്കു പറയുവാനുള്ളതു ഈ മന്ത്രിസഭയിലുള്ളവർ സ്വയം അധഃപതിക്കുകയും കാൺഗ്രസ്സ് സംഘടനയുടെ കഴി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു]

തോണ്ടുകയുമാണെന്നാണ്. തന്റേടമില്ലാത്ത നെറികെട്ട ഒരു കക്ഷിയാണ് കാൺഗ്രസ്സ് കക്ഷിയെന്നു പൊതുവേ ഒരു ധാരണയുണ്ടാക്കാൻ ഈ സംഭവം മാത്രം ഉപകരിക്കും. പ്രതിപക്ഷത്തിരിക്കുന്നവർ വലതുപക്ഷത്തിനു നേരിട്ട ആപത്തു കണ്ടു രസിക്കുന്നവരല്ല. രാജ്യത്തിന്റെ താൽപ്പര്യങ്ങളെ ബാധിക്കുന്ന കാര്യങ്ങൾ വരുമ്പോൾ അതിനു് അറുതിവരുത്താൻമാത്രം ശ്രമിക്കുന്നവരാണ് പ്രതിപക്ഷത്തുള്ളവർ. കാൺഗ്രസ്സ് സംഘടന നശിച്ചു, അതു് അധഃപ്പതിച്ചു ഇനി അതിനു് വളരാൻ സാദ്ധ്യമല്ല എന്നുള്ള നില ഈ ഗവണ്മെന്റിന്റെ ഏകാധിപത്യപ്രവണതമൂലം തെളിയിച്ചിരിക്കുകയാണ്. ജനാധിപത്യ തത്വങ്ങളെ ധിക്കരിച്ചും, അതിനെ അവഗണിച്ചുംകൊണ്ടു് മുന്നോട്ടു പോകുന്ന ഒരു ഗവണ്മെന്റാണ് ഇന്നു് കേരളത്തിൽ ഭരണം നടത്തുന്നതെന്നു് ഇവിടെ തെളിഞ്ഞുകഴിഞ്ഞു. ഇതു് അടുത്ത തിരഞ്ഞെടുപ്പിനെ സാരമായ ബാധിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഈ അവിശ്വാസപ്രമേയത്തെ സംബന്ധിച്ചു് ആമുഖമായി ഇത്രയും പറഞ്ഞുവെന്നേയുള്ളു. ഇവിടത്തെ ഭരണത്തെസംബന്ധിച്ചു് ഒട്ടുവളരെ കാര്യങ്ങൾ പറയുവാനുണ്ടെങ്കിലും, അതെല്ലാം എനിക്കു് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ പറയാൻ കഴിയുമോയെന്നു് സംശയമാണ്. എങ്കിലും പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യങ്ങൾ ഞാനിവിടെ പറയാം. അവിശ്വാസപ്രമേയം പാസ്സാകരുതെന്നുള്ള ഒരൊററ ഉദ്ദേശം ഉള്ളതിന്റെ ഫലമായിട്ടല്ല ഈ നിയമസഭയിലെ പ്രഗൽഭനായ പ്രതിപക്ഷനേതാവു് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെയും അദ്ദേഹത്തിന്റെ പാർട്ടിയിലുള്ളവരെയും അറസ്ററു ചെയ്തതു്. രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി ഇൻഡ്യൻ ഡിഫൻസ് ആക്ടനുസരിച്ചാണ് അവരെ അറസ്ററു ചെയ്തതെന്നാണ് പറയുന്നതു്. മദ്രാസിൽനിന്നും ട്രെയിനിൽ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങിയ ശ്രീ. ഇ. എം. എസ്സിനെ പെട്ടെന്നു് അറസ്ററു ചെയ്യുകയാണ് ചെയ്തതു്. ഇന്നു് നാട്ടിലുണ്ടായിട്ടുള്ള ഭക്ഷ്യകുഴപ്പം പരിഹരിക്കുന്നതിനും, ജനങ്ങളുടെ ഇടയിലുള്ള ആവലാതിയും ദാരിദ്ര്യവും ഇല്ലാതാക്കുന്നതിനുംവേണ്ടി ഒരു നടപടി സ്വീകരിച്ചതിനു് എന്തിനാണ് അവരെ അറസ്ററു ചെയ്തതെന്നു മനസ്സിലാകുന്നില്ല. ഈ നിയമസഭയിൽ മന്ത്രിസഭം സ്ഥിതിരായി അവിശ്വാസപ്രമേയം അവതരിപ്പിക്കുമെന്നും അതിനെ നിവൃത്തിയുള്ളിടത്തോളം പരാജയപ്പെടുത്തുന്നതിനുവേണ്ടി ദുരുദ്ദേശത്തോടെ ആദ്യമേ സ്വീകരിച്ച ഒരു അടവാണ് ഈ അറസ്റ്റ്. ആരുടേയും കാരുണ്യംകൊണ്ടല്ല പിന്നീടു് അവരെ വിട്ടയച്ചതു്. സെൻട്രൽ ഗവണ്മെന്റിന്റെ ഇടപെടൽനിമിത്തമാണ് വിട്ടയച്ചിട്ടുള്ളതു്. അവരെ വിട്ടയയ്ക്കണമെന്നു് പറഞ്ഞുകൊണ്ടു ഞാനും മററു ഇടതുപക്ഷപാർട്ടികളുടെ നേതാക്കന്മാരും കൂടി മുഖ്യമന്ത്രിയെ സന്ദർശിക്കുകയും, അതിനുവേണ്ടി നിവേദനം നടത്തുകയും ചെയ്തു. ആ സന്ദർഭത്തിൽ മുഖ്യമന്ത്രിയുടെ നയവും പെരുമാററവും വേണ്ടുവോളം പ്രതീക്ഷാപരമായിരുന്നുവെന്നുള്ളതു് പറയാതിരിക്കാൻ നിവൃത്തിയില്ല.

മുഖ്യമന്ത്രി ഡൽഹിയിൽനിന്നും മടങ്ങിവന്നു് വിമാനത്താവളത്തിൽവച്ചു് പത്രപ്രതിനിധികളുമായി നടത്തിയ സംഭാഷണത്തിൽ ഇവരെ അറസ്ററു ചെയ്തതു് തന്റെ അറിവോടുകൂടിയല്ലായിരുന്നു എന്നു പ്രസ്താവിക്കയുണ്ടായി. സർ, ഡിഫൻസ് ആഫ് ഇൻഡ്യാ ആക്ററനുസരിച്ചു് ഉത്തരവാദപ്പെട്ട ആളുകളെ അറസ്ററു ചെയ്യുന്നതിനു് ഒരു ഗവണ്മെന്റിന്റെ നിർദ്ദേശമില്ലാതെ ഏതെങ്കിലും മജിസ്റ്റീരിയൽ പവ്വറുള്ള ഉദ്യോഗസ്ഥൻ ആർഡർ കൊടുക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഇന്നത്തെ ഐ. ജി. യും ചീഫ് മിനിസ്റ്ററും തമ്മിൽ അത്ര രമ്യതയിലല്ല എന്ന ആക്ഷേപമുള്ളതു് എല്ലാവരും വിശ്വസിക്കുന്ന ഈ കാലഘട്ടത്തിൽ, സത്യം അങ്ങനെയിരിക്കെ, ഗവണ്മെന്റിന്റെ രേഖാമൂലമായ നിർദ്ദേശമില്ലാതെ ഈമാതിരി അറസ്ററു നടത്തുന്നതിനു് പോലീസ് ഡിപ്പാർട്ടുമെന്റു് തയ്യാറാകുമോ? മജിസ്റ്റീരിയൽ പവ്വറുള്ള ആഫീസറുടെ വാറണ്ടില്ലാതെ ഏതെങ്കിലും പോലീസുദ്യോഗസ്ഥന്മാർ ഇവരെ അറസ്ററുചെയ്യാൻ തയ്യാറാകുമോ? ഇതെല്ലാം പരിഗണിക്കുമ്പോൾ മുഖ്യമന്ത്രി അറിയാതെയാണ് അറസ്ററു നടന്നതെന്നു പറഞ്ഞാൽ അതിനോടു യോജിക്കാനോ, അതു നേരാണെന്നു കരുതാനോ ഇവിടെ ആരും തയ്യാറല്ല സർ. അങ്ങനെ ജനാധിപത്യവിരുദ്ധമായ നടപടികൾ സ്വീകരിച്ചു്, ജനാധിപത്യത്തെ കൊലചെയ്യുന്ന നടപടികൾ സ്വീകരിച്ചു്, ഈ നിയമസ

LIBRARY ARCHIVES Kerala Legislative Assembly

യിൽ ജനപ്രതിനിധികൾക്ക് അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള സന്ദർഭങ്ങൾ ഒഴിവാക്കണമെന്നു കരുതി, മനഃപൂർവ്വം കാലേക്കൂട്ടി കരുതിക്കൂട്ടി ചെയ്തിട്ടുള്ളതാണ് ഈ അറസ്റ്റുകൾ എന്നു പറയേണ്ടിയിരിക്കുന്നു. അതു സത്യവുമാണ്. അങ്ങനെ ഈ അവിശ്വാസ പ്രമേയത്തെ പരാജയപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ പ്രാരംഭഘട്ടംമുതൽ തൽപ്പരകക്ഷികൾ നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ആദ്യത്തെ തെളിവ് ഇതായി ഞാൻ ഉദാഹരിച്ചു പറഞ്ഞുവെന്നേയുള്ളു. നിയമസമാധാനങ്ങൾ പാലിക്കുകയും, അതിനു സംരക്ഷണം നൽകുകയും ചെയ്യാൻ ചുമതലപ്പെട്ട പോലീസ് ഡിപ്പാർട്ടുമെന്റിന്റെ മേധാവിയായ ശ്രീമാൻ വി. പി. നായരും, എനിക്ക് ആ മനുഷ്യനുമായി സംസാരിക്കാൻ സന്ദർഭം കിട്ടിയിട്ടില്ല, അതിനു പ്രത്യേകമായ യാതൊരാവശ്യവും വന്നിട്ടില്ല. പക്ഷേ രാജ്യത്തെ പൊതുവേയുള്ള നില ലക്ഷ്യീകരിച്ചുകൊണ്ടു സംസാരിക്കുകയാണ്, വി. പി. നായരും, ചീഫ്മിനിസ്റ്ററും ഇന്നു രണ്ടു നിലവാരം സ്വീകരിച്ചിരിക്കുകയാണ്. ഇവിടത്തെ ഭരണകാര്യങ്ങളിൽ രണ്ടു അഭിപ്രായഗതികൾ രണ്ടു മണ്ഡലങ്ങളിൽ നിന്നുകൊണ്ടാണ് മുന്നോട്ടു നീങ്ങുന്നതെന്നു ബഹുജനങ്ങൾ വിശ്വസിക്കുന്നു. ആ മാതിരിയുള്ള ഒരു ഭരണം ഗവണ്മെന്റിന്റേയോ, ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥ വൃന്ദങ്ങളിൽനിന്നോ വ്യത്യസ്ത രൂപത്തിൽ സംഭവിക്കുന്നുവെങ്കിൽ അതു രാജ്യത്തിന്റെ ഭദ്രതയ്ക്കു ഹാനികരമാണെന്നുള്ളത് സംശയമററ കാര്യമാണ്. ഐ. ജി. യെ മാററുന്നതിനു തീരുമാനിച്ചുവെന്നും, സ്വന്തം കക്ഷിയിലെ ആളുകളുടെ അഭിപ്രായവും സമ്മതവും കൂടാതെയാണ് അങ്ങനെയൊരു തീരുമാനമെടുത്തതെന്നും പത്രങ്ങളിൽ വാർത്ത കണ്ടു. ഇവിടത്തെ ഐ. ജി. ക്കുപകരം ഒരു രാമയ്യരെ നിയമിക്കാൻ പോകുന്നുവെന്നും, നിയമിച്ചു കഴിഞ്ഞുവെന്നും, ചാർജെടുക്കാനുള്ള സമയം ഏതാണ്ട് സമീപിച്ചിരിക്കുന്നുവെന്നുമൊക്കെ എല്ലാ പത്രങ്ങളിലും വാർത്ത വന്നിരുന്നു. എന്താണ് ഇതിനു കാരണം? കഴിഞ്ഞ നിയമസഭാ സമ്മേളനം കൂടിയിരുന്ന സന്ദർഭത്തിൽ ഇവിടത്തെ ഐ. ജി.യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങളിൽ ഏതാനും ചില ആളുകൾ വളരെ ശക്തിയായി, രൂക്ഷമായി വിമർശിച്ചിരുന്നു. ആ സന്ദർഭത്തിൽ ഐ. ജി.യുടെ സമർത്ഥമായ പ്രവർത്തനങ്ങളേയും, ഐ. ജി. യുടെ വ്യക്തിത്വത്തേയും, സത്യസന്ധതയേയും പററിയുമെല്ലാം ഡിഫൻഡ് ചെയ്ത മുഖ്യമന്ത്രി അതിനെല്ലാം സംരക്ഷണം നൽകിയ മുഖ്യമന്ത്രി, പൊടുന്നനവേ ഐ. ജി.യെ മാററാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നു എന്നു വന്നപ്പോൾ തന്നെ ജനങ്ങളുടെയിടയിൽ ആശ്ചര്യവും അത്ഭുതവുമുണ്ടായി. എന്താണ് അതിനു കാരണം? യോഗ്യനായ ഉദ്യോഗസ്ഥനാണെന്നു സമ്മതിച്ച മുഖ്യമന്ത്രി, സമർത്ഥനായ ഒരു ഉദ്യോഗസ്ഥനാണ് അദ്ദേഹമെന്നു സമ്മതിച്ച മുഖ്യമന്ത്രി കൂടെയുള്ള എല്ലാ ക്യാബിനററ് അംഗങ്ങൾക്കും അനുകൂലമില്ലാത്ത രീതിയിൽ ധീരമായ ഒരു നിലപാടു സ്വീകരിച്ച് ഐ. ജി.യെ മാററാനുള്ള ശ്രമം ആരംഭിച്ചതു എന്തുകൊണ്ടാണ്? പകരം വരുന്നത് ഒരു രാമയ്യരാണ് പോലും. നായക്കുപകരം ബ്രാഹ്മണൻ ആയിക്കൊള്ളട്ടെ. പക്ഷേ ഇതിന് പ്രത്യേകതയുണ്ടെന്നാണ് കേൾക്കുന്നത്. അദ്ദേഹം ബ്രാഹ്മണനാണെങ്കിലും സംബന്ധം കഴിച്ചിരിക്കുന്നത് എവിടെനിന്നാണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. എനിക്കു കിട്ടിയ വിവരം ശരിയാണെങ്കിൽ, നമ്മുടെ ബഹുമാനപ്പെട്ട മെമ്പറായ ശ്രീമതി ഗൗരിയുടെ സമുദായത്തിൽപ്പെട്ട ഒരു സ്ത്രീയെയാണ് അദ്ദേഹം വിവാഹം കഴിച്ചിരിക്കുന്നത്.

<u>ശ്രീ. കെ. കെ. ബാലകൃഷ്ണൻ :</u> പേരറിയാമോ ?

<u>ശ്രീ. പി. കെ. കുഞ്ഞ് :</u> ആ സമുദായത്തിൽപ്പെട്ട ഒരു സ്ത്രീയെയാണ് അദ്ദേഹം വിവാഹം കഴിച്ചിരിക്കുന്നത്. അതേപ്പററി, കൂടുതൽ വിവരം എനിക്കറിഞ്ഞുകൂട. കൂടുതൽ വിവരങ്ങൾ ശ്രീ. കായത്തുറ് ദാമോദരന് അറിയാമായിരിക്കും. ഞാൻ നിറുത്തുന്നു സർ.

അങ്ങനെ ചില പശ്ചാത്തലത്തിന്റെ ഫലമായിട്ടാണ് വി.പി. നായക്കു പകരം രാമയ്യക്ക് കേരളത്തിലെ ഐ. ജി.യായി വരാൻ ഭാഗ്യമുണ്ടായതെന്നു വിചാരിക്കുന്നു. ഈ നാട്ടിൽ ജനിച്ചുവളർന്ന, ഈ നാട്ടിനോടു കൂറുള്ള എത്രയോ സീനിയർ പോലീസുദ്യോഗസ്ഥന്മാർ ഇന്നു മററു സംസ്ഥാനങ്ങളിൽ ജോലി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു്]

നോക്കുന്നുണ്ടു്. ആന്ധ്രാസംസ്ഥാനത്തും, മൈസൂർ സംസ്ഥാനത്തും ഈ നാട്ടുകാരായ സീനിയർ പോലീസുദ്യോഗസ്ഥന്മാർ ഇന്നു ജോലി നോക്കുന്നുണ്ടു്. മൈസൂർ സംസ്ഥാനത്തു് ചാണ്ടി എന്നൊരു സീനിയർ പോലീസുദ്യോഗസ്ഥനുണ്ടു്. ആന്ധ്റ സംസ്ഥാനത്തു് നമ്പ്യാർ എന്നൊരു സീനിയർ പോലീസ് ഉദ്യോഗസ്ഥനുണ്ടു്. ഇവരെ ആരെയും ലക്ഷ്യമാക്കാതെ രാമയ്യരെത്തന്നെ ഇവിടെ കൊണ്ടുവരണമെന്നുള്ളതുകൊണ്ടാണു് ഞാൻ ഇത്രയും പറഞ്ഞതു്. ഇതിന്റെ പുറകിലുള്ള യാഥാർത്ഥ്യങ്ങൾ എന്താണെന്നു എനിക്കു് കൂടുതലായി അറിഞ്ഞുകൂട. അറിയാവുന്ന വിവരങ്ങൾ സഭയുടെ മുൻപാകെവച്ചു എന്നെയുള്ളു. അങ്ങനെ നിലവിലുള്ള ഒരു സീനിയർ പോലീസുദ്യോഗസ്ഥനെ സർവ്വീസ് ചട്ടങ്ങളും മറ്റും വേണ്ടപോലെ പാലിക്കാതെ പൊടുന്നനവേമാററി ആ സ്ഥാനത്തു് മറെറാരാളെ കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നതു് ഏതുവിധത്തിലായാലും അതു് ഇവിടത്തെ ഭരണത്തിന്റെ പോക്കിനൊരു കളങ്കമാണു്. ശ്രീ. വി. പി. നായർ പോയാൽ കേരളത്തിലെ ഭരണം അപകടത്തിലാകുമെന്നുള്ള നിലയിലല്ല ഞാനിതു പറയുന്നതു്. ഒരു സീനിയർ ഉദ്യോഗസ്ഥന്റെ സർവ്വീസിനു സുരക്ഷിതത്വമില്ലാത്തവണ്ണമുള്ള പെരുമാററം ഗവണ്മെന്റിൽനിന്നു വന്നാൽ അതു് ശരിയല്ല അതു് മാതൃകാപരമല്ല, അതു് അപകടമാണു്. വി. പി. നായരെയല്ല, മററാരെ ഏർപ്പെടുത്തിയാലും ഇവിടത്തെ രാജ്യഭരണം നടക്കും അതിൽ യാതൊരു കുഴപ്പവുമില്ല പക്ഷേ സർവ്വീസിനു സ്ഥിരതയും ചിട്ടയുംവേണം ഇന്നു പോലീസ ഡിപ്പാർട്ടുമെന്റിന്റെ മേധാവിയായ വി. പി. നായരുടെ അറിവും സമ്മതവും കൂടാതെ, അദ്ദേഹത്തിന്റെ തലയ്ക്കുമീതേ ഗവൺമെന്റു് പല കാര്യങ്ങളും പോലീസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം നടത്തുന്നുണ്ടു് എന്നുള്ള ഒരു ബോധം ആളുകളുടെ ഇടയിലുണ്ടു്. അതു് ശരിയായിരിക്കാം. ഈയിടെ പത്രങ്ങളിൽ ഒരു വാർത്തകണ്ടു. ഒരു ഡി. വൈ. എസ്. പി. യെ ഇപ്പോഴിരിക്കുന്ന സ്ഥലത്തുനിന്നും മാററി തിരുവനന്തപുരത്തേക്കു് പോസ്ററു ചെയ്യുന്ന ടെല്ലിഗ്രാഫിക്ക് മെസേജ് ഹോം സെക്രട്ടറിയിൽനിന്നു് ആ ഡി. വൈ. എസ്. പിക്കു് കിട്ടി. ആ മെസേജ് കിട്ടിയതിന്റെ അടുത്ത മണിക്കൂറിൽതന്നെ ഐ. ജി. യുടെ മറെറാരു ടെല്ലിഗ്രാഫിക്ക് മെസേജുകൂടി അദ്ദേഹത്തിനു കിട്ടി; അവിടെ നിന്നു സ്ഥലംവിടാൻ പാടില്ല, ചാർജ്ജുവിടാൻ പാടില്ല എന്നു്. ഈ വാർത്ത ശരിയാണെങ്കിൽ ആ ഉദ്യോഗസ്ഥന്റെ അവസ്ഥ എന്താണു് ? ഗവണ്മെന്റു് സെക്രട്ടറിയിൽനിന്നു കിട്ടിയ നിർദ്ദേശം ഒരു വശത്തും ഡിപ്പാർട്ടുമെന്റു് മേലദ്ധ്യക്ഷനിൽനിന്നും കിട്ടിയ നിർദ്ദേശം മറുവശത്തും. ഈ മാതിരി ക്രമക്കേടുകളോടുകൂടിയുള്ള ഭരണരീതി തുടർന്നു വരുന്നതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതു് സുശക്തമായ ഒരു ഗവണ്മെന്റു് ഇവിടെ പ്രവർത്തനത്തിൽ ഇല്ലെന്നാണു്. ഞാൻ പറയും ഇതൊരു 'മരിച്ചഗവണ്മെന്റു്' ആണെന്നു് എന്താണു് അതിനു കാരണം ? ഇവിടെ അധികാരത്തിൽ വന്നിട്ടുള്ള ഗവണ്മെന്റിനെക്കുറിച്ചു അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടു്. ഈ ഗവണ്മെന്റിനെക്കുറിച്ചു് ആരോപണങ്ങളുണ്ടായി. ഏതു ഗവണ്മെന്റിനെപ്പററിയും അഴിമതി ആരോപണങ്ങൾ ഉണ്ടാകുമെന്നുള്ളതു് വേണമെങ്കിൽ സമ്മതിക്കാം. പക്ഷേ 11 മാസം ഭരിച്ച പി. എസ്. പി. ഗവണ്മെന്റിനെപ്പററി അഴിമതി ആരോപണങ്ങളുണ്ടായിട്ടില്ലെന്നുള്ളതു് തീർത്തു പറയുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. അഴിമതി ആരോപണങ്ങൾ സ്വാഭാവികമായി ഉണ്ടാകും. അങ്ങനെയുണ്ടായാൽ അതിന്മേൽ പ്രാസിക്യൂഷൻ നടപടികൾ എടുത്തുകഴിഞ്ഞാൽ, ആ ആരോപണങ്ങൾ ശരിയോ, തെററോ ആയിക്കൊള്ളട്ടെ, കോടതിയുടെ മുൻപാകെ സമർത്ഥിക്കേണ്ടുന്ന സന്ദർഭവും ചുമതലയും വിസ്മരിച്ചുകൊണ്ടു് എങ്ങനെയെങ്കിലും രക്ഷപ്പെട്ടില്ലെങ്കിൽ അപകടമെന്നു കരുതി സ്വന്തം തടിതപ്പാനായി എന്തിന്റെയെങ്കിലും പേരിൽ കേസ് പിൻവലിപ്പിക്കുന്ന സംപ്രദായം ഈ രാജ്യത്തു മാത്രമേയുള്ളു. ആരോപണങ്ങൾ ശരിയോ, തെററോ എന്നു സ്ഥാപിച്ചു് യഥാർത്ഥനില വ്യക്തമാക്കാൻ ബാദ്ധ്യസ്ഥരായ ആളുകൾ പൊടുന്നനവേ കേസ് പിൻവലിച്ചുകൊണ്ടുപോകുന്നതിനു് പഴുതുണ്ടാക്കുന്നതിനുള്ള ശ്രമം കണ്ടുകഴിഞ്ഞു. അതു ദയനീയവും അനുകമ്പാർഹവുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അഴിമതി ആരോപണങ്ങളുടെ പട്ടിക ഇവിടെ ഇതിനു മുമ്പും നിരത്തിവച്ചുകഴിഞ്ഞിട്ടുള്ളതാണ്. ശ്രീമാൻ ഫാദർ വടക്കൻ—ഒരു വൈദിക പ്രമാണി, പൊതുജനനേതാവ്, ഒരു പത്രാധിപർ, കളങ്കമററ ഒരു ജനസേവകൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിക്കുന്ന അദ്ദേഹം—സമീപകാലത്തു് പരസ്യമായി ഈ മന്ത്രിസഭയുടെ പേരിലുള്ള അഴിമതി ആരോപണങ്ങളെ കുറിച്ച് പ്രസംഗിച്ചു. ഈ ഗവണ്മെൻറിൻെറ അഴിമതി ഇന്നയിന്ന കാര്യത്തിൽ ഇന്നയിന്ന വിധത്തിൽ ചെയ്തിട്ടുണ്ട്, കൈക്കൂലി വാങ്ങിയിട്ടുണ്ട് എന്നും മററുമുള്ള പട്ടിക അദ്ദേഹം നിരത്തിവച്ചു. അദ്ദേഹം പറയുന്നു, ''ഞാൻ പറയുന്ന ആരോപണങ്ങൾ തെളിയിക്കാൻ ഞാൻ തയ്യാറാണെന്നു്.'' ഈ പറയുന്ന ആരോപണങ്ങൾ ഞാൻ തെളിയിക്കാം. അല്ലെങ്കിൽ എന്നെ പ്രാസിക്യൂട്ടുചെയ്യട്ടെ, വേണമെങ്കിൽ വെടിവച്ചുകൊല്ലട്ടെ എന്നു അദ്ദേഹം പറയുന്നു. ഇത്ര പരസ്യമായ പ്രസ്താവന ചെയ്തിട്ടും ഗവണ്മെൻറു് എന്തു നടപടി സ്വീകരിച്ചു എന്നാണ് ഞാൻ ചോദിക്കുന്നതു്? 'സത്യ'വുമായി ബന്ധമില്ലാത്ത സ്റ്റീഫനെപ്പോലുള്ളവക്കു് ഇതു കേട്ടപ്പോൾ ചിരിവരുന്നതു് സ്വാഭാവികമാണ്.

Mr. Speaker : The ho.i. Member my please confine h's remarks to the scope of Rule 261.

Shri P. K. Kunju : I was only referring to the attitude sh·wn by a person.

ശ്രീ. കെ. കെ. വിശ്വനാഥൻ: സത്യവുമായി ബന്ധമില്ലാത്ത ഒരു വ്യക്തിയാണു ശ്രീമാൻ സ്റ്റീഫൻ എന്നാണ് അദ്ദേഹം പറഞ്ഞതു് അതു് അൺപാർലമെൻററിയാണ്. അതു് വിത്ഡ്രാ ചെയ്യണം.

Mr. Speaker : I have already given a ruling on to the effect that such defamatory allegations should no: be made.

ശ്രീ. ഇ. പി. ഗോപാലൻ: സത്യം പറഞ്ഞാൽ കുഴപ്പമില്ലല്ലോ.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഒരു ബഹുമാനപ്പെട്ട മെമ്പക്ക് സത്യവുമായി ബന്ധമില്ലാത്ത ഒരു വ്യക്തിയാണ് ഈ സഭയിലെ ഒരു മെമ്പറെന്നു പറയാനുള്ള അവകാശമുണ്ടോ? അതു് പാർ-മെൻററിയാണോ?

Mr. Speaker : I have given my ruling on that point. I have told the hon. Member that it is definitely against the rules.

ശ്രീ. പി കെ. കുഞ്ഞു്: സർ, ഫാദർ വടക്കൻെറ പ്രസ്താവന പുറത്തുവന്നതിനുശേഷം ഇവിടത്തെ ജനങ്ങൾ ധരിച്ചു, അദ്ദേഹത്തെ ഗവണ്മെൻറു് പ്രാസിക്യൂട്ട് ചെയ്യുമെന്നു് ഇത്ര ധാർഷ്ട്യമായ പ്രസ്താവന കുററാരോപണം ചെയ്തുവെന്ന പ്രസ്താവന പൊതുജനങ്ങളുടെ മുൻപിൽ നിരത്തിയപ്പോൾ അതിന്മേൽ നടപടി എടുക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടായിരുന്നു. പക്ഷേ ഗവണ്മെൻറു് യാതൊരു നടപടിയും എടുത്തില്ല.

തന്നെ വെടി വച്ചുകൊന്നുകൊള്ളൂ എന്നുവരെ വെല്ലുവിളി നടത്തിയ ഫാദർ വടക്കൻെറ നേരെ ഒരു കുഞ്ഞുവിരൽ അനക്കാൻപോലും ഈ ഗവണ്മെൻറിനു കഴിയാതെപോയി. ആ നിലയിൽ അദ്ദേഹം പറഞ്ഞതെല്ലാം ശരിയാണെന്നു വിശ്വസിക്കാൻ സാമാന്യജനങ്ങൾ പ്രേരിതരാണ്. അതിൽ നിന്നും ഈ ഗവണ്മെൻറു് അഴിമതിയുടെ കാര്യത്തിൽ അകന്നുനിൽക്കുന്നുവെന്നു പറയാൻ നിർവാഹമില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ആവക കാര്യങ്ങൾ എണ്ണിയെണ്ണി പറയാൻ ഭാവിക്കുകയാണെങ്കിൽ, നിരവധി പറയാൻ കാണും. വേണമെങ്കിൽ രണ്ടോ മൂന്നോ ഉദാഹരണങ്ങൾ എടുത്തു പറയാം. മററുള്ളവരിൽനിന്നും വില്പനനികുതി വസൂൽ ചെയ്ത ഇനത്തിൽ ഈ ഗവണ്മെൻറിനു ഒരു വ്യക്തി ഒൻപതുലക്ഷം രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. വ്യക്തിയുടെ പേരു പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവനന്തപുരത്തെ ഒരു വ്യവസായപ്രമുഖനെന്നു ധരിച്ചുകൊള്ളുക. ആണ്ടോടാണ്ട് ഏകദേശം 3 ലക്ഷം രൂപ വില്പനനികുതിഇനത്തിൽ കൊടുക്കേണ്ട ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു്]

കഴിഞ്ഞ കാലങ്ങളിൽ സെയിൽസ്ടാക്സ് ഇനത്തിൽ മററുള്ളവരിൽനിന്നും വാങ്ങി കൈയിൽ വച്ചിട്ടുള്ള 9 ലക്ഷം രൂപയാണ് സർക്കാരിനു് ഇപ്പോൾ കൊടുക്കാനുള്ളതു്. അതു കൊടുക്കാതിരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരുന്നു. 75,000 രൂപ വീതം പ്രതിമാസം ഒടുക്കിപ്പിച്ച് ആ തുക മുഴുവൻ ഈടാക്കണമെന്നു റവന്യൂബോർഡിൽനിന്നും എടുത്ത ഒരു തീരുമാനത്തിനു വിരുദ്ധമായി 25,000 രൂപ പ്രതിമാസം കൊടുത്താൽ മതിയെന്നു നമ്മുടെ ഇന്നത്തെ ഗവൺമെൻറു് ഒരു തീരുമാനം ചെയ്യുകയാണുണ്ടായതു്. അതിൻെറ പശ്ചാത്തലവും പ്രേരണയും എന്താണെന്നു ഞാൻ ചോദിക്കുകയാണ്. 25,000 രൂപവീതം കൊടുക്കുന്നപക്ഷം ഒരു വർഷം കൊണ്ടു് 3 ലക്ഷം രൂപയാകും. ഒരു വർഷം തികയുമ്പോൾ, ആ കൊല്ലത്തെ സെയിൽസ്ടാക്സ് 3 ലക്ഷം രൂപാകൂടി വർദ്ധിച്ചതായി കാണാവുന്നതാണ്. അപ്പോൾ കുടിശ്ശിക 9 ലക്ഷം രൂപയും ആ വ്യക്തിയുടെ കൈയിൽ പലിശ കൂടാതെ വച്ചുകൊണ്ടിരിക്കാൻ സാധിക്കും. അങ്ങനെ ഒരാനുകൂല്യം ഒരു പ്രത്യേക വ്യക്തിക്കു് റവന്യൂബോർഡിൻെറ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിപരീതമായി നൽകാനുള്ള കാരണം എന്താണെന്നാലോചിക്കണം. അടുത്തതായി, ഇവിടുത്തെ ഭക്ഷ്യപ്രശ്നം എങ്ങനെ കൈകാര്യം ചെയ്തു എന്നു നോക്കാം. ഒരു ജനാധിപത്യരാഷ്ട്രത്തിലെ ഒരു ഗവൺമെൻറിനു ആ രാജ്യത്തെ ജനങ്ങൾക്കു് ആഹാരം നൽകുന്ന കാര്യത്തിൽ പ്രാഥമികമായ ചുമതലയുണ്ടെന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണ്. അക്കാര്യം ആരേയും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. ഈ പൊന്നും ചിങ്ങമാസത്തിൽ തിരുവോണദിവസം സുഖമായി ഭക്ഷണം കഴിക്കാനൊക്കാത്ത പാവപ്പെട്ട ആളുകൾ ഉണ്ടു്. അവർക്കു അന്നുപോലും പകുതി വയർ നിറയ്ക്കാൻ ഭക്ഷണം നൽകാൻ സാധിക്കാത്ത ഒരു നിലയായിരുന്നു ഇവിടെ ഫലപ്പെട്ടതു്. അങ്ങനെ ആണ്ടിൽ ഒരു ദിവസമെങ്കിലും ഇഷ്ടമനുസരിച്ച് സുഭിക്ഷമായി ആഹാരം കഴിക്കാൻ വേണ്ടുവോളം അരിവിതരണം ചെയ്യാൻ ഈ ജനകീയഗവൺമെൻറിനു സാധിച്ചില്ലെന്നു പറയുമ്പോൾ ഈ സർക്കാരിൻെറ കഴിവും ചുമതലാബോധവും എത്രയെന്നും എന്തെന്നും വ്യക്തമല്ലേ. ഭക്ഷ്യപ്രശ്നത്തിൻെറ പേരിൽ ജനങ്ങളുടെ മുറവിളിയെ അടിസ്ഥാനമാക്കിക്കൊണ്ടു പ്രക്ഷോഭണം നടത്തിയ ആളുകളെ കാരാഗൃഹവാസത്തിനയച്ചതാണു ആ പ്രശ്നത്തിനു് കണ്ട ഒരു പരിഹാരം. അങ്ങനെ ജനങ്ങൾക്കു് അത്യാവശ്യമായ ഭക്ഷണസാധനങ്ങൾപോലും ശരിക്കു വിതരണം ചെയ്തു ആളുകളെ സംതൃപ്തരാക്കുന്നതിനു കഴിയാത്ത ഒരു ഗവൺമെൻറാണ് ഇതെന്നുള്ളതിനു് സംശയമൊന്നുമില്ല. പൂഴ്ത്തിവയ്പും അമിതമായ വിലവർദ്ധനവും തടയുമെന്നും അതിന്മേൽ കർശനനടപടികൾ സ്വീകരിക്കുമെന്നും എ. ഐ. സി. സി. തുടങ്ങിയുള്ള കാൺഗ്രസ്സ് കേന്ദ്രങ്ങൾ തീരുമാനമെടുത്തിട്ടുള്ളതായി പത്രങ്ങളിൽ വന്നിട്ടുണ്ടു്. എന്നാൽ ഇവിടെ പൂഴ്ത്തിവയ്പിനും വിലവർദ്ധനവിനും എതിരായി എവിടെയെങ്കിലും ആരുടെയെങ്കിലുംപേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇവിടെ വിലവർദ്ധനവും പൂഴ്ത്തിവയപ്പും ഇല്ലേ ? അതിനെതിരായി നടപടികൾ സ്വീകരിക്കാതിരിക്കുന്നതിൽനിന്നും മനസ്സിലാക്കേണ്ടതു് ഇവിടെഅതൊന്നും ഇല്ലെന്നാണോ? അതല്ല ഉണ്ടെങ്കിൽ എന്തുകൊണ്ടു് അധികാരത്തിലിരിക്കുന്നഗവൺമെൻറു നടപടികൾസ്വീകരിക്കാൻ അധൈര്യംകാണിച്ചതെന്തുകൊണ്ടാണെന്നാണ് എനിക്കു ചോദിക്കാനുള്ളതു് ? പക്ഷേ അതിലും ഉണ്ടു് കാര്യം. അമിതവിലവർദ്ധനവുകൊണ്ടു് പ്രയോജനമുണ്ടാകുന്ന വ്യാപാരികൾ ഈ രാജ്യത്തുണ്ടെങ്കിൽ അവരെക്കൊണ്ടു് പ്രയോജനമുണ്ടാകുന്ന കുറെ ആളുകളും ഈ രാജ്യത്തുണ്ടു്. ഞാൻ ഇതു് ഗവൺമെൻറിനെ സ്പർശിച്ചു് പറയുകയല്ല. ഗവൺമെൻറിനെ താങ്ങി ഗവൺമെൻറിൻെറ സ്തുതിപാഠകന്മാരായി ഗവൺമെൻറു കക്ഷിയുടെപേരിൽ നാട്ടിൽ അങ്ങോളമിങ്ങോളം നടക്കുന്ന കുറെ ആളുകളുണ്ടു്. അങ്ങനെ എന്തെങ്കിലും ലാഭകരമായ നേട്ടങ്ങൾ ഏതെങ്കിലും തരത്തിൽ എന്തു മാർഗ്ഗത്തിൽക്കൂടിയും ഉണ്ടാക്കണമെന്നുള്ള വിചാരത്തോടുകൂടി പ്രവർത്തിക്കുന്നവരും ഇന്നത്തെ ഗവൺമെൻറിൻെറ കക്ഷിയിൽ ഉണ്ടു്. ഈ രാജ്യത്തുണ്ടു്. ഞാൻ കേട്ടതു ശരിയാണെങ്കിൽ ആലപ്പുഴ ഡിസ്ട്രിക്ടിൽ ന്യായമല്ലാത്ത പെരുമാററങ്ങളെ അടിസ്ഥാനമാക്കി പതിനാലു റേഷൻകട

LIBRARY ARCHIVES Kerala Legislative Assembly

ക്കാരുടെ ലൈസൻസു ക്യാൻസൽ ചെയ്യാനുള്ള കളക്ടരുടെ നിർദ്ദേശത്തിനെതിരായി ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചു. ഈ 14 ലൈസൻസികളിൽപെട്ട ഒരാളിനുവേണ്ടിയാണ് കളക്ടർ സ്വീകരിച്ച നടപടി മുഴുവനും ക്യാൻസൽ ചെയ്തതു്. ആ വ്യാപാരിയുടെ പേരു ഞാൻ പറയുന്നില്ല. പക്ഷെ എനിക്കറിയാം. കുറച്ചു തുറന്നു പറഞ്ഞാൽ ഗവണ്മെന്റ് ലെവലിൽനിന്നും ആ വ്യാപാരിയെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നു കളക്ടർക്ക് ഫോൺമെസേജ് നൽകുകയും കളക്ടർ അതു് സ്വീകരിക്കാതിരിക്കുകയും ചെയ്തതിന്റെ ഫലമായി പതിനാലുപേർക്കും അനുകൂലമായ നിലയിൽ നടപടിയെടുക്കാൻ തയാറാവുകയുമാണ് ചെയ്തിട്ടുള്ളതു്. കൂടുതൽ യാഥാർത്ഥ്യങ്ങൾ എനിക്കറിവില്ല. ഞാൻ അറിഞ്ഞിടത്തോളം കാര്യം സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. സ്ഥിരം സർവ്വീസിൽ ഉദ്യോഗത്തിൽ ഇരിക്കുന്ന ആളുകൾക്ക് പ്രമോഷൻ നൽകുന്ന കാര്യത്തിലുംമററും വേണ്ടുവോളം കുഴപ്പങ്ങൾ ഉണ്ടു്. സ്വന്തം കക്ഷിയിൽപെട്ട പതിനഞ്ചു് അംഗങ്ങൾക്കു് ഈ മന്ത്രിസഭയിൽ വിശ്വാസമില്ല, പ്രതിപക്ഷങ്ങൾക്കു് വിശ്വാസമില്ല, ഈ രാജ്യത്തെ ഉദ്യോഗസ്ഥവൃന്ദങ്ങൾക്കു് വിശ്വാസമില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ റീ ഓർഗനൈസേഷനുവേണ്ടി നിയമിച്ചിരിക്കുന്ന ഒരു മി. നാരായണന്റെ കഥ പറയുകയാണെങ്കിൽ അദ്ദേഹത്തിനു് ഇപ്പോൾ എത്ര വയസ്സുണ്ടെന്നും എങ്ങിനെ സർവ്വീസിൽ തുടർന്നുകൊണ്ടുപോകുന്നുവെന്നുമുള്ള കാര്യം അറിയേണ്ടതായിട്ടാണിരിക്കുന്നതു്. 55 വയസ്സു് കഴിഞ്ഞശേഷം ഉദ്യോഗത്തിൽ തുടർന്നുപോകാനുള്ള സർവ്വീസ് വ്യവസ്ഥ എന്താണെന്നു് അന്വേഷിക്കേണ്ടതുണ്ടു്. ഈ രാജ്യത്തു് ഉണ്ടായിട്ടുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ചു് അന്വേഷണങ്ങൾ നടത്തി വേണ്ടുവോളം തെളിവുകൾ ശേഖരിച്ചു് ഹോം ഡിപ്പാർട്ടുമെന്റിൽ അവസാന തീരുമാനത്തിനുവേണ്ടി വന്നിട്ടുള്ള ഫയലുകൾ ഒന്നും ഇന്നത്തെ മുഖ്യമന്ത്രി ഹോം മിനിസ്റ്റർ ആയശേഷം വെളിച്ചം കണ്ടിട്ടില്ല, ഒരൊററ ഫയലിലെങ്കിലും ആർഡർ ഇട്ടതായി അറിവില്ല. അഴിമതിയാരോപണങ്ങൾ ശരിയാണെന്നു സ്ഥാപിച്ചുകൊണ്ടു് ബന്ധപ്പെട്ട ആളുകൾ അയച്ചിട്ടുള്ള റിപ്പോർട്ടുകളും അന്വേഷണക്കോടതി ജഡ്ജി ശ്രീ. നന്ദൻമേനോന്റെ ശുപാർശകളും അതേപടി കെട്ടിപ്പൂട്ടിവച്ചിരിക്കുന്നതിന്റെ കാരണം എന്താണെന്നു അന്വേഷിക്കുന്നതിനുള്ള അവകാശം ഈ രാജ്യത്തെ ജനങ്ങളോടു് ഉത്തരവാദിത്വമുള്ള ഈ സഭയിലെ മെംബറന്മാർക്കുണ്ടു്. അതൊരു പത്മനാഭന്റെയോ, മത്തായിയുടെയോ, മഹമ്മദുകുഞ്ഞിന്റെയോ എന്നുള്ളതല്ല കാര്യം. നീതി നടക്കുന്നുണ്ടോ എന്നാണു നോക്കേണ്ടതു്. ഈമാതിരി കാര്യങ്ങളിൽ പാവപ്പെട്ട മററു ചിലരുടെപേരിൽ നടപടി സ്വീകരിക്കുകയും പ്രോസിക്യൂട്ടു ചെയ്യുകയും ചെയ്യുന്നതു് ഒരു പക്ഷപാതപരമായ നടപടിയല്ലേ? അതു നാം പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. ഇങ്ങനെ നിരവധി കാര്യങ്ങൾ പറയുവാനുണ്ടു്.

Mr. Speaker : If you want more time it will be taken from the time allotted for your party.

Shri P. K. Kunju : I want only two minutes more.

ശ്രീ. പി. കെ. കുഞ്ഞു്: ശ്രീ. നന്ദൻമേനോന്റെ അന്വേഷണത്തിനുശേഷം, 1960-ൽ കമ്പൽസറി റിട്ടയർമെന്റു് നൽകണമെന്നു ഖണ്ഡിതമായി ഗവണ്മെന്റിലേക്കു നിർദ്ദേശം നൽകിയ ചാത്തുണ്ണിയുടെ കേസ്സു് എന്തായി? 1960-നു പകരം 1963-ൽ അല്ലേ റിട്ടയർ ചെയ്യിച്ചതു്? 1963-ൽ സാധാരണ ഗതിയിൽ റിട്ടയർ ചെയ്യേണ്ട കാലമായിരുന്നു എന്നു നാം മനസ്സിലാക്കണം. 20-10-60-ൽ സസ്പെൻഡു ചെയ്യപ്പെട്ടയാളെ ആ തീയതിമുതൽ കമ്പൽസറി റിട്ടയർമെന്റു് നൽകി സർവ്വീസിൽനിന്നും പിരിച്ചയയ്ക്കണമെന്നായിരുന്നു ശ്രീ. നന്ദൻമേനവൻ ശുപാർശ ചെയ്തിരുന്നതു്. എന്നിട്ടു് 1963 നവംബറിലാണു് പിരിച്ചയച്ചതു്. ശ്രീ. നന്ദൻ മേനവൻ ജഡ്ജ്മെന്റു് എഴുതിയില്ലെങ്കിലും ഒരു അന്വേഷണക്കോടതിയുടെ മുമ്പിൽ ഈ കാര്യം പോയില്ലെങ്കിലും സാധാരണ ഗതിയിൽ റിട്ടയർ ചെയ്യേണ്ട ദിവസമാണു് ആ ഉദ്യോഗസ്ഥനെ റിട്ടയർ ചെയ്യിച്ചതു്. അതിൽനിന്നും മനസ്സിലാക്കേണ്ടതു് ഗവണ്മെന്റു് അതുവരെ സ്വീകരിച്ച [illegible] ഒക്കെതന്നെ ഫലശൂന്യമായിയെന്നു, അന്വേഷണകോടതിജഡ്ജിയുടെ ശുപാർശ വ്യർത്ഥമെന്നു, ഇതിനുവേണ്ടി ഗവണ്മെന്റു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞ്]

ചെയ്തിട്ടുള്ള ചെലവുകൾ ദുരുപയോഗമാണെന്നുമാണ്. ഇങ്ങനെ സാധാരണ ഗതിയിൽ റിട്ടയർ ചെയ്യേണ്ട ദിവസംവരെ വച്ചുകൊണ്ടിരുന്ന ശമ്പളവും അലവൻസുമെല്ലാം നൽകുകയുണ്ടായി. ഇതു് ഒരു കാരുണ്യപൂർവ്വമായ പ്രവൃത്തിയാണെന്നു ഞാൻ സമ്മതിക്കാം. പക്ഷേ നീതിയാകണമെങ്കിൽ ഈമാതിരി നടപടി എല്ലാ ആളുകളെ സംബന്ധിച്ചും ബാധകമാകണം. അല്ലെങ്കിൽ അതു് പക്ഷപാതപരവും ക്രമരഹിതവുമായ ഒരു നടപടിയായി നിലനില്ക്കുക തന്നെ ചെയ്യും. എനിക്കു് ബഹുമാനപ്പെട്ട അംഗങ്ങളോടു് ഒരപേക്ഷയുണ്ടു്. നീതിയുടെപേരിൽ രാജ്യസ്നേഹത്തിന്റെപേരിൽ, ഉത്തരവാദിത്വബോധത്തിന്റെപേരിൽ നിങ്ങളുടെ മുമ്പിൽ ചർച്ചയ്ക്കു വന്നിരിക്കുന്ന ഈ അവിശ്വാസപ്രമേയം ഏകകണ്ഠമായി അംഗീകരിക്കണം എന്നാണു് എന്റെ അപേക്ഷ. നീതി നടത്തുന്ന കാര്യത്തിലും രാജ്യസ്നേഹം കാണിക്കുന്ന കാര്യത്തിലും കക്ഷിത്വം ഇല്ലെന്നു ധരിക്കണം. കാൺഗ്രസ്സ് പക്ഷത്തിരിക്കുന്നതുകൊണ്ടു് രാജ്യത്തോടു് കൂറില്ലെന്നുവരുത്താൻ ശ്രമിക്കരുതു്. ഇതു് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏററവും അടിയന്തിരമായ ഒരാവശ്യമാണു്. ചിലർ പറയും, ആറുമാസംമാത്രമല്ലേയുള്ളു, അതുവരെ ഇരുന്നോട്ടെ എന്നു്. ഒരവിശ്വാസപ്രമേയം വന്നപ്പോൾ നിയമസഭാംഗങ്ങളിൽ ചിലരെ അറസ്റ്റു് ചെയ്തു് ജയിലിൽ ആക്കിയ ഗവണ്മെന്റു് ഈ രാജ്യത്തു് അധികാരത്തിലിരിക്കുമ്പോൾ ഒരു നിഷ്പക്ഷമായ തെരഞ്ഞെടുപ്പു് ഇവിടെ ഉണ്ടാവുകയില്ലെന്നു് ഇവിടത്തെ കാര്യങ്ങളെക്കുറിച്ചു് അറിയാൻ കഴിവുള്ള എല്ലാവർക്കും മനസ്സിലാകുന്നതാണു്. നീതിപൂർവ്വമായ ഒരു തെരഞ്ഞെടുപ്പു് ഞങ്ങൾക്കാവശ്യമാണു്. അതിനു വേണ്ടിയാണു് ഈ ദുർഭരണം നടത്തുന്ന ഗവണ്മെന്റു് പക്ഷപാതനടപടികൾ നടത്തുന്ന ഗവണ്മെന്റു് ഉടൻ പിരിയണമെന്നു നാം ആഗ്രഹിക്കുന്നതു്. വ്യക്തിപരമായ ബന്ധങ്ങളെല്ലാം വേറെയാണു്. വ്യക്തിപരമായ ബന്ധങ്ങളും, രാജ്യത്തിന്റെ പൊതുതാൽപ്പര്യവുമായി തട്ടിച്ചുനോക്കുമ്പോൾ രാജ്യതാൽപ്പര്യത്തെ മുന്നിട്ടുനിറുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതു്. എന്റെ കക്ഷികളുടെ നിർദ്ദേശമനുസരിച്ചും മററു കക്ഷികളുടെ ആനുകൂല്യത്തോടുകൂടിയും, ഈ രാജ്യത്തോടു കൂറും ദേശാഭിമാനവുമുള്ള ആളുകളുടെ ആനുകൂല്യത്തോടുകൂടിയും അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയം സഭ അംഗീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ: സർ, എന്റെ പാർട്ടിയുടെ നേതാവു് ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വീണ്ടും ആവർത്തിക്കണമെന്നു് എനിക്കാഗ്രഹമില്ല. ഇങ്ങനെ ഒരു അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കണമെന്നു ഞങ്ങളുടെ പാർട്ടി വിചാരിച്ചതു്, ഇന്നു് ഇവിടെ ഭരണം നടത്തുന്ന ഗവണ്മെന്റും പാർട്ടിയും ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടു എന്നുള്ളതുകൊണ്ടാണു്. ഈ ഗവണ്മെന്റു് അഴിമതിയുടേയും അനീതിയുടേയും സ്വജനപക്ഷപാതത്തിന്റേയും ഭരണപരമായ അപ്രാപ്തിയുടേയും മൂർത്തീകരണമാണെന്നു കണ്ടതുകൊണ്ടാണു് ഈ അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചതു്. ഞങ്ങളുടെ ആ തീരുമാനം എത്രയും ശരിയായിരുന്നു എന്നുള്ളതു് മററു കക്ഷികളുടെ ആനുകൂല്യം അതിനുണ്ടായിട്ടുള്ളതുകൊണ്ടും ഈ സംസ്ഥാനത്തു് അതിനു ശേഷം ഈ അവിശ്വാസപ്രമേയത്തിനനുകൂലമായി ഉണ്ടായ പ്രതികരണത്തിൽനിന്നും തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു.

സർ, ആദ്യമായി എനിക്കു പറയാനുള്ളതു് ഇന്നീ രാജ്യത്തെ ഒന്നേമുക്കാൽ കോടി ജനങ്ങളെ അങ്ങേയററം ഞെരിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യക്ഷാമത്തേയും വിലക്കയററത്തേയും പററിയാണു്. അതു പരിഹരിക്കുന്നതിനു ഫലപ്രദമായ എല്ലാ നടപടികളും നടത്തീട്ടുണ്ടു് എന്നു നമ്മുടെ മുഖ്യമന്ത്രിയും ഭക്ഷ്യമന്ത്രിയും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. എന്നാൽ എന്താണിന്നു് ഈ സംസ്ഥാനത്തെ യഥാർത്ഥനില എന്നുള്ളതു് ഈ സംസ്ഥാനത്തു ജീവിച്ചിരിക്കുന്ന എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കും അറിയാവുന്നതാണ്. മററു സംസ്ഥാന ഗവണ്മെൻറുകൾ വളരെ വൈകിയിട്ടാണെങ്കിലും ഭക്ഷ്യധാന്യങ്ങളുടെ, പ്രത്യേകിച്ചു നെല്ലിൻെറയും അരിയുടെയും വില നിജപ്പെടുത്തുകയുണ്ടായി. എന്നാൽ നമ്മുടെ ഈ ഗവണ്മെൻറ് വളരെക്കാലമായി ആലോചിച്ചതിനുശേഷം മററു സംസ്ഥാന ഗവണ്മെൻറുകൾ അരിയുടെ വില നിശ്ചയിച്ചു കഴിഞ്ഞതിനുശേഷം നേരത്തെ നിശ്ചയിച്ചുകഴിഞ്ഞിട്ടുള്ള വിലയും കച്ചവടക്കാരുടെ ലാഭവുംകൂടി കൂട്ടിക്കൊടുത്തുകൊണ്ടുള്ള കൂടിയ ഒരു വില ഇവിടെ നിശ്ചയിച്ചു. അങ്ങനെ ഇവിടെ വില നിശ്ചയിച്ചുകഴിഞ്ഞതിനുശേഷവും ഈ സംസ്ഥാനത്തെ ഒരു പൗരനെങ്കിലും ആ നിശ്ചിതവിലയ്ക്കു ഒരു ഇടങ്ങഴി അരിയെങ്കിലും നൽകാൻ ഈ ഗവണ്മെൻറിനു കഴിഞ്ഞിട്ടുണ്ടോ എന്ന് അവർതന്നെ ആലോചിച്ചുനോക്കേണ്ടതാണ്. അതിനു കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് പരമാർത്ഥം. ഇന്നു ഗവണ്മെൻറു നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ ഒരു ചാക്കിന് പത്തും പതിനഞ്ചും രൂപ കൂടുതൽ കൊടുത്താൽമാത്രമേ ഇവിടെ അരി ലഭിക്കുകയുള്ളു. അതേസമയം ഇവിടെ അരി ലഭിക്കാത്ത ഒരു അവസ്ഥ വന്നുചേർന്നിട്ടുമില്ല. നേരേമറിച്ച് വില കൂട്ടിക്കൊടുത്താൽ എത്ര വേണമെങ്കിലും ലഭിക്കും.

കഴിഞ്ഞ ദിവസം നിയമസഭാതലത്തിൽ ഒരു ചോദ്യത്തിനുത്തരമായി ഭക്ഷ്യമന്ത്രി പറയുകയുണ്ടായി, ഇൻഡ്യൻ പ്രധാനമന്ത്രി പറഞ്ഞിരിക്കുന്നു, ഈ മൊത്തക്കച്ചവടക്കാർക്ക് അല്പദിവസത്തെ സൗജന്യംകൂടി നൽകണം എന്ന്. സർ, ഇൻഡ്യൻ പ്രധാനമന്ത്രി പറഞ്ഞതു ഈ രാജ്യത്തെ മൊത്തക്കച്ചവടക്കാർക്കും, പൂഴ്ത്തിവയ്പുകടക്കാർക്കും രണ്ടാഴ്ചത്തെ ഗ്രേസ് ടൈം കൊടുക്കണമെന്നാണ്. അങ്ങനെ രണ്ടാഴ്ചത്തെ ഗ്രേസ്ടൈം ഇവിടത്തെ മൊത്തക്കച്ചവടക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും നൽകണമെന്നു പറഞ്ഞതു് ആഗസ്ററുമാസം ആദ്യമാണ്. എന്നാൽ നാം ഇപ്പോൾ സെപ്ററംബർ മാസം മദ്ധ്യത്തിലാണ്. ഇനിയും ആ ഗ്രേസ് ടൈമിൻെറ കാലാവധി കഴിഞ്ഞിട്ടില്ല എന്നു പറയുന്നതു് എത്ര ബാലിശമാണ്. ഈ സംസ്ഥാനഗവണ്മെൻറ് കഴിഞ്ഞ ആഗസ്ററു 11-ാം തീയതി ആണെന്നു തോന്നുന്നു ഒരു പ്രഖ്യാപനം നടത്തി, ഈ സംസ്ഥാനത്തുള്ള കച്ചവടക്കാർ അവരുടെ കൈവശമുള്ള അരിയുടെയും നെല്ലിൻെറയും സ്റ്റാക്ക് വിവരം അഞ്ചു ദിവസിനകം ഗവണ്മെൻറിനെ അറിയിക്കണം എന്ന്. അതിൻെറ ഫലമെന്തായി. കഴിഞ്ഞ മാസം 15-ാം തീയതി മുഖ്യമന്ത്രി ഞങ്ങളെ എല്ലാം ക്ഷണിച്ച് ഒരു കാൺഫറൻസ് നടത്തി അതിൽ പ്രഖ്യാപിച്ചതു്, അരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് എല്ലാ നടപടികളും എടുത്തിട്ടുണ്ട്, അഞ്ചു ദിവസിനകം ഇവിടത്തെ കച്ചവടക്കാരും പൂഴ്ത്തിവയ്പുകാരും അവരുടെ കൈവശമുള്ള നെല്ലിൻെറയും അരിയുടെയും സ്റ്റാക്കുവിവരം പരസ്യപ്പെടുത്തണമെന്ന് ഏർപ്പാടു ചെയ്തിട്ടുണ്ട് എന്നെല്ലാം. ആണ് ഈ അഞ്ചു ദിവസത്തെ കാലാവധി ഇനിയും അവസാനിച്ചില്ലെന്നാണോ. അങ്ങനെ അഞ്ചു ദിവസിനകം പരസ്യപ്പെടുത്താത്തവരുടെമേൽ അതായതു് ഈ രാജ്യത്തെ കച്ചവടക്കാരുടെമേൽ കാര്യമായ അന്വേഷണം നടത്തി നടപടികൾ എടുക്കുമെന്നും പറയുകയുണ്ടായി. പക്ഷേ, അഞ്ചു ദിവസവും കഴിഞ്ഞു, 15 ദിവസം കഴിഞ്ഞതിനുശേഷം എത്ര കച്ചവടക്കാർ അവരുടെ സ്റ്റാക്കു ഡിക്ലയർ ചെയ്തു എന്നോ എത്ര സ്റ്റാക്ക് അവരുടെ പക്കലുണ്ടെന്നോ ഈ ഗവണ്മെൻറിന് അന്വേഷിക്കാൻ കഴിഞ്ഞിട്ടില്ല. ഈമാതിരി ഭരണം നടത്തുന്ന ഏതെങ്കിലും ഒരു സംസ്ഥാനഗവണ്മെൻറു കാണുമോ. മററു സംസ്ഥാനങ്ങളും വളരെ മെച്ചപ്പെട്ട ഭരണം നടത്തുന്നു എന്നല്ല. എന്നാൽ വല്ലപ്പോഴും അങ്ങിങ്ങായി ചില ഗോഡൗണുകളും മററുമെല്ലാം പോലീസ് പരിശോധിച്ചതായിട്ടുള്ള റിപ്പോർട്ടുകൾ കേൾക്കുന്നുണ്ട്. ഭക്ഷ്യക്ഷാമത്തിൻെറ കാര്യത്തിലും വിലക്കയററത്തിൻെറ കാര്യത്തിലും ഏററവും അധികം വിഷമങ്ങൾ അനുഭവിക്കുന്ന ഈ കേരളസംസ്ഥാനത്തു് ഇന്നുവരെ ഒരൊററ കച്ചവടക്കാരൻെറ കടയോ ഗുദാമോ പരിശോധിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല, ഇന്നു സത്യവും നീതിയും നടത്തണമെന്ന് ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് അവർ വാങ്ങിക്കുന്ന ശമ്പളത്തിനുവേണ്ടി ജോലി ചെയ്യണം എന്നു വിചാരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് അവരുടെ ഉത്തരവാദിത്വം നിറവേററാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതി സംജാതമായിരിക്കുകയാണ്. എൻെറ നേതാവ് അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ആലപ്പുഴയിലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

14 കച്ചവടക്കാരുടെ കാര്യം പറഞ്ഞു. എന്നാൽ അതിൽ വളരെ അധികം പ്രാധാന്യം അർഹിക്കുന്ന ആലപ്പുഴ പഞ്ചസാര കരിഞ്ചന്തക്കേസ്സിനെപ്പററി ഒന്നു സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ആ കേസ്സിൻെറ ഗുണദോഷങ്ങളെ കുറിച്ചല്ല ഞാൻ സംസാരിക്കാൻ പോകുന്നതു്. പക്ഷെ അവിടത്തെ കളക്ടർ അങ്ങനെ ഒരു നടപടി സ്വീകരിച്ചതു് തെററാണോ ശരിയാണോ എന്നു തീരുമാനിക്കാനുള്ള ഉപാധികൾ വേറെയുണ്ടു്. ഒരു കളക്ടർ എടുത്തിട്ടുള്ള ഒരു നടപടിയിന്മേൽ അപ്പീൽ നടപടി സ്വീകരിക്കുന്നതിനു റവന്യൂബോർഡുണ്ടു്, റവന്യൂസെക്രട്ടറിയുണ്ടു്. പക്ഷേ അങ്ങനെ ഉള്ള ഒരു ഉദ്യോഗസ്ഥൻെറ നടപടിയിന്മേൽ യാതൊരു റിപ്പോർട്ടു വരുത്താതെ ആ ഉദ്യോഗസ്ഥൻ എടുത്ത നടപടിയെ മന്ത്രി സ്റ്റേ ചെയ്തു. ഒരു കച്ചവടക്കാരൻെറ ലൈസൻസ് ഒരു ഉദ്യോഗസ്ഥൻ റദ്ദ് ചെയ്താൽ എന്തിനു് ആ റദ്ദ് ചെയ്തുകൊണ്ടുള്ള ഉദ്യോഗസ്ഥൻെറ ആർഡറിനെ ഈ മന്ത്രി സ്റ്റേ ചെയ്തു എന്നു ഞാൻ ചോദിക്കുകയാണു്. എനിക്കു പറയുവാനുള്ളതു്, ആ ഒരു തെററ നടപടി മന്ത്രി എടുത്തതിൻെറ ഫലമായിട്ടാണു് ഇന്നീ സംസ്ഥാനത്തു് ഒരൊററ കളക്ടറോ മററു കീഴുദ്യോഗസ്ഥന്മാരോ, ഈ രാജ്യത്തെ കടകളോ ഗോഡൗണുകളോ പരിശോധിക്കാൻ തയാറാകാതിരുന്നിട്ടുള്ളതു്. അങ്ങനെ ഇന്നീ ഗവണ്മെൻറു ജനദ്രോഹപരമായിട്ടുള്ള നടപടികളിൽ ഏർപ്പെട്ടിരിക്കുകയാണു്. കക്ഷിപരിഗണനയില്ലാതെ ഈ രാജ്യത്തെ എല്ലാ ജനങ്ങളേയും ഒരുപോലെ ബാധിക്കുന്ന ഈ ഭക്ഷ്യപ്രശ്നത്തിൻെറ കാര്യത്തിൽ ഈ ഗവണ്മെൻറു് പരാജയപ്പെട്ടു എന്നുള്ളതുകൊണ്ടാണു് ഈ അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ ഞങ്ങൾ പ്രധാനമായും തീരുമാനിച്ചതു്. ഇതു പൊട്ടിമുളച്ചുണ്ടായിട്ടുള്ളതായ ഒരു കാര്യമല്ല. ഈ രാജ്യത്തെ പ്രതിപക്ഷകക്ഷികൾ കഴിഞ്ഞ ഒരു കൊല്ലക്കാലമായി അതിനെപ്പററി ഈ ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചിട്ടുള്ളതാണു്. മാത്രമല്ല ഈ ഗവണ്മെൻറിനു ക്രിയാത്മകമായ നിർദ്ദേശങ്ങളും ഞങ്ങൾ നൽകിക്കൊണ്ടിരിക്കുകയായിരുന്നു. കഴിഞ്ഞ 15-ാം തീയതി ഒരു കാൺഫറൻസ് നടത്തിയതിൽവച്ചു മുഖ്യമന്ത്രിപറയുകയുണ്ടായി, ഭക്ഷ്യക്ഷാമവും വിലക്കയററവും പരിഹരിക്കുന്നതിനായി ഫലപ്രദമായ പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു് എന്നു്. അതു കേട്ടപ്പോൾ ഞങ്ങൾക്കു കുറെ ഏറെ ആശ്വാസമുണ്ടായി. കേന്ദ്രഭക്ഷ്യഗോഡൗണുകളിൽനിന്നും കുറഞ്ഞതു പതിനായിരം ടൺ അരിയെങ്കിലും റിലീസു ചെയ്യുന്നതിനുള്ള നടപടികൾ അദ്ദേഹം എടുത്തുകൊണ്ടിരിക്കുകയാണു്, അദ്ദേഹം അതിനുവേണ്ടി രണ്ടു തവണ കേന്ദ്രഭക്ഷ്യമന്ത്രിയുമായി ഫോണിൽ സമ്പർക്കം പുലർത്തി എന്നും പറയുകയുണ്ടായി. ഗവണ്മെൻറിൻെറ കണക്കനുസരിച്ചു് ഒരു ദിവസം രണ്ടായിരത്തി അഞ്ഞൂറു ടൺ അരി ഈ സംസ്ഥാനത്തെ ജനങ്ങളുടെ ആവശ്യത്തിനായി വേണം. അപ്പോൾ അങ്ങനെ പതിനായിരം ടൺ അരി ലഭിച്ചു കഴിഞ്ഞാൽ അതു് നാലു ദിവസത്തെ ആവശ്യത്തിനു മാത്രമേ കാണുകയുള്ളു. എന്നിരുന്നാലും ഇതെല്ലാംകൂടി ഒന്നിച്ചു കൂട്ടമ്പോൾ അതു വിപണികളിൽ എത്തിക്കഴിഞ്ഞാൽ അരിയുടെ വില കുറെയൊക്കെ കുറയ്ക്കാൻ സഹായിക്കുമെന്നു ഞങ്ങൾ വിചാരിച്ചിരുന്നു. പക്ഷേ, ഗവണ്മെൻറിൻെറ കണക്കുകൾ അനുസരിച്ചു്, ഇതുവരെ പരസ്യപ്പെടുത്തീട്ടുള്ള കണക്കുകൾ അനുസരിച്ചു് കേന്ദ്രഗോഡൗണിൽ നിന്നും റിലീസ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളതു കേവലം ആയിരം ടൺ അരി മാത്രമാണു്. അതിൻെറ അർത്ഥം ഇക്കാര്യത്തിൽ ഈ ഗവണ്മെൻറിനു കേന്ദ്രഗവണ്മെൻറിനോടു ശക്തിയായി നിവേദനം നടത്താനുള്ള കഴിവുപോലും ഇല്ലാ എന്നതാണു്. അതുകൊണ്ടു് ഈ ഗവണ്മെൻറു് അധികാരത്തിൽനിന്നും പോകുകതന്നെ വേണം. യാതൊരു തരത്തിലുള്ള ജനങ്ങളുടെ താൽപര്യത്തേയും പരിരക്ഷിക്കാൻ കഴിയാത്ത ഈ കക്ഷി അധികാരത്തിൽനിന്നും പോകണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

സർ, മറെറാരു കാര്യത്തിലേക്കു ഞാൻ കടക്കുകയാണു്. അതായതു് ഇവിടത്തെ വിദ്യാഭ്യാസം താറുമാറായിക്കഴിഞ്ഞിരിക്കുന്നതിനെപ്പററിയാണു്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു സർവ്വവിദഗ്ദ്ധനായിട്ടാണു് നമ്മുടെ മുഖ്യമന്ത്രി പ്രസ്താവിക്കാറുള്ളതു്. ഈ അടുത്ത കാലത്തായി ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് 500 സ്കൂളുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. ഇവിടെ സ്കൂളുകൾ ധാരാളമായി ഉണ്ടാകുന്നതിൽ ആരും എതിരഭിപ്രായക്കാരല്ല. പക്ഷേ അതേ അവസരത്തിൽ ഇവിടെ ഒരു വിദ്യാഭ്യാസപരിഷ്ക്കാരം ഏർപ്പെടുത്തി പത്തു കൊല്ലക്കാലം സ്കൂൾവിദ്യാഭ്യാസം ഉണ്ടായിരിക്കണമെന്നും അതേ തുടർന്നു രണ്ടു കൊല്ലക്കാലം പ്രീ ഡിഗ്രീകോഴ്സും എന്ന് ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ നിയമസഭയിൽതന്നെ അതിന്റെ രണ്ടു സമ്മേളനക്കാലത്തു ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്ന വിദ്യാഭ്യാസപരിഷ്ക്കാരം ഈ നിയമസഭാതലത്തിൽ ചർച്ച ചെയ്യണമെന്നു ഭരണകക്ഷിയിലെ ആളുകൾ പോലും ആവശ്യപ്പെട്ടിരുന്നതാണ്. അതിനുള്ള ഒരു അവസരം നൽകാതെയാണ് ഈ അഞ്ഞൂറു പുതിയ സ്കൂളുകൾ അനുവദിച്ചതും ഇരുപത്തഞ്ച് സെക്കൻഡ് ഗ്രേഡ് കോളേജുകൾ അനുവദിച്ചിട്ടുള്ളതും. അങ്ങനെ പത്തു കൊല്ലം സ്കൂൾകോഴ്സും പിന്നെ നാലു കൊല്ലത്തെ കാളേജുകോഴ്സും. ഇതു് ഏതു വിദഗ്ദ്ധോപദേശം അനുസരിച്ചാണ്. കഴിഞ്ഞ തവണ ഡൽഹിയിൽ വച്ചു കൂടിയ വിദ്യാഭ്യാസമന്ത്രിമാരുടെ കോൺഫറൻസിൽ നമ്മുടെ മുഖ്യമന്ത്രി കൂടി സംബന്ധിച്ചിരുന്നു. പ്രസ്തുത വിദ്യാഭ്യാസമന്ത്രിമാരുടെ സമ്മേളനത്തിൽ എടുത്ത തീരുമാനം സ്കൂൾകോഴ്സ് കഴിയുമെങ്കിൽ 12 കൊല്ലവും അല്ലെങ്കിൽ 11 കൊല്ലമെങ്കിലും ആക്കുക എന്നുള്ളതാണ്. വിദ്യാഭ്യാസത്തിന്റെ നിലവാരം വളരെ ഏറെ താണുപോയിരിക്കുന്നു എന്നു പരിദേവനം നടത്താറുള്ള മുഖ്യമന്ത്രി പിന്നെയും ഈ നിലവാരം താഴത്തക്കവിധത്തിലുള്ള നടപടി എന്തിന് സ്വീകരിച്ചു എന്നു ഞാൻ ചോദിക്കുകയാണ്. ഇന്ന് എസ്സ്. എസ്സ്. എൽ. സി. പാസ്സാകുന്നവരെ അദ്ധ്യാപകന്മാരായും ഗവണ്മെന്റിന്റെ ക്ലറിക്കൽ പോസ്റ്റുകളിലേക്കുമുള്ള നിയമനത്തിന് മിനിമം ക്വാളിഫിക്കേഷനായി നിശ്ചയിച്ചിരിക്കുകയാണ്. ഇപ്പോൾ നിലവാരം താഴ്ന്നുപോയി എന്നു പറയുന്ന മുഖ്യമന്ത്രിയും ഗവണ്മെന്റും അതു് ഇനിയും തുടരുന്നതിനുള്ള ഒരു നടപടിയല്ലേ സ്വീകരിച്ചിരിക്കുന്നത്. അതിന്റെ ഫലമായി ഇന്നു നമ്മുടെ സ്കൂളുകളിൽനിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് അന്യസംസ്ഥാനങ്ങളിൽ കാളേജുകളിൽ പ്രവേശനത്തിനോ മററ് ഉദ്യോഗങ്ങൾക്കോ സാദ്ധ്യമല്ലാത്ത ഒരു അവസ്ഥാവിശേഷം ഇവിടെ ഉണ്ടായി. കാളേജുകൾ ഇവിടെ അനുവദിച്ചതു പുതിയ കുറെ കാളേജുമുതലാളിമാരെ സൃഷ്ടിക്കുവാൻവേണ്ടി മാത്രമാണ്. അങ്ങനെ ഈ കോളേജുകൾ അനുവദിച്ചതിൽ ഗവണ്മെന്റിനു വലിയ പങ്കില്ലാ എന്നു പറയുമായിരിക്കാം. എന്നാൽ കാളേജിന്റെ അപേക്ഷകർ മുഖ്യമന്ത്രിയേയാണ് കണ്ടുകൊണ്ടിരിക്കുന്നത് എന്നതാണ് പരമാർത്ഥം. കാളേജു മുതലാളിമാരെ സൃഷ്ടിക്കുന്നതിനുവേണ്ടി മാത്രം വിദ്യാഭ്യാസം താറുമാറാക്കിയതു് കടുത്ത രാജ്യദ്രോഹപരമായ ഒരു നടപടിയാണ്.

സർ, ഈ രാജ്യത്തു മഴ തുടങ്ങിയതിനു ശേഷം ദിവസേനയെന്നവണ്ണം സ്കൂൾ കെട്ടിടങ്ങൾ ഇടിഞ്ഞു വീഴുകയും കുട്ടികൾക്കും അദ്ധ്യാപകർക്കും പരിക്കുകൾ പററുകയും ചെയ്യുന്നതായ വാർത്തകൾ നാം പത്രങ്ങളിൽ വായിക്കാറുണ്ട്. ഒരു കൊല്ലംകൊണ്ട്, ഈ രാജ്യത്തെ സർക്കാർ സ്കൂളുകൾക്ക് എല്ലാം പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കി ഈ കുഴപ്പം പരിഹരിക്കാൻ സാധിക്കുമെന്നു ഞാൻ അവകാശപ്പെടുന്നില്ല. അതിനുള്ള മൗഢ്യം എനിക്കില്ല. എല്ലാ വർഷവും ഗവണ്മെന്റിന്റെ സാമ്പത്തിക പരിതഃസ്ഥിതിക്കൊത്തു നിന്നുകൊണ്ടു കുറെ പുതിയ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, തകരാറുള്ള കെട്ടിടങ്ങൾ പുതുക്കുന്നതിനും ആവശ്യമായ തുക ബഡ്ജററിൽ നീക്കിവയ്ക്കാറുണ്ടായിരുന്നു. അങ്ങനെ ബഡ്ജററിൽ ഈ ആവശ്യത്തിനുവേണ്ടി യാതൊരു തുകയും കൊള്ളിക്കാത്തതു് ഈ ഒരു വർഷത്തിൽ മാത്രമാണെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ വർഷത്തിലും നേരിടുന്ന തകരാറ് ഈ ഗവണ്മെന്റ് മനസ്സിലാക്കി, അതിനു പരിഹാരം കാണാതെ കഴിയുകയാണ്. അദ്ധ്യാപകരുടെ കാര്യത്തിലാണെങ്കിൽ, അവർ അർഹിക്കുന്ന പരിഗണന ജനങ്ങൾ നൽകുന്നില്ല എന്ന് ഇന്നലെയോ, മിനിഞ്ഞാന്നോ മുഖ്യമന്ത്രി പ്രസംഗിച്ചിരിക്കുന്നതായി കണ്ടു. അദ്ധ്യാപകർക്കു അടുത്തകാലത്തു ചില ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളതായി അറിയുന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ, ആ തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

എത്രത്തോളം പ്രായോഗികമാകും എന്നുള്ളതിനെപ്പററി അദ്ധ്യാപകർ ഇപ്പോഴും സംശയാലുക്കളാണ്. ഈ രാജ്യത്തെ വിദ്യാഭ്യാസവും, കുട്ടികളുടെ ഭാവിയും തകരാറിലാക്കത്തക്കവിധം, അദ്ധ്യാപകരെ ഒരു സമരത്തിലേക്കു ഇറക്കിവിടുകയും, റോഡിൽക്കൂടി അവർ മുദ്രാവാക്യങ്ങളുമായി ഘോഷയാത്രനടത്തുകയും ചെയ്തതിനുശേഷം അവർ പണിമുടക്കുമെന്നറിയിച്ചതിന്റെ തലേ ദിവസം മാത്രം ഇങ്ങനെയൊരു തീരുമാനം എടുക്കാൻ ഗവണ്മെൻറു കാത്തിരുന്നതു ശരിയായില്ല എന്നാണ് എന്റെ അഭിപ്രായം. മററതു രംഗത്തു് അഴിമതി ഉണ്ടായിരുന്നാലും, അഴിമതി ഒഴിവാക്കപ്പെടേണ്ട ഒരു രംഗമാണ് വിദ്യാഭ്യാസരംഗം എന്നകാര്യത്തിൽ ആക്കും തക്കം ഉണ്ടാകുമെന്നുതോന്നുന്നില്ല. പക്ഷെ എന്താണ് പുതിയ 500 സ്കൂളുകൾ അനുവദിച്ചതിന്റെ പിന്നിലുള്ള കഥ? അതിനെപ്പററി ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്കൂളുകൾ അനുവദിച്ചു കഴിഞ്ഞ ഉടൻതന്നെ, തിരുവനന്തപുരം കാൺഗ്രസ്സ ഡിസ്ട്രിക്റ്റു കമ്മിററി കൂടിയിട്ട്, സ്കൂൾ വിതരണകാര്യത്തിൽ, ആ കമ്മിററിയ്ക്കു് വേണ്ടവിധത്തിൽ പരിഗണന നൽകാത്തതിൽ പ്രതിഷേധിച്ചു് പ്രമേയം പാസ്സാക്കി ഈ ഗവണ്മെൻറിനു് അയച്ചതായി പത്രത്തിൽ കാണുകയുണ്ടായി. സർ, കാൺഗ്രസ്സ ഡിസ്ട്രിക്റ്റു കമ്മിററികളുടെ ശുപാർശ പ്രകാരമാണ് ഈ രാജ്യത്തു് സ്കൂളുകൾ അനുവദിക്കുന്നതെന്നല്ലേ ഇതിൽനിന്നു അനുമാനിക്കേണ്ടതു് ? കഴിഞ്ഞകാലങ്ങളിൽ, സ്കൂളുകൾ നടത്തുന്ന സ്ഥാപനങ്ങൾക്കോ, സംഘടനകൾക്കോ, വ്യക്തികൾക്കോ, ആയിരുന്നു സ്കൂളുകൾ അനുവദിച്ചിരുന്നതു്. ഡിസ്ട്രിക്റ്റു കാൺഗ്രസ്സ കമ്മിററി മുഖേന സ്കൂളുകൾക്കു അപേക്ഷിക്കുകയും, ഒരു പ്രത്യേക നിരക്കിൽ ഡിസ്ട്രിക്റ്റു കാൺഗ്രസ്സ കമ്മിററിക്കു സംഭാവന നൽകുകയും ചെയ്താൽ അങ്ങനെയുള്ള അപേക്ഷകൾ പരിഗണിച്ചു് സ്കൂളുകൾ അനുവദിക്കുന്ന ഒരു സമ്പ്രദായമായിരുന്നു ഇവിടെ നടന്നതു്. ആ കാര്യം എല്ലാവർക്കും അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്.

സർ, ഇന്നു് വ്യവസായരംഗത്തു് അത്യേയററം കുഴപ്പമാണ്. ഇവിടത്തെ ഷിപ്പ് ബിൽഡിംഗ് യാഡിന്റെ സ്ഥിതി എന്താണ് ? പതിനായിരത്തോളം കുടുംബങ്ങൾക്കു് ജീവിതമാർഗ്ഗമായിരുന്ന ചവറയിലെ മിനറൽസ് വ്യവസായം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു ? തിരുവനന്തപുരത്തെ ടൈററാനിയം ഫാക്റററി, 50 ടൺ ഉല്പാദിപ്പിക്കുന്ന ഒരു ഫാക്റററിയായിട്ടു വികസിപ്പിക്കുമെന്ന തീരുമാനത്തെ ഭേദപ്പെടുത്തിയിട്ട് 18 ടൺ ഉല്പാദിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്, ആ ഫാക്റററിയിൽ ഒരു ദിവസമെങ്കിലും 18 ടൺ ഉല്പാദനം നടത്തിയിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുകയാണ്. ഇല്ല, അവിടെ അങ്ങനെ ഉല്പാദനം ഉണ്ടായിട്ടില്ല. ആ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ് തോന്നുന്നതു്. നെയ്യാററിൻകര പൈലററു ഇൻഡസ്ട്രീസ് പ്രോജക്ടിനു വേണ്ടി 50 ലക്ഷം രൂപ മുടക്കിയതാണ്. 73 ചെറുകിട വ്യവസായങ്ങളിൽ ഇപ്പോൾ 31 എണ്ണം അടച്ചിട്ടിരിക്കുകയാണ്. ഗവണ്മെൻറു് അതു ഉപേക്ഷിച്ചിരിക്കുന്നതായിട്ടാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. സർ, അതുപോലെ കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കുമുൻപു് 12 സ്പിന്നിംഗ് മില്ലുകൾ ആരംഭിക്കാൻ പോകുന്നുവെന്നു പറഞ്ഞിരുന്നു. അതിൽ എത്രയെണ്ണം ഇതിനകം ആരംഭിച്ചു, അവ ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്നു ഗവണ്മെൻറു അന്വേഷിച്ചിട്ടുണ്ടോ? തിരുവനന്തപുരത്തു ഒരു മോഡൽ സ്പിന്നിംഗ് മില്ലിനു് ലൈസൻസ്സ നൽകിയതാണ്. 1961 അവസാനത്തിലോ, 62 ആദ്യമോ ആരംഭിക്കുമെന്നു പറഞ്ഞതാണ്, അതു് ആരംഭിച്ചിട്ടില്ല, ആ മില്ലിന്റെ ഒരു കല്ലുപോലും ഈ ജില്ലയിൽ എങ്ങും കാണാനില്ലെന്നുള്ളതാണു പരമാർത്ഥം. ചില വ്യവസായങ്ങൾ വന്നു, വരാൻപോകുന്നു എന്നുള്ളതു വിസ്മരിച്ചിട്ടല്ല ഞാൻ ഇതു പറയുന്നതു്. ഇവിടെ ആരംഭിച്ചിട്ടുള്ള വ്യവസായസ്ഥാപനങ്ങളുടെ ഇന്നത്തെ നിലയെപ്പററി പറയുകയാണെങ്കിൽ വ്യവസായവകുപ്പ് അഴിമതിയുടെ കേളീരംഗമായിത്തീർന്നിരിക്കുകയാണ്. ഗവണ്മെൻറുടമയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വ്യവസായങ്ങളെല്ലാം ഒരു ജോയിൻറു സ്റ്റോക്കു കമ്പനിക്കു വിട്ടുകൊടുത്തിരിക്കുകയാണ്. ഗവണ്മെൻറു ഇൻഡസ്ട്രിയൽ എസ്റ്റേററുകൾ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ്സ കോർപ്പറേഷനു വിട്ടുകൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ വിട്ടുകൊടുത്തതിന്റെ പിന്നിൽ മററുചില ഉദ്ദേശം ഉണ്ടെന്നു ന്യായമായി സംശയിക്കുകയാണ്. ഗവണ്മെന്റുടമയിൽ ഇരുന്ന കാലത്തു് ആ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി. എസ്സ്, സി. യാണു നടത്തിയിരുന്നതു്. പി. എസ്സ്. സി. നിയമനം നടത്തിയിരുന്നതുകൊണ്ടു് ഭരണകക്ഷിയായ കാൺഗ്രസിനു അതിൽ കൈകടത്താൻ സാധിച്ചിരുന്നില്ല. നിയമനകാര്യത്തിൽ വേണ്ട സ്വാധീനം ചെലുത്താനാണ് ഗവണ്മെന്റു് കമ്പനികൾക്കും കോർപ്പറേഷനും നിയമനാധികാരം വിട്ടുകൊടുത്തിരിക്കുന്നതു്. ഇൻഡസ്ട്രിയൽ എസ്റ്റേററുകളിൽ, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു ദിവസം രാവിലെ അതു് സ്റ്റാററ്റ്യൂയിൽ ഇൻഡസ്ട്രിയൽ കോർപ്പറേഷനു വിട്ടുകൊടുത്തതോടുകൂടി, അവിടെ പ്രവർത്തിച്ചു് പരിചയം സിദ്ധിച്ചിരുന്ന സർക്കാർ ഉദ്യോഗസ്ഥന്മാർ അവിടെത്തന്നെ തുടരാൻ അനുവദിക്കുന്നതിൽ എന്തു തെററാണുണ്ടായിരുന്നതു്? ഈ ഗവണ്മെന്റു സഹകരണസ്ഥാപനങ്ങളിലേക്കും മററും കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഗവണ്മെന്റുദ്യോഗസ്ഥന്മാരെ നിയോഗിക്കുമ്പോൾ ഗവണ്മെന്റുടമയിലുള്ള സ്ഥാപനങ്ങളിൽ ജോലിചെയ്തു പരിചയം സിദ്ധിച്ച ആളുകളെ അവിടെനിന്നു പറഞ്ഞയച്ചിട്ടു് പുതിയ നിയമനം നടത്താൻ കോർപ്പറേഷനു അധികാരം നൽകുന്നതു് എന്റെ അറിവു ശരിയാണെങ്കിൽ കാൺഗ്രസ്സ് ഫണ്ടിലേക്കു സംഭാവനചെയ്തു ഉത്തരവാദപ്പെട്ടവരെ സമീപിക്കുന്നവരെമാത്രം നിയമിക്കാൻവേണ്ടിയാണ്. അങ്ങനെ സംഭാവനചെയ്യുന്നവരെ മാത്രമേ നിയമിക്കാവൂ എന്നു് ഒരു രഹസ്യനിർദ്ദേശവും ഉള്ളതായിട്ടാണറിയുന്നതു്. അങ്ങനെ ചില നിയമനങ്ങൾ നടന്നതായിട്ടറിയാവുന്നതുകൊണ്ടു ഇതു പറയുകയാണ്. തൊഴിൽരംഗത്തും ഈ ഗവണ്മെന്റു പരാജയപ്പെട്ടിരിക്കുകയാണ്. കണ്ണൂർ സ്പിന്നിംഗ് മില്ലിൽ 25 ദിവസമായി പണിമുടക്കു നടക്കുന്നു. കഴിഞ്ഞവർഷം ഒൻപതു ലക്ഷം രൂപാ ലാഭമുണ്ടായിരുന്ന ആ മില്ലിലെ തൊഴിലാളികൾ അർഹതയുള്ള ബോണസ് ലഭിക്കാത്തതുനിമിത്തം ഇപ്പോൾ സമരംനടത്തുകയാണ്. തിരുവനന്തപുരം ഡിസ്ട്രിക്കിലെ ബോണോക്കാട്ടു എസ്റ്റേററിലെ രണ്ടായിരം തൊഴിലാളികൾ കഴിഞ്ഞ ഒരു മാസക്കാലമായി അവരുടെ അവശതകൾ പരിഹരിക്കാൻ സമരം നടത്തിവരുന്നു. അവിടെ ഒരു വിദേശക്കമ്പനി ഉടമ തൊഴിലാളികൾക്കു ലഭിക്കേണ്ട ആനുകൂല്യം അനുവദിക്കാതിരിക്കുകയാണ്. സർവ്വേ ആഫ് ഇൻഡ്യയുടെ റിക്കാർഡു അനുസരിച്ചു് രണ്ടാം കമ്പനിക്കു് അവിടത്തെ തൊഴിലാളികൾക്കു് അർഹതയുണ്ടെങ്കിലും നിയമപ്രകാരം അതു കൊടുക്കുവാൻ ബാദ്ധ്യസ്ഥരാണെങ്കിലും സർവ്വേ ആഫ് ഇന്ത്യായുടെ റിക്കാർഡു് സ്വീകരിക്കുവാൻ ഈ വിദേശക്കമ്പനി കൂട്ടാക്കുന്നില്ല. ഫറൂക്കു ഓട്ടുകമ്പനി ഒരുമാസക്കാലമായി അടച്ചിട്ടിരിക്കുകയാണ്. ഈ രാജ്യത്തെ സമ്പദ് വ്യവസ്ഥക്കു കാര്യമായ സംഭാവന നൽകുന്ന എഫ്. എ. സി. ടി. യിൽ ഇപ്പോൾ തൊഴിൽ കുഴപ്പം വളരെ ഉഗ്രമായ രീതിയിൽ എത്തിയിരിക്കുന്നു. മോട്ടോർ വ്യവസായത്തൊഴിലാളികളുടെ മിനിമം വേജസ് റിവൈസ് ചെയ്തു റിപ്പോർട്ടു സമർപ്പിച്ചിട്ടു 15 മാസക്കാലമായിട്ടും അതു നടപ്പിൽ വരുത്താതെ, ഈ രാജ്യത്തെ മോട്ടോർ മുതലാളിമാരെ പ്രീണിപ്പിക്കുന്നതിനാണ് ഗവണ്മെന്റു താൽപര്യം കാണിക്കുന്നതു്.

സർ, കഴിഞ്ഞകൊല്ലം ക്ഷയരോഗികൾക്കു് ഗവണ്മെന്റിൽ നിന്നും സാമ്പത്തിക സഹായം നൽകുമെന്നു പറഞ്ഞു തിരുവനന്തപുരം ജില്ലയിൽ ഒററ ക്ഷയരോഗിക്കും കഴിഞ്ഞ അഞ്ചുമാസക്കാലമായി സഹായം നൽകിയിട്ടില്ല. ഗവണ്മെന്റിന്റെ സഹായ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ അവർ കാത്തിരിക്കുകയാണ്. ഒരു മാസം സഹായം ലഭിച്ചതിനു ശേഷം, തുടർന്നു 5 മാസം സഹായം കിട്ടാതെ വന്നാൽ എന്തായിരിക്കും ഫലം ?

ഭൂമിയില്ലാത്ത പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കു് ഭൂമി വിതരണം ചെയ്യാനും ഭവനങ്ങൾ നിർമ്മിക്കുന്നതിനും സെററിൽമെന്റു പദ്ധതി കേന്ദ്ര ഗവണ്മെന്റു ആവിഷ്ക്കരിക്കുകയും പല സംസ്ഥാന ഗവണ്മെന്റുകളും അതു നടപ്പാക്കുകയും ചെയ്തു. ആ പദ്ധതി അനുസരിച്ചു് ഒററ വീടെങ്കിലും ഉണ്ടാക്കി ഒരു കുടുംബത്തിനെ എങ്കിലും കുടിയിരുത്താൻ നമ്മുടെ ഗവണ്മെന്റിനു സാധിച്ചി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

ട്ടില്ല. സർ, എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുകയാണ്. ഈ കാരണങ്ങൾകൊണ്ട് ജനദ്രോഹപരമായ ഈ ഗവൺമെന്റിന്റെ അഴിമതി നിറഞ്ഞ പ്രവർത്തനങ്ങൾകൊണ്ട് മനസ്സ് മടുത്തിട്ടാണ് ഈ അവിശ്വാസ പ്രമേയം ഞങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഈ അവിശ്വാസ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. സി. അച്യുതമേനോൻ: സ്പീക്കർ സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ നിയമസഭയിലെ നാലാമത്തെ അവിശ്വാസ പ്രമേയമാണ് ഇത്. ഈ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് കൊടുത്തിട്ടുള്ള വാർത്ത പത്രത്തിൽ വന്നപ്പോൾ മുഖ്യമന്ത്രി വളരെ പരിഹാസ രൂപത്തിൽ അതിനെ പ്പററി സംസാരിക്കുകയുണ്ടായി. ആറാറുമാസം കൂടുമ്പോൾ അവിശ്വാസ പ്രമേയം വരും, അവിശ്വാസ പ്രമേയം വരികയും പോകുകയും ചെയ്യും എന്നാണ് അദ്ദേഹം പറഞ്ഞത്. അവിശ്വാസ പ്രമേയം വരും, അവിശ്വാസ പ്രമേയം പോകുകയുംചെയ്യും, താൻ എന്നും മുഖ്യമന്ത്രിയായി ഇവിടെ നില കൊള്ളും എന്നാണ് അദ്ദേഹം കരുതുന്നതെന്നു തോന്നുന്നു. ഏതായാലും ഈ തവണ അങ്ങനെയല്ല സംഭവിക്കാൻ പോകുന്നതെന്നാണ് എനിക്കു തോന്നുന്നത്. ഓരോ പ്രാവശ്യവും അവിശ്വാസപ്രമേയംവരുന്ന അവസരത്തിൽ വാസ്തവത്തിൽ അതു ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റു കൈക്കൊണ്ടിട്ടുള്ള അനാസ്ഥയോട് ശക്തിയായ രോഷം പ്രകടിപ്പിക്കുകയാണെന്നാണ് എന്റെ അഭിപ്രായം. ഇവിടെ അധികാരത്തി ലിരുന്ന ഗവൺമെന്റിനെതിരായിട്ടുള്ള ഓരോ ആഞ്ഞടിആയിരുന്നു മുൻപു അവതരിപ്പിക്കപ്പെട്ട അവിശ്വാസ പ്രമേയങ്ങൾ. ആ അടി ഓരോന്നും ഈ ഭരണകൂടത്തിനു വിള്ളലും പൊട്ടലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു കാണാൻ കഴിയും. അവസാനത്തെ ഈ അടിയോടുകൂടി ഈ ഗവൺമെന്റു വീഴാൻ പോകുകയാണ്; അതാണു വാസ്തവം.

സർ, എനിക്കു പറയാനുള്ളത് ഈ പ്രക്രിയ അനിവാര്യമായ ഒരു പ്രക്രിയ ആണെന്നാണ്. എന്തുകൊണ്ടെന്നാൽ ഇവിടെ നിലവിലുണ്ടായിരുന്ന കമ്മ്യൂണിസ്ററു മന്ത്രിസഭക്കെതിരായി ഒരു വിമോചന സമരം നടത്തി, ഈ രാജ്യത്തെ എല്ലാ പ്രതിലോമശക്തികളും, ഇവിടത്തെ കാൺഗ്രസുപാർട്ടിയും കൂടി ഉണ്ടാക്കിയ ഒരു അവിശുദ്ധ ബാന്ധവത്തിന്റെ ദുർഭഗസന്തതിയായിട്ടാണ് ഈ ഗവൺമെന്റുണ്ടായത്. ഈ ഗവൺമെന്റു പ്രവർത്തിച്ചു മുമ്പോട്ടു പോകുമ്പോൾ ഈ ഗവൺമെന്റിനു പിൻതുണനൽകിയ വിഭാഗങ്ങൾ എതിർക്കും എന്നുള്ളത് അനിവാര്യമാണ്. അതിന്റെ ഫലമായിട്ടുതന്നെ ഗവൺമെന്റിനു അഭിപ്രായ വൈരുദ്ധ്യങ്ങളെ നേരിടേണ്ടിവരും, അഭിപ്രായ വ്യത്യാസങ്ങൾ പൊട്ടിപ്പുറപ്പെടുമെന്നുള്ളതും അനിവാര്യമാണ്. അങ്ങനെ ദുഷ്കൃത്യങ്ങളുടെ ഫലമായിട്ട്, താങ്ങാനാവാത്ത പാപഭാരത്തിന്റെ ഫലമായിട്ട് ഇപ്പോൾ ഞെരിഞ്ഞു തകർന്നു മണ്ണടിയാൻ പോകുകയാണ്. പക്ഷേ, അങ്ങനെ വരുന്ന പതനത്തിന്റെ ഫലമായിട്ട് ഒരുതുള്ളിക്കണ്ണുനീർ വാർക്കാനോ, ഒരു ദീർഘ ശ്വാസം വിടാനോ ആരും കാണുമെന്നുതോന്നുന്നില്ല. ഒരു ഇംഗ്ലീഷുകവി പറഞ്ഞിട്ടുള്ളതുപോലെ 'unwept, unhonoured and unsung' ഈ മന്ത്രിസഭ അവസാനിക്കാൻ പോകുന്നത്.

ഇന്നു നമുക്കു ചെയ്യാൻ കഴിയുന്നത്, നാം ചെയ്യേണ്ടതു ചീഞ്ഞുനാറുന്ന ഈ ശവം, കുഴിച്ചുമൂടുകയാണ്. അതിനുവേണ്ടിയാണു നാം പ്രവർത്തിക്കേണ്ടത്, അതാണു നാം ചെയ്യേണ്ടത്

സർ, ഞങ്ങളുടെ പാർട്ടി, ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുന്ന തിനെസംബന്ധിച്ച്, ഈ ഗവൺമെന്റിനെ എതിർത്തു വോട്ടുചെയ്യാൻ തീരുമാനിച്ചതിനെ സംബന്ധിച്ചു വ്യക്തമായി ചില കാര്യങ്ങൾ എനിക്കു പറയാനുണ്ട്. വ്യക്തിപരമായോ സമുദായികമായോ, ഗ്രൂപ്പടിസ്ഥാനത്തിലോ ഉള്ള യാതൊരു പരിഗണനയും വച്ചുകൊണ്ടല്ല ഞങ്ങൾ അങ്ങനെ ചെയ്യുന്നതു. നേരേമറിച്ചു ഈ ഗവൺമെന്റിന്റെ പേരിൽ ഞങ്ങളുടെ വ്യക്തമായ ആരോപണം, ചാർജ്ജ്, ജനങ്ങളുടെ പ്രധാനപ്പെട്ട ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിൽ പരാജയപ്പെട്ടു എന്നുമാത്രമല്ല, അതിനുവേണ്ടി യാതൊരു ശ്രദ്ധയും ചെലുത്തിയിട്ടില്ല എന്നുള്ളതാണ്. ഇന്നു കൊടുംപിരികൊണ്ടിരിക്കുന്ന ഭക്ഷ്യക്ഷാമത്തിനെതിരായിട്ടോ, വിലക്കയററത്തിനെതിരായിട്ടോ യാതൊന്നും ചെയ്യാതെ കൈയും കെട്ടിയിരിക്കുകയാണ്. കരിഞ്ചന്തക്കാർക്കും, പൂഴ്ത്തിവയ്പുകാർക്കും അനുഗ്രഹാശിസ്സുകൾ നൽകി അവർക്ക് അഭയം നൽകിയിരിക്കുകയാണ് കൃഷിക്കാർക്കും തൊഴിലാളികൾക്കും എതിരായ ഒരു ഗവണ്മെൻറാണിതു്. ഈ രാജ്യത്തെ ജീവിത വരുമാനം കുറഞ്ഞ എൻ. ജി. ഒ. മാർ, അദ്ധ്യാപകർ മററു ജീവനക്കാർ തുടങ്ങി കൂടുതൽ ദുരിതം അനുഭവിക്കുന്ന ആരുടേയും പ്രശ്നങ്ങൾ ഒന്നും നോക്കാതെ, അവർക്കു ആശ്വാസം നൽകാതെ ഈ ഗവണ്മെൻറു മുമ്പോട്ടു പോകുകയാണ്. പൗരസ്വാതന്ത്ര്യത്തെ നിഷേധിക്കുന്നും, അടിച്ചമർത്താനും, സാമുദായികവിദ്വേഷം അങ്ങേയററംവരെ ആളിക്കത്തിക്കാനും ഈ ഗവണ്മെൻറു കാരണമായിത്തീർന്നിട്ടുണ്ടു്. സർ, ഈ കാരണങ്ങൾകൊണ്ടാണ് ഞങ്ങൾ ഈ ഗവണ്മെൻറിനെ എതിർക്കുന്നതു്. ഇതിൻെറ അടിസ്ഥാനത്തിൽ ഈ ഗവണ്മെൻറിനു് ഇവിടെ ഭരിക്കാൻ അവകാശമില്ല. ഈ ഗവണ്മെൻറു കഴിയുന്നതും വേഗത്തിൽ അധികാരത്തിൽ നിന്നുപോകണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നതു്. ഞാൻ പറയുന്ന ഓരോ കാര്യത്തെസംബന്ധിച്ചും വളരെയേറെ വിശദമായി പ്രതിപാദിക്കാൻ എനിക്കു സമയം കിട്ടുമെന്നുതോന്നുന്നില്ല. അതുകൊണ്ടു് പ്രധാനപ്പെട്ട ചില കാര്യങ്ങൾമാത്രം പറയാമെന്നു വിചാരിക്കുന്നു.

സർ, വിലക്കയററത്തെസംബന്ധിച്ച് എൻെറ സ്നേഹിതൻ ശ്രീ. പി. വിശ്വംഭരൻ ഇവിടെ പറഞ്ഞു. ആ കാര്യം ഒന്നുകൂടി ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. സാധനങ്ങൾക്ക് ഇത്ര രൂക്ഷമായ വിലക്കയററം, ഈ രാജ്യത്തിൻെറ ചരിത്രത്തിൽ ഇതിനുമുൻപ് ഉണ്ടായിട്ടില്ല. അതിനെ നേരിടാൻ ഈ ഗവണ്മെൻറു് എന്തുചെയ്തു? നമ്മുടെ മന്ത്രിമാർ ഡൽഹിക്കും, മദിരാശിക്കും പറന്നതായി പത്രത്തിൽ വായിച്ചപ്പോൾ നാം വിചാരിച്ചതു് അവർ ഇവിടത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ അരികൊണ്ടുവരാൻ പോയതാണെന്ന്. പക്ഷേ, അവർ പോയതു് ഗവണ്മെൻറുകക്ഷിയിലുള്ള കുഴപ്പങ്ങൾ ഹൈക്കമാൻഡുമായി ആലോചിച്ച് പരിഹരിക്കാനായിരുന്നു. ഈ രാജ്യത്തെ കുഴപ്പങ്ങൾ തീർക്കാനല്ല അവർ പോയതെന്നുള്ളതു ഒരു പരമാർത്ഥമാണ്. അതിനുവേണ്ടിയായിരുന്നു പോയതെങ്കിൽ. ഈ യാത്രകളുടെ ഫലമായി ഭക്ഷ്യസാധനങ്ങളുടെ വിലക്കയററത്തിലോ, ഭക്ഷ്യക്ഷാമത്തിലോ എന്തെങ്കിലും മാററം ഉണ്ടാകണമായിരുന്നു. അതൊന്നും ഉണ്ടായിട്ടില്ല. നാമെല്ലാം കേട്ടിട്ടുണ്ട്: 'റോമാ നഗരം വെന്തെരിഞ്ഞപ്പോൾ, നീറോ ചക്രവർത്തി വീണ വായിച്ചുകൊണ്ടിരുന്നു' എന്നു്. ഇവിടത്തെ മന്ത്രിമാർ വീണവായനയിൽ പ്രഗത്ഭരല്ല; പക്ഷേ മററു ചില ലളിതകലകൾ അവർക്കു വശമുണ്ട്. കുതികാൽവെട്ടും, പാരവയ്പും, പരസ്പരവിദ്വേഷവുംമൂലം ഈ രാജ്യത്തെ അങ്ങേയററം അധഃപ്പതിപ്പിക്കാൻ ഉതകുന്ന ലളിതകലകളിൽ അവർ പ്രാവീണ്യം നേടിയിട്ടുണ്ട്; ഇപ്പോൾ അവർ അതു ഭംഗിയായി നടത്തിക്കൊണ്ടിരിക്കുകയാണ്.

കമ്മ്യൂണിസ്ററു മന്ത്രിസഭ ഇവിടെ ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ചാക്ക് അരിക്ക് 42 രൂപ വില ഉണ്ടായിരുന്നു. ഇന്ന് അരിയുടെ വില വളരെ കൂടുതലാണ്, ഇന്നു് ഒരു ചാക്ക് അരിക്ക് 58, 60, 64 രൂപവരെ ഗവണ്മെൻറുതന്നെ നിശ്ചയിച്ചിട്ടുള്ള വില ഉണ്ട്. ഗവണ്മെൻറു നിശ്ചയിച്ചിരിക്കുന്ന വിലയ്ക്ക് അരി കിട്ടുകയില്ല. അതിനോടുകൂടി പത്തും പതിനഞ്ചും രൂപ കൂടുതൽ കൊടുത്തുവെങ്കിലെ അരി കിട്ടുകയുള്ളു. അതും നേരിട്ട് കച്ചവടക്കാർക്കു കൊടുത്താൽ കിട്ടുകയില്ല. രഹസ്യമായിട്ടു കൊടുക്കണം, അതിൻെറ ബില്ലു കിട്ടുകയില്ല. അതു മാത്രവുമല്ല, കച്ചവടക്കാരുടെ കാലുപിടിച്ചിട്ടു, അവരുടെ പടികാത്തു കിടന്നിട്ടു ഒക്കെ വേണം കിട്ടാൻ. അന്നു് 45 രൂപ വില ഉണ്ടായിരുന്ന കാലത്തു് കാൺഗ്രസ്സും, മററു പ്രതിലോമശക്തികളും കൂടി ചേർന്നു് അതിനെതിരായി ഒരു പ്രക്ഷോഭണം നടത്തുകയുണ്ടായി. 'അരിയെവിടെ തുണിയെവിടെ നമ്പൂരി' എന്നെല്ലാം മുദ്രാവാക്യങ്ങളും മുഴക്കികൊണ്ടു്, പാവപ്പെട്ട ആളുകളെ അണിനിരത്തിക്കൊണ്ടു് ഒരു പ്രക്ഷോഭണം നടത്തുകയുണ്ടായി. ഇന്നത്തെ മുഖ്യമന്ത്രി അന്നു് കെ. പി. സി. സി. പ്രസിഡൻറായിരുന്നു. കാൺഗ്രസ്സിൻെറ നേതൃത്വത്തിൽ പാവപ്പെട്ട ആളുകളെയെല്ലാം തന്നെ പോലീസുകാരുടെ ലാത്തി

2/3207 V.

[ശ്രീ. സി. അച്യുതമേനോൻ]

യുടേയും തോക്കിന്റേയും മുമ്പിലേക്കു നയിക്കുകയുണ്ടായി. ഇന്നു അതിനേക്കാൾ എത്രയോ ശക്തിമത്തായ ഭക്ഷ്യക്ഷാമം നിലവിലിരുന്നിട്ടും അത്തരത്തിലുള്ള ഒരു പ്രക്ഷോഭണം ഇളക്കിവിടുവാൻ ഞങ്ങളുടെ കക്ഷി തയ്യാറായിട്ടുമില്ല എന്നുള്ള വസ്തുത ഞാൻ അനുസ്മരിപ്പിക്കുകയാണു്. കഴിഞ്ഞ ഓണക്കാലത്തെപ്പററി എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. കുഞ്ഞു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 'കാണം വിററും ഓണം ഉണ്ണണം' എന്നു മലയാളികൾ പറയാറുണ്ടു്. ഇത്രമാത്രം അരിവില വന്നുകഴിഞ്ഞതുമൂലം കഴിഞ്ഞ ഓണക്കാലത്തു്, മാവേലി നാടുവാണിരുന്ന മലയാള നാട്ടിലെ മധുരസ്മരണകൾകൊണ്ടു് ആനന്ദചിത്തരാകുകയല്ല കേരളത്തിലെ ജനങ്ങൾ ചെയ്തിട്ടുള്ളതു്, നേരെമറിച്ചു് ഭീകരമായ കാളരാത്രിപോലെ കണ്ണീരും കുടിച്ചു കഴിച്ചുകൂട്ടുകയാണു് ഉണ്ടായതു്. ഈ വസ്തുതകളെല്ലാം നമുക്കെല്ലാവർക്കും അറിവുള്ളതാണു്. അരിയുടെ വിലയുടെ കാര്യം മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. മററു പലകാര്യങ്ങളും അതോടു ബന്ധപ്പെടുത്തി പറയാനുണ്ടു്. നാലിടങ്ങഴി അരി പാവപ്പെട്ട ആളുകൾക്കു ന്യായവില ഷാപ്പുകൾ വഴി കൊടുക്കുന്നതാണെന്നും അതു താല്ക്കാലികമായ ഒരു ആശ്വാസമായിരിക്കുമെന്നും മററും പറയുകയുണ്ടായി. എന്നാൽ പതിനായിരക്കണക്കിനു കാർഡില്ലാത്ത ആളുകൾ ഈ സ്റ്റേററിലുണ്ടെന്നുള്ള കാര്യം നാം ഓർക്കണം. അങ്ങനെയുള്ളവർക്കു ഒരു ഒററ പുതുതായ കാർഡു പോലും കൊടുത്തുപോകരുതെന്നു് ഗവണ്മെൻറു കശനമായി ചട്ടംകെട്ടിയിരുന്നു എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഏതായാലും ഒററ തഹസീൽദാർ പോലും പുതുതായി കാർഡു കൊടുത്തിട്ടില്ല. ജനങ്ങളെ ഗുണപ്പെടുത്താൻ വേണ്ടിയാണു് ന്യായവിലഷാപ്പുകൾ വഴി കൂടുതൽ അരി വിതരണം ചെയ്യുന്നതു എന്നു പറയുക. മറുവശത്തുകൂടി രഹസ്യമായിട്ടു യാതൊരു പുതിയ കാർഡും കൊടുക്കണ്ട എന്നു നിർദ്ദേശം നൽകുക. ഇതിൽപരം വഞ്ചനാപരമായ നിലപാടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണു്. ഈ രാജ്യത്തു അരി ഇല്ലാഞ്ഞിട്ടല്ല. അരി സമൃദ്ധമായിട്ടുണ്ടു്. അതു പുറത്തുകൊണ്ടുവന്നു ന്യായമായ വിലയ്ക്കു ജനങ്ങൾക്കു നല്കുവാനുള്ള നട്ടെല്ലു് ഗവണ്മെൻറിനുണ്ടായിരിക്കണം. അതിനുള്ള ധീരത ഗവണ്മെൻറു കാണിക്കണം. അതു ഈ ഗവണ്മെൻറു കാണിച്ചിട്ടുണ്ടോ? ഈ രാജ്യത്തു രാജ്യരക്ഷാനിയമപ്രകാരം ധാരാളം പേരെ ലോക്കപ്പിൽ ഈയിടെ ആക്കുകയുണ്ടായി ഈ ഗവണ്മെൻറു്. എന്നാൽ ഈ രാജ്യത്തെ കരിഞ്ചന്തക്കെതിരായി, പൂഴ്ത്തിവയ്പുകാർക്കു എതിരായി ഒററ കേസ്സെങ്കിലും ഈ ഗവണ്മെൻറു എടുത്തിട്ടുണ്ടോ? സാധനങ്ങളുടെ നിശ്ചിത വിലയിൽ കൂടുതൽ വില വച്ചുവിൽക്കുന്നവരുടെ പേരിൽ, അവരുടെ ആ ശ്രമം പരാജയപ്പെടുത്തുവാൻ വേണ്ടി നടപടികൾ എടുക്കുന്നതിനു് ഈ ഗവണ്മെൻറിനു ധൈര്യം ഉണ്ടായില്ലല്ലോ? വളരെ ധീരമായ നടപടി ആവശ്യമുള്ള പ്രശ്നങ്ങളാണു് നമ്മെ സംബന്ധിച്ചിടത്തോളം ഭക്ഷ്യപ്രശ്നം. അൻപതുശതമാനം ഭക്ഷ്യകമ്മിയുള്ള രാജ്യമാണു് കേരളം. നമ്മുടേതുപോലെയുള്ള ഒരു രാജ്യത്തു ഭക്ഷ്യപ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കാൻ മൊത്തകച്ചവട ദേശസാൽകരണംകൊണ്ടു മാത്രമേ സാധിക്കുകയുള്ളു. അതിലേക്കു ആവശ്യമായ സ്റ്റാക്കു കേന്ദ്രഗവണ്മെൻറിൽ നിന്നും വാങ്ങി ശേഖരിക്കുകയും സഹകരണാടിസ്ഥാനത്തിലോ മററു മാർഗ്ഗങ്ങളിൽ കൂടിയോ അതു ജനങ്ങൾക്കു വിതരണം ചെയ്യുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുകയാണു് വേണ്ടതു്. അങ്ങനെ ജനങ്ങൾക്കു അരി ലഭിക്കുവാനുള്ള ശ്രമങ്ങളെല്ലാമാണു് ചെയ്യാനുള്ളതു്. ഇവിടുത്തെ ഭക്ഷ്യധാന്യവിതരണത്തെസംബന്ധിച്ചുള്ള കമ്മിററിയിലെ ഒരംഗമായ ശ്രീമാൻ ടി. ഒ. ബാവ—അദ്ദേഹം അരിവിദഗ്ദ്ധനാണെന്നാണു് പറയപ്പെടുന്നതു്—ഈ പ്രശ്നത്തിനു ഒരു പരിഹാരമാർഗ്ഗമേയുള്ളു എന്നുപറഞ്ഞിട്ടുണ്ടു്. നമ്മുടെ ഗവണ്മെൻറിനു അതുകൂടിചെയ്യാൻ സന്മനസ്സു് ഉണ്ടായിട്ടില്ല. അതു പറയുമ്പോൾ നമ്മുടെ ഭക്ഷ്യമന്ത്രി പറയും, ഇതെല്ലാം കേന്ദ്രഗവണ്മെൻറാണു് ചെയ്യാനുള്ളതു് എന്നു്. സംസ്ഥാനഗവണ്മെൻറിനു ഇതിൽ യാതൊന്നും ചെയ്യാൻ കഴിയുകയില്ല എന്നു്. കാര്യം നേരെമറിച്ചാണു്. സംസ്ഥാനഗവണ്മെൻറിന്റെ ചുമതലയിൽ ഇവ നടത്താൻ സംസ്ഥാനഗവണ്മെൻറിനു വിട്ടുകൊടുക്കുവാൻ കേന്ദ്രം തയ്യാറാണു്. അതല്ലെങ്കിൽ ബംഗാളിൽ അതെങ്ങനെ സാധിച്ചു, അവിടെ എങ്ങനെ ട്രെയി

ഡിംഗ് കാർപറേഷൻ ഉണ്ടാക്കി. അഥവാ സംസ്ഥാനത്തിന് അതിനു അധികാരമില്ലെങ്കിൽ തന്നെയും ഈ പ്രശ്നം കേന്ദ്രത്തിന്റെ മുമ്പിൽ ഉന്നയിച്ചു അതിലേക്ക് വേണ്ട സമ്മർദ്ദം ചെലുത്തുന്നതിനു സംസ്ഥാനഗവണ്മെന്റിൽ നിന്നും മുൻകൈ എടുക്കേണ്ടതാണ്. അങ്ങനെയുള്ള യാതൊരു കാഴ്ചപ്പാടും ഈ ഗവണ്മെന്റിനില്ല. വാസ്തവത്തിൽ ഭക്ഷ്യകാര്യത്തിൽ ഈ ഗവണ്മെന്റു അങ്ങേയററം പരാജയപ്പെട്ടിരിക്കുകയാണ്. അതിൽ ശ്രദ്ധിക്കേണ്ട ആവശ്യം ഈ ഗവണ്മെന്റിനില്ല, ഈ ഗവണ്മെന്റിനു ഗവണ്മെന്റിന്റെ നിലനിൽപ്പു മാത്രം മതി എന്നുള്ള മട്ടാണ്, ഈ ചുററുപാടിലാണ് ഇന്നു ഭരണം നടക്കുന്നത്.

സർ, ഭക്ഷ്യക്ഷാമത്തെ പരിഹരിക്കുന്നതോടൊപ്പം, സാധനങ്ങളുടെ വിലയെ സംബന്ധിച്ചു പറയുന്ന അവസരത്തിൽ അതിനെ നേരിടാൻ ഗവണ്മെന്റു രണ്ടു തരത്തിലുള്ള നടപടികൾ അംഗീകരിക്കേണ്ടതുണ്ട്. ഒന്ന് എന്റെ സ്നേഹിതൻ ശ്രീമാൻ കുഞ്ഞു പറഞ്ഞതുപോലെ സാധനങ്ങളുടെ വില നിശ്ചയിച്ചു കൊടുക്കുവാൻ ഏർപ്പാടു ചെയ്യുക. രണ്ടാമതായി വിലക്കയററം അനുസരിച്ചു ശമ്പളത്തിലും കൂലിയിലും വേതനങ്ങളിലും വർദ്ധനവു കൊടുക്കുവാൻ ഏർപ്പാടു ചെയ്യുക. ഈ രണ്ടുതരത്തിലുള്ള നടപടിക്രമങ്ങളും ആവശ്യമുള്ളതാണ്. അതുകൊണ്ടു മാത്രമേ ഈ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാകുകയുള്ളു. സാധനങ്ങൾക്കു ഗവണ്മെന്റു വില നിശ്ചയിച്ചിട്ടുണ്ട് എന്നു അവകാശപ്പെടുന്നുണ്ട്. രണ്ടാമതു പറഞ്ഞ കാര്യത്തിൽ ഈ ഗവണ്മെന്റ് എന്താണ് ചെയ്തിട്ടുള്ളത്? ഉദ്യോഗസ്ഥന്മാർക്കും തൊഴിലാളികൾക്കും സ്ഥിരവരുമാനക്കാർക്കും അവരുടെ വരുമാനം വർദ്ധിപ്പിച്ചു കൊടുക്കുവാൻ പ്രായോഗികമായ വല്ല നയവും ഗവണ്മെന്റു അംഗീകരിച്ചിട്ടുണ്ടോ? ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരുടെ നില എന്താണ്. ഈ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ എൻ. ജി. ഒ. മാർ വളരെയധികം മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യയിൽ മററു ഏതൊരു സംസ്ഥാനത്തെക്കാളും കുറഞ്ഞ ശമ്പളം കേരളത്തിലെ എൻ. ജി. ഒ. മാർക്കാണ്. കേന്ദ്രത്തിലെ ശമ്പള നിരക്കു അവർക്കില്ല, മററു സംസ്ഥാനങ്ങളിലെ ശമ്പളത്തോളംപോലുമില്ല. എന്നു മാത്രമല്ല, കേന്ദ്രത്തിലും മററു പല സംസ്ഥാനങ്ങളിലും വിലക്കയററം അനുസരിച്ച് ഉദ്യോഗസ്ഥന്മാരുടെ ഡി. എ. പുതുക്കി കൊടുക്കുന്ന സമ്പ്രദായം ഉണ്ട്. ആ നയമൊന്നും നാം അംഗീകരിച്ചിട്ടില്ല. വളരെയധികം ക്ലേശങ്ങളും വൈഷമ്യങ്ങളും അനുഭവിക്കുന്ന ഒരു കൂട്ടരാണ് ഇവിടത്തെ ഉദ്യോഗസ്ഥന്മാർ. അവർക്കു ഗവണ്മെന്റു കോൺഡക്ട് റൂൾസ് എല്ലാം ബാധകമാക്കിയിട്ടുള്ളതുകാരണം പ്രക്ഷോഭണങ്ങളും മററും നടത്താൻ പ്രയാസമുണ്ട്. അവക്കു ചെയ്യാവുന്നതിന്റെ പരിധിയിൽ നിന്നുകൊണ്ട് പരമാവധി ചെയ്യാൻ കഴിയുന്നതൊക്കെ അവർ ചെയ്യുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടുത്തയൊരു ദിവസംതന്നെ അഞ്ഞൂറോളം ഉദ്യോഗസ്ഥപ്രതിനിധികൾ മുഖ്യമന്ത്രിയുടെ വസതിക്കു മുമ്പിൽ വന്നുപ്രകടനം നടത്തുകയുണ്ടായി എന്നു പത്രത്തിൽ വായിക്കുകയുണ്ടായി. ഗവണ്മെന്റു പറയുന്നതു പണം ഇല്ല എന്നാണ്, ശമ്പളം വർദ്ധിപ്പിക്കുന്നതിനു വളരെയധികം പണം വേണ്ടി വരും, അല്ലാതെ ഗവണ്മെന്റിനു അതിനു സന്മനസ്സ് ഇല്ലാഞ്ഞിട്ടല്ല എന്നാണ് പറയുന്നത്. അതേസമയം ഗവണ്മെന്റിന്റെ സന്മനസ്സ് പണക്കാരെയും വലിയ ഉദ്യോഗസ്ഥന്മാരെയും പ്രീണിപ്പിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വലിയ ശമ്പളം ഉള്ള ഉദ്യോഗസ്ഥന്മാർക്കു കൂട്ടി കൊടുക്കുക ആ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നീ കാര്യങ്ങളെ സംബന്ധിച്ചു യാതൊരു ലുബ്ധം ഈ ഗവണ്മെന്റു കാണിച്ചിട്ടില്ല. വളരെയധികം ഉദാഹരണങ്ങൾ ഇതിലേക്ക് പറയാനുണ്ടെങ്കിലും സമയം ഇല്ലാത്തതുകൊണ്ട് ഞാൻ അതിലേക്കു കടക്കുന്നില്ല. സൂപ്പീരിയർ സ്കെയിലിലുള്ള ഉദ്യോഗം ഈ ഗവണ്മെന്റു അധികാരത്തിൽ വന്നപ്പോൾ രണ്ടോ മൂന്നോ ഉണ്ടായിരുന്നത് ഇപ്പോൾ ആറും ഏഴും ആയിട്ടു വർദ്ധിപ്പിച്ചിട്ടുണ്ട്. സർ, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വകുപ്പുകൾ പുന:സംഘടിപ്പിക്കുകയുണ്ടായി? ഡെവലപ്പ്മെന്റുവകുപ്പു പുനഃസംഘടിപ്പിച്ചു, വിദ്യാഭ്യാസവകുപ്പു പുന:സംഘടിപ്പിച്ചു, പോലീസ് വകുപ്പു പുന:സംഘടിപ്പിച്ചു, വ്യവസായവകുപ്പു പുന:സംഘടിപ്പിച്ചു. ആ വക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

കാര്യങ്ങൾ വരുമ്പോൾ ഈ ഗവണ്മെന്റിനു പണം ഉണ്ടാകുന്നില്ല. കൈ അയച്ചു ഇഷ്ടം പോലെയാണ് ചെയ്തിട്ടുള്ളതു്. താഴ്ന്ന വരുമാനക്കാരുടെ കാര്യം പറഞ്ഞപ്പോൾ വലിയ ബുദ്ധിമുട്ടു നേരിടുമെന്നു പറഞ്ഞു ഒഴിയുകയാണ് ചെയ്തതു്.

സർ, ഈഗവണ്മെന്റിന്റെ തൊഴിലാളി നയത്തെ സംബന്ധിച്ച് എന്റെ സ്നേഹിതൻ ശ്രീ. വിശ്വംഭരൻ ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ ആഗ്രഹിക്കുന്നില്ല. അക്കാര്യത്തിൽ ഈ ഗവണ്മെന്റിന്റെ നയം പക്ഷപാതപരമാണെന്നുള്ളതിൽ യാതൊരു തർക്കത്തിനും കാര്യമില്ല. എപ്പോഴും ഈ ഗവണ്മെന്റു മുതലാളി പക്ഷമായിരുന്നു. തൊഴിലാളികളുടെ നേരെ യാതൊരു മൂർച്ചയും ഇല്ലാത്ത വായില്ലാത്ത വെട്ടുകത്തിപോലെയാണ്ഈ ഗവണ്മെന്റു പെരുമാറിയിട്ടുള്ളതു്. ഈ ഗവണ്മെന്റു ഒരു മാതൃകാഎംപ്ലോയർ എന്നുള്ള രീതിയിൽ തൊഴിലാളികളോടു പെരുമാറണം, പെരുമാറും എന്നാണ് പ്രതീക്ഷിച്ചിരുന്നതു്. അങ്ങനെ ചെയ്തിട്ടുണ്ടോ? ഇല്ല. ഫാക്ടറി നിയമങ്ങൾ പോലും ഈ ഗവണ്മെന്റു ലംഘിച്ചിട്ടുണ്ടു്. അതുപോലെതന്നെ ബോണസ് പ്രശ്നം. അടുത്തകാലത്തു് അഖിലേന്ത്യാ അടിസ്ഥാനത്തിൽ മുതലാളിമാരുടേയും തൊഴിലാളികളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി കേന്ദ്രഗവണ്മെന്റു ഒരു ബോണസ് കമ്മീഷനെ വയ്ക്കുകയുണ്ടായി. ആ ബോണസ് കമ്മീഷൻ പറയുകയുണ്ടായി ഒരു മിനിമം ബോണസ്സ് എല്ലാ തൊഴിലാളികൾക്കും കൊടുക്കാമെന്ന വ്യവസ്ഥ അംഗീകരിക്കണമെന്നു്. ആ തത്വം ഈ ഗവണ്മെന്റു അംഗീകരിച്ചിട്ടുണ്ടോ? വാട്ടർ ട്രാൻസ്പോർട്ട് കാർപ്പറേഷൻ മുതലായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുപോലും ബോണസ് കൊടുക്കുവാൻ ഗവണ്മെന്റു തയാറായിട്ടില്ല. അങ്ങനെ ഗവണ്മെന്റു തന്നെ ബോണസ് കൊടുക്കുവാൻ മടിക്കുമ്പോൾ മുതലാളിമാർ ബോണസ് കൊടുക്കണമെന്നു ഗവണ്മെന്റിനു പറയാൻ സാധിക്കുമോ? മറെറാന്നു എനിക്കു പറയാനുള്ളതു് തൊഴിലാളിത്തർക്കത്തിൽ ഗവണ്മെന്റു ഇടപെട്ടു ന്യായമായി സത്വരമായിട്ടും തീരുമാനങ്ങൾ എടുത്തിട്ടില്ല എന്നാണ്. അതിനു് ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ മുതലാളിമാരുടെമേൽ ശക്തിയായിട്ടുള്ള സമ്മർദ്ദം ചെലുത്താൻ ഈ ഗവണ്മെന്റു മുന്നോട്ടു പോയിട്ടില്ല എന്നാണ്. അതിന്റെയൊക്കെ ഫലമായിതൊഴിൽതർക്കങ്ങളും പണിമുടക്കങ്ങളും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. ഫറൂക്കു് ടൈൽ ഫാക്ടറിയിലെ തൊഴിലാളികൾ പണിമുടക്കിൽ തന്നെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രിയുടെ വീടു ഇരിക്കുന്നതായ പാലപ്പിള്ളിയിലെ തൊഴിലാളികൾ മൂന്നു മാസത്തിലധികമായി പണിമുടക്കിൽ നിൽക്കുകയാണ്. ഏററവും ന്യായമായിട്ടുള്ള കാര്യങ്ങൾക്കുവേണ്ടിയാണ്. ഗവണ്മെന്റു അതേപ്പററി അന്വേഷിച്ചിട്ടുണ്ടോ? ഇൻഡ്യാ ഗവണ്മെന്റിന്റെ തൊഴിൽനയം പോലും ഈ ഗവണ്മെന്റു അംഗീകരിച്ചു കഴിഞ്ഞിട്ടില്ല. തോട്ടം മുതലാളികളേയും മററു വലിയ പ്ലാന്റേഷൻകാരേയും പ്രീണിപ്പിക്കുവാൻവേണ്ടി കാർഷികാദായ നികുതിയിൽ സാരമായ സൗജന്യം കൊടുത്തിട്ടുണ്ടു്. എന്നാൽ ഈ ഗവണ്മെന്റിന്റെ തൊഴിൽനയം അംഗീകരിക്കുവാൻ ആ മുതലാളിമാർ തയാറായിട്ടില്ല. അവരെക്കൊണ്ടു് അംഗീകരിപ്പിക്കുവാൻ ഈ ഗവണ്മെന്റിനു സാധിച്ചിട്ടുമില്ല. അതു കൊണ്ടാണ് തൊഴിൽതർക്കങ്ങൾ ഒത്തു തീർപ്പിൽ ആകാതെ കിടക്കുന്നതു്. അടിയന്തിരാവസ്ഥ വന്ന അവസരത്തിൽ തൊഴിലാളികളെ വിളിച്ചു ഉൽബോധിപ്പിക്കുകയുണ്ടായി, പണിമുടക്കം ഉണ്ടാകരുതു്, കൂടുതൽ ഉൽപ്പാദിപ്പിക്കണം എന്നെല്ലാം. തൊഴിലാളികൾ പണിമുടക്കം അങ്ങേയററം ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി. കുറച്ചുമുമ്പു മാത്രമേ പണിമുടക്കു ആരംഭിച്ചിട്ടുള്ളു. അങ്ങനെ തൊഴിലാളികളോടു് ഉൽബോധിപ്പിച്ചിരുന്ന കാര്യം അവർ നിറവേററുകയുണ്ടായി. എന്നാൽ മുതലാളിമാർ അവരോടുപറഞ്ഞിട്ടുള്ള കാര്യംനിറവേററുകയുണ്ടായില്ല. തൊഴിൽ തർക്കങ്ങൾ ഏററവും വേഗം പരിഹരിക്കുന്നതിനു ആർബിട്രേഷൻ ട്രൈബ്യൂണൽ രൂപീകരിക്കണമെന്നു സംസ്ഥാനഗവണ്മെന്റിനോടു ഗവർണർ ചെയ്ത പ്രസംഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽക്കൂടി ഉൽബോധിപ്പിക്കുകയുണ്ടായി. അതൊരു തത്വമായി അംഗീകരിക്കണമെന്നു പറയുകയുണ്ടായി. അതൊന്നും നടന്നിട്ടില്ല. കാരണം മുതലാളിമാരുടെ ശാഠ്യം. ഇതുപോലെ മററു പല കാര്യങ്ങളും പറയാനുണ്ട്. മുതലാളിപക്ഷപാതപരമായി പ്രവർത്തിക്കുന്ന ഒരു ഗവണ്മെൻറാണ് ഇവിടെ പ്രവർത്തിക്കുന്നതെങ്കിലും മുതലാളിമാരെ കൊണ്ട് ഗവണ്മെൻറിൻെറ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനു ഈ ഗവണ്മെൻറിനു കഴിയുന്നില്ല.

സർ, മറെറാരു കാര്യം പറയുവാനുള്ളതു് ഈ രാജ്യത്തെ ജനസംഖ്യയുടെ 40 ശതമാനവും കർഷകത്തൊഴിലാളികളാണ്. അവർക്ക് മിനിമം വേജ് നടപ്പിലാക്കാൻ ഈ ഗവണ്മെൻറിനു് സാധിച്ചിട്ടുണ്ടോ? കമ്മ്യൂണിസ്ററു ഗവണ്മെൻറിൻെറ കാലത്തു് മിനിമം വേജ് നടപ്പിലാക്കുകയുണ്ടായി. ഹൈക്കോടതിയുടെ വിധിപ്രകാരം മലബാർ ഭാഗത്തു് ആ നിയമം റദ്ദാക്കുകയുണ്ടായി. പക്ഷെ, അങ്ങനെ റദ്ദാക്കിയ സ്ഥലത്തുപോലും ഈ നാലുകൊല്ലമായിട്ടും ഈ ഗവണ്മെൻറിനു് അതു നടപ്പിലാക്കാൻ സാധിച്ചില്ലെന്നു പറഞ്ഞാൽ, ആ ഒരൊററ കാരണംകൊണ്ടുമാത്രം ഈ ഗവണ്മെൻറു ഇറങ്ങിപോകേണ്ടതാണ്. ഇത്ര അപ്രാപ്തമായ, കൊള്ളരുതാത്ത ഒരു ഗവണ്മെൻറു എന്തിനാണ് ഇവിടെ ഇരിക്കുന്നതെന്നു് മനസ്സിലാകുന്നില്ല. സർ, കാർഷികരംഗത്തെപ്പററി പറയുന്ന അവസരത്തിൽ കമ്മ്യൂണിസ്ററു ഗവണ്മെൻറു പാസ്സാക്കിയ കാർഷികബന്ധബില്ലിനെ കശാപ്പുചെയ്തുവെന്നുള്ള ഒരൊററക്കാരണംകൊണ്ടുതന്നെ ഈ ഗവണ്മെൻറിനു് ഭരിക്കാനുള്ള അർഹതയില്ലെന്നു് തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. കാർഷികബന്ധബില്ലിൻെറ ചരിത്രം നമുക്കെല്ലാവർക്കും അറിയാം. കാർഷികബന്ധനിയമം കമ്മ്യൂണിസ്ററു ഗവണ്മെൻറു കൊണ്ടുവന്നു പാസ്സാക്കിയതാണ്. എങ്കിലും അതു് ഭരണംനടത്തുന്ന കാൺഗ്രസ്സിൻെറ തത്വങ്ങൾക്ക എതിരായ ഒരു നിയമമല്ല. എന്നു മാത്രമല്ല ഇൻഡ്യൻ കാൺഗ്രസ്സിൻെറ കറാച്ചി സമ്മേളനംതൊട്ട് തുടർച്ചയായി പല സമ്മേളനങ്ങളിലും ആവർത്തിച്ച് പാസ്സാക്കിയിട്ടുള്ള പല തത്വങ്ങളേയും അനുകൂലിക്കുന്ന ഒരു നിയമം ആയിരുന്നു അതു്. പ്ലാനിംഗ് കമ്മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ള തത്വങ്ങളോട് അനുകൂലിച്ചുകൊണ്ടുള്ള ഒരു ബില്ലായിരുന്നു അതു്. അങ്ങനെയുള്ള ഒരു ബില്ലിനെ ഒരു യഥാർത്ഥ കാൺഗ്രസ്സുകാരനു്, കാൺഗ്രസ്സിൻെറ ആദർശങ്ങളേയും തത്വങ്ങളേയും നടപ്പിലാക്കാൻ ശ്രമിക്കുന്ന സത്യസന്ധനായ ഒരു കാൺഗ്രസ്സുകാരനു് എതിർക്കാൻ കഴിയുമായിരുന്നില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പിനുമുമ്പു് വിമോചനസമരകാലത്തു് അതിൽ പങ്കെടുത്തിരുന്നവർ പ്രത്യേകം പറഞ്ഞിരുന്നതു് ഞങ്ങൾ കാർഷികബന്ധബില്ലിനു് എതിരല്ല എന്നായിരുന്നു. മാത്രമല്ല അതിൽ എന്തെങ്കിലും മാററങ്ങൾതന്നെ വരുത്തുകയാണെങ്കിൽ അതു് കൃഷിക്കാരനു് അനുകൂലമായിട്ടുള്ളതായിരിക്കുമെന്നും പറഞ്ഞിരുന്നു. പക്ഷെ, ഈ ഗവണ്മെൻറിനു് അധികാരം കിട്ടിയ അവസരത്തിൽ ചെയ്തതു് എന്താണ്? അവർ ആ അവസരം ഉപയോഗിച്ചു് കൃഷിക്കാരനു് എതിരായ മാററങ്ങൾ കാർഷികബന്ധബില്ലിൽ വരുത്തുകയാണ് ചെയ്തതു്. അങ്ങനെ മാററങ്ങൾ വരുത്തിയതിൻെറ ഫലമായിട്ട് ആ നിയമംതന്നെ ആകെ വേഷം മാറിയിരിക്കുകയാണ്. കരചരണാദികൾ ഛേദിച്ചു് ചുടുകാട്ടിൽ എറിയപ്പെട്ട വാസവദത്തയെപ്പോലെ അത്രമാത്രം അലങ്കോലപ്പെടുത്തിയിരിക്കുകയാണ് കാർഷികബന്ധനിയമം. ഈ ബില്ലിൽ മാററങ്ങൾ വരുത്താനുള്ള കാരണം പറയുന്നതു്, ഹൈക്കോടതിയും സുപ്രീംകോടതിയും ആ നിയമം ഭരണഘടനാവിരുദ്ധമാണെന്നു പ്രഖ്യാപിച്ചതാണെന്നാണ്. പക്ഷേ, ആ കാരണം ശരിയല്ല; കാരണം എന്താണെന്നുവച്ചാൽ അങ്ങനെ പ്രഖ്യാപിച്ചതിനുശേഷം കേന്ദ്രഗവണ്മെൻറു ഭരണഘടനയ്ക്കു പതിനേഴാം ഭേദഗതിവകുപ്പു അവതരിപ്പിച്ചു.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മെമ്പർക്ക് ഇനി അഞ്ചുമിനിട്ടു സമയം കൂടിയേയുള്ളു.

<u>ശ്രീ. സി. അച്യുതമേനോൻ</u> : പത്തുമിനിററു സമയംകൂടി തരണം.

അങ്ങനെ കൊണ്ടുവന്ന ഭേദഗതിയുടെ ഷെഡ്യൂളിൽ കേരളത്തിലെ കാർഷികബന്ധബില്ലും ഉൾപ്പെടുത്താൻ തയാറായി. അതിനുള്ള കരടുരേഖ തയാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. നന്ദായും പ്ലാനിംഗ് കമ്മീഷനും ആ ബില്ലിൽ മാററം വരുത്തണമെന്നു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

ഉപദേശിക്കുകയുണ്ടായി. ഇനി പുതിയ ഒരു ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നു് പറയുകയുണ്ടായി. പക്ഷേ, ആ ഉപദേശത്തിൽനിന്നും ഈ ഗവണ്മെൻറു ശാഠ്യം പിടിച്ചു മാറുകയുണ്ടായി. എന്താണു് കാരണം എന്നുവച്ചാൽ അതു് വളരെ വ്യക്തമായിട്ടുള്ള ഒരു കാരണമാണു്. ഈ അവസരത്തിൽ എനിക്കു് ഒരു കാര്യം ഓർമ്മവരികയാണു്. അതായതു് ഇന്നലത്തെ പത്രത്തിൽ ശ്രീ. എസ്സ്. കെ. പട്ടീൽ ചെയ്ത ഒരു പ്രസ്താവനയാണു്. അദ്ദേഹം പറഞ്ഞതു് കാൺഗ്രസ്സിനെ ഒററികൊടുക്കാൻ നിൽക്കുന്ന ആളുകളെ നയിക്കുന്ന യജമാനന്മാർ കാൺഗ്രസ്സിനു് പുറത്തുള്ളവർ ആണെന്നാണു്. കാൺഗ്രസ്സിൽനിന്നും വിട്ടുനിൽക്കുന്നവരെ സംബന്ധിച്ചു് ശ്രീ. എസ്സ്. കെ. പട്ടീൽ പറഞ്ഞതുപോലെ കാൺഗ്രസ്സിനകത്തുള്ളവരും അങ്ങനെയാണെന്നു് അദ്ദേഹം ധരിക്കേണ്ടതാണു്. ഈ രാജ്യത്തു് ഭരണം നടത്തുന്ന കാൺഗ്രസ്സ് ഗവണ്മെൻറു് അവരുടെ തത്വങ്ങളിൽപോലും മാററം വരുത്താൻ തീരുമാനിച്ചതു് മററു കേന്ദ്രങ്ങളിൽനിന്നുള്ള ഇടപെടൽ മൂലമാണു്. ഇവിടത്തെ മുതലാളിമാരുടേയും കായൽ രാജാക്കന്മാരുടേയും, തോട്ടം ഉടമസ്ഥന്മാരുടേയും, എൻ. എസ്സ്. എസ്സിൻേറയും മററുള്ള വൻകിട ആളുകളുടേയും താൽപര്യത്തിനു് വഴങ്ങിക്കൊണ്ടു് കാർഷികബന്ധനിയമത്തെ ഭേദഗതി ചെയ്യുകയുണ്ടായി. കാർഷികബന്ധനിയമം അനുസരിച്ചു് ധാരാളം കുടിയാന്മാർ ഹർജിക്കാരായി ഉണ്ടായിരുന്നു, ഇപ്പോൾ എന്താണു് ഇല്ലാത്തതെന്നു് ശ്രീ. തൊമ്മൻ അതിശയിക്കുകയാണു്. അദ്ദേഹം പറയുകയാണു് ഇപ്പോൾ ഹർജിക്കാർ വരുന്നില്ലപോലും. കാർഷികബന്ധനിയമം നിലവിലിരുന്നപ്പോൾ മുപ്പതിനായിരമോ അൻപതിനായിരമോ ഹർജിക്കാർ ഉണ്ടായിരുന്നു. ഇപ്പോൾ തൃശ്ശൂരും, ഇരിങ്ങാലക്കുടയും, പാലക്കാട്ടുമെല്ലാം കുടിയിന്മാർ ഹർജികൊടുത്തിട്ടുണ്ടു്. പക്ഷേ, അവരുടെ അനുഭവം എന്താണെന്നുവച്ചാൽ പുതിയ നിയമപ്രകാരം പാട്ടം കണക്കാക്കുമ്പോൾ ഇന്നു് കൊടുക്കേണ്ട പാട്ടത്തിനു് ഇരട്ടി കൊടുക്കണമെന്നാണു്. സർ, കാർഷികബന്ധനിയമത്തിൻെറ കാര്യത്തിൽ മാത്രമല്ല മററു പല കാര്യങ്ങളിലും ഈ ഗവണ്മെൻറു ജന്മിപക്ഷപാതം കാണിച്ചിട്ടുണ്ടു്. കഴിഞ്ഞ നിയമസഭാസമ്മേളനകാലത്തുതന്നെ വളരെ ഒച്ചപ്പാടുണ്ടാക്കിയ ചുരുളി, കീരിത്തോടു മുതലായ സ്ഥലങ്ങളിൽ ഉണ്ടായതെന്താണു്? അമരാവതിയിൽ നടന്നതു് എന്താണു്? വളഞ്ഞങ്ങാനത്തുള്ള കൃഷിക്കാർ ഇവിടെയുള്ള റവന്യൂവകുപ്പുമന്ത്രിയുടേയും, വനംവകുപ്പുമന്ത്രിയുടേയും, മുഖ്യമന്ത്രിയുടേയും പടിക്കൽ വന്നു് പാവപ്പെട്ടവരായ അവർക്കു് ഓരോ ഏക്കർ തറയെങ്കിലും കൊടുക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായി. അതിനെപ്പററി പരിഗണിക്കാമെന്നു് പറഞ്ഞിട്ടു് ഇപ്പോൾ ആറുമാസമായി. ഈ ആറുമാസമായി ആ പാവപ്പെട്ട കർഷകർ ചോർന്നൊലിച്ചു കിടക്കുന്ന കുടിലുകളിൽ പട്ടിണി കിടക്കുകയാണു്. അതിനെപ്പററി ചിന്തിക്കാനുള്ള സമയംപോലും ഈ ഗവണ്മെൻറിനില്ല. ഇപ്പോൾ അതെല്ലാം കഴിഞ്ഞിട്ടു് ഈ ഗവണ്മെൻറു നിലനിൽക്കാൻ കണ്ടുപിടിച്ച നിൽക്കക്കള്ളി ഈ ഗവണ്മെൻറു പിന്നാക്ക സമുദായക്കാരുടെ ഒരു ഗവണ്മെൻറാണെന്നാണു്. അതൊരു പുതിയ കണ്ടുപിടിത്തം തന്നെയാണു്. ഈ രാജ്യത്തു് ഒരു ഈഴവൻ മുഖ്യമന്ത്രിയായിരിക്കുന്നതു് വളരെ അസഹിഷ്ണുതയാണുപോലും. സർ, ഇതുകൊണ്ടൊന്നും ഇവർക്കു് രക്ഷകിട്ടാൻ പോകുന്നില്ല. ഈ രാജ്യത്തു് ഒരു ഈഴവൻ മുഖ്യമന്ത്രിയായിരിക്കുന്നതിൽ അസഹിഷ്ണുതയുള്ളവർ ഉണ്ടെന്നുള്ള പരമാർത്ഥം ഞാൻ നിഷേധിക്കയില്ല. പക്ഷേ, ഈ ഗവണ്മെൻറു് അധികാരത്തിൽ ഇരിക്കുന്നതു് പിന്നാക്ക സമുദായക്കാരുടെ സംരക്ഷണത്തിനാണെന്നു് പറയുന്നതു് പരമവഞ്ചന മാത്രമാണു്. പിന്നാക്ക സമുദായക്കാരുടെ താൽപര്യങ്ങളെ ഒററികൊടുക്കുക മാത്രമാണു് ഈ ഗവണ്മെൻറു ചെയ്യുന്നതു്. മാത്രമല്ല ഒരു ഈഴവൻ ഇവിടെ മുഖ്യമന്ത്രിയാകുന്നതു് ഇതാദ്യമായിട്ടല്ല. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു് ജനാധിപത്യം നിലനിറുത്തുന്നതിനു് വേണ്ടി യത്നിച്ചിട്ടുള്ള ശ്രീ. സി. കേശവൻ ഇവിടെ മുഖ്യമന്ത്രിയായിരുന്നിട്ടുണ്ടു്. ഇവിടെ ഈഴവൻ മുഖ്യമന്ത്രിയാകും, പിന്നാക്കസമുദായത്തിലുള്ളവർ മുഖ്യമന്ത്രി ആകും, ഹരിജനങ്ങൾതന്നെ മുഖ്യമന്ത്രിയാകും. അതല്ല ഇവിടത്തെ പ്രശ്നം. ഇപ്പോൾ പിന്നാക്ക സമുദായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനെ പിടിച്ചുകൊണ്ടുള്ള അഭിപ്രായങ്ങൾ ഗംഗാപ്രവാഹംപോലെ വരികയാണ്. കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പാസ്സാക്കിയ എഡ്യൂക്കേഷൻ നിയമത്തിൽ മാറ്റം വരുത്തിയതാരാണ്? അന്ന് എഡ്യൂക്കേഷൻ നിയമത്തിൽ പിന്നാക്ക സമുദായങ്ങൾക്ക് സംവരണം നൽകുകയില്ലെന്ന് ഉൾക്കൊള്ളിച്ചിരുന്നു. അതിനെതിരായ സമരമല്ലേ മുഖ്യമന്ത്രി അന്ന് നയിച്ചത്. എന്നാൽ അധികാരത്തിൽ വന്നതിനുശേഷം ഒന്നാമതായി ചെയ്തത് എന്താണ്? പതിനൊന്നാം വകുപ്പ് എടുത്തുകളയുകയല്ലേ ചെയ്തത്. അപ്പോൾ നിങ്ങളുടെ പിന്നാക്കസമുദായവാദം കാശിക്കുപോയിരുന്നുവോ? പക്ഷേ, ഇപ്പോൾ ഒരു സംഗതി ഉണ്ടായി. അത് മുഖ്യമന്ത്രിക്കു വളരെ ബോദ്ധ്യമാകുകയും ചെയ്തു. ഈ അടുത്തകാലത്ത് കൗമുദി വാരികയുടെ ഓണം വിശേഷാൽ പ്രതിയിൽ വന്നതായിരുന്നു ആ കാര്യം. അതായത് കെ. ബാലകൃഷ്ണനുമായി ശ്രീ. ശങ്കർ നടത്തിയ അഭിമുഖസംഭാഷണത്തിനെപ്പറ്റിയുള്ള ഒരു ലേഖനം ശ്രീ. കെ. ബാലകൃഷ്ണൻ എഴുതിയിരുന്നു. വിദ്യാഭ്യാസനിയമത്തെ എതിർത്തത് തെറ്റാണെന്ന് ഇപ്പോൾ തനിയെ മനസ്സിലാക്കിയിരിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മുഖ്യമന്ത്രി ഇത്രയും സമ്മതിച്ചത് വളരെ നല്ലതാണെന്നാണ്. പിന്നാക്ക സമുദായങ്ങൾക്ക് അവസരസമത്വം ലഭിക്കുന്നതിനുവേണ്ടി, അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയും മറ്റു പാർട്ടികളും പ്രവർത്തിക്കുകതന്നെ ചെയ്യും. അതിനുവേണ്ടി ഈ രാജ്യത്തിലെ ജനാധിപത്യവാദികളായ നല്ല ആളുകൾ മുന്നോട്ടു വരികതന്നെ ചെയ്യും. അതുകൊണ്ട് പിന്നാക്ക സമുദായങ്ങളുടെ കാര്യവും പറഞ്ഞുകൊണ്ട് ഇവിടെ തടിതപ്പാമെന്നു വിചാരിക്കേണ്ടാ.

അഴിമതിയെസംബന്ധിച്ച് ഒരു വാക്കുകൂടി എനിക്കു പറയുവാനുണ്ട്. ഈ ഗവൺമെന്റിന് എതിരായി അനവധി അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. മുമ്പുള്ള അവിശ്വാസ പ്രമേയത്തിന്റെ മുഖ്യമായ വിഷയം അതായിരുന്നു. അന്ന് മുഖ്യമന്ത്രി ബഹുമാന്യനായ പണ്ഡിറ്റ് നെഹ്റുവിൽനിന്നും എക്സ്പാർട്ടി വിധി സമ്പാദിച്ച് ഇവിടെ ഹാജരാക്കി രക്ഷപ്പെടുകയുണ്ടായി. മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് ഒരു സ്വഭാവമുണ്ട്. അതായത് അദ്ദേഹത്തിന് ആശ്രിതവാത്സല്യം വളരെ കൂടുതലാണ്. അദ്ദേഹത്തിന്റെ അനുയായികൾ ചെയ്യുന്ന തെറ്റുകൾ അദ്ദേഹം തെറ്റുകളായി കണക്കാക്കുകയില്ല. ഉദാഹരണമായി കെയ്റോണിന്റെ പേരിലുള്ള ആരോപണത്തെ തുടർന്ന് അദ്ദേഹം എടുത്ത നിലപാട് എന്താണെന്ന് നമുക്കറിയാം. ആദ്യം ആ ആരോപണം ശരിയല്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. ഒടുവിൽ അതിനെപ്പറ്റി ഒരു അന്വേഷണം നടത്താൻ ദാസ് കമ്മിഷനെ നിയമിക്കുകയുണ്ടായി. ദാസ് കമ്മിഷന്റെ അന്വേഷണത്തിൽ കെയ്റോണിന്റെ മേൽ ഭീകരമായ അഴിമതികളെക്കുറിച്ചുള്ള ഒരു പട്ടികയാണ് പുറത്തു വന്നത്. അതുപോലെ ഇവിടത്തെ മുഖ്യമന്ത്രിയുടെ പേരിലും ഒരു അന്വേഷണം നടത്തിയിരുന്നുവെങ്കിൽ എങ്ങനെയായിരിക്കുമെന്ന് നമുക്കെല്ലാവർക്കും ഊഹിക്കാവുന്നതാണ്. ഏതായാലും അതിനെ സംബന്ധിച്ചിടത്തോളം കൂടുതൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കഴിഞ്ഞ നിയമസഭയിൽ ഞങ്ങളുടെ ഭാഗത്തുനിന്നും ഐ. ജി. യെ സംബന്ധിച്ച് ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി, അന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി, അതിന് വ്യക്തമായ തെളിവുകൾ കൊടുക്കുകയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാമെന്ന്. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥന്മാർ ആവശ്യമുള്ള രേഖകൾ സമ്പാദിച്ച് കമ്മ്യൂണിസ്റ്റുകാരുടെ കൈയ്യിൽ തന്നിട്ടാണോ ഇതൊക്കെ ചെയ്യുന്നത്? അതുകൊണ്ട് അതിനെപ്പറ്റിയുള്ള രേഖകളൊന്നും ഞങ്ങളുടെ പക്കലില്ലെന്നും, ഇന്നയിന്ന വഴികളിൽകൂടി ഇന്നയിന്ന വിധത്തിൽ, ഇന്നയിന്ന ദിക്കുകളിൽകൂടി അന്വേഷിച്ചാൽ തെളിവുകിട്ടുമെന്നും ഇന്നയിന്ന രേഖകൾ നോക്കിയാൽ അത് മനസ്സിലാകുമെന്നും ഞങ്ങൾ അന്ന് വ്യക്തമായി പറയുകയുണ്ടായി. അതിനെപ്പറ്റി അന്വേഷണം നടത്തിയോ എന്ന് ഞങ്ങൾക്ക് അറിവില്ല. അക്കാര്യത്തിൽ ഈ ഗവൺമെന്റ് സ്വീകരിച്ച നിലപാട് ഒരു മുഖ്യമന്ത്രിക്കും ഒട്ടും യോജിക്കാത്ത ഒരു നിലപാടാണ്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

അതിനെക്കുറിച്ച് അന്വേഷിച്ച് ഒന്നുകിൽ ഐ. ജി. കുററക്കാരനാണെന്നു പറയണം. അല്ലെങ്കിൽ ഇന്നയിന്ന വിധത്തിൽ അന്വേഷണം നടത്തി ഐ. ജി. കുററക്കാരനല്ല അതുകൊണ്ട് നിങ്ങൾ ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് നേരേവാ നേരേപോ എന്നുള്ള നിലയിൽ ധീരമായി ആത്മാർത്ഥതയോടുകൂടി ഇവിടെ പറയേണ്ട ഒരു ചുമതല ഒരു മുഖ്യമന്ത്രിക്കുള്ളതാണ്. ഈയിടെ ഐ. ജി. യെപ്പററിയുള്ള ഒരു കത്ത് ഇവിടെ ചില പത്രങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അതൊരു രഹസ്യ രേഖയാണെന്നും അതാണ് രാജ്യത്തെ അപകടപ്പെടുത്താൻ പോകുന്നതെന്നും പറഞ്ഞു ആ പത്രങ്ങളുടെ പത്രാധിപന്മാരെ അറസ്ററു ചെയ്യുകയും, നാസി മുറയിൽ അവരെ ചോദ്യം ചെയ്യുകയും ചെയ്തു. ഇവിടെ ഐ. ജി. യെപ്പററിയല്ല മററു ഏതു ഉദ്യോഗസ്ഥനെപ്പററി അഴിമതി ആരോപണങ്ങൾ ഉന്നയിച്ചാലും അതിനെപ്പററി ന്യായമായിട്ടുള്ള, ധീരമായിട്ടുള്ള, ബുദ്ധിപൂർവ്വകമായിട്ടുള്ള അന്വേഷണം നടത്താൻ സാദ്ധ്യവുമല്ല, തയാററുമല്ല. കാരണം സ്വന്തം കൈയ് ശുദ്ധമാണെങ്കിൽ മാത്രമേ ഒരു മുഖ്യമന്ത്രിക്ക് അതിനു സാധിക്കുകയുള്ളു.

സർ, ഈ ഗവണ്മെൻറിൻെറ ഭരണത്തെസംബന്ധിച്ച് വളരെയധികം പറയുവാനുണ്ടെങ്കിലും അത്രയും പറയുവാനുള്ള സമയം ഇപ്പോഴില്ല. അതുകൊണ്ട് ഞാൻ വളരെയധികം ഖേദിക്കുകയാണ്.

ഈ രാജ്യത്തെ പദ്ധതിപ്രവർത്തനം എങ്ങനെ നടക്കുന്നു, മൂന്നാം പദ്ധതി അവസാനിക്കാറായിരിക്കുന്ന ഈ കാലഘട്ടത്തിൽ, നാലാം പദ്ധതിക്ക് പ്ലാനും രൂപവും കൊടുക്കുന്ന ഈ സന്ദർഭത്തിൽ ഇവിടെയൊരു മന്ത്രിസഭയില്ലാതിരിക്കുന്നതു് ഖേദകരമാണെന്നു മിസ്റ്റർ ദാമോദരമേനോൻ പറഞ്ഞതു് പത്രങ്ങളിലെല്ലാം കണ്ടു. ശരിയാണ് സർ. അതിനു കാരണമുണ്ട്. ഈ രാജ്യത്തെ ജനസംഖ്യക്കനുസൃതമായ രീതിയിൽ ഇവിടത്തെ പ്ലാൻ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കേന്ദ്രഗവണ്മെൻറിൽ നിന്നു കണക്കുപറഞ്ഞു വാങ്ങാനും, ശരിയായിട്ട് അതിനുവേണ്ട പദ്ധതി തയ്യാറാക്കാനും, നമ്മുടെ രാജ്യത്തെ കാർഷികവും വ്യാവസായികവുമായ വികസനം നടപ്പാക്കാനുമാവശ്യമായ നേതൃത്വം കൊടുക്കാൻ ഈ മന്ത്രിസഭയ്ക്ക് സാദ്ധ്യമല്ല. ഇത്ര അഴിമതി നിറഞ്ഞ ഒരു ഭരണം ഇനി ഇവിടെ തുടരാൻ സാദ്ധ്യമല്ല. അതു് ഈ രാജ്യത്തിനു ആപത്തായിരിക്കും. അതുകൊണ്ട് ഈ ഗവണ്മെൻറിനെതിരായുള്ള അവിശ്വാസ പ്രമേയത്തോട് ഞാനും എൻെറ പാർട്ടിയും പൂർണ്ണമായി അനുകൂലിക്കുകയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ഗവണ്മെൻറിൻെറ ഭാഗത്തുനിന്നു മറുപടി പറയേണ്ട, ആരോപണങ്ങളെക്കുറിച്ചൊന്നും സ്പർശിക്കാതെ പ്രമേയത്തിൻെറ പൊതു പശ്ചാത്തലത്തെ സംബന്ധിച്ചുമാത്രം ചിലതു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചരിത്രം ആവർത്തിക്കുകയില്ല എന്നു പറയുന്ന ചിന്തകന്മാർക്ക് ഒരു പ്രത്യുത്തരം നൽകുകയാണു" ഇപ്പോൾ ഇവിടെ ചെയ്യുന്നതു്. ഇവിടെ ഇതുവരെ ഭരിച്ചിട്ടുള്ള ഒരു ഗവണ്മെൻറും പ്രതിപക്ഷങ്ങളുടെ ശക്തി കൊണ്ടല്ല നിലം പതിച്ചിട്ടുള്ളതു്, പ്രത്യുത സ്വന്തം പാർട്ടിയിൽനിന്നുള്ള വരുടെ പിൻകുത്തുകൊണ്ടാണ്. അതു മാത്രവുമല്ല, ഒരു നിയമസഭയും ഇവിടെ അതിൻെറ പൂർണ്ണകാലംവരെ നിലനിന്നിരുന്നുമില്ല. നാം ഉൽബുദ്ധരാണെങ്കിലും പാരമ്പര്യം പുലർത്തുന്നതിൽ യാഥാസ്ഥിതികരാണ്. ഈ അവിശ്വാസ പ്രമേയത്തെ മുൻനിർത്തി മന്ത്രിസഭ അധികാരം വിട്ടൊഴിയേണ്ട ഒരു പരിതസ്ഥിതി വരികയാണെങ്കിൽ പാരമ്പര്യം നിലനിറുത്താൻ സഹായിച്ച അതിൻെറ കർത്താക്കളോട് കേരളം കൃതജ്ഞതയുള്ളതായിരിക്കുമെന്നു നമുക്ക് പറയാം.

സർ, കഴിഞ്ഞ അസംബ്ലിക്കുശേഷം ഇവിടെ എന്തുണ്ടായി എന്നു ചോദിച്ചാൽ ഭരണകക്ഷിയിൽനിന്നുതന്നെ ചില എം. എൽ. ഏ. മാർ ഭിന്നിച്ചു പോയി എന്നുള്ളതിൽ കവിഞ്ഞു് മറെറാന്നും ഇവിടെ കണ്ടെന്നു വരികയില്ല. മുൻപു് അവിശ്വാസപ്രമേയം കൊണ്ടുവന്ന സന്ദർഭത്തിൽ, അതിനു അനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന ഘട്ടത്തിൽ യോജിച്ചുനിന്ന മുസ്ലീംലീഗുപാർട്ടി അതിന്റെ അവസാനം അവിശ്വാസപ്രമേയത്തിന്റെ വോട്ടിംഗിൽനിന്നു വിട്ടുനിന്നു എന്നു മാത്രമല്ല, പിന്നെ ഈ ഗവൺമെന്റിനെ അട്ടിമറിയ്ക്കുന്നുള്ള ഗൂഢാലോചനയെ എപ്പോഴും പരാജയപ്പെടുത്തുമെന്നും അതിന്റെ അധികൃത വക്താക്കൾ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. ഇന്നു അവരുടെ ചുവടു മാറുന്നതിനുള്ള കാരണം എന്താണെന്നു അൽപ്പബുദ്ധികളായ ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല.

__ശ്രീ. കെ. കൃഷ്ണപിള്ള :__ സ്വന്തം പാർട്ടിയിൽനിന്നു മാറിപ്പോകുന്നതു് തെറ്റാണെന്നാണോ മിസ്റ്റർ കുറുപ്പു പറയുന്നതു് ?

__ശ്രീ. എം. നാരായണക്കുറുപ്പ് :__ ഏതു പാർട്ടിയിലായാലും അതിൽ നിലനിൽക്കുന്നിടത്തോളം കാലം അതിന്റെ ആശയങ്ങളനുസരിച്ചു് ഉറച്ചു പ്രവർത്തിക്കുക എന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്.

__ശ്രീ. ഈ. പി. ഗോപാലൻ :__ മിസ്റ്റർ കുറുപ്പിന്റെ മാതൃക സ്വീകരിക്കുന്നതു് നന്നല്ലേ ?

__ശ്രീ. എം. നാരായണക്കുറുപ്പ് :__ സർ, ഇന്നു ഭരണകക്ഷിയിൽനിന്നു തന്നെ ഒരു വിഭാഗം വേറിട്ടുനിന്നു ഈ മന്ത്രിസഭക്കെതിരായി അവിശ്വാസം രേഖപ്പെടുത്താൻ പറയുന്ന കാരണം അല്ലെങ്കിൽ അതിനുപയോഗിക്കുന്ന പേർ പരേതനായ ഒരു ദേശാഭിമാനിയുടേതാണു്. നമുക്കറിയാം ഈ നിയമസഭയിൽ പ്രഗത്ഭനായ ഒരു ധീരദേശാഭിമാനിയായി സേവനമനുഷ്ഠിച്ചിട്ടുള്ള പരേതനായ ശ്രീ. പി. ടി. ചാക്കോയുടെ പേരിൽ 'ചാക്കോ ഗ്രൂപ്പുകാർ' എന്നാണു് ഇവരെ പത്രങ്ങളിൽനിന്നു അറിയുവാൻ കഴിയുന്നതു്. ഞാൻ തീർച്ചയായും വ്യസനിക്കുന്നു സർ. എന്തുതന്നെ അഭിപ്രായ വ്യത്യാസമുണ്ടായാലും ശ്രീ. പി. ടി. ചാക്കോ ഇന്നു ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പേരുപയോഗിച്ചുകൊണ്ടു് ഇങ്ങനെയൊരു പരിതഃസ്ഥിതി സൃഷ്ടിക്കാൻ അദ്ദേഹം ഒരിക്കലും അനുവദിക്കുമായിരുന്നില്ല. എന്തെന്നാൽ അദ്ദേഹം ഈ മന്ത്രിസഭയിൽനിന്നു രാജിവച്ചൊഴിയുകയാണു് ചെയ്തതു്. മാതൃകാപരമായി അതിൽ അദ്ദേഹം സ്വീകരിച്ച നടപടിയെ നമ്മൾ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുകയില്ല. അദ്ദേഹത്തെ പുറത്താക്കി എന്നുള്ള ആരോപണമുണ്ടായിരുന്നെങ്കിൽ രാജിയിൽനിന്നു ഒഴിഞ്ഞുനിൽക്കാമായിരുന്നു. പക്ഷേ അതല്ല ഉണ്ടായതു്. അച്ചടക്ക ബോധമുള്ള ഒരു കാൺഗ്രസ്സുകാരൻ എന്നുള്ള നിലയിൽ അദ്ദേഹം അതിൽ പ്രവർത്തിച്ചു. മാത്രമല്ല; അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരുന്ന എല്ലാ സന്ദർഭങ്ങളിലും അദ്ദേഹം, ഞാൻ ഒരിക്കലും ഈ മന്ത്രിസഭക്കെതിരായി പ്രവർത്തിക്കുകയില്ല, കാൺഗ്രസ്സിൽ എന്നും എന്റെ പിൻതുണ ഉണ്ടാകുമെന്നു പ്രഖ്യാപിച്ചുകൊണ്ടു് തന്റെ ജീവിതം അവസാനിപ്പിച്ച അദ്ദേഹത്തിന്റെ ആ പരിശുദ്ധ നാമധേയം ഈ വിധത്തിൽ ഉപയോഗപ്പെടുത്തുന്നല്ലോ എന്നുള്ള വ്യസനം മാത്രമേ ഞങ്ങൾക്കുള്ളു. അതു പറയുമ്പോൾ ഇതിന്റെ പിന്നിലുള്ള പ്രേരകശക്തികൾ ആരൊക്കെയാണെന്നു എനിക്കു് മനസ്സിലാക്കാൻ കഴിയും. ഇന്നു നമ്മുടെ നാട്ടിൽ ഏതു കക്ഷി അധികാരത്തിൽ വന്നാലും കുറച്ചു എം. എൽ. എ. മാരെകൊണ്ടു് അങ്ങനെ കരങ്ങു കളിപ്പിച്ചു് ആ മന്ത്രിസഭയെ നിഗ്രഹിക്കാനും അനുഗ്രഹിക്കാനുമുള്ള കരങ്ങൾ അല്ലെങ്കിൽ ശക്തികൾ നമ്മുടെ നാട്ടിലുണ്ടു്. അവരുടെ പ്രകടനമായിട്ടു മാത്രമേ തീർച്ചയായും നമുക്കിതിനെ കാണുവാൻ കഴിയുകയുള്ളു. ഇന്നു ഈ മന്ത്രിസഭക്കെതിരായി അണിനിരന്നിട്ടുള്ള പ്രതിപക്ഷകക്ഷികളെ നാമൊന്നു പരിശോധിച്ചാൽ നമുക്കിവിടെ എന്താണു് കാണാൻ കഴിയുന്നതു് ? ഈ നാട്ടിൽ ഇങ്ങനെയുള്ള സാമൂഹ്യവിരുദ്ധ ശക്തികൾ മാത്രമല്ല, ഈ നാട്ടിൽ ശക്തിയായ ഒരു ഉറച്ച ഗവൺമെന്റു നിലനിൽക്കുന്നതു് തങ്ങളുടെ വിജയത്തിനു ഹാനികരമാണെന്നു വിശ്വസിക്കുന്ന വേറൊരു ശക്തികൂടി നമ്മുടെ നാട്ടിൽ ഇന്നുണ്ടു്. അവർ ആഗ്രഹിക്കുന്നതു് ഈ നാട്ടിൽ അസംതൃപ്തിയും അരാജകത്വവും പ്രതിസന്ധിയും നടമാടണം എന്നുള്ളതാണു്. ഈ നാട്ടിൽ സമാധാനം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ എം. നാരായണക്കുറുപ്പ്]

പുലർത്തു എന്നു വിശ്വസിക്കുന്ന വിഭാഗത്തിന്റെയും സാമൂഹ്യദ്രോഹശക്തികളുടെയും ഒരു കൂട്ടുകെട്ട്, ശ്രീമാൻ അച്യുതമേനോന്റെ ഭാഷയിലെ 'ദുർഭഗമായ സന്തതി' എന്നൊന്നും ഞാൻ പറയുന്നില്ല, പരിശുദ്ധമായ ഒരു കൂട്ടുകെട്ടാണ് ഈ അവിശ്വാസപ്രമേയത്തിന്റെ പിന്നിൽ അണിനിരന്നിട്ടുള്ളതു്. ഇതിൽ ഭൂപരിഷ്കരണ ബില്ലിനെ എതിർക്കുന്നവരുണ്ട്, ഭൂപരിഷ്കരണബില്ലിൽ പുരോഗമനമില്ലെന്നു വാദിക്കുന്നവരുണ്ട്, ഐ. ജി. യെ പിൻതാങ്ങുന്നവരുണ്ട്, പിൻതാങ്ങാത്തവരുണ്ട്, യാഥാസ്ഥിതികരുണ്ട്, തീവ്രവാദികളുണ്ട്. ഇങ്ങനെയുള്ള ഒരു കൂട്ടുകെട്ടിനെ നാം എന്താണ് വിളിക്കേണ്ടതെന്നു എനിക്ക് നിശ്ചയമില്ല. ഏതായാലും അതുകൊണ്ടുതന്നെയാണ് ആ കൂട്ടുകെട്ടിന്റെ യഥാർത്ഥനില ബഹുജനങ്ങൾ മനസ്സിലാക്കാൻവേണ്ടി 75 പേർ ആ ഭാഗത്തുനിന്നു ഈ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചിട്ടും അതിനെ ധീരമായി നേരിടാൻ ഈ മന്ത്രിസഭ തീരുമാനിച്ചതു്. അതുകൊണ്ടുതന്നെയാണ് മൂന്നാം തീയതി രാജിവയ്ക്കാതെ ഈ അവിശ്വാസപ്രമേയത്തെ ഇപ്പോൾ നേരിടുന്നതു്.

സർ, കാൺഗ്രസ്സ് അധികാരത്തിൽ പററിക്കൂടാൻ ശ്രമിക്കുന്നു എന്നുള്ള ഒരു ആരോപണം ആ ഭാഗത്തുനിന്നുണ്ടായി. യഥാർത്ഥത്തിൽ 17 കൊല്ലം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കാൺഗ്രസ്സ് അധികാരത്തിലിരുന്നിട്ടുണ്ടെങ്കിൽ അതു് അധികാരമോഹം കൊണ്ടല്ല, പ്രത്യുത ആ സ്ഥാനത്തിരിക്കാൻ ഇന്നു മറെറാരു രാഷ്ട്രീയ കക്ഷിയില്ലെന്നുള്ളതുകൊണ്ടാണ്. ഏതു സന്ദർഭത്തിലായാലും കാൺഗ്രസ്സുകാരുടെ പേരിൽ പ്രത്യക്ഷത്തിൽ തെളിയുന്ന, വെറും അഭ്യൂഹത്തിന്റെ അടിസ്ഥാനത്തിലുള്ളതല്ലാത്ത ആരോപണങ്ങൾ പുറപ്പെടുവിച്ചാൽ അതിനെ പരിശോധിക്കാനും അതു തെളിയുകയാണെങ്കിൽ ആ സ്ഥാനത്തുനിന്നും പുറത്തിറങ്ങാനും കാൺഗ്രസ്സുകാർ എപ്പോഴും തയ്യാറാണ്. പല സന്ദർഭങ്ങളിലും സംശയത്തെ മുൻനിറുത്തി കാൺഗ്രസ്സ് മന്ത്രിമാർ രാജിവച്ചിട്ടുണ്ട്. നമ്മുടെ ഇന്നത്തെ പ്രധാനമന്ത്രിയുടെ കഥ തന്നെ എടുക്കാം. അതുമാത്രമല്ല മഹാരാഷ്ട്രയിലെ ഒരു മന്ത്രിയോട് കാൺഗ്രസ്സ് ഹൈക്കമാന്റ് രാജിവയ്ക്കാൻ പറഞ്ഞതായി ഇന്നത്തെ പത്രത്തിൽ ഒരു വാർത്ത കണ്ടു. അപ്പോൾ അതിൽനിന്നെല്ലാം നമുക്കു മനസ്സിലാകുന്നതു് ഒരിക്കലും അധികാരത്തിൽ കടിച്ചുതൂങ്ങണമെന്നുള്ള ആഗ്രഹം കാൺഗ്രസ്സിനില്ല എന്നുള്ളതാണ്. മറെറാരു സംഗതികൂടിയുണ്ട്. ഈ അവിശ്വാസപ്രമേയത്തിന്റെ നിർണ്ണായക ശക്തി ഭരണകക്ഷിയിൽനിന്നു ഭിന്നിച്ചുനിൽക്കുന്ന കുറേ ആളുകളാണ്. അവർ പറഞ്ഞു, ശങ്കർ മുഖ്യമന്ത്രി സ്ഥാനത്തുനിന്നു ഒഴിയുകയാണെങ്കിൽ ഞങ്ങൾ കാൺഗ്രസ്സിനു് പിൻതുണ നൽകാമെന്നു്. ശങ്കർ തന്റെ സ്ഥാനമൊഴിയാൻ സന്നദ്ധനാണെന്നു പ്രസ്താവിച്ചിട്ടുള്ളതു് എല്ലാ പത്രങ്ങളിലും വന്നു കഴിഞ്ഞിട്ടുള്ളതാണ്. അപ്പോൾ കാൺഗ്രസ്സിനെ സംബന്ധിച്ചുള്ള പ്രശ്നം ഒരു മുഖ്യമന്ത്രി ആരായിരിക്കണം അധികാരത്തിൽ തുടരുക എന്നുള്ളതല്ല. തീർച്ചയായും അധികാരത്തിൽ തുടരുക മാത്രമാണ് ഉദ്ദേശമെങ്കിൽ ശങ്കർക്ക് മന്ത്രിസഭയിൽ നിന്നൊഴിഞ്ഞു് മറെറാരു മന്ത്രിസഭയ്ക്ക് അടുത്ത തിരഞ്ഞെടുപ്പുവരെ ഇവിടെ ഭരിക്കാമായിരുന്നു. പക്ഷേ അതിനൊരിക്കലും കാൺഗ്രസ്സ് തയ്യാറല്ലെന്നുള്ള ആ നില മുൻപിൽ വച്ചുകൊണ്ടാണ് ഈ അവിശ്വാസപ്രമേയത്തെ നേരിടാൻ തന്നെ തീർച്ചയാക്കിയിട്ടുള്ളതു്. ഇത്രയും പറഞ്ഞതിൽനിന്നു് നമുക്കു കാണാൻ കഴിയും, ഇന്നു കാൺഗ്രസ്സിന്റെ പതനം അല്ലെങ്കിൽ അധികാരമൊഴിയൽ ഒരു ധർമ്മയുദ്ധം കൊണ്ടല്ല, നേരേമറിച്ച് ഭാരതയുദ്ധത്തിൽ അഭിമന്യുവിനു് പററിയ ശകുനിമാരുടെ ഗൂഢാലോചന കൊണ്ടാണ് കാൺഗ്രസ്സുകാർ അധികാരത്തിൽനിന്നും പുറത്തുപോകാൻ തയ്യാറായി നിൽക്കുന്നതു്. ഈ നാലു കൊല്ലത്തിനുള്ളിൽ കാൺഗ്രസ്സ് പല നല്ല കാര്യങ്ങളും ജനങ്ങൾക്കു് ചെയ്തിട്ടുണ്ട്. ആ നേട്ടങ്ങൾ മുൻപിൽ വച്ചുകൊണ്ടുതന്നെ അടുത്ത തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സ് ബഹുജനങ്ങളേയും നാട്ടുകാരേയും സമീപിക്കാൻ പോകുകയാണ്. തലതാഴ്ത്തിക്കൊണ്ടു് നാട്ടുകാരുടെ മുൻപിൽ നിൽക്കേണ്ട യാതൊരു സംഗതിയും കാൺഗ്രസ്സിനു് ഇതുവരെ വന്നിട്ടില്ല. തല ഉയർത്തിക്കൊണ്ടു് ഇനിയും നാട്ടുകാരുടെ മുൻപിൽ പായി വോട്ടുചോദിക്കാൻ കാൺഗ്രസ്സ് സന്നദ്ധമാണ്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി അച്യുതമേനോൻ പറഞ്ഞു, ഇനി ഈ മന്ത്രിസഭയെ കഴിച്ചുമൂടി അതിന്റെ ശവസംസ്കാര കർമ്മം മാത്രമേ നിർവ്വഹിക്കാനുള്ളുവെന്നു്, കാൺഗ്രസ്സുകാർ............... ...

ശ്രീ. പി. കെ. കുഞ്ഞു : സർ, എ പായിന്റു് ആഫ് ആർഡർ. ''ബഹുമാനപ്പെട്ട മന്ത്രി അച്യുതമേനോൻ'' എന്നു പറഞ്ഞു.

I want a ruling from the hon. Chair regarding that,

ശ്രീ. ഈ. പി. ഗോപാലൻ : ഈ മന്ത്രിസഭയുടെ മേലുള്ള അവിശ്വാസ പ്രമേയത്തെക്കുറിച്ചു് ചർച്ച ചെയ്യുമ്പോൾ ആളെ മാറി മന്ത്രി എന്നു വിളിക്കുന്നതു് ആർഡറിലാണോ ?

Mr. Speaker : It is only a slip.

ശ്രീ. എം. നാരായണക്കുറുപ്പു് : ആ ഭാഗത്തിരുന്നാലും ഈ ഭാഗത്തിരുന്നാലും ഏതു കക്ഷിയിൽപ്പെട്ടാലും അതിൽ കൊള്ളാവുന്ന ആളുകളുണ്ടു്. ഒരു കക്ഷിയിലും നന്നല്ലാത്ത ആളുകളുമുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോൾ അതു തെളിഞ്ഞു.

ശ്രീ. എം. നാരായണക്കുറുപ്പു് : ഞാൻ പറഞ്ഞുവന്നതു് ശവസംസ്കാരത്തിന്റെ കാര്യമാണു്. ആ ശവസംസ്കാരകർമ്മം നിർവ്വഹിക്കുവാൻ 75 ആളുകളുണ്ടെന്നാണു് അവകാശപ്പെടുന്നതു്. മാത്രമല്ല വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിതര മുന്നണി രൂപീകരിച്ചു് മന്ത്രിസഭയും വകുപ്പു വിഭജനവുംകൂടി നടത്തിയിട്ടാണിരിക്കുന്നതു്, അവർക്കു കഴിയുമെങ്കിൽ ഇടക്കാലത്തെ ആറുമാസത്തേക്കു ഒരു മന്ത്രിസഭ രൂപീകരിച്ചു ഭാവിയിൽ കേരളത്തിനു അവർ വാഗ്ദാനം ചെയ്യുന്ന ഭരണസംഹിതയുടെ ഒരു കൊച്ചു പതിപ്പു് ഇപ്പോൾതന്നെ കാണിച്ചു കൊടുക്കയാണു്. അപ്പോൾ അതൊന്നുമല്ല ഇവിടെയുള്ള കാര്യം. തീർച്ചയായും ഇന്നിവിടെ നടക്കുന്നതു് പരസ്പര വിരുദ്ധ ശക്തികളുടെ ഒരു കളിയാണു്. അവർക്കു യോജിച്ചു ഭരണം നടത്താനാവില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : ഒരു ചോദ്യം.

ശ്രീ. എം. നാരായണക്കുറുപ്പു് : എനിക്കു് ആരുടെ ചോദ്യത്തിനും സമാധാനം പറയുവാൻ വിരോധമില്ല. സമയമില്ലായ്മ ഒരു ദോഷം മാത്രമേയുള്ളു.

ഈ പരസ്പര വിരുദ്ധമായിട്ടുള്ള ശക്തികളുടെ കൂട്ടുകെട്ടിൽനിന്നുള്ള പതനത്തെ തടയുവാൻ അവിഹിതമായിട്ടുള്ള യാതൊന്നും തന്നെ കാൺഗ്രസ്സ് ചെയ്യാതെ ധീരതയോടുകൂടിതന്നെ നേരിട്ടു അടുത്തു വരുന്ന പൊതുതിരഞ്ഞെടുപ്പിൽ കാൺഗ്രസ്സ് എന്തു ചെയ്തു എന്നുള്ളതു മുൻനിറുത്തി സ്വന്തം കാലിന്മേൽ ഉറച്ചുനിന്നുകൊണ്ടു ബഹുജനങ്ങളോടു് വോട്ടു ചോദിക്കാനാണു് തീരുമാനിച്ചിട്ടുള്ളതു്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ജാർജ്ജു് ജോസഫ് പൊടിപ്പാറ: ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഇവിടെ അവിശ്വാസപ്രമേയം ഹാജരാക്കിയപ്പോൾ ഭൂരിപക്ഷം അംഗങ്ങൾ അതിനോടു അനുകൂലിച്ചതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ [10 A.M.] രാജി വയ്ക്കണമെന്നുള്ള ചിന്താഗതി പല മെമ്പറന്മാരും പ്രകടിപ്പിക്കുകയുണ്ടായി. ആ അഭിപ്രായം സഭയിൽ മാത്രമല്ല, പുറത്തും കേൾക്കുകയുണ്ടായെങ്കിലും, അവിശ്വാസ പ്രമേയത്തിനു് അടിസ്ഥാനമായ കാര്യങ്ങളെ പരിശോധിക്കാനും അതിനെ നേരിടാനുമുള്ള അവകാശം ഈ ഗവണ്മെന്റിനും കാൺഗ്രസ്സ് പാർട്ടിക്കും ഉണ്ടായിരിക്കണമെന്നുള്ള നിലയിലാണു് ഞങ്ങൾ അവിശ്വാസപ്രമേയത്തെ അഭിമുഖീകരിക്കാൻ തീരുമാനിച്ചതു്. അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ടു പ്രഗത്ഭനായ ശ്രീ. പി. കെ. കുഞ്ഞു് ചെയ്ത പ്രസംഗവും അദ്ദേഹത്തെ തുടർന്നു പ്രതിപക്ഷനേതാവു് ശ്രീ. അച്യുതമേനോനും മററു സുഹൃത്തുക്കളും ചെയ്ത പ്രസംഗങ്ങളും ഞങ്ങൾ സശ്രദ്ധം കേൾക്കുകയുണ്ടായി. എന്തെല്ലാമോ ആരോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജാർജ്ജ് ജോസഫ് പൊടിപ്പാറ]

പണങ്ങൾ ഈ മന്ത്രിസഭയ്ക്കും ചീഫ്മിനിസ്റ്റർക്കും എതിരായി കൊണ്ടുവരാൻ പോകുന്നു എന്നുള്ള ഒരു ചിന്താഗതി രാജ്യത്തു ജനതാ മദ്ധ്യത്തിൽ ഉണ്ടായിരുന്നു എന്നുള്ളതു് ഒരു വസ്തുതയാണു്. എന്നാൽ പ്രതിപക്ഷത്തിരിക്കുന്ന സുഹൃത്തുക്കളുടെ പ്രസംഗങ്ങൾ കേട്ടയവസരത്തിൽ ഇതിനുമുമ്പു് രണ്ടോമൂന്നോ അവിശ്വാസപ്രമേയങ്ങൾ ഈ നിയമസഭാ തലത്തിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ, ആ ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾമാത്രമേ ഇന്നും അവശേഷിക്കുന്നുള്ളു എന്നു കാണാൻ സാധിച്ചതിൽ ഞങ്ങൾ എടുത്ത നിലപാടിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ആത്മബോധമുള്ളവരാണെന്നു പ്രത്യേകം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മുമ്പു കൊണ്ടുവന്നിട്ടുള്ളതിൽ ഉപരിയായി ഒരാരോപണവും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ആ സ്ഥിതിയിൽ പുതിയ ആരോപണങ്ങളൊന്നും വയ്ക്കാനില്ലാതെ, ഇന്നത്തെ പ്രത്യേകമായ സാഹചര്യങ്ങൾ ചൂഷണംചെയ്തുകൊണ്ടു് ഇവിടെ അധികാരത്തിലിരിക്കുന്ന കാണ്ഗ്രസ്സ് ഗവണ്മെൻറിനെ അധികാര സ്ഥാനത്തുനിന്നും ഇറക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്നു നോക്കുകയാണു് ഈ അവിശ്വാസപ്രമേയത്തിൻെറ പൊരുൾ എന്നു് ഈ രാജ്യത്തെ ജനങ്ങൾ മനസ്സിലാക്കുമെന്നു ഞാൻ ആദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ. ശ്രീ. വിശ്വംഭരൻ അവിശ്വാസപ്രമേയത്തിൻെറ അടിസ്ഥാനത്തിൽ ഈ രാജ്യത്തു് ഉണ്ടായിരിക്കുന്ന പൊതുജനങ്ങളുടെ പ്രതികരണത്തെ സംബന്ധിച്ചു് പ്രസ്താവിക്കുകയുണ്ടായി. എൻെറ സുഹൃത്തു് കുറുപ്പു് ഇവിടെ പ്രസ്താവിച്ചതുപോലെ 1960-ൽ ആരംഭിച്ച ഈ ഭരണം ഈ രാജ്യത്തെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ ഒരു പാരമ്പര്യം സൃഷ്ടിക്കാൻ ഈ ഗവണ്മെൻറിനു സാധിച്ചിട്ടില്ലേ എന്നു പ്രതിപക്ഷത്തിരിക്കുന്ന സുഹൃത്തുക്കളോടു ഞാൻ ചോദിക്കുകയാണു്. മുമ്പു് ഇവിടെ നിരത്തിയിട്ടുള്ള ആരോപണങ്ങൾക്കുപരിയായി ഒരൊററ ആരോപണവും വയ്ക്കാൻ സാധിക്കാതെ ഇന്നും കഴിഞ്ഞകാല സംഭവങ്ങൾ ആവർത്തിച്ചു് അയവിറക്കുകയല്ലേ ചെയ്തിട്ടുള്ളതെന്നു ഞാൻ ചോദിക്കുകയാണു്. രാജ്യതാൽപര്യത്തിൻെറ പേരിൽ ഒരവിശ്വാസപ്രമേയം അവതരിപ്പിച്ചു് ഈ ഗവണ്മെൻറിനെ മാററാൻ പരിശ്രമിക്കുന്നു എന്നു പറഞ്ഞ ശ്രീ. പി. കെ. കുഞ്ഞിനോടു ഞാൻ ചോദിക്കുകയാണു്, നാലാം പഞ്ചവത്സരപദ്ധതി രൂപമെടുത്തുകൊണ്ടിരിക്കുന്നയവസരത്തിൽ, കഴിഞ്ഞ കാലയനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ രാജ്യത്തിൻെറ അവകാശങ്ങൾ പറഞ്ഞുവാങ്ങാനുള്ള സമയത്തു് ഉത്തരവാദിത്വമുള്ള പൊതുപ്രവർത്തകർ ഗവണ്മെൻറിനെ മാററാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നതു്, രാജ്യത്തിൻെറ ഭാവിയെ സംബന്ധിച്ചു് എന്തെങ്കിലും ആകാംക്ഷയുള്ളതുകൊണ്ടാണോ എന്നു ഞാൻ ചോദിക്കുകയാണു്. രാജ്യതാൽപ്പര്യം സംരക്ഷിക്കാൻ ഞങ്ങളുടെ രാജി ആവശ്യമെങ്കിൽ ഞങ്ങൾ രാജിവച്ചുപോകാൻ തയാറാണു്. അടുത്ത പൊതുതിരഞ്ഞെടുപ്പിൽ മഹത്തായ നാഷണൽകാൺഗ്രസ്സിൻെറ മേന്മയുടെ അടിസ്ഥാനത്തിൽ, രാജ്യത്തു ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നിവർന്നുനിന്നു ജനങ്ങളെ അഭിമുഖീകരിക്കാനും ഞങ്ങൾ തയ്യാറാണു്. ഭൂപരിഷ്കരണ ബില്ലിൻെറ കുറവുകളെപ്പററി മി. അച്ച്യുതമേനോൻ ഇവിടെ പരാമർശിക്കുകയുണ്ടായി. ഭൂനയബില്ലിലെ വകുപ്പുകളെപ്പററി ഇന്നു അഭിപ്രായം പറയുന്ന പ്രതിപക്ഷത്തിരിക്കുന്നവരോടു ഞാൻ ചോദിക്കുകയാണു്, ബിൽ സെലക്ററു കമ്മിററി പരിശോധിച്ചപ്പോൾ ഇവർ എവിടെ ആയിരുന്നു എന്നു്, സെലക്ററു കമ്മിററിയിൽ സഹകരിക്കാതെ പലരും മാറിനിൽക്കുകയല്ലേ ചെയ്തതെന്നു്. പ്രതിപക്ഷത്തിരിക്കുന്ന ശ്രീ. വി. ആർ. കൃഷ്ണയ്യരുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ടാണു് ഞങ്ങൾ ബിൽ തയ്യാറാക്കിയതു്. സെലക്ററുകമ്മിററിയിൽനിന്നു മാറിനിന്നവർക്കു് ഇന്നു് ആ നിയമത്തിലെ ഏതെങ്കിലും വകുപ്പുകളെ ചോദ്യംചെയ്യാൻ അവകാശമുണ്ടോ? ഇന്നു് ആ നിയമത്തിലെ വകുപ്പുകൾ ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണു്. കോട്ടയം ജില്ലയിലുള്ള കിഴക്കൻ പ്രദേശങ്ങളിലും, കൊല്ലം ജില്ലയിലുള്ള പത്തനാപുരം, പത്തനംതിട്ട തുടങ്ങിയ പ്രദേശങ്ങളിലും, എറണാകുളം ഡിസ്ട്രിക്ററിൽപെട്ട തൊടുപുഴ തുടങ്ങിയ പ്രദേശങ്ങളിലും, മലബാർ ഭാഗത്തും ഭൂനിയമത്തിലെ വകുപ്പുകൾ നടപ്പിലാക്കി ജനങ്ങൾക്കു് കൃഷിഭൂമിയിൽ സ്ഥിരാവകാശം നൽകാൻവേണ്ട നടപടികൾ ത്വരിതമായി നടത്തിക്കൊണ്ടിരിക്കുകയാണു്. ഒരുലക്ഷത്തിൽപ്പരം ഏക്കർ ഭൂമി ഇക്കൊല്ലം കൃഷിക്കാർക്കു് പതിച്ചുകൊടുക്കാനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

ത്വരിതമായി നടന്നുകൊണ്ടിരിക്കുകയാണ്. അതിലേക്ക് പ്രത്യേകം താസിൽദാരന്മാരെയും, മററുദ്യോഗസ്ഥന്മാരെയും നിയമിച്ചുകൊണ്ട് ഭൂനിയമത്തിലെ വകുപ്പുകൾ കൃഷിക്കാർക്ക് വേണ്ടത്ര അനുകൂലമായ വിധത്തിൽ നടപ്പിലാക്കാൻ പരിശ്രമിക്കുമ്പോൾ അതിനെ സ്തംഭിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനമല്ലേ ഈ അവിശ്വാസപ്രമേയത്തിന്റെ പുറകിലുള്ളതെന്നു ഞാൻ ആത്മാർത്ഥമായി സംശയിക്കുന്നു. ഭൂനയം സംബന്ധിച്ചും, കൃഷിക്കാരെ സംബന്ധിച്ചും, തൊഴിലാളികളെ സംബന്ധിച്ചും അടിസ്ഥാനപരമായ നയങ്ങൾ സ്വീകരിച്ചിട്ടുള്ള കാൺഗ്രസ്സ് ഈ രാജ്യത്ത് അതിനനുസരണമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് നടപ്പിലാകാത്ത തരത്തിൽ, പുരോഗമനപരമായ നിയമനിർമ്മാണങ്ങൾ ഈ രാജ്യത്ത് നടപ്പിൽവരുത്താനുള്ള പ്രവർത്തനങ്ങളെ തടസപ്പെടുത്തി നിങ്ങൾ ഭരണത്തെ സ്തംഭിപ്പിക്കുകയല്ലേ ചെയ്യുന്നതെന്നു ഞാൻ ആത്മാർത്ഥമായി ചോദിക്കുകയാണ്. ആ നിലയിൽ ഭൂനയനിയമത്തിന്റെ വെളിച്ചത്തിലോ, അതു നടപ്പിൽവരുത്തുന്നതിന്റെ വെളിച്ചത്തിലോ, ഈ ഗവണ്മെന്റിനെതിരായി ഒരക്ഷരം പറയാൻ പ്രതിപക്ഷത്തിരിക്കുന്നവർക്ക് സാദ്ധ്യമല്ലെന്ന് ഏററവും വിനീതമായി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ മാന്യസുഹൃത്ത് ശ്രീ. കുറുപ്പ് ഇവിടെ പ്രസ്താവിച്ചതുപോലെ, ഭരണപരമായ ചില കാര്യങ്ങളെപ്പററി മറുഭാഗത്തുനിന്നും ആരോപണം ഉന്നയിക്കുകയുണ്ടായി. ആ ആരോപണങ്ങൾ ഇതിനുമുമ്പ് ഈ നിയമസഭാതലത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. അതു സംബന്ധിച്ചുള്ള മറുപടി ട്രഷറി ബെഞ്ചിൽനിന്നും നൽകുമെന്നുള്ളതുകൊണ്ട് അതിലേക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആശയപരമായ കാര്യങ്ങളിലുള്ള അടിസ്ഥാനപരമായ ചില പശ്ചാത്തലത്തെപ്പററി ശ്രീ. അച്യുതമേനോൻ പരാമർശിക്കയുണ്ടായി. നയപരമായ പശ്ചാത്തലത്തെ സംബന്ധിച്ച് ശ്രീ. അച്യുതമേനോൻ പ്രസ്താവിച്ചതു ഈ നാട്ടിലെ ജനങ്ങളും ഈ നിയമസഭയും കണക്കിലെടുക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തെ രാഷ്ട്രീയ രംഗത്തെ സാഹചര്യം നമുക്കറിയാം. വിഭാഗീയ ചിന്താഗതികൾ, സാമുദായിക ചിന്താഗതികൾ ഈ രാജ്യത്ത് രാഷ്ട്രീയ രംഗത്ത് ഇന്നും ഇന്നലെയും ഉണ്ടായതല്ല. വർഗീയമായ ചിന്താഗതികൾ, വികാരപരമായ ചിന്താഗതികൾ ഇന്ന് കൊടുംപിരികൊണ്ടിരിക്കുമ്പോൾ കഴിഞ്ഞകാലത്ത് കേരളത്തിൽ ഉണ്ടായിട്ടുള്ള സംഭവങ്ങളെപ്പററി ഞാൻ ചിന്തിക്കുകയാണ്. 1956-ലെ അഖണ്ഡന്മാരുടെ നിലപാടുമായി ബന്ധപ്പെടുത്തിയുള്ള പരാമർശനങ്ങൾ ഇന്നു ചില പത്രങ്ങളിൽ വന്നിട്ടുണ്ട്. ഈ രാജ്യത്തെ കാൺഗ്രസ്സിന്റെ പുറകിൽനില്ക്കുന്ന ഏററവും മഹത്തായ ഒരു സമുദായത്തെ സംബന്ധിച്ചും, ആ സമുദായത്തിന്റെ വികാരത്തെ കാൺഗ്രസ്സിനും, ഗവണ്മെന്റിനും എതിരായി, വളത്താനുള്ള സംരംഭത്തെ സംബന്ധിച്ചും, ഹൃദയവേദനയോടുകൂടി പ്രസ്താവിക്കാനേ കഴിയുകയുള്ളു. കൺഗ്രസ്സിന്റെ പുറകിലുള്ള ഏററവും മഹത്തായ ഒരു ശക്തി വർഗ്ഗീയമായി പറയുകയാണെന്നു വിചാരിക്കരുത്, കത്തോലിക്കാവിഭാഗം കാൺഗ്രസിനെതിരായ ചിന്താഗതിയിലേക്ക് ഇന്നത്തെ ചില പ്രത്യേക പരിതഃസ്ഥിതികളിൽ വഴുതി പോകുന്നതായി എല്ലാവർക്കും അറിവുള്ളതാണ്. ഇവിടെ അടുത്ത കാലത്ത് ഉണ്ടായ ദേവാലയ ധ്വംസനങ്ങളുടെ അടിസ്ഥാനത്തിലും, ചുരുളി, കീരിത്തോട് തുടങ്ങിയ സ്ഥലങ്ങളിലെ കുടിയിറക്കിന്റെ അടിസ്ഥാനത്തിലും, ശ്രീ. പി. ടി. ചാക്കോയുടെ ആകസ്മികമായ മരണത്തിന്റെ അടിസ്ഥാനത്തിലും വികാരപരമായി ഇവിടത്തെ ജനങ്ങളെ അങ്ങോട്ടുമിങ്ങോട്ടും മാററി നിറുത്താനുള്ള ഒരു പരിശ്രമം നടക്കുന്നുണ്ടെന്നു നമുക്കറിയാം. ദേവാലയ ധ്വംസനങ്ങളെ സംബന്ധിച്ചും, കുടിയിറക്കിനെ സംബന്ധിച്ചുമുള്ള പരാമർശനങ്ങൾ ഇതിനുമുമ്പ് ഈ നിയമസഭാതലത്തിൽ വന്നിട്ടുള്ളതാണ്. ദേവാലയ ധ്വംസനങ്ങൾ ഇവിടത്തെ മതവിശ്വാസികളായ ആളുകളെ വികാരപരമായി വളരെയേറെ ബാധിക്കുന്ന ഒരു പ്രശ്നമാണത്. ആ പ്രശ്നത്തെ പൊക്കിയെടുത്ത് അതിന്റെയടിസ്ഥാനത്തിൽ മതപരമായ തത്വങ്ങളെയും സമുദായത്തിന്റെയും, രാജ്യത്തിന്റെയും ശാശ്വത താൽപ്പര്യങ്ങളെയും ബലികഴിപ്പിക്കുന്ന പ്രവണതയിലേക്കു ഈ രാജ്യത്തെ ജനങ്ങളെ കൊണ്ടുപോകണമോയെന്നു ഞാൻ ആത്മാർത്ഥമായി മതവിശ്വാസികളായ ആളുകളോടു ചോദി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ]

ക്കുകയാണു്. അങ്ങനെ കൊണ്ടുപോയാൽ രാജ്യനന്മക്കു് വിഘാതമാണു്. രാജ്യതാൽപ്പര്യത്തിനു് അപകടമുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ രാജ്യത്തെ ഒരു രാഷ്ട്രീയ പാർട്ടിയിൽ അംഗമെന്നുള്ള നിലയിൽ ജാതിക്കും മതത്തിനും അതീതമായി ആ പാർട്ടിയിൽ വിശ്വസിച്ചു് പ്രവർത്തിക്കാൻ ഞങ്ങൾ ബാദ്ധ്യതപ്പെട്ടവരാണു്. മതപരമായ വികാരമോ, മനുഷ്യനോ വലിപ്പം എന്നു മനസ്സിലാക്കി വികാരത്തിനു് അതീതരായി നിൽക്കേണ്ടതു് ഞങ്ങളുടെ കടമയാണു്. ഈ രാജ്യത്തു് മതസ്ഥാപനങ്ങൾ ധ്വംസിക്കപ്പെട്ടന്നെങ്കിൽ അതു ഹൃദയഭേദകമാണു്. അധികാരത്തിലിരിക്കുന്ന പാർട്ടിയിലെ അംഗങ്ങളെന്ന നിലയിൽ, ഇത്തരം സംഭവങ്ങൾ നടക്കാതിരിക്കുന്നതിനുള്ള സമ്മർദ്ദം ഞങ്ങൾ ഗവണ്മെൻറിൽ ചെലുത്തിയിട്ടുണ്ടു്. മതവിശ്വാസികളുടെ വികാരത്തെ മാനിക്കാതിരിക്കുന്നതു ജനാധിപത്യ വിരുദ്ധമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നുണ്ടു്. എന്നാൽ ആ വികാരത്തെ പൊക്കിപ്പിടിച്ചു് ജനാധിപത്യത്തിനു കോടാലിവയ്ക്കുന്ന സമ്പ്രദായത്തേയും ജനങ്ങൾക്കെതിരായ എല്ലാ പ്രവർത്തനങ്ങളേയും തടയേണ്ടതു് ഈ ഭാഗത്തും ആ ഭാഗത്തുമിരിക്കുന്ന എല്ലാവരുടേയും കർത്തവ്യമാണെന്നു് അനുസ്മരിപ്പിച്ചുകൊണ്ടു് ഞാൻ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണു്.

Shri R. Raghava Menon: Speaker Sir, I feel embarrassed and a little sorry that I have to support the motion against the Ministry. The Motion here is that the Ministers must resign. Of course various reasons have been cited. Let us look into the parliamentary side of it and the practical side of it. When the party which governs tells and expresses its strong opinion that that party has split, does not parliamentary practice compel that party to retire from holding power that very moment? A voice— a single solitary voice— alone will do for it. It is time for the authority in power to consider it It is a majority here who wants that this Govrnment must quit. I am sorry that so much time s wasted and that too is against the parliamentary practice. In all democratic countries and in all democratie institutions, when the majority wants that the cabinet must resign, it is not for the cabinet to say "why should we resign ? what are the reasons". Who is the party in power? The cabinet has no right to say that "we don't find any reasons." It is our opinion and voice that have voted you to power. You must respect that. You have come to power as a result of the vote of the people and when a majority says that you must go, you have no right to say "no". I do not blame the Speaker for having allowed them to speak. It is indecent for a Government to ask, "what is your name; what is your nationality, why are you saying so?" I am saying that as a representative of the people, the parliamentary rules for the administration of a party govrenment, in which I believe, are applicable to you also. You cannot say anything against that because here we are expressing only the opinion of the people. So I do not find any reason for you to waste the time, when the majority says that we do not want you. What is the right of a Government that has come by the vote of the people to say "No". Why do you say that "are we short", "are we tall"," "are we black" or "are we white" etc. Why do you say all these? Go away. That is parliamentery practice. If you want to maintain the principles of democracy, you have to quit office on the basis of the opinion of the majority of members. Government have no business to remain for a minute if the majority says "we do not want your Govrnment". On what principle do you stick on here? Is it parliamentary practice? Is it democratic rule? Except that you can remain there and make some confusion, You cannot do whatever you like. You may say that there are some people with us with whom we

LIBRARY ARCHIVES Kerala Legislative Assembly

will somehow manage to control the ministry. The outside world is watching your activities. You are trying to defeat the opinion of the majority. Is it parliamentary Practice? Is it demoratic practice? The moment the majority expresses their opinion against the ministry, you have to quit the office if you have got courage. You will get a chance to come back on the basis of the good actions that you have done in the past. Much better that you quit now.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇതുസംബന്ധിച്ച് എന്റെ മുൻപ്രാസംഗികന്മാർ ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു സംസാരിച്ചിട്ടുള്ള മിക്കസംഗതികളോടും ഞാൻ യോജിക്കുന്നു. അതുകൊണ്ട് ആ വക കാര്യങ്ങളെസംബന്ധിച്ച് കൂടുതൽ വിസ്തരിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. എന്നാൽ ഒരു കാര്യത്തെക്കുറിച്ച് കുറച്ചുകൂടി കൂടുതൽ വിസ്തരിച്ചു സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതായതു് ഈ സമ്മേളനം കൂടാൻ പോകുന്നതിന്റെ അടുത്ത അവസരത്തിൽ ഞങ്ങളാറേഴ എം. എൽ. എ. മാരെ അറസ്റ്റുചെയ്തതു ശരിയല്ല. ആ ഒരുകാര്യത്തെ സംബന്ധിച്ചാണ് ഇവിടെ കൂടുതൽ പരാമർശനങ്ങൾ വന്നിട്ടുള്ളതു്. ഇന്നത്തെ കേരളത്തിലെ സാഹചര്യത്തിൽ ഇൻഡ്യയിലെ സാഹചര്യത്തിൽ പൊതുവെതന്നെയും ഡിഫൻസ് ആഫ് ഇൻഡ്യാ റൂംസ് ഉപയോഗിച്ചതു് നീതികേടും അക്രമപരമായിട്ടുള്ള ദുരുപയോഗപ്പെടുത്തലുമാണ് എന്നുള്ള യാഥാർത്ഥ്യം ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഡിഫൻസ് ആഫ് ഇൻഡ്യാ റൂംസ് എന്നു പറഞ്ഞാൽ അതനുസരിച്ച് അറസ്റ്റ് ചെയ്യപ്പെടുന്നവർക്ക് യാതൊരാളോടും ആവലാതിപ്പെടാൻ അവകാശമില്ല. ഗവണ്മെന്റ് ഒരാളെ ആയുഷ്ക്കാലം മുഴുവൻ ജയിലിൽ വയ്ക്കണമെന്നു പറഞ്ഞാൽ അതു അങ്ങനെ ചെയ്യേണ്ടതാണ്. ഈ ഒരു റൂം പാസ്സാക്കിയതുതന്നെ നിയമവിരുദ്ധമാണോ എന്ന സംശയം ഇപ്പോഴും നിലനിൽക്കുകയാണ്. ഈ പ്രശ്നം സുപ്രീംകോടതിയിൽ അവതരിപ്പിക്കയുണ്ടായി. ഡിഫൻസ് ആഫ് ഇൻഡ്യാ റൂംസ് ഭരണഘടനാവിരുദ്ധമാണ് അതനുസരിച്ച് ആളുകളെ ജയിലിൽ വയ്ക്കുന്നതു ഇല്ലീഗൽ ഡിറെറൻഷനാണ് എന്നു പറയുകയാണ്. ആ വിധി ഇതുവരെ തള്ളിക്കളഞ്ഞിട്ടില്ല. ആ വിധിയെപ്പററി സുപ്രീംകോടതി പറയുന്നതു, ഈ വിധിയെപ്പററി ഞങ്ങൾ ഇപ്പോൾ വിധി കല്പിക്കുന്നില്ല എന്നുമാത്രമാണ്. കാരണം, ഇപ്പോൾ ഞങ്ങൾ എന്തെങ്കിലും വിധി കല്പിച്ചാൽ പോലും അതു ഗവണ്മെന്റു നടപ്പിൽ വരുത്തുകയില്ല. ഈ അടിയന്തിരാവസ്ഥ നിലവിലിരിക്കുന്നതുകൊണ്ട് ഗവണ്മെന്റു ഏതു കല്പന പാസ്സാക്കിയാലും ആ കല്പന കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാ എന്നുള്ളതായ ഒരു നിയമമുണ്ട്. അതുകൊണ്ട് അടിയന്തിരാവസ്ഥ കഴിഞ്ഞിട്ടു അതേപ്പററി ആലോചിച്ച് അതു വേണോ എന്നു ഞങ്ങൾ പരിശോധിക്കാം എന്നു പറഞ്ഞു. അങ്ങനെ വരുന്ന അവസരത്തിൽ ഈ ഡിഫൻസ് ആഫ് ഇൻഡ്യാ റൂംസ് തെററാണെന്ന് നടപടി വരികയാണെങ്കിൽ ഈ കഴിഞ്ഞ രണ്ടു കൊല്ലക്കാലത്തോളം നടത്തിയിട്ടുള്ള ഡിറെറൻഷൻ ഇല്ലീഗൽ ഡിറെറൻഷൻ ആയിരുന്നു എന്നുള്ളതാണ് വരാൻപോകുന്നതു്. ആ റൂം അനുസരിച്ചാണ് ഞങ്ങളെ ഏഴുപേരെ ഒന്നരദിവസം മുതൽ രണ്ടര ദിവസംവരെ അറസ്റ്റുചെയ്തു ജയിലിൽ വച്ചിരുന്നതു്. അതനുസരിച്ച് ഇപ്പോഴും വച്ചുകൊണ്ടിരിക്കുന്നുണ്ട് 2) പേരെ. ഞാൻ എന്റെ പാർട്ടിയുടെകാര്യം പറയുകയാണ്. എന്റെ പാർട്ടിയുടെ നേതൃത്വം മിക്കവാറും ജയിലിലാണ്. അതിനു എന്തു നീതീകരണമാണ് ഉള്ളതെന്നുള്ളതുഈ നാട്ടിലെ ജനങ്ങളോടു പറയാൻ ഈ ഗവണ്മെന്റിനു ബാദ്ധ്യതയുണ്ട്. ഇന്നലെ ഞാനും എന്റെ ചില സുഹൃത്തുക്കളും ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയോടു സംസാരിക്കയുണ്ടായി. അപ്പോൾ അതുസംബന്ധിച്ച് മറുപടി പറയേണ്ട ബാദ്ധ്യതയില്ല, ഇപ്പോൾ അടിയന്തിരാവസ്ഥയുള്ള അവസരത്തിൽ എന്തുകൊണ്ട് അങ്ങനെ ചെയ്തു എന്നു പറയേണ്ട ബാദ്ധ്യത ഗവണ്മെന്റിനില്ല എന്നാണ് പറയുന്നതു്. അതല്ലാന്യായമായ വല്ല കാരണങ്ങളുമുണ്ടെങ്കിൽ അതു പുറത്തുവയ്ക്കാൻ ഞാൻ മുഖ്യമന്ത്രിയെ വെല്ലു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്]

വിളിക്കുന്നു. ന്യായമുണ്ടെങ്കിൽ അതു കോടതിയിൽ വയ്ക്കേണ്ടതാണ്. അല്ലെങ്കിൽ ജനങ്ങളുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. ഈ അടിയന്തിരാവസ്ഥ വന്നതിനുശേഷം അതേ വ്യവസ്ഥയ്ക്കു വിധേയരായി കുറച്ചുകാലം ഞങ്ങൾ ജയിലിൽപോയിട്ടുള്ളതാണ്. എന്നെസംബന്ധിച്ചാണെങ്കിൽ ആറോ ഏഴോ ദിവസം അവിടെ ഇരുന്നിട്ടു വന്നിട്ടുള്ളതുമാണ്. അതു കഴിഞ്ഞിട്ടു രണ്ടുകൊല്ലക്കാലത്തോളം ഞാൻ വെളിയിലാണ്. വെളിയിലായിരുന്നപ്പോൾ ഞാൻ വെറുതേയിരുന്നിട്ടില്ല. ഞാൻ രാഷ്ട്രീയത്തിൽ സജീവമായി പങ്കുകൊള്ളുകയുമാണ്. ഈ രാജ്യത്താന്റെ ടെറിട്ടോറിയൽ ഇന്റഗ്രിററിക്കോ സെക്യൂരിററിക്കോ ഹാനികരമായി വല്ല പ്രവർത്തനവും ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ ഗവണ്മെൻറിനു അതിനു തെളിവുണ്ടാക്കേണ്ടതുണ്ട്. അല്ലെങ്കിൽ കോടതിയിൽ അതിനാവശ്യമായ തെളിവുണ്ടാകേണ്ടതല്ലേ. ഇതു ഞങ്ങളെയെല്ലാപേരെയും ബാധിക്കുന്നകാര്യമാണ്. ഇന്നു തടങ്ങലിൽ വച്ചിരുന്ന ഏഴുപേർ വെളിയിൽവന്നു. ബാക്കി ഇരുപത്തിഒൻപതുപേർ ജയിലിൽ ഇരിക്കുന്നുണ്ട്. ഇതു അവർക്കു എല്ലാവർക്കും ബാധകമാണ്. ഇന്നു് അവരെ എന്തുകൊണ്ടു പുറത്തുവിടുന്നില്ല. അതിനുള്ള കാരണങ്ങൾ യാതൊന്നും പറയാനില്ല. മുഖ്യമന്ത്രി പറയുന്നതു അദ്ദേഹത്തിന്റെകൈയിൽ എന്തൊക്കെയോ ഉണ്ടെന്നുള്ളതാണ്. ഇങ്ങനെ പറഞ്ഞു ആളുകളെ പിടിച്ചുവയ്ക്കണം. യഥാർത്ഥം പറയുകയാണെങ്കിൽ, ''ഡിഫൻസ് ആഫ് ഇൻഡ്യാ റൂൾസ്'' ഇന്നു, ''ഡിഫൻസ് ആഫ് ശങ്കർ മിനിസ്ട്രി റൂൾസ്'' എന്നാണ് വന്നിട്ടുള്ളത്. ഈ സംസ്ഥാനത്തുള്ള മിക്കവാറും എല്ലാ പത്രങ്ങളും ഈ നിയമസഭയിലെ പ്രതിപക്ഷത്തുള്ള എല്ലാ വിഭാഗങ്ങളും ഗവണ്മെൻറിന്റെ ഈ പ്രവൃത്തിയിൽ എതിരാണ് എന്നുള്ളതു ശരിയല്ല, അതല്ലാ യാഥാർത്ഥ്യം, അതു പ്രതിപക്ഷത്തിന്റെ അമിതമായ ശുഭാപ്തി വിശ്വാസമാണ് എന്നു് മിസ്റ്റർ നാരായണക്കുറുപ്പു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. അവിശ്വാസപ്രമേയം ചർച്ചചെയ്യുന്നതായാൽ ഇതു് അവിഹിതമായ കൂട്ടുകെട്ടിന്റെ ഫലമായുണ്ടായ അവിശ്വാസമാണോ എന്നു തെളിയുന്നതാണെന്നും മിസ്റ്റർ നാരായണക്കുറുപ്പു പറയുകയുണ്ടായി. എന്നാൽ അതിനെനിക്കു പറയാനുള്ളതു്, മിസ്റ്റർ കുറുപ്പിന്റെ പാർട്ടിയിൽപ്പെട്ടവർതന്നെയാണ് ഇപ്പോൾ ശ്രീമാൻ ബാഫക്കി തങ്ങളെ ഡൽഹിയിലേക്കു വിളിച്ചിരിക്കുന്നതു എന്നാണ്. ആ വക കാര്യങ്ങളൊന്നും പറയണ്ട. ഇവിടെ ഞങ്ങളെ പിടിച്ചു ജയിലിൽ വച്ചിട്ടുള്ളതു തന്നെയും, വിശേഷിച്ചും ഈ അവിശ്വാസപ്രമേയംചർച്ചചെയ്യുന്ന അവസരത്തിൽ ജയിലിൽ വച്ചിരിക്കുന്നതു ശരിയല്ലാ എന്നു ഇവിടത്തെ പ്രതിപക്ഷഗ്രൂപ്പുകൾ എല്ലാം പറഞ്ഞു. മിക്കവാറും എല്ലാ പത്രങ്ങളും പറഞ്ഞു. ഇന്നും കാൺഗ്രസ് കക്ഷിയിലിരിക്കുന്ന അൻപതു ആളുകളിൽ കുറെ ആളുകൾകൂടി അങ്ങനെ പറഞ്ഞിരിക്കുമെന്നാണെന്റെ വിശ്വാസം. അതു അമിതമായ ശുഭാപ്തി വിശ്വാസമാണെന്നുണ്ടെങ്കിൽ ഞാൻ മിസ്റ്റർ നാരായണക്കുറുപ്പിനോടു മാപ്പു ചോദിക്കുന്നു. ഇങ്ങനെ ഈ രാജ്യത്തും വെളിയിലുമുള്ള എല്ലാ ശക്തികളുടെയും സമ്മർദ്ദത്തിന്റെ ഫലമായിട്ടു ഞങ്ങൾക്കു വെളിയിൽ വരാൻ കഴിഞ്ഞു. എനിക്കു ഈ ചർച്ചയിൽ പങ്കെടുക്കാനും കഴിഞ്ഞു. ഇന്നു് ഈ ഇരുപത്തിഒൻപതുപേരെ എന്തിനാണ് ജയിലിൽ വച്ചിട്ടുള്ളതു്. അതു ശങ്കർ മന്ത്രിസഭയെ നിലനിറുത്താനല്ല. മിസ്റ്റർ നാരായണക്കുറുപ്പ് പറഞ്ഞല്ലോ, അടുത്ത തിരഞ്ഞെടുപ്പിനെ ആത്മവിശ്വാസത്തോടുകൂടി നേരിടാൻപോകുന്നു എന്നു്. ആ തിരഞ്ഞെടുപ്പിനെസംബന്ധിച്ചുള്ള പ്രവർത്തനം അവർ തുടങ്ങിക്കഴിഞ്ഞു എന്നു്. ആ പ്രവർത്തനങ്ങളുടെ തുടക്കമാണ് ഇന്നു ഞാൻ കേട്ട രണ്ടു പ്രസംഗങ്ങൾ. അതിന്റെ തുടക്കമാണ് ഇവിടെ മിസ്റ്റർ രാജഗോപാലും, ശ്രീ. പട്ടീലും വന്നിട്ടു ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഒക്കെ.

മിസ്റ്റർ ജോർജിന്റെ യജമാനനാണെന്നു് ഇവർ ഇപ്പോൾ പറയുന്ന കേന്ദ്രത്തിലേക്കും മിസ്റ്റർ. പട്ടീൽ പോയി. അതൊക്കെ തിരഞ്ഞെടുപ്പു പ്രവർത്തനമല്ലേ? ഇത്തരത്തിലുള്ള തിരഞ്ഞെടുപ്പു പ്രവർത്തനം നിങ്ങൾ തുടങ്ങിയിരിക്കുന്ന അവസരത്തിൽ, ഞങ്ങൾക്കു അതുചെയ്യാൻ അധികാരമില്ലേ? ഞങ്ങൾക്കും അതു ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്. വിശേഷിച്ചു് കൂട്ടുകെട്ടിനെപ്പററിയെല്ലാം മിസ്റ്റർ. നാരായണക്കുറുപ്പു പറഞ്ഞു. ഞങ്ങൾ ഒരു കൂട്ടുകെട്ടുണ്ടാക്കാൻ ശ്രമിക്കുന്നുണ്ടു്; യഥാർത്ഥത്തിൽ. ആരെല്ലാമായിട്ടു്?

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റ് ഇടതും വലതും വിഭാഗങ്ങൾ, ആർ. എസ്സ്. പി., എസ്സ്. എസ്സ്. പി., കർഷകതൊഴിലാളി പാർട്ടി. ഇത്രയും പാർട്ടികൾ കൂടി യോജിച്ച് ഒരു ഐക്യമുന്നണി ഉണ്ടാക്കാൻ ശ്രമം തുടങ്ങികഴിഞ്ഞിട്ടുണ്ട്. അത് ആ ഭാഗത്തിരിക്കുന്നവർ മുൻപുണ്ടാക്കിയ മുന്നണിപോലെ ആയിരിക്കുകയില്ല. ആ മുന്നണി എന്തിനുവേണ്ടി നിലകൊള്ളുന്നു, എന്തെല്ലാം പ്രവർത്തിക്കും എന്നൊന്നും പറഞ്ഞില്ല. അങ്ങനെയാണല്ലോ നിങ്ങൾ കൂട്ടുമുന്നണി ഉണ്ടാക്കിയത്. ഞങ്ങൾ ഇപ്പോൾ മുന്നണി ഉണ്ടാക്കുന്നതിൽ വിജയിക്കുകയാണെങ്കിൽ, അത് ഇന്നയിന്ന കാര്യങ്ങൾ നടപ്പിൽ വരുത്താൻ ഞങ്ങൾ യോജിച്ചിരിക്കുന്നു എന്നുള്ള അടിസ്ഥാനത്തിൽ ഉള്ള ഒരു മിനിമം പരിപാടിയെ ആശ്രയമാക്കികൊണ്ടുള്ള മുന്നണിയായിരിക്കും. ആ കാര്യത്തെപ്പററി ഇപ്പോൾ കൂടുതൽ വിശദീകരിക്കുന്നില്ല. ഈ കാര്യത്തിനുവേണ്ടി പ്രവർത്തനം നടത്തികൊണ്ടിരുന്ന, ഈ നാട്ടിലെ ഇടതുപക്ഷ പാർട്ടിയിലെ പ്രധാനപ്പെട്ട നേതാക്കന്മാരെ മുഴുവൻ അറസ്ററുചെയ്തു ജയിലിൽ വച്ചിരിക്കുന്നതു് തിരഞ്ഞെടുപ്പിനെ നേരിടാനാണെന്നാണ് എന്റെ അഭിപ്രായം. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. പി. കെ. കുഞ്ഞു് പറഞ്ഞു ഈ ഗവണ്മെന്റ് അധികാരത്തിൽ ഇരുന്നാൽ ഇവിടെ സ്വാതന്ത്ര്യവും നീതിപൂർവ്വകവുമായ ഒരു തിരഞ്ഞെടുപ്പു നടക്കുമെന്നുള്ളതിനു് ഉറപ്പില്ലെന്നു്. അതിനു് ഏററവും നല്ല ഉദാഹരണമാണിതു്. തിരഞ്ഞെടുപ്പിനെസംബന്ധിച്ചു ഇവിടെ സംസാരിക്കാൻ തുടങ്ങിയ അവസരത്തിൽ അവക്കു് നേരിടേണ്ടി വരുന്ന ഇടതുപക്ഷ ഐക്യമുന്നണിയിലെ ആഭിമുഖ്യ ഘടകങ്ങളെ തികച്ചും ഡിമോബലൈസു ചെയ്തു അവരെ ഒതുക്കുന്ന ഒരു നയമാണു് ഈ ഗവണ്മെന്റു് സ്വീകരിച്ചിരിക്കുന്നതു്. ഏതായാലും ഈ ഗവണ്മെൻ. പോകുകയാണല്ലോ, ചെയ്തുപോയ വിഡ്ഢിത്തം പിൻവലിച്ചിട്ടു പോകരുതോ? ഞങ്ങൾ ഏഴുപേരുടെ കാര്യത്തിൽ ചെയ്തതു വിഡ്ഢിത്തമാണെന്നു സമ്മതിച്ചു കഴിഞ്ഞിരിക്കുകയാണല്ലോ. ഏഴുപേരെ ജയിലിൽ വച്ചാൽ അവിശ്വാസ പ്രമേയം പാസ്സാക്കാതെ കഴിക്കാം എന്ന ഒരു പോരു കണ്ടിട്ടാണു് ഞങ്ങളെ അറസ്ററു ചെയ്തു തടങ്കലിൽ വച്ചതു്. ആരു എന്തു പറഞ്ഞാലും നാട്ടുകാർ അങ്ങനെയാണു വിശ്വസിക്കുന്നതു്. ആ വിശ്വാസപ്രമേയം പാസ്സാക്കിയാലും ഞങ്ങളെ നേരിടേണ്ടിവരുമെന്നു പറയുന്നു. അവിശ്വാസപ്രമേയം പാസ്സാകും, നാളെ വൈകുന്നേരം നേരെ വീട്ടിലേക്കു തിരിച്ചു പോകേണ്ടതായും വരും. അതുകൊണ്ടു് എനിക്കു പറയാനുള്ളതു്, ശ്രീ. നാരായണക്കുറുപ്പും, ശ്രീ. പൊടിപ്പാറയും പറഞ്ഞതുപോലെ, തിരഞ്ഞെടുപ്പല്ലേ, സ്വന്തം കാലിൽ നിൽക്കുകയല്ലേ? സ്വന്തം കാലിൽ നിന്നിട്ടു് നിങ്ങൾ നാലരക്കൊല്ലം നടത്തിയ ഭരണത്തിന്റെ ഗുണഗണങ്ങളെ പ്രകീർത്തിക്കാൻ ഉപയോഗിക്കുകയാണു്. അതുസംബന്ധിച്ചു് ഞങ്ങൾക്കു പറയാനുള്ളതുകൂടി ജനങ്ങളെ കേൾപ്പിക്കാൻ സൗകര്യം നൽകേണ്ടതല്ലേ? ഭരണഘടനാവിരുദ്ധമായിട്ടാണു് സംശയഗ്രസ്തമായ നിലയിൽ, പ്രതിപക്ഷപാർട്ടിയിലെ മുഖ്യമായ ഒരു വിഭാഗത്തിലെ നേതാക്കന്മാരെ ആകെ ജയിലിൽ വച്ചുകൊണ്ടിരിക്കുന്നതെന്നു ഞങ്ങൾ വിശ്വസിക്കുകയാണു്. ഇതിനെതിരായിട്ടു് ഒരു പക്ഷേ പലതും പറഞ്ഞേക്കാം. ഇവരുടെ കൈയിൽ ആകെയുള്ള തുറുപ്പുചീട്ടു് കമ്മ്യൂണിസ്ററുപാർട്ടിയെപ്പററിയുള്ള തെറിപ്പാട്ടാണു്. അതിനു് ഇപ്പോൾ ഒരു മാററംവരുത്തി, കമ്മ്യൂസ്ററു ഇടതുപക്ഷക്കാർ ചൈനാച്ചാരന്മാരാണു് എന്നു പറഞ്ഞു് എല്ലാ കുഴപ്പങ്ങളും ഞങ്ങളുടെ തലയിൽ വച്ചുകെട്ടാമെന്നാണു വിചാരിക്കുന്നതു. പക്ഷേ, ഈ പോരു് ഈ നാട്ടിൽ ചെലവാകുകയില്ലെന്നു് ഈ കഴിഞ്ഞ 5 കൊല്ലത്തെ അനുഭവങ്ങളിൽ നിന്നെങ്കിലും ഒരു പാഠം പഠിക്കേണ്ടിയിരുന്നു. ബഹുമാനപ്പെട്ട കുറുപ്പു പറഞ്ഞു ചരിത്രം ആവർത്തിക്കുകയാണു്; പണ്ടിന്നതിൽനിന്നുള്ളകുതികാൽവെട്ടു് അങ്ങനെ സംഭവിക്കുകയാണെന്നു്. പക്ഷേ, യാഥാർത്ഥ്യം എന്താണു്? ഈ പ്രജയുടെ ജാതകർമ്മം നടത്തിയവർതന്നെ ഉദകക്രിയയും നടത്തി; അതല്ലേ യാഥാർത്ഥ്യം? ഈ ഗവണ്മെന്റിനെ നിലവിൽ വരുത്താൻ ശ്രമിച്ചവരിൽ പതിനൊന്നു പേർ ആദ്യം പോയി. അതു കഴിഞ്ഞിട്ടു് 20 ആളുകളിൽ രണ്ടുപേരാണെന്നു തോന്നുന്നു കാൺഗ്രസുകക്ഷിയിൽ ചേർന്നു; കരാറനുസരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്]

പിന്നെ ഒരാൾ വേറെ എവിടെയോ പോയി. അതൊക്കെ കഴിഞ്ഞിട്ട് 15 ആളുകൾ ഉണ്ടായിരുന്നു. അവരും ഭരണകക്ഷിയിൽ നിന്നു പോയി. അങ്ങനെ പതിനൊന്നും പതിഞ്ചും ഇരുപത്താറ്. അതുകൂടാതെ ഇപ്പോൾ ആ കക്ഷിയിൽനിന്നുതന്നെ 15 പേർ പോയി. എന്റെ സ്നേഹിതൻ ശ്രീ. പി. കെ. കുഞ്ഞു പറഞ്ഞു ഈ 15 കൂടാതെ ഇനിയും കൂടുതൽപേരെ കിട്ടുമെന്ന്, എന്തോ എനിക്കറിഞ്ഞുകൂടാ. ഏതായാലും, 11+15=26 + 15: 41 പേർ പുറത്തായി· ഇങ്ങനെയൊരു സ്ഥിതി വന്നില്ലേ? ഈ സ്ഥിതിവന്നതിൽ നിന്ന് നിങ്ങൾ എന്തെങ്കിലും ഒരു പാഠം പഠിച്ചോ? കമ്മ്യൂണിസ്റ്റ് വിരോധം ഈ നാട്ടിൽ ചെലവാകുകയില്ലെന്നാണ് ഇതിന്റെ ചുരുക്കം. നിങ്ങൾ മുക്കൂട്ടു മുന്നണി ഉണ്ടാക്കാൻ തുടങ്ങിയ കാലംമുതൽ ഞങ്ങൾ ഈ കാര്യം റഞ്ഞിട്ടുള്ളതാണ്. ഇനിയെങ്കിലും ഇത് ഇവിടെ ചെലവാകുകയില്ലെന്നുള്ള കാര്യം ഓർത്താൽകൊള്ളാം.

ഇനി എനിക്ക് അവസാനമായിട്ട് പറയാനുള്ളത്, ഐക്യമുന്നണി ക്കൂട്ടുകെട്ടിനെപ്പററിയാണ്. എന്തോ അവിശുദ്ധ കൂട്ടുകെട്ടാണ് ഐക്യമുന്നണി എന്നു പറഞ്ഞല്ലോ. അതിനെ സംബന്ധിച്ച് എന്റെ പാർട്ടിക്കും, ഞങ്ങളോടു സഹകരിക്കുന്ന ഇടതുപക്ഷ പാർട്ടികൾക്കും വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടെന്നാണ് എനിക്കു പറയാനുള്ളത്. അത് ഈ ഗവണ്മെന്റിന് എതിരായി, ആർ. ശങ്കർ മുഖ്യമന്ത്രിയായിരിക്കുന്ന ഇന്നത്തെ കാൺഗ്രസ്സ് ഗവണ്മെന്റിനെതിരായി നിയമസഭയിൽ ഈ അവിശ്വാസപ്രമേയം പാസ്സാകുന്നതോടുകൂടി തുടങ്ങുകയോ അവസാനിക്കുകയോ ചെയ്യാൻ പോകുന്നില്ല. ഈ ഗവണ്മെന്റിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ട് മറേറതെങ്കിലും കാൺഗ്രസ്സ്ഗവണ്മെന്റു വരികയാണെങ്കിൽ അതും, അവക്കെല്ലാം നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന കേന്ദ്ര കാൺഗ്രസ്സ്. ഗവണ്മെന്റും ഇന്നു അനുവർത്തിച്ചുവരുന്ന അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ ദ്രോഹിച്ചു പാപ്പരാക്കുന്ന നയത്തിനെതിരായി ഈ നാട്ടിൽ ആകമാനമുള്ള ഏകീകൃതമായ ഒരു പ്രസ്ഥാനം ഇതോടൊപ്പം ഉയർന്നുവരാൻ പോകുകയാണ്. അതിന്റെ സൂചനകൾ ഇപ്പോൾതന്നെ തുടങ്ങിയിട്ടുണ്ട്. അടുത്തകാലത്ത് വില വർദ്ധനവിനെതിരായിട്ട് ഈ സംസ്ഥാനത്തെ, ഐ. എൻ. ടി. യു. സി. ഒഴികെയുള്ള എല്ലാ ട്രെയിഡ് യൂണിയൻ സംഘടനകളും യോജിച്ച് നടത്തിയ ഒരു ദിവസത്തെ പണിമുടക്ക് അതിന്റെ മുന്നോടിയാണ്. ഇത്തരത്തിലുള്ള ബഹുജന പ്രശ്നങ്ങളെസംബന്ധിച്ചിടത്തോളം എനിക്കു സംസാരിക്കാൻ സമയം ഇല്ലാത്തതിൽ ഖേദമുണ്ട്. എന്നാൽ, ഈ കാര്യങ്ങളെക്കുറിച്ച് കുറേ വിസ്തരിച്ച് ശ്രീ. പി. വിശ്വംഭരനും, ശ്രീ. അച്യുതമേനോനും സംസാരിച്ചു കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഞാൻ അതിനെപ്പററി കൂടുതൽ പറയുന്നില്ല. ഇപ്പോൾ തന്നെ വിലവർദ്ധനവുമൂലം ഉണ്ടാകുന്ന കെടുതികൾക്കെതിരായി ഇൻഡ്യയിലെ തൊഴിലാളികളും, ഇടത്തരക്കാരും മറെറല്ലാ ജനവിഭാഗങ്ങളും സംഘടിച്ചു പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെയെല്ലാം ഫലമാണ് നേരത്തേ ബഹുമാനപ്പെട്ട അച്യുതമേനോൻ ചൂണ്ടിക്കാണിച്ചിട്ടുള്ള പണിമുടക്കുകൾ. ഇന്ന് കേന്ദ്രത്തിലായാലുംശരി, എഫ്. ഏ. സി ടി. യിലായാലും ശരി, അതുപോലുള്ള ഫാക്ടറികളിലായാലും ശരി അദ്ധ്യാപകർ. എൻ ജി. ഓ. മാർ, മിനിഞ്ഞാന്നു പ്രക്ഷോഭണം നടത്തിയ നാൺ ടീച്ചിംഗ് സ്റ്റാഫ് എന്നിങ്ങനെ ഓരോ വിഭാഗവും അവരവരുടെ ആവശ്യങ്ങൾക്കു വേണ്ടി പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ ഈ പ്രക്ഷോഭണം തുടരും. ആ പ്രക്ഷോഭണത്തെ വിജയിപ്പിക്കാൻ ഇവിടത്തെ ഇടതുപക്ഷപാർട്ടികൾ എല്ലാം യോജിച്ചു നിൽക്കുകയും ചെയ്യും. ഈ പ്രശ്നങ്ങളുടെ നേരെ, 'പ്രക്ഷോഭകരമായ സമീപനം ഈ അവസരത്തിൽ അംഗീകരിക്കരുത്' എന്നുള്ള വേദാന്തവുമായി നിന്നാൽ ഫലമില്ല. ഇന്നുവരെ നിങ്ങൾ അംഗീകരിച്ച നയം എന്താണ്? ഒരുപിടി പണക്കാർക്കുവേണ്ടി, വൻകിട ഭൂഉടമകൾക്കു, വേണ്ട വൻകിട വ്യാപാരികൾക്കുവേണ്ടി അവർക്കു സഹായകമായ നയം സ്വീകരിച്ചാൽ അതിനെ എതിർത്തു പ്രക്ഷോഭണം നടത്താൻ ഈ നാട്ടിലെ അവശത അനുഭവിക്കുന്നവർ തയ്യാറാകും. അതിനോട് അപ്പുറത്തിരിക്കുന്ന,

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും കാൺഗ്രസിൽ ഇരിക്കുന്ന, ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ താൽപര്യങ്ങാം സംരക്ഷിക്കണമെന്നാഗ്രഹമുള്ള സുഹൃത്തുക്കളും പങ്കെടുക്കുമെന്നാണ് എൻെറ വിശ്വാസം. അതിൽ പങ്കെടുക്കാത്ത കാൺഗ്രസുകാരോട് ഞങ്ങാംക്കൊന്നും പറയാനില്ല. ഗവൺമെൻറിൻെറ ഇത്തരത്തിലുള്ള നയങ്ങളുടെ ഫലമായി ഈ നാട്ടിലെ ജനങ്ങാംക്ക് കഷ്ടപ്പാടും ദുരിതവും ഏറിയേറിവരുന്ന ഈ സന്ദർഭത്തിൽ അതിനെല്ലാം എതിരായിട്ട് ഈ നാട്ടിൽ പ്രക്ഷോഭണം ഉണ്ടാകാൻ പോകുന്നതിനെ അടിച്ചമർത്താൻ, ഡിഫൻസ് ആഫ് ഇൻഡ്യയുടെ റൂാംസും അതുമാതിരിയുള്ള മററു ചട്ടങ്ങളും ഉപയോഗിച്ചാൽ യാതൊരു പ്രയോജനവുമില്ല. അതുകൊണ്ടൊന്നും ഇതു് അടങ്ങാൻ പോകുന്നില്ല. അതിനൊരു ഉദാഹരണമായി ഭക്ഷ്യപ്രശ്നത്തിൽ ഗവൺമെൻറിൻെറ നയം തന്നെ എടുക്കാം. ഭക്ഷ്യപ്രശ്നത്തിൻെറ വിവിധവശങ്ങളെക്കുറിച്ച് മുൻ പ്രസംഗകർ പറഞ്ഞു കഴിഞ്ഞു. അതിൽ ഒരുകാര്യംകൂടി കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിലവർദ്ധനവിൻെറ കാര്യത്തിൽ ഇപ്പോഴാം കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. സുബ്രഹ്മണ്യവും മററുചില കാൺഗ്രസുപാർട്ടി നേതാക്കന്മാരും പറയാറുള്ള ഒരു കാര്യമാണ് കർഷകക്ക് ന്യായമായിട്ടുള്ള വില കൊടുക്കണം; അങ്ങനെ ന്യായമായവില കൊടുക്കേണ്ടി വരുന്നതുകൊണ്ടാണ് ഉപഭോക്താക്കാംക്ക് വില കൂടുന്നതെന്നു്. അടിസ്ഥാനരഹിതമായ, അസംബന്ധമായ വാസ്തവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പ്രസ്താവനയാണിതു്. ആരാണ് ഈ കൃഷിക്കാർ എന്നു പറഞ്ഞാൽ. കർഷകൻ എന്നു പറഞ്ഞാൽ അവരിൽ ബഹുഭൂരിഭാഗവും പാവപ്പെട്ടവരാണ്. പാവപ്പെട്ട കർഷകക്ക് എപ്പോഴാം വില വർദ്ധിക്കും എന്നു നോക്കിയിരുന്നു നെല്ലു വിൽക്കാനുള്ള സൗകര്യം കിട്ടുന്നില്ല. അവരാണെങ്കിൽ കൊയ്ത്തുകഴിഞ്ഞാൽ ആ സമയത്തു തന്നെ നെല്ലുവിൽക്കുന്നവരാണ്. കൊയ്ത്തു സമയത്താണെങ്കിൽ മാർക്കററുവിലയിൽ എത്രയോ താണ നിലവാരത്തിലുള്ള വിലയേ അവക്ക് കിട്ടുകയുള്ളു. ഈ നാട്ടിലെ പാവപ്പെട്ട ഇടത്തരക്കാരും, വ്യവസായത്തൊഴിലാളികളും ഒക്കെത്തന്നെ പാവപ്പെട്ട കർഷകക്ക് ന്യായമായിട്ടുള്ള വില കിട്ടുന്നതിനുവേണ്ടി എന്തു വ്യവസ്ഥ ചെയ്താലും അതിനെ എതിർക്കുകയില്ല. പക്ഷേ, പാവപ്പെട്ട കർഷകരുടെ പേരും പറഞ്ഞു് ഇപ്പോഴാം ആക്കാണ് കൂടുതൽ വില കിട്ടുന്നതു്? ഇപ്പോഴാം കൂടുതൽ വില കിട്ടുന്നതു് ഈ നാട്ടിൽ ഏററവും വൻകിടക്കാരായ, ഏററവും പണക്കാരായ, വൻകിട ഭൂപ്രഭുക്കന്മാക്കാണ്. അവരേക്കാഠം ലാഭംകിട്ടുന്നതു് ഒരുപിടി വൻകിട കച്ചവടക്കാക്കും, ബാങ്കർമാക്കുമാണ്. ഏററവും പാവപ്പെട്ട കൃഷിക്കാക്ക് കൊയ്ത്തുകഴിഞ്ഞാൽ ഉടൻതന്നെ നെല്ലു വിൽക്കുന്ന കർഷകക്ക് എന്തു കിട്ടുന്നുവെന്നു വിശേഷിച്ചു പറയണമെന്നില്ല. കേന്ദ്രഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. സുബ്രഹ്മണ്യവും എല്ലാ കാൺഗ്രസ് നേതാക്കന്മാരും കർഷകരുടെ കാര്യം പറയുമ്പോഠം, പാവപ്പെട്ട, കൊയ്ത്തു കഴിഞ്ഞാൽ ഉടനെ നെല്ലു വിൽക്കുന്ന കർഷകരുടെ കാര്യമല്ല പറയുന്നതു്; കൊയ്ത്തുകാലത്തു് കുറഞ്ഞ വില കൊടുത്തു നെല്ലുവാങ്ങി, അതു് സമയം വരുമ്പോഠം വർദ്ധിച്ച ലാഭത്തിനു വിൽക്കുന്ന ഒരുപിടി ഭൂഉടമകളെ പ്പററിയാണ്. അങ്ങനെ ഒരുപിടി വൻപിച്ച കച്ചവടക്കാക്കും, ഒരുപിടിഭൂവുടമകാംക്കും വേണ്ട സഹായം നൽകാനും, കൊള്ള ലാഭം അടിക്കുന്നതിനുവേണ്ടി ബാംകർമാരെ സഹായിക്കാനും അവസരം നൽകിക്കൊണ്ടു് ഈ നാട്ടിലെ കർഷകക്കു ന്യായമായ വില കൊടുക്കുകയും, അതുപോലെതന്നെ ഉപഭോക്താക്കാംക്കു ചുരുങ്ങിയ വിലയ്ക്കു സാധനങ്ങാം നൽകുകയും ചെയ്യാൻ കഴിയാത്ത ഒരു പരിതഃസ്ഥിതിയിലാണ് ഇന്നു എത്തിച്ചേർന്നിരിക്കുന്നതു്. എല്ലാവിധത്തിലും ജനങ്ങളെ ദ്രോഹിക്കുന്ന നയം അംഗീകരിച്ചിരിക്കുന്ന, അഴിമതി മുതലായ നടപടികാം തുടർന്നുകൊണ്ടിരിക്കുന്ന ഈ ഗവൺമെൻറു് ഇനി ഒരു നിമിഷംപോലും അധികാരത്തിൽ ഇരിക്കാതെ പുറത്തുപോകേണ്ടതാണ്. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ബേബിജാൺ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ പിന്താങ്ങിക്കൊണ്ടു സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. അവിശ്വാസ പ്രമേയത്തെ പിന്താങ്ങിക്കൊണ്ടു സംസാരിക്കുന്നതു് വളരെയധികം വിഷമ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബേബി ജാൺ]

മുള്ള കാര്യമാണ്. 1962—ൽ ഈ നിയമസഭയിൽ നിന്നു കൊണ്ടുതന്നെ ഭരിക്കുവാനുള്ള ഈ മന്ത്രിസഭയ്ക്കു ഭരിക്കുവാനുള്ള അവകാശം ധാർമ്മികമായി നഷ്ടപ്പെട്ടുപോയി എന്നു പറഞ്ഞതാണ്. സർ, ഇന്നു ഈ മന്ത്രിസഭ സ്വാഭാവികമായും അതിന്റെ പതനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ചതിവിൽ ചതിവിൽ ജനിച്ചു, വളർന്നു, ചതിവിൽ മരിക്കുന്ന ഒരു മന്ത്രിസഭയാണ് ഇതു്. 1960—ലെ പൊതുതിരഞ്ഞെടുപ്പു കാലത്തു മുസ്ലീംലീഗും, പി. എസ്. പി. യും കാൺഗ്രസ്സും കൂടി ചേർന്നു നിന്നുകൊണ്ട് ഞങ്ങൾ ഒന്നിച്ചുനിന്നു ഈ നാടു ഭരിക്കും എന്നു ഉറപ്പു നൽകിയതിനുശേഷം നിയമസഭ രൂപീകരിച്ചുകഴിഞ്ഞപ്പോൾ അധികാരം കൈയിൽ ഏറ്റെടുക്കുവാൻ നേരത്തു ആദ്യമായി മുസ്ലീം ലീഗിനെ തഴഞ്ഞു കളഞ്ഞു. ആദ്യം സ്പീക്കർ പദവി നൽകിയെങ്കിലും പിന്നീട് തഴഞ്ഞു കളയുകതന്നെയാണ് ചെയ്തതു്. അങ്ങനെ ജനങ്ങൾക്കു നൽകിയ ഉറപ്പും വാഗ്ദാനവും ആദ്യം തന്നെ ലംഘിച്ചു. സ്വാഭാവികമായി ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു ഗവണ്മെന്റിനു ഇങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിൽ ചെയ്യാനുള്ളതു് അധികാരം ഒഴിഞ്ഞിട്ടു ജനങ്ങളുടെ ഇടയിൽവന്നു പുതിയ മാൻഡേറ്റു സ്വീകരിക്കുകയായിരുന്നു അതു ചെയ്തിട്ടില്ല അങ്ങനെ ഒരു കക്ഷിയെ തഴഞ്ഞിട്ട് പി. എസ്. പി. യുമായി യോജിച്ചുനിന്നുകൊണ്ടു് ഭരണം നടത്തി. ഞങ്ങൾക്കറിയാം, ഒരു സുപ്രഭാതത്തിൽ ഈ രാജ്യത്തെ അന്നത്തെ തലവനായിരുന്ന ഒരാളെ ഗവർണ്ണറാക്കിയിട്ട്, രാഷ്ട്രീയ കോഴ കൊടുത്തുകൊണ്ടു് സ്ഥാനം മാറ്റി. അതു ചെയ്തതും കാൺഗ്രസ്സ് തന്നെയാണ്. അധികാരത്തിലിരുന്ന, ഭരിച്ചുകൊണ്ടിരുന്ന ഒരാളെ ഒരു രാത്രികൊണ്ടു് മറ്റൊരു പദവിയിലേക്കു ഉയർത്തി. അങ്ങനെ ചതിവിൽക്കൂടി പി. എസ്. പിയേയും തഴഞ്ഞു കാൺഗ്രസ്സ് അധികാരം ഏറ്റെടുത്തു. അങ്ങനെ കാൺഗ്രസ്സ് ഒറ്റയ്ക്കു അധികാരത്തിൽ വന്നു. അതു കഴിഞ്ഞു കാൺഗ്രസ്സ് ശ്രീ പി. ടി. ചാക്കോയെ തഴഞ്ഞു. അതിന്റെയൊക്കെ ആകെക്കൂടിയുള്ള ഫലമായിട്ടു വലിയൊരു ചതിവു ഇപ്പോൾ നടക്കുകയുണ്ടായി. പി.എസ്.പി. ഈ ഗവണ്മെന്റിനെതിരായി നിന്നു. മുസ്ലീംലീഗു ഈ ഗവണ്മെന്റിനെതിരായി നിന്നു. പ്രതിപക്ഷാംഗങ്ങൾ എല്ലാം തന്നെ ഈ ഗവണ്മെന്റിനെതിരായി നിന്നു. ഭരണകക്ഷിയിലെ പാർട്ടിയുടെ താൽപ്പര്യം സംരക്ഷിക്കുന്നതിലുള്ള സംഘട്ടനംമൂലം കാൺഗ്രസ്സ് പാർട്ടിയിലെ ഒരു വിഭാഗവും മാറി. ചതിവിൽ ജനിച്ചു ചതിവിൽ വളർന്ന ഈ ഗവണ്മെന്റു ചതിവിൽ കൂടി മരിക്കുന്നതിൽ എന്താണ് സ്വാഭാവികമല്ലാതെയുള്ളതു്. ഞങ്ങൾ എന്തുകൊണ്ട് ഈ അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. പ്രതിപക്ഷകക്ഷിയായ പി. എസ്. പി. യുടെ നേതാവു് അതു വിശദമാക്കിയിട്ടുണ്ട്. ഈ ഗവണ്മെന്റു അധികാരത്തിലിരിക്കുന്നതു്, ഈ രാജ്യത്തെ സാധാരണക്കാരായ ജനങ്ങൾക്കു അപകടകരമാണെന്നു പൂർണ്ണവിശ്വാസം ഉണ്ട്. ആറുമാസമല്ലേയുള്ളു, അതുകൊണ്ടു പ്രത്യേകമായി എന്തു അപകടമാണ് ഉണ്ടാകാൻ പോകുന്നതു് എന്നു ചോദിച്ചാൽ ഈ ഗവണ്മെന്റു ഇനി ഒറ്റനിമിഷംപോലും അധികാരത്തിൽ ഇരുന്നുകൂടാ. എത്രനാൾ അധികാരത്തിൽ തുടരുന്നുവോ, അത്രയുംകൂടി അപകടം സാധാരണക്കാരിൽ ഉണ്ടാകും. അതു ഒഴിവാക്കുന്നതിനു വേണ്ടി അധികാരത്തിൽ നിന്നും ഒഴിയണമെന്നു ഞാൻ ആവശ്യപ്പെടുന്നു. വേണ്ടി ഈ ഗവണ്മെന്റു എന്തൊക്കെ ഈ നാടു നന്നാക്കുവാൻ വേണ്ടി ചെയ്തിട്ടുണ്ട്? എന്റെ സ്നേഹിതന്മാർ ശ്രീമാൻ പൊടിപ്പാറയും ശ്രീ. കുറുപ്പും വളരെയൊക്കെ ചെയ്തിട്ടുണ്ടെന്നു പറഞ്ഞതല്ലാതെ എന്തണെന്നു പറയുവാൻ ശ്രമിച്ചിട്ടില്ല. അതൊക്കെ പ്ലാറ്റുഫാറത്തിൽ പറഞ്ഞുകൊള്ളാം അവിടെ വച്ചുകണ്ടുകൊള്ളാം എന്നു് പറഞ്ഞു. ഞാനും അതുതന്നെയാണ് പറഞ്ഞതു്. സർ, ഈ ഗവണ്മെന്റിന്റെ ഇത്രയും കാലത്തെ ഭരണത്തെ ആകെക്കൂടി ഒറ്റവാക്യത്തിൽ പറഞ്ഞാൽ 'അഴിമതി നിന്റെ പേർ എന്തെന്നു ചോദിച്ചാൽ, 'ശങ്കർ മന്ത്രിസഭ, എന്ന ഉത്തരമാണ്. സ്വജനപക്ഷപാതമേ നിന്റെ പേർ എന്തെന്നു ചോദിച്ചാൽ ശങ്കർ മന്ത്രിസഭ എന്ന ഉത്തരമാണ്. അങ്ങനെ ഈ രാജ്യത്തു ഒരു സൽപേരു നൽകുന്നതിനുപകരം, ഈ രാജ്യത്തു സാധാരണക്കാരായ ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുന്നതിനു വേണ്ടിയുള്ള പരിശ്രമം നടത്തുന്നതിനു പകരം, അധികാരം കൈയിൽ വച്ചുകൊണ്ടു് സ്വാതന്ത്

താൽപ്പര്യം സംരക്ഷിക്കുന്നതിനാൽ, സ്വന്തം പാർട്ടിപോലും പ്രക്ഷോഭം
നടത്തുന്ന ജുഗുപ്സാവഹമായ നടപടികളാണ് ഈ ഗവണ്മെൻറു തുടരുന്നത്.
ഒരോരോ ആരോപണങ്ങളെപ്പററി എടുത്തെടുത്തു ഞാൻ പറയുന്നില്ല. പള്ളിക്കൂട
ങ്ങൾ കൊടുത്തതിനെപ്പററി കൈക്കൂലി ആരോപണം ഞാൻ മുഖ്യമന്ത്രിയുടെ
പേരിൽ ഉന്നയിക്കുന്നില്ല പക്ഷേ ഒരു വസ്തുത നെഞ്ചത്തുകൈവച്ചു ആലോചി
ക്കണം. പള്ളിക്കൂടം വിതരണം മൂലം അഴിമതി കുറച്ചു കൂടിയിട്ടില്ലേ?
അതു നടന്നിട്ടുണ്ട്. അതിനു പ്രത്യേക ഉദാഹരണങ്ങൾ എടുത്തു പറയേണ്ട
ആവശ്യമില്ല. അതുപോലെതന്നെ ഐ. ജിയുടെ കാര്യം. ഐ. ജി. വി. പി.
നായരെ പ്പററി അന്വേഷിക്കണം എന്നു പ്രതിപക്ഷത്തു നിന്നും അഭ്യർത്ഥിക്കുക
യുണ്ടായി. അന്വേഷിക്കാം എന്നെല്ലാം അന്നു പറഞ്ഞുവെങ്കിലും കാര്യമായി
അന്വേഷിച്ചിട്ടില്ല. ജനാധിപത്യ വ്യവസ്ഥിതി നടക്കണമെന്നു ആഗ്രഹിക്കുന്നു
വെങ്കിൽ ഉദ്യോഗസ്ഥന്മാരെ തമ്മിൽ ഭിന്നിപ്പിക്കുന്ന രീതി ഒഴിവാക്കി
രാഷ്ട്രീയത്തിൽ നിന്നും അവരെ അകററി രാഷ്ട്രീയത്തിനും അതീതമായ ഒരു
സിവിൽ സർവ്വീസ് അനുപേക്ഷണീയമാണ്, ഈ ഗവണ്മെൻറു അധികാരത്തിൽ
വന്നതിനുശേഷം ഉദ്യോഗസ്ഥന്മാരെ തമ്മിൽ ഭിന്നിപ്പിക്കുക എന്നുള്ളതു ഒരു
നയമായി സ്വീകരിച്ചിട്ടുണ്ട്. ഐ. ജി. യുടെ പ്രശ്നം തന്നെ പരിശോധി
ക്കണം. എന്തു ഗതികേടാണ് ആ ഒററ കാരണംകൊണ്ടുതന്നെ ഈ മന്ത്രിസഭയ്ക്കു
അതിന്റെ സ്ഥാനത്തിനു വന്നിട്ടുള്ളതു. ഈ മന്ത്രി സഭ ഒരു പ്രസ്താവന
ഇറക്കുകയുണ്ടായി ഐ. ജി. യെ ട്രാൻസ്ഫർ ചെയ്യു എന്നു. എന്നാൽ
കാൺഗ്രസ്സ് ഭരിക്കുന്ന കേന്ദ്രത്തിൽനിന്നും അങ്ങനെയൊരു ഉത്തരവു
ഇതുവരെ നടപ്പാക്കിയിട്ടില്ല എന്നുള്ളതാണ് വാസ്തവം. മന്ത്രിസഭയും
ഇവിടത്തെ ഐ. ജി. യും തമ്മിൽ ഒരു മത്സരം നടന്നു. അതിൽ ഈ മന്ത്രിസഭ
തോററു. ഐ. ജി. ജയിച്ചു. ആ ഒരു കാരണംകൊണ്ടുമാത്രം ഈ മുഖ്യമന്ത്രി
ഒഴിയുകയല്ലേവേണ്ടതു? മുഖ്യമന്ത്രി ഒഴിയണം. അതോടൊപ്പം ജനാധിപത്യ
വ്യവസ്ഥിതിയിൽ ഇങ്ങനെയുള്ള കളികൾ കളിക്കുന്ന ഉദ്യോഗസ്ഥന്മാരും
പാടില്ല എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, ഈ ഗവണ്മെൻറിന്റെ
നാലു വർഷക്കാലത്തെ ഭരണംകൊണ്ട് തൊഴിലാളികൾക്കു സംതൃപ്തിയുണ്ടായി
ട്ടുണ്ടോ? അതില്ല. ഈ ഗവണ്മെൻറു അധികാരത്തിൽ വന്നതിനുശേഷം
നമ്മുടെ സംസ്ഥാനത്തു പുതുതായി വ്യവസായങ്ങൾ ആരംഭിക്കുമെന്നു
പറഞ്ഞുവെങ്കിലും നിലവിലുണ്ടായിരുന്ന കയർ വ്യവസായം
കശുവണ്ടി വ്യവസായം തുടങ്ങിയ, വളരെയധികം ആളുകൾക്കു
തൊഴിൽ നൽകിക്കൊണ്ടിരുന്ന പല വ്യവസായങ്ങളും ഇന്നു
തകർന്നിരിക്കുകയാണ്. ഭക്ഷ്യക്ഷാമത്തിനു പരിഹാരം ഉണ്ടാക്കുന്നു
തിനോ വിലക്കയററം ഫലപ്രദമായി തടയുന്നതിനോ ആവശ്യമായ
നടപടികൾ ഒന്നുംതന്നെ ഈ ഗവണ്മെൻറു ചെയ്തിട്ടില്ല. ഒരു
ഗവണ്മെൻറു പോകുന്നതിനു മതിയായ കാരണങ്ങൾ ഇതിലധികം എന്തു
വേണം. ഈ ഗവണ്മെൻറ് അധികാരത്തിൽനിന്നും ഒഴിഞ്ഞു പോകുക
എന്നുള്ളതു രാജ്യത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ഈ ഗവണ്മെൻറിനെ
തിരായി കൊണ്ടു വന്നിരിക്കുന്ന ഈ അവിശ്വാസപ്രമേയത്തെ ഞാൻ എന്റെ
സകല ശക്തികളും ഉപയോഗിച്ചു പിന്താങ്ങുകയാണ്.

<u>ശ്രീ. സി. എം. സ്റ്റീഫൻ:</u> സ്പീക്കർസാർ, ഞാൻ ഈ അവിശ്വാസ പ്രമേ
യത്തെ എതിർക്കുകയാണ്. ഈ അവിശ്വാസ പ്രമേയത്തെ എതിർക്കേണ്ടി
വന്നതിൽഎനിക്കു ഖേദമുണ്ട്. മന്ത്രിസഭയുടെ ചരിത്രത്തിൽ ഈ മന്ത്രിസഭ
ക്കെതിരായി കൊണ്ടുവന്നിട്ടുള്ള അവിശ്വാസപ്രമേയത്തെ എതിർക്കുന്നതിനു
വേണ്ടിഞാൻ എഴുന്നേററു നില്ക്കുന്നതു ഇതുനാലാമത്തെ തവണയാണ്. കഴിഞ്ഞ
അവിശ്വാസ പ്രമേയത്തിനുശേഷം ഈ രാജ്യത്തു് വന്നിട്ടുള്ള സ്ഥിതിഗതി
കളും ഈ സഭയ്ക്കുതന്നെ വന്നുചേർന്നിട്ടുള്ള മാററങ്ങളും മററും കണക്കിലെടുത്തു
കൊണ്ട് എനിക്കു തോന്നുന്ന ചില കാര്യങ്ങൾമാത്രം പറയണമെന്നു ഞാനാഗ്ര
ഹിക്കുകയാണ്. ഈ സഭയുടെ രംഗംതന്നെ വളരെയേറെ മാറിയിട്ടുണ്ട്.
പാർട്ടികളുടെ സംഖ്യ വളരെയധികം വർദ്ധിച്ചിട്ടുണ്ട്. പാർട്ടിലീഡറന്മാർ
തന്നെ വർദ്ധിച്ചിട്ടുണ്ട്, മാറിയിട്ടുണ്ട്. കമ്മ്യൂണിററു പാർട്ടി രണ്ടു പാർട്ടി
യായി പിരിഞ്ഞു എന്നു മാത്രമല്ല. ഇടയ്ക്കു് മററു രണ്ടു പാർട്ടികൾ കൂടി വന്നു ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. സ്റ്റീഫൻ]

പാർട്ടിയെ വളരെയധികം അകററിയിട്ടുമുണ്ട്. എന്റെ സ്നേഹിതന്മാരിൽ ചിലരും അപ്പുറത്തേക്ക് മാറിയിരിക്കുകയാണ്. കഴിഞ്ഞ നാലുനാലരക്കൊല്ലക്കാലം ഈ രാജ്യത്തുണ്ടായിട്ടുള്ള ചിന്താഗതികളിൽകൂടി തന്നെ പരിശോധിക്കുമ്പോൾ ഈസഭതന്നെ മാറിയിരിക്കുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. ഈ. എം. എസ്സ്. ഇതിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. കേരളാ കാൺഗ്രസ്സിൽ ഒരു ഭിന്നിപ്പുണ്ടായിഎന്നുള്ളത് സത്യംതന്നെയാണ്. ആ ഭിന്നിപ്പ് പരിഹരിക്കുന്നതിനുവേണ്ടിയും പിണങ്ങിപ്പോയ സഹോദരന്മാരെ യോജിപ്പിക്കുന്നതിനു വേണ്ടിയും ഭിന്നിപ്പിന്റെ കാരണം അന്വേഷിക്കുന്നതിനുവേണ്ടിയും തറവാട്ടിലെ കാരണവന്മാർ വരിക എന്നുള്ളതു കാരണവന്മാരുടെ കടമയാണ്, സ്വാഭാവികമാണ്. ഭിന്നിച്ചുനില്ക്കുന്ന ഈ. എം. എസ്സിനേയും കൂട്ടരേയും അനുനയിപ്പിക്കണമെങ്കിൽ യോജിപ്പിച്ചു നിർത്തണമെങ്കിൽ ക്രൂഷ്ചേവും മാവോ-സേ തുങ്ങും ആണ് ഇവിടെ വരേണ്ടതെന്നുള്ളതും ഞാൻ അവരെ അനുസ്മരിപ്പിക്കുകയാണ്. കാൺഗ്രസ്സിനകത്തെ കുതികാൽ വെട്ടിനെ സംബന്ധിച്ചും, ഭിന്നതയെ സംബന്ധിച്ചും ഒരു വാക്കോ, എന്തെങ്കിലുമൊരു ആക്ഷേപമോ പറയാൻ ഏററവും അവകാശം കുറഞ്ഞ ഒരാൾ ഈ നിയമസഭയിൽ ഉണ്ടെങ്കിൽ അതു ഉരുക്കുപോലെ ഉറച്ചിരുന്ന കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നെഞ്ചിൽ കനത്ത കഠാരി ഉപയോഗിച്ച് കുത്തിപ്പിളർന്ന, ചൈനയുടെയും മാവോസേതുങ്ങിന്റെയും പാദസേവ ചെയ്യുന്ന ശ്രീ. ഈ. എം. എസ്സ്. അല്ലാതെ മററാരുമല്ല.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ചൈനയുടെ പാദസേവ നടത്തുന്നു എന്നു പറഞ്ഞതിനു് എന്തെങ്കിലും തെളിവുണ്ടോ? ഉണ്ടെങ്കിൽ അതു് മേശപ്പുറത്തു് വെയ്ക്കാമെങ്കിൽ അതു് സമ്മതിക്കാൻ ഞങ്ങൾ തയാറാണ്. ചൈനയുടെ പാദസേവ ചെയ്യുന്നുവെന്നു പറഞ്ഞതു് ആർഡറിലാണോ?

<u>മി. സ്പീക്കർ:</u> ബഹു: മെമ്പർമാർ വ്യക്തിപരമായ ആരോപണങ്ങൾ കഴിവതും ഒഴിവാക്കുന്നതു് നന്നായിരിക്കും.

<u>ശ്രീ. സി. എം. സ്റ്റീഫൻ:</u> സർ, ഞാൻ പറഞ്ഞതിൽ ആക്ഷേപമുണ്ടെങ്കിൽ ഞാനതു പിൻവലിച്ചിരിക്കുന്നു.

കഴിഞ്ഞ പ്രാവശ്യം അവിശ്വാസപ്രമേയത്തിന്റെ ചർച്ച വന്നപ്പോൾ ആ പ്രമേയം പരാജയപ്പെടുമെന്നുള്ള നിലയിലാണ് ഞാൻ സംസാരിച്ചിരുന്നതു്. എന്നാൽ ഇന്നത്തെ അവിശ്വാസപ്രമേയത്തിൽ പങ്കെടുക്കുന്നതു് ഈ ഗവണ്മെന്റിന്റെ ആയുസ്സ് നാളെക്കൊണ്ട് അവസാനിക്കുമെന്നുള്ള നിലയിലാണ്. എങ്കിലും എനിക്ക് ജനാധിപത്യത്തിൽ വിശ്വാസമുണ്ട്. ഇവിടെ നടന്ന ചർച്ച ഒരു 'ഫാഴ്സാ'ണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഈ ചർച്ചയുടെ വെളിച്ചത്തിൽ അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതന്മാർ അവരുടെ നില പുനഃപരിശോധന ചെയ്തിട്ടുണ്ടോ? ഈ ചർച്ച ഒരു ഫാഴ്സായി സ്വീകരിക്കാതെ വളരെ സീരിയസായി ചിന്തിക്കണമെന്നും അതിനെ കൈകാര്യം ചെയ്യണമെന്നും ഞാൻ എന്റെ സ്നേഹിതന്മാരോട് പറയുകയാണ്. ഈ ചർച്ചയുടെ വാദങ്ങളും പ്രതിവാദങ്ങളും കേട്ടിട്ട് ഇതിൽ ഒരു പുനഃപരിശോധന ആവശ്യമാണോ എന്നു നോക്കിയിട്ട് അവിശ്വാസപ്രമേയത്തെ പിൻതാങ്ങിയോ പിൻതാങ്ങാതെയോ വോട്ടു ചെയ്യണം. ഇന്നത്തെ നിലയിൽ അവിശ്വാസ പ്രമേയം ജയിക്കാൻ സാദ്ധ്യതയുണ്ട്. എങ്കിലും ഞാൻ ആവർത്തിക്കുകയാണ് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരാളെന്നുള്ള നിലയിൽ ഈ ഗവണ്മെന്റിൽ വിശ്വാസം നഷ്ടപ്പെട്ടു എന്നു പറയുന്നതു് വെറും ബാലിശമാണ്. മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് അവിശ്വാസ പ്രമേയത്തെ പിൻതാങ്ങി വോട്ടുചെയ്തിട്ട് അവരുടെ നില എന്താണെന്നുള്ളതിനെപ്പററി ചിന്തിക്കണം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അഞ്ചരമാസം എന്നു പറയുന്നതു് അത്ര വലിയ നഷ്ടമൊന്നുമല്ല. ഒരു അപകടവും കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളവും വരാനുമില്ല. ഇത്തരം സംഭവങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്, ഒറീസായിൽ ഉണ്ടായിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മററു സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇനിയുള്ള അഞ്ചരമാസം ഇവിടെ കാൺഗ്രസ്സ് ഗവണ്മെൻറു അധികാരത്തിലിരുന്നില്ലെന്നു് വച്ചു് കാൺഗ്രസ്സിനെസംബന്ധിച്ചിടത്തോളം ഒരു അപകടവും ഇല്ല. പക്ഷേ, നാളെ ജനങ്ങളുടെ പ്രതിനിധികളായി കോൺഗ്രസ്സിൻെറ പേരിൽ എൻെറ സ്നേഹിതന്മാർക്കു് പതിനഞ്ചുപേർക്കും ഹാജരാകാൻ സാധിക്കുമോയെന്നുള്ളതിനെപ്പററി ചിന്തിക്കണം. ഈ അഞ്ചരമാസത്തിനിടയിൽ കേരളത്തിൽ സംഭവിക്കാൻ പോകുന്നതെന്താണെന്നുള്ളതിനെപ്പററി ചിന്തിക്കണം. അതായതു് നാലാം പദ്ധതിയുടെ കരടുരൂപം തയാറാക്കികൊണ്ടിരിക്കുകയാണു്. ഇരുപതിനായിരത്തോളം കോടി രൂപായുടെ പദ്ധതിക്കുള്ള കരടു തയാറാക്കിയിട്ടുണ്ട്. 1957-ൽ രണ്ടാം പദ്ധതിയുടെ കരടുരേഖ തയാറാക്കിയ അവസരത്തിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതിൻെറ ഫലമായിട്ടു വളരെയധികം നഷ്ടം സംഭവിക്കുകയും അങ്ങനെ കണ്ണുനീർ വാക്കുകയും ചെയ്തിട്ടുണ്ട്. ഇന്നു് നാലാം പദ്ധതിയുടെ കരടു രേഖതയാറാകുന്ന ഈ അവസരത്തിൽ ജനങ്ങളെ പ്രതിനിധാനം ചെയ്യുന്ന പാർട്ടി അതായതു് കമ്മ്യൂണിസ്റ്റോ, കാൺഗ്രസ്സോ, എസ്സ്. എസ്സ്. പി. യോ ഏതു് ഗവണ്മെൻറായാലും ശരി ഇതിനെപ്പററി സംസാരിക്കാൻ സാഹചര്യം ഇല്ലാതെവരുന്ന പക്ഷം നമുക്കാവശ്യമായ വിഹിതം കിട്ടാതെ പോകും. കഴിഞ്ഞ നാലരവഷ്ത്തെ ഈ ഗവണ്മെൻറിൻെറ ഭരണംകൊണ്ട് വ്യാവസായിക രംഗത്തു് വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ട്. അങ്ങനെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വ്യവസായത്തെ മുന്നോട്ടു കൊണ്ടുപോകേണ്ടതു് വളരെ ആവശ്യമാണു്. അടുത്തതായി ഇൻഡ്യയുടെ ഒട്ടാകെയുള്ള താല്പര്യം കണക്കിലെടുക്കണമെന്നുള്ളതാണു്. ഇന്നു് ഇൻഡ്യയെ ഒരു വശത്തു നിന്നു ചൈനയും മറുവശത്തുനിന്നു് പാക്കിസ്ഥാനും ആക്രമിച്ചുകൊണ്ടിരിക്കുകയാണു്. മഹാനായ പണ്ഡിററു് നെഹ്റു ഉണ്ടായിരുന്നപ്പോൾ ഇൻഡ്യയ്ക്കു് ഒരു സ്റ്റേബിലിററിഉണ്ടായിരുന്നു. ഈ സന്ദർഭത്തിൽ ഇൻഡ്യയുടെ സ്റ്റേബിലിററിക്കുവേണ്ടി എല്ലാവരും പ്രവത്തിക്കുന്നതു് അനുഗുണമായിരിക്കും. അടുത്ത തിരഞ്ഞെടുപ്പിൽ ഒരു കാൺഗ്രസ്സ് മന്ത്രിസഭ ഇവിടെ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ടോയെന്നു് ഞാൻ ചോദിക്കുകയാണു്. ശ്രീ. വിശ്വംഭരൻ പറയുകയുണ്ടായി ഇവിടെ ഒരു മന്ത്രിസഭ രൂപീകരിക്കുകയാണെങ്കിൽ അതിൽ അവർ പങ്കെടുക്കുകയില്ലെന്നു് ഞങ്ങളിൽനിന്നും വിട്ടുനില്ക്കുന്ന പതിനഞ്ചു സ്നേഹിതന്മാർ ഇവിടെയുണ്ട്. നിങ്ങൾ മാറി നില്ക്കുന്നതിനു് എന്തെങ്കിലും കാരണമുണ്ടോ? ചിലർ ഐ. ജി. യെമാററുന്നതിനെപ്പററി പറയുകയുണ്ടായി. പക്ഷേ, ഒരു കാര്യം എനിക്കു പറയുവാനുള്ളതു് ഒരു ഗവണ്മെൻറുണ്ടാക്കാൻ ഇനി സാദ്ധ്യതയുണ്ടോ? അഥവാ ഉണ്ടാക്കിയാൽ തന്നെ ആ ഗവണ്മെൻറിൻെറ ഭരണം സ്ഥായിയായിരിക്കുമോ? ഇന്നത്തെ നിലയിൽ ഈ ഗവണ്മെൻറിനെ തകക്കാനും ഇതിനെ താഴെയിടാനും നിങ്ങൾക്കു് സാധിക്കുമായിരിക്കും. കാൺഗ്രസ്സിൻെറ നേതൃത്വത്തെ സംബന്ധിച്ചോ, കാൺഗ്രസ്സിനെ സംബന്ധിച്ചോ നിങ്ങൾക്കു് ആക്ഷേപമുണ്ടെങ്കിൽ അതു് ഇല്ലാതാക്കാൻ ശ്രമിക്കണം. ഈ രാജ്യത്തിലെ 180 ലക്ഷത്തോളം ജനങ്ങളുടെ പ്രശ്നങ്ങൾ കണക്കിലെടുക്കുകയല്ലേ വേണ്ടതു്. എൻെറ സ്നേഹിതന്മാർ പതിനഞ്ചുപേർ മാറിനില്ക്കാനുള്ള പരിതഃസ്ഥിതിയുണ്ടായതെങ്ങനെയാണു്. അവർ എന്തുകൊണ്ട് കാൺഗ്രസ്സിൽനിന്നു് വിട്ടുമാറിനിന്നുകൊണ്ട് സംസാരിക്കുന്നില്ല? കാൺഗ്രസ്സ് സംഘടനയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം. പക്ഷേ അവ ഇല്ലാതാക്കാൻ ശ്രമിക്കേണ്ടതു് കാൺഗ്രസ്സിലുള്ളവരുടെ ചുമതലയാണു്. എട്ടു പത്തു കൊല്ലമായി ജനാധിപത്യത്തിൽ വിശ്വസിക്കുകയും ജനാധിപത്യത്തിനുവേണ്ടി പ്രവത്തിക്കുകയും ചെയ്തിട്ടുള്ള ശ്രീ. കെ. എം. ജോർജ്ജ് ഇന്നു് ഡിസിഡൻറ്സ ഗ്രൂപ്പിൻെറ നേതാവാണു്. എന്താണു് ജനാധിപത്യം? ജനാധിപത്യം എന്നുള്ളതു് ഭൂരിപക്ഷത്തിൻെറ ഭരണമാണു്. 65 പേരിൽ 50 പേക്കു് ഒരു ലീഡർ പതിനഞ്ചു പേക്കു് മറെറാരു ലീഡർ എന്നു പറഞ്ഞാൽ ഞങ്ങൾ അതു സമ്മതിക്കുമോ? ജനാധിപത്യം പുലത്തുന്നതിനാണോ ഈ പതിനഞ്ചു പേരും മുന്നോട്ടു വന്നിട്ടുള്ളതു്? അതു് ജനാധിപത്യമല്ല. 1960-ൽ ശ്രീ. കെ. എം. ജോർജ്ജും ഞാനും ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. സ്റ്റീഫൻ]

യുള്ളവർ ത്രിവർണ്ണപതാകയുടെ മുമ്പിൽനിന്നുകൊണ്ടു് ഈ നാട്ടിലെ ജനങ്ങളോടു് ചില പ്രതിജ്ഞകൾ ചെയ്തിട്ടുണ്ടു്. ആ പ്രതിജ്ഞ സ്ഥാനാർത്ഥികളായി നിന്നിട്ടുള്ളവർ വ്യക്തമായും കളങ്കരഹിതമായും ചെയ്തിട്ടുള്ളതാണു്. ഒരാൾക്കു് മാത്രം ചെയ്യാൻ സാദ്ധ്യമല്ല അതു്. ജനങ്ങളോടുചെയ്തിട്ടുള്ള ആ പ്രതിജ്ഞ നിറവേറേണ്ടതു് ഓരോരുത്തരുടെയും ചുമതലയാണു്. ആ പ്രതിജ്ഞ നാം ത്രിവർണ്ണപതാകയുടെ മുമ്പിൽ നിന്നും ചെയ്തിട്ടുണ്ടു്. അങ്ങനെ എല്ലാവരും അവരവരുടെ കൈ ഒപ്പിട്ട ആ പ്രതിജ്ഞാപത്രം ഞാൻ അനുസ്മരിക്കുകയാണു്. അതിനോടു് വിശ്വാസ വഞ്ചനചെയ്യുന്നതു് ശരിയല്ല. അതിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്.

> "I declare that I will follow and carry out the principles and policies laid down or directions given from time to time by the Indian National Congress, the A. I. C. C., the working Committee and the Central Parliamentary Board. I will, after elections observe the rules framed by the party organisation in the Legislative Assembly and all the instructions and whips issued by the competent authority. I undertake to resign my seat whenever I am called upon to do so by the Central Parliamentary Board."

[Deputy Speaker in the chair.]

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതിൽ പറഞ്ഞിരിക്കുന്നതു് പാലിക്കാൻ ഞങ്ങൾ ഇപ്പോഴും തയാറാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : അതിന്റെ കോപ്പിഒന്നു് മേശപ്പുറത്തു് വയ്ക്കാമോ ?

ശ്രീ. സി. എം. സ്റ്റീഫൻ : മേശപ്പുറത്തുവയ്ക്കാം. ഈ പ്രതിജ്ഞയുടെ അടിസ്ഥാനത്തിലാണു് ഇവർക്കെല്ലാം കോൺഗ്രസ്സിലേക്കു് ടിക്കററു കൊടുത്തതു്. കെ.പി.സി.സി. യിൽ 80 ശതമാനം സീററുള്ളവരാണു് ഈ അൻപതുപേർ ശ്രീ. കെ. എം. ജോർജ്ജു് ഒരു പത്രസമ്മേളനത്തിൽ പറയുകയുണ്ടായി അദ്ദേഹത്തിന്റെ യജമാനൻ ജനങ്ങളാണെന്നാണു്. ഞാൻ ഒരു കോൺഗ്രസ്സുകാരനാണു്. എന്റെ യജമാനൻ എന്റെ പാർട്ടിയാണു്. എന്റെ പാർട്ടിയുടെ യജമാനൻ ഈ രാജ്യത്തിലെ ജനങ്ങളാണു്. അങ്ങനെ ജനങ്ങളാണു് അവരുടെ യജമാനൻ എന്നു വിശ്വസിക്കുന്ന ശ്രീ. കെ. എം. ജോർജ്ജും കൂട്ടുകാരും കൈ ഒപ്പിട്ട പവിത്രമായ പ്രതിജ്ഞാപത്രത്തിലെ പ്രതിജ്ഞയെ ധിക്കരിച്ചുകൊണ്ടു് ഇന്നു് അവർ നടത്തുന്ന ശ്രമം വിജയിക്കട്ടെ എന്നു് ഞാൻ ആശംസിക്കുകയാണു്. സ്വന്തം പാർട്ടിയെ ആത്മാഹുതി നടത്താൻ ഈ രാജ്യത്തെ പതിനഞ്ചുപേർ ശ്രമിക്കുന്നതിനെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. മററുള്ളവരെ സംബന്ധിച്ചു് എനിക്കു് ആക്ഷേപമില്ല. അവിശ്വാസപ്രമേയം കൊണ്ടുവരേണ്ടതു് അവരുടെ ചുമതലയാണു്. അവരുടെ അവകാശമാണു്. പക്ഷേ, എനിക്കതിനെക്കുറിച്ചൊന്നും പറയാനില്ല. കാൺഗ്രസ്സിൽനിന്നും വിട്ടുനില്ക്കുന്ന പതിനഞ്ചു സ്നേഹിതന്മാർ ഇപ്പോൾ പ്രധാനമായി ഉന്നയിക്കുന്നതു് ശങ്കറിനെതിരായുള്ള ആരോപണമാണു്. ശങ്കറിനെപ്പററിയുള്ള ആരോപണമാണെങ്കിൽ അതിൽ വളരെ വ്യക്തമായ നിലപാടു് ഇവിടെനിന്നും സ്വീകരിച്ചിട്ടില്ലേ? ശ്രീ. എസ്സ്. കെ. പട്ടീൽ വളരെ വ്യക്തമായി പ്രതിപാദിച്ചില്ലേ ആരോപണത്തെപ്പററി അന്വേഷിക്കാമെന്നും, അതു് ശരിയാണെങ്കിൽ ഇപ്പോഴത്തെ മന്ത്രിസഭയോടു് രാജിവയ്ക്കാൻ ആവശ്യപ്പെടാമെന്നും. പിന്നെ എന്തിനുവേണ്ടി കാൺഗ്രസ്സു് പാർട്ടീയിൽനിന്നും വിട്ടുനിൽക്കുന്നു ? അവർ കാൺഗ്രസ്സു് പാർട്ടിയിൽനിന്നും മാറിയിട്ടില്ല. കാൺഗ്രസ്സിലെ അംഗങ്ങളാണെന്നു് അവർ ഇപ്പോഴും അവകാശപ്പെടുന്നു. കാൺഗ്രസ്സിലെ അംഗമായി നിന്നുകൊണ്ടു് ജനങ്ങളോടു ചെയ്തിട്ടുള്ള പ്രതിജ്ഞ സ്വീകരിക്കാൻ തയാറാകുന്നില്ല. ഇവിടെ ആരോപണങ്ങൾ ഉണ്ടെന്നു് പറയുകയുണ്ടായി. പക്ഷേ, ആരോപണങ്ങൾ എന്താണെന്നു് എനിക്കു് മനസ്സിലായില്ല. ആരോപണങ്ങൾ എല്ലാവർക്കും കൊണ്ടുവരാം, പക്ഷേ, അതു് കൊണ്ടുവരട്ടെ. ചരിത്രത്തിന്റെ ഏടുകൾ മറിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞകാലത്തെ സംഭവങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയാണ്. ശ്രീ. ശങ്കറിനും ശ്രീ. ദാമോദരമേനോനും എതിരായി ഒരിക്കൽ ഇവിടെ ആരോപണങ്ങൾ ഉണ്ടായിരുന്നു. അപ്പോൾ പാർലമെൻററി എക്സിക്യൂട്ടീവ് യോഗം കൂടി അതിനൊരു തീരുമാനം എടുക്കുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ അപകീർത്തിക്കേസ് കൊടുക്കുകയുണ്ടായി. ഒടുവിൽ അത് പിൻവലിച്ചാൽ മാത്രം പോരെന്നും വീണ്ടും അന്വേഷണത്തിനു വിധേയമാക്കണമെന്നും അതിൻെറ നേതൃത്വം എക്സിക്യൂട്ടീവ് യോഗത്തിൽ ഉന്നയിച്ചു. ആ സന്ദർഭത്തിൽ ഇപ്പോൾ മാറിനിൽക്കുന്ന പതിനഞ്ചുപേരുടെ നിലപാട് എന്തായിരുന്നു. കെ. പി. സി. സി. യോടും സി. കെ. ഗോവിന്ദൻനായരോടും ഇതിനെപ്പററി വീണ്ടും അന്വേഷണം നടത്തേണ്ട ആവശ്യമില്ലെന്ന് അറിയിച്ചു. കേന്ദ്രത്തിലേക്ക് കമ്പി അയച്ചു. അവസാനിച്ച അദ്ധ്യായം വീണ്ടും തുറക്കേണ്ട ആവശ്യമില്ലെന്ന് പ്രധാനമന്ത്രി നെഹ്റുവിനെ അറിയിച്ചു. പിന്നെ ഇന്ന് എന്തുകൊണ്ട് ഈ നിലപാട് സ്വീകരിച്ചു. അന്ന് എന്തുകൊണ്ട് അതിനെ എതിർത്തു. ശ്രീ. പി. ടി. ചാക്കോ മന്ത്രിസഭയിൽ നിന്നും പോകേണ്ട ഘട്ടം വന്നു. അതിനെക്കുറിച്ച് ഇവിടെ ചർച്ച നടത്തുകയുണ്ടായി. അന്ന് എടുത്ത തീരുമാനം രഹസ്യമാണെങ്കിലും അത് വെളിയിൽ വരേണ്ട ഘട്ടമായതുകൊണ്ട് ഞാനിപ്പോൾ പറയുന്നു. പി. ടി. ചാക്കോ പോകണമോ വേണ്ടയോ എന്നുള്ള ചർച്ച നടത്തിയപ്പോൾ ഭൂരിപക്ഷം മെമ്പറന്മാരും പോകണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. പക്ഷേ എൻെറ പതിനഞ്ചുസ്നേഹിതന്മാരും അന്ന് ഒരുവാദം ഉന്നയിക്കുകയുണ്ടായി. അതായത് മി ചാക്കോ പോകണമെങ്കിൽ പോകട്ടെ, പക്ഷേ, മി: ശങ്കറും പോകണമെന്നായിരുന്നു, മി: ശങ്കറിന് എതിരായി ആരോപണങ്ങൾ ഉണ്ടായിരുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ഞങ്ങൾകൂടി ഉൾപ്പെട്ട ഒരു പാർട്ടിയുടെ ഡിസിഷൻ വളരെ തെററായ രീതിയിൽ പറയുന്നത് കേൾക്കുമ്പോൾ അതിനെപ്പററി ചോദിക്കാൻ ഉള്ള അവസരം നിഷേധിക്കുന്നത് ശരിയാണോ ?

ഡെ: സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്കും സംസാരിക്കാൻ സമയം കിട്ടും അപ്പോൾ ഇതിനെപ്പററിയെല്ലാം പറയാം.

ശ്രീമതി കെ. ആർ. ഗൗരി: ഈ പറഞ്ഞതൊക്കെ മേശപ്പുറത്തു വെച്ചാൽ കൊള്ളാം.

ശ്രീ. സി. എം. സ്റ്റീഫൻ : ഇപ്പോൾ മേശപ്പുറത്തുവയ്ക്കാൻ എൻെറ നാക്കു മാത്രമേയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി : അതായാലും മതി.

ശ്രീ. പി. കെ. കുഞ്ഞ് : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, ഒരു മെമ്പർ സഭയിൽ എഴുന്നേററുനിന്നു കൊണ്ട് ചെയറിനോട് അഡ്രസ് ചെയ്തു സംസാരിക്കുന്ന അവസരത്തിൽ നാക്ക് മാത്രമാണ് മേശപ്പുറത്തു വെയ്ക്കാനുള്ളതെന്നു പറയുന്നത് ആർഡറിലാണോ ? അത് ഈ സഭയോട് ചെയ്യുന്ന ധിക്കാരമല്ലേ ?

ഡെ. സ്പീക്കർ: അത് ധിക്കാരപരമായ വാക്കല്ല. അദ്ദേഹത്തിൻെറ കൈവശം രേഖകളൊന്നുമില്ല, അദ്ദേഹം സംസാരിക്കുന്നത് മാത്രമാണ് രേഖയെന്നാണ് പറഞ്ഞതിൻെറ അർത്ഥം.

ശ്രീ. പി. വിശ്വംഭരൻ : സർ, എ പായിൻറ് ആഫ് ആർഡർ. കാൺഗ്രസ് പാർട്ടിയിൽ നടന്ന ചർച്ചകളുടേയും തീരുമാനത്തിൻെറയും അവതരണമാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ മുൻപാകെ വച്ചത്. അവിടെ നടന്ന ചർച്ചകൾ എന്താണെന്നുള്ളതിനെക്കുറിച്ച് ഞങ്ങൾക്ക് യാതൊരു വിവരവുമില്ല. ഈ സന്ദർഭത്തിൽ ആ യോഗത്തിൻെറ മിനിട്ട്സ്

2/3207/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

സഭയിൽ അവതരിപ്പിക്കാതെ ആ കാര്യങ്ങൾ ഇവിടെ പറഞ്ഞതു് തികച്ചും ക്രമവിരുദ്ധമാണു്. ബഹുമാനപ്പെട്ട മെമ്പർ യോഗനടപടികൾ ഉദ്ധരിച്ചുകൊണ്ടു് ഇവിടെ പ്രസംഗിച്ചതുകൊണ്ടു് ആ യോഗത്തിൽ നടന്ന ചർച്ചകളുടെ മിനിട്ട്സിന്റെ കാപ്പി ഇവിടെ അവതരിപ്പിക്കുക എന്നുള്ളതു് സാമാന്യ മര്യാദയാണു്. അതല്ലെന്നുണ്ടെങ്കിൽ മിനിട്ട്സിനെ ഉദ്ധരിച്ചുകൊണ്ടു് ഇവിടെ പറഞ്ഞ കാര്യങ്ങൾ എക്സ്പഞ്ചു് ചെയ്യേണ്ടതാണു്. ഇതു സംബന്ധിച്ചു് ഒരു റൂളിംഗ് തരണം.

ശ്രീ. എം. നാരായണക്കുറുപ്പു് : സഭയിൽ രേഖകൾ മേശപ്പുറത്തു വയ്ക്കുന്നതിനു് ചട്ടങ്ങളുണ്ടു്. ഏതെങ്കിലുമൊരു രേഖയെ നോക്കി വായിക്കുകയാണെങ്കിൽ ആ രേഖ മേശപ്പുറത്തു വയ്ക്കണം. നടന്ന നടപടിയുടെ സാരാംശം പറഞ്ഞാൽ മേശപ്പുറത്തു വയ്ക്കേണ്ട ആവശ്യമില്ല. ആ നിലയ്ക്കു് ക്രമപ്രശ്നത്തിനു് യാതൊരു അടിസ്ഥാനവുമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : നാരായണക്കുറുപ്പു പറഞ്ഞതുപോലെയല്ലെങ്കിലും എന്തെങ്കിലും കോട്ടു ചെയ്യുകയാണെങ്കിൽ ആ രേഖ മേശപ്പുറത്തു വയ്ക്കണം. ഇവിടെ കോട്ടു ചെയ്യലുമില്ല മനസാക്ഷിയുമില്ല, നാവു് എന്നൊരു സാധനമുണ്ടല്ലോ അതു് വയ്ക്കാതെ വേറെ ഏന്താണു് പറയുവാനുള്ളതു്.

ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട മെംബറുടെ ഓർമ്മയിൽനിന്നും പറഞ്ഞതാവണം. യാതൊരു രേഖയിൽനിന്നും വായിക്കാത്ത സ്ഥിതിക്കു് മേശപ്പുറത്തു വയ്ക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. സി. എം. സ്റ്റീഫൻ : ഈ സംഭവത്തിനുശേഷം ഈ രാജ്യത്തു നടന്ന പ്രസംഗങ്ങളുടെ തിരശീല മാററുകയാണു് ഞാൻ ചെയ്യുന്നതു്. ആ സംഭവത്തിനുശേഷം ശ്രീമാൻ ശങ്കർ രാജി വയ്ക്കണമെന്ന മുദ്രാവാക്യം പൊന്തിവന്നു. ചാക്കോ ഉൾപ്പെട്ട മന്ത്രിസഭ നടക്കുന്ന നിമിഷംവരെ ശങ്കർ രാജിവയ്ക്കണമെന്ന മുദ്രാവാക്യമുണ്ടായിരുന്നില്ല. അഴിമതി ആരോപണമുണ്ടായിരുന്നില്ല, സ്വജനപക്ഷപാതമുണ്ടായിരുന്നില്ല, ആ രാത്രിക്കുശേഷം പിറേറ ദിവസം പ്രഭാതം മുതൽ ശങ്കർ രാജിവയ്ക്കണമെന്ന അഭിപ്രായം പൊന്തിവന്നു. ഈ അഭിപ്രായം പൊന്തിവരാനുള്ള കാരണം ഒന്നു മാത്രമേയുള്ളു. അതു് എന്തടിസ്ഥാനത്തിൽ വന്നതെന്നുള്ള കാര്യം ഞാൻ പറയാം. എങ്ങനെയാണു് ഇവിടെ ഈ തകിടം മറിച്ചിലുണ്ടായതു് ? ആ ചരിത്രത്തിന്റെ പുറകിലോട്ടൊന്നു തിരിഞ്ഞു നോക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ സംസ്ഥാനത്തു് ഇതുപോലുള്ള അട്ടിമറി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടു്. 1948-ൽ നടന്നു, 1951-ൽ നടന്നു, 1954 ൽ നടന്നു. ഇവിടെ പല മന്ത്രിസഭകളും തകർന്നിട്ടുള്ളതു് കാൺഗ്രസ്സിനകത്തെ കുതികാൽവെട്ടുകൊണ്ടാണു്. കാൺഗ്രസ്സിന്റെ ഇതുവരെയുള്ള പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം കാൺഗ്രസ്സിന്റെ നയത്തിനു സഹായകരമായിട്ടുള്ള തരത്തിൽ അൽപ്പം പശ്ചാത്താപത്തോടും കുററബോധത്തോടുംകൂടി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. ജനങ്ങൾ ഈ പ്രശ്നത്തെക്കുറിച്ചു് ചിന്തിക്കേണ്ട സമയമായിരിക്കുന്നു. ഇവിടത്തെ സ്ഥിതിഗതികളെപ്പററി ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് നടത്തിയ വിശകലനത്തിന്റെ ചില ഭാഗങ്ങളോടു് ഇക്കാര്യത്തിൽ ഞാൻ യോജിക്കുന്നുണ്ടു്. അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളുടെ ഭാഗങ്ങളോടു ഞാൻ വിയോജിക്കുകയാണു്. ഞാൻ ഈ പറയുന്ന കാര്യങ്ങൾ രാജ്യത്തെ സ്പർശിക്കുന്ന കാര്യങ്ങളായതുകൊണ്ടു് തുറന്ന മനസ്സോടുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. 1948-ലാണു് തിരുവിതാംകൂറിൽ ജനാധിപത്യ ഭരണം നിലവിൽവന്നതു്. 1948, 1951 1954 എന്നീ കൊല്ലങ്ങളിൽ ഇവിടെ മന്ത്രിസഭകൾ തകർന്നിട്ടുണ്ടു്. ഇവിടെ ജനാധിപത്യ ഭരണം നിലവിൽ വന്നതിനുശേഷം ചില വർഗ്ഗീയ മേധാവികൾ അവരുടെ മേധാവിത്വം കാൺഗ്രസ്സിൽ പ്രതിഷ്ഠിക്കാൻ ശ്രമിച്ചിട്ടുണ്ടു്.

ശ്രീ. ബേബിജാൺ : അന്നു മുഖ്യമന്ത്രി ശങ്കറുടെ നിലപാടു് എന്തായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സ്റ്റീഫൻ: ചോദ്യത്തിന് ഞാൻ വഴങ്ങുന്നില്ല.
സ്ഥാപിത താൽപ്പര്യക്കാർ പുറത്തുനിന്നു അധികാരം പിടിച്ചെടുക്കാനുള്ള പല
ശ്രമങ്ങളും ഇവിടെ നടത്തിയിട്ടുണ്ട്. അധികാരത്തിലിരിക്കുന്ന കക്ഷി
യിലെ ആളുകളെ വച്ചുകൊണ്ട് അധികാരം പിടിച്ചെടുക്കുക, കുറേ നിയമ
സഭാ സീററുകൾ കൈവശപ്പെടുത്തുക, അധികാര സമ്മർദ്ദം ചെലുത്തി
ഇതിനൊക്കെ സാധിച്ചില്ലെങ്കിൽ സ്വന്തം പാർട്ടിയിലെ ആളുകളെക്കൊണ്ട്
ഗവണ്മെൻറിനെതിരായി മൽസരിപ്പിക്കുക ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ
ഇവിടെ ധാരാളം നടന്നിട്ടുണ്ട്. ആദ്യത്തെ തിരഞ്ഞെടുപ്പിൽതന്നെ കുറേ
സ്ഥാനങ്ങൾ അവർ ബുദ്ധിപൂർവ്വം കരസ്ഥമാക്കി. പിന്നീടും അവരുടെ
പ്രവൃത്തി അതുതന്നെയായിരുന്നു. കുറേ സീററു കരസ്ഥമാക്കുക, ഗവണ്മെ
ൻറിനോട് വിലപേശുക, ആവശ്യം വരുമ്പോൾ അട്ടിമറിപ്പണി നടത്തുക.
അതിനുവേണ്ടി അതാതുകാലത്ത് ഓരോ 'ഹീറോ'യെ സൃഷ്ടിച്ച് അവരുടെ
മുൻപിൽ നിറുത്തുമായിരുന്നു. കാൺഗ്രസ്സ് എടുത്തിരുന്ന സമീപനം
കാംപ്രമൈസിൻേറതായിരുന്നു. ആ സമീപനം ശരിയോ തെറേറാ ആണെന്നു
നോക്കിയിട്ട് കാര്യമില്ല. അങ്ങനെയൊരു സമീപനം എടുത്തിരുന്നു
എന്നേയുള്ളു. കാംപ്രമൈസിൻെറ സമീപനം എന്നു പറഞ്ഞത് ഗാന്ധിയൻ
തത്വസംഹിതയിൽകൂടിയുള്ള ഒന്നായിരുന്നു. 1948-ലെ തിരുവിതാംകൂർ
ഇലക്ഷനിൽ കാൺഗ്രസ്സ് സ്ഥാനാർത്ഥികളുടെ രംഗപ്രവേശനം ഞാൻ
ഓർക്കുന്നുണ്ട് സർ. ഈ വർഗ്ഗീയ സംഘടനകളുടെ നേതാക്കളെയെല്ലാം
താങ്ങിക്കൊണ്ട് കാൺഗ്രസ്സ് സ്ഥാനാർത്ഥികളെ നിറുത്തി എന്നുള്ളത് ഒരു
വസ്തുതയാണ്. അതിനുശേഷം ഭിന്നിച്ച് മന്ത്രിസഭ തകർന്നു. 1952-ലെ
തിരഞ്ഞെടുപ്പു വന്നപ്പോൾ വീണ്ടും കാൺഗ്രസ്സ് കാംപ്രമൈസിൻേറതായ ഒരു
സമീപനം സ്വീകരിച്ചു. അതു തെററാണോ ശരിയാണോ എന്നുള്ള പ്രശ്ന
ത്തിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഈ വർഗ്ഗമേധാവികൾ ഉദ്ദേശിച്ച
രീതിയിൽ ലക്ഷ്യം സാധിക്കാതെ വന്നപ്പോൾ 'പ്രജാ റിപ്പബ്ലിക്കൻ പാർട്ടി'
എന്ന പേരിൽ ഇവർ തിരുവിതാംകൂർ ഭാഗത്ത് അവതരിച്ചു. അത് 1949-ൽ
പീപ്പിൾ കാൺഗ്രസ്സായി കൊച്ചിയിൽ അവതരിച്ച പാർട്ടിയാണ്. കൊച്ചി
യിൽ ആ പാർട്ടി പരാജയപ്പെട്ടു. ആ പ്രജാപാർട്ടി എ. വി. ജോർജ്ജിൻെറയും
അന്ത്രപ്പേരിൻെറയും നേതൃത്വത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചുവെങ്കിലും
അവർ പരാജയപ്പെട്ടു. ഏതായാലും സ്ഥാപിത താൽപ്പര്യക്കാരുടെ പ്രവർത്തനം
കൊണ്ട് മന്ത്രിസഭ പൊളിയുകയും ചെയ്തു. 1960-ലെ തിരഞ്ഞെടുപ്പു
വന്നു. വളരെ കുററബോധത്തോടുകൂടിതന്നെ ഞാൻ സമ്മതിക്കുകയാണ് സർ,
വീണ്ടും കാൺഗ്രസ്സ് കാംപ്രമൈസിൻേറതായ ഒരു സമീപനം സ്വീകരിച്ചു.
എല്ലാ സ്ഥാപിത താൽപ്പര്യക്കാരേയും ഒത്തൊരുമിപ്പിച്ചുകൊണ്ടു പോകാൻ
കാൺഗ്രസ്സ് ശ്രമിച്ചു. അതിൻെറ ഫലം എന്തായിരുന്നു? ഞങ്ങളുടെ
അണികളിൽ കുറേ 'ട്രോജൻ കുതിരകൾ' കടന്നുകൂടി. ഞാനതു സമ്മതിക്കുന്നു
സർ. രാജ്യസഭാ തിരഞ്ഞെടുപ്പിൽ അതിൻെറ ഫലം കണ്ടില്ലേ? 1960 മുതൽ
ഇന്നുവരെയുള്ള കാൺഗ്രസ്സിൻെറ ചരിത്രം വ്യക്തമാക്കുവാൻ ഞാനാഗ്രഹി
ക്കുകയാണ്. സമ്മർദ്ദ രാഷ്ട്രീയം കാൺഗ്രസ്സിൽ അടിച്ചേൽപ്പിക്കാൻ ഈ
സ്ഥാപിത താൽപ്പര്യക്കാർ ശ്രമിച്ചു എന്നുള്ളത് ഒരു പരമാർത്ഥമാണ് സർ.
കാൺഗ്രസ്സ് ഇന്നതു ചെയ്യണമെന്ന് തീരുമാനിക്കേണ്ടത് കെ. പി. സി. സി.
യല്ല, ഇവിടത്തെ ഒന്നു രണ്ട് പത്രങ്ങളാണ്. കാൺഗ്രസ്സ് പ്രസിഡൻറിൻെറ
ഇലക്ഷനിലും, ഇലക്ഷൻ കമ്മിററിയിലും ആരെയൊക്കെയാണ് തിര
ഞ്ഞെടുക്കേണ്ടത് എന്നുള്ളത് നിശ്ചയിക്കുന്നത് കെ. പി. സി. സി. യല്ല,
വെളിയിൽ നിൽക്കുന്ന ആളുകളാണ്. കഴിഞ്ഞ നാലരക്കൊല്ലമായി ഈ
സ്ഥാപിത താല്പര്യക്കാർ കാൺഗ്രസിനകത്തുനിന്നുകൊണ്ടുതന്നെ പല അട്ടിമറി
പണികളും ഇവിടെ നടത്തിയിട്ടുണ്ട്. ഈ മന്ത്രിസഭ നിലവിലിരിക്കുന്ന
കാലത്തുതന്നെ ഈ സ്ഥാപിത താൽപ്പര്യക്കാർ മുന്നോട്ടുവന്നത് എങ്ങനെ
യാണെന്നു അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. വർഗ്ഗീയത
ഇളക്കിവിടുന്ന മുദ്രാവാക്യങ്ങളുമായി ഈ സ്ഥാപിത താൽപ്പര്യക്കാർ മുന്നോട്ടു
നീങ്ങാൻ തുടങ്ങി. അതിൻെറ ഫലമായിട്ടാണ് കൊട്ടിയൂർ ജാഥയും മററും
ഉണ്ടായത്. കൊട്ടിയൂരിനു ശേഷം അമരാവതിയായി. പിന്നെ പ്രോജക്ററ്
ഏരിയാ കുടിയിറക്കുകാരുടെ പ്രശ്നമായി. ഈ സന്ദർഭങ്ങളിലെല്ലാം ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. സ്റ്റീഫൻ]

സ്ഥാപിത താൽപ്പര്യക്കാർ സാമുദായിക ശബ്ദങ്ങളും മുഴക്കിക്കൊണ്ടാണ് മുന്നോട്ടു നീങ്ങിയതു്. ഈ സമയത്തു് വളരെയധികം കൃതാർത്ഥതയോടുകൂടി ഒരു കാര്യം അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ശ്രീ. പി. ടി. ചാക്കോയും ഞാനും തമ്മിൽ പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ട്. ചാക്കോ മന്ത്രിസഭയിൽനിന്നു പോകണമെന്നാവശ്യപ്പെട്ടവരുടെ കൂട്ടത്തിൽ ഒരാളായിരുന്നു ഞാനും. അതു്, എന്താവശ്യത്തിനാണെന്നു ഞാൻ പിന്നീടു പറയാം. ഏതായാലും ഈ രാജ്യത്തെ സ്ഥാപിത താൽപ്പര്യക്കാരായ മുതലാളിമാരും, ബാങ്കർമാരും, കുത്തക പ്രഭുക്കളും, എസ്റ്റേററുടമകളും, വനംകൊള്ളക്കാരും എല്ലാംകൂടി ഒരുമിച്ച് മതവികാരങ്ങൾ ഇളക്കിവിടാൻ വേണ്ടി സാമുദായികശബ്ദം പുറപ്പെടുവിച്ചുകൊണ്ട് അധികാരം പിടിച്ചുപററാൻ നടത്തിയ നീക്കത്തെ ശ്രീ. പി. ടി. ചാക്കോ ശക്തിയായി എതിർക്കുകയും, അതിനെയെല്ലാം ധീരതയോടുകൂടി നേരിടുകയും ചെയ്തതു് എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ളതാണ്. ക്രൈസ്തവരെ മുഴുവൻ മന്ത്രിസഭക്കെതിരായി അണിനിരത്താനായിരുന്നു സ്ഥാപിത താൽപ്പര്യക്കാർ ശ്രമിച്ചതു്. അതിനെയെല്ലാം ശക്തിയായി എതിർത്തു് അദ്ദേഹം പരാജയപ്പെടുത്തി. അതിന്റെയെല്ലാം ഫലമായി ചങ്ങനാശേരിയിൽവച്ച് ശ്രീ. പി. ടി. ചാക്കോക്കെതിരായി കരിങ്കൊടി കാണിക്കുകവരെ ചെയ്തു. സ്ഥാപിത താൽപ്പര്യക്കാരുടെ ഈ ശ്രമങ്ങളെയെല്ലാം അദ്ദേഹം അവസാനംവരെ ചെറുത്തു. പക്ഷേ പിന്നീട് അദ്ദേഹത്തിന് മന്ത്രിസഭയിൽനിന്നു പുറത്തുപോകേണ്ടിവന്നു. കണ്ണുനീരോടുകൂടിയാണ് ചാക്കോയുടെ പ്രശ്നം കാൺഗ്രസ്സ് സംഘടന കൈകാര്യം ചെയ്തതു്. ചാക്കോയുടെ സേവനങ്ങൾ അംഗീകരിച്ചുകൊണ്ട് അദ്ദേഹം സ്വാതന്ത്ര്യസമരകാലത്തും വിമോചനസമരകാലത്തും നടത്തിയ സേവനങ്ങൾ അംഗീകരിച്ചുകൊണ്ട്, ധീരനായ ഒരു പടയാളിയെ പ്രഗൽഭനായ ഒരു നേതാവിനെ അധികാരത്തിൽനിന്നു മാററുന്നതിനു ഞങ്ങളെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്ത വേദനയുണ്ടായിരുന്നു. അവസാനം അങ്ങനെയൊരു നടപടി സ്വീകരിച്ചു. ക്യാബിനററ് ഡിസിപ്ലിൻ ലംഘിച്ച ഒരു നിലപാട് അദ്ദേഹമെടുത്താൽ പിന്നെ എന്താണ് ചെയ്യുക? ക്യാബിനററ് ഡിസിപ്ലിൻ കാൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമാണ്. ഇൻഡ്യയിലെ 14 സംസ്ഥാനങ്ങളിൽ ഇന്നു കാൺഗ്രസ്സ് ഭരണം നടത്തുന്നുണ്ട്. ആ പ്രശ്നംകൂടി പരിഗണിച്ചു. ചാക്കോയുടെ സേവനങ്ങൾ ഒരുവശത്തു്, ക്യാബിനററ് ഡിസിപ്ലിൻ മറുവശത്തു്. ഇതു രണ്ടുംകൂടി തൂക്കിനോക്കിയപ്പോൾ ശിക്ഷണത്തിനാണ് തൂക്കം കൂടുതലെന്നുതോന്നി. മഹത്തായ ഇൻഡ്യൻ നാഷണൽ കാൺഗ്രസിന്റെ ഡിസിപ്ലിൻ അനുസരിക്കേണ്ട ചുമതല ഞങ്ങൾക്കുണ്ടെന്നു തോന്നി. അങ്ങനെ വളരെ ഹൃദയഭാരത്തോടുകൂടി ചാക്കോയുടെ രാജി സ്വീകരിക്കേണ്ടിവന്നു.

ആ ഘട്ടത്തിലാണ് ചാക്കോയെ എതിർത്തിരുന്ന സ്ഥാപിതതാൽപ്പര്യക്കാർ പിന്നെയും മുന്നോട്ടുവന്നതു്. അവരുടെ അടവ് എന്താണ്? ഒരു പോപ്പുലർ ഹീറോയെ മുൻപിൽ നിറുത്തി വർഗ്ഗീയതയെ ഇളക്കിവിടുന്ന മുദ്രാവാക്യങ്ങളുമായി അവർ വീണ്ടും രംഗത്തു പ്രവേശിച്ചു. വിമോചനസമരകാലത്തു് ശ്രീമാൻ മന്നത്തു പത്മനാഭനെ മുൻപിൽ നിറുത്തിയ അതേ തന്ത്രം അവർ ഇവിടെയും പ്രയോഗിച്ചു. സർ വളരെ കുററബോധത്തോടുകൂടി ഞാൻ സമ്മതിക്കുകയാണ്. ആ കാര്യത്തിൽ അന്നു കാൺഗ്രസിനും ഒരു പങ്ക് ഉണ്ടായിരുന്നു. ഏതായാലും ഈ വർഗ്ഗീയശക്തികൾ പി. ടി. ചാക്കോയെ ഒരു ഹീറോയാക്കി മുന്നിൽനിറുത്തി. അതിന്റെ പിന്നിൽ പാവപ്പെട്ട കൃഷിക്കാരെയും ഈ സ്ഥാപിത താൽപ്പര്യക്കാർ അണിനിരത്തി. അതുവരെ ഈ ആളുകൾ പി. ടി. ചാക്കോയെ എതിർത്തിരുന്നവരാണ്. അദ്ദേഹത്തിനെതിരായി കരിങ്കൊടിവരെ കാണിച്ചവരാണ്. അധികാരത്തിൽനിന്നിറങ്ങിയപ്പോൾ അവർ അദ്ദേഹത്തെ പൊക്കിയെടുത്തു് ഒരു പോപ്പുലർ ഹീറോയാക്കാൻ ശ്രമിച്ചു. വിമോചനസമരത്തിനുശേഷം മന്നത്തു പത്മനാഭനെ 'പെരുന്നയിലെ കുറുനരി' എന്നാക്ഷേപിച്ചവരും ചാക്കോയെ നഖശിഖാന്തം എതിർത്തവരുമെല്ലാം ചാക്കോ അധികാരത്തിൽനിന്നു വീണപ്പോൾ വീണ്ടും യോജിച്ചു. സർ, ചാക്കോയുടെ ജീവിതചരിത്രത്തിലേക്ക് കടക്കുമ്പോൾ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

വേദനയോടുകൂടി ഒരു കാര്യം അനുസ്മരിപ്പിക്കുവാനുണ്ട്. അന്നുവരെ സ്ഥാപിത താൽപര്യക്കാർക്കെതിരായി നിന്നിരുന്ന ചാക്കോ അവരുടെ നേതൃത്വം ഏറ്റെടുക്കുന്നതിന്റെ മുൻപിൽ അറിഞ്ഞോ അറിയാതെയോ നിന്നുകൊടുത്തു. അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ കാപ്പികൾ എന്റെ കൈവശമുണ്ട് സർ. ഈ ഗവൺമെന്റ് ഒരു കാൺഗ്രസ്സ് ഗവൺമെന്റല്ലെന്നുവരെ അദ്ദേഹം പറഞ്ഞു. പൊതുതാൽപ്പര്യത്തെ മുൻനിറുത്തി ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

ഈ ഗവൺമെന്റ് കാലാവധി മുഴുവൻ ഭരിക്കണമെന്ന് ശ്രീ. പട്ടീൽ തീർത്തു പറഞ്ഞു. അല്ലെങ്കിൽ കാൺഗ്രസ്സിന് രക്ഷയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ അവസരത്തിൽ ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ഇന്ന് ഈ സ്ഥാപിത താല്പര്യക്കാർക്ക് കാൺഗ്രസ്സിനെ തകർക്കേണ്ടയാവശ്യമുണ്ട്. കാൺഗ്രസ്സ് ജനാധിപത്യ സോഷ്യലിസത്തിൽ വിശ്വസിച്ചുകൊണ്ട് വിപ്ലവകരമായ പരിപാടികളുമായി മുന്നോട്ടുപോകുമ്പോൾ അതിനകത്തുചെന്നു ചേരുകയോ അല്ലെങ്കിൽ അതിനെ തകർക്കുകയോ ചെയ്യേണ്ടതായി വരും. റിപ്പബ്ലിക്കൻ പ്രജാപാർട്ടിയുണ്ടാക്കിയവർക്ക് ഇന്നൊരു സ്വതന്ത്രാ പാർട്ടി ഉണ്ടാക്കണമെന്നാഗ്രഹമുണ്ട്. ശ്രീ. ഏ. വി. ജോർജ്ജിന്റേയും അന്ത്രപ്പേരുടെയും പുത്രന്മാരാണ് ഇപ്പോഴത്തെ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നത്. കേരളഭൂഷണം ഒരു മുഖപ്രസംഗം എഴുതിയിട്ടുണ്ട്. വർഗ്ഗീയത ഇളക്കിവിട്ടുകൊണ്ട് മൂശയിലിരിക്കുന്ന സ്വതന്ത്ര പാർട്ടിക്ക് കളമൊരുക്കുകയാണ്. മന്ത്രിസഭയിൽനിന്നും രാജിവച്ച ശ്രീ. ചാക്കോയ്ക്ക് കൊടുക്കാനായി ഒരു ഫണ്ടുപിരിവ് ഇവിടെ നടന്നു. ചാക്കോയ്ക്ക് കൊടുത്തു എന്നും പറഞ്ഞു. പിന്നീട് അത് ചാക്കോയുടെ കൈയിൽ നിന്നും തിരിച്ചുവാങ്ങിയെന്നും പറഞ്ഞു. നാട്ടിലെ പണം പിരിച്ചാണ് ഈ ഫണ്ടുണ്ടാക്കിയത്. ഈ പണം ഇടയ്ക്കുനിന്ന് വിഴുങ്ങിയതാരാണെന്ന് അറിയേണ്ടതുണ്ട്. ഇപ്പോൾ ചാക്കോയുടെ കുടുംബത്തിനുവേണ്ടി മറ്റൊരു കൂട്ടർ പണപ്പിരിവ് തുടങ്ങിയിരിക്കുകയാണ്. എന്റെ പ്രദേശത്തും പണം പിരിക്കുന്നുണ്ട്. അഞ്ചാറുലക്ഷം രൂപാ ഇതിനകം പിരിഞ്ഞു കഴിഞ്ഞിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. ആ പണമെല്ലാം എവിടെപ്പോയി? ഇവർ ശ്രീ. ചാക്കോയുടെ മൃതദേഹത്തെ ഒരു കമ്മേഴ്സ്യൽചരക്കായി മാറ്റിയ നിലയാണ് കാണുന്നത്. അവസാനം ഇതിനുപുറകിൽ നിന്ന ആളുകൾ മുന്നോട്ടുവന്നു ഡൽഹിയിൽ ഡെപ്യൂട്ടേഷൻ പോയി. ഇലക്ഷൻ കമ്മിറ്റി ഉടച്ചുവാർക്കണം, എക്സിക്യൂട്ടീവ് കമ്മിറ്റി ഉടച്ചുവാർക്കണം, കാൺഗ്രസ്സ്പാർട്ടിയിൽ പുതിയ ലീഡറെ എടുക്കണം, ഇതൊക്കെയാണ് അവരുടെ ഡിമാന്റുകൾ. ശ്രീ. ഗോപാലകൃഷ്ണപ്പണിക്കരും അന്ത്രപ്പേരുമാണ് പോയത്. പഴയ നാഷണൽ കാൺഗ്രസ്സ് അല്ല അവർ അവിടെ കണ്ടത്. ശ്രീ. കാമരാജിന്റെ മുമ്പിൽ അവർ ആഗതരായി. ഒരു പുതിയ പ്രത്യയശാസ്ത്രത്തോടുകൂടിയ കാൺഗ്രസ്സിനെയാണ് കാണാൻ കഴിഞ്ഞത്. അവർക്ക് പഴയ അടവുകൾ എടുക്കാൻ സാദ്ധ്യമല്ലെന്നു ബോദ്ധ്യമായി. പിന്നെ അവശേഷിക്കുന്ന മാർഗ്ഗം ഒന്നുമാത്രമേയുള്ളു. ഗവൺമെന്റിനെ തകർക്കുകയെന്നുള്ളതുമാത്രം. ഈ സന്ദർഭത്തിലാണ് മന്ത്രിസഭ പൊളിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയല്ലാത്ത ഒരവിശ്വാസപ്രമേയം വന്നത്. ശ്രീ. കുഞ്ഞ് ഈ പരിതഃസ്ഥിതിയൊന്നും കണ്ടുകൊണ്ടല്ല അവിശ്വാസപ്രമേയം കൊടുത്തത്. ഏതായാലും ഇപ്പോൾ ആ അവിശ്വാസപ്രമേയവും കണ്ടുകൊണ്ട് അവർ തയാറായി നില്ക്കുകയാണ്. ഈ മന്ത്രിസഭ പോയാൽ എന്തു സംഭവിക്കും? കേരളാ കാൺഗ്രസ്സിന്റെ മുമ്പിൽ വളരെ സിദ്ധാന്തപരമായ ഒരു പ്രശ്നമുണ്ട്. കഴിഞ്ഞകാലത്തു തെറ്റുകൾ ഉണ്ടായിട്ടുണ്ട്. അതു തിരുത്താൻ ഞങ്ങൾ ഉറച്ചിരിക്കുകയാണ്. ഭീഷണിയുടെയും ധിക്കാരത്തിന്റെയും മുമ്പിൽ കേരളാ കാൺഗ്രസ്സ് മുട്ടുകുത്താൻപോകുന്നില്ല. കാൺഗ്രസ്സ് നില്ക്കുന്നത് അധികാരത്തിനുവേണ്ടിയല്ല. ഭുവനേശ്വർസമ്മേളനത്തിനു മുമ്പ് ചിലപ്പോൾ അധികാരത്തിവേണ്ടി ആയിരുന്നിരിക്കാം. അധികാരം ഇന്നുകാൺഗ്രസ്സിന് ഒരു ഇൻസ്ട്രമെന്റുമാത്ര മാണ്. സോഷ്യലിസം ജനാധിപത്യത്തിൽകൂടി നടപ്പിലാക്കാമെന്നു കാൺഗ്രസ്സ് വിചാരിക്കുന്നു. അതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. സ്റ്റീഫൻ]

നടപ്പിലാക്കാനാണ് കാൺഗ്രസ്സിനധികാരം വേണ്ടതു്. അതേയവസരത്തിൽ ആ ഇൻസ്ട്രമെൻറു ഡിസിപ്ലിൻ ഉള്ളതായിരിക്കണം. അതിനുസിദ്ധാന്ത പരമായ കാഴ്ചപ്പാടുണ്ടായിരിക്കണം. ആ നിലയിൽ ഉറച്ചുതന്നെ മുന്നോട്ടു നീങ്ങുകയാണ്. അടുത്ത തിരഞ്ഞെടുപ്പുകഴിഞ്ഞാൽ ഞങ്ങൾ ഭരിക്കുമോ എന്നു ചോദിച്ചേക്കാം. അതിനെപ്പററി കട്ടായം ഒന്നും പറയേണ്ട ആവശ്യമില്ല. ജനങ്ങൾ അംഗീകരിച്ചാൽ ഭരിക്കും. ഭരിക്കാൻവേണ്ടി ഒരു ഒത്തുതീർപ്പിനും തയാററില്ല. കഴിഞ്ഞഅഞ്ചുകൊല്ലം കാൺഗ്രസ്സ് പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. ജനങ്ങൾ അതംഗീകരിച്ചാൽ ഞങ്ങൾ അതു സ്വീകരിക്കും. ഇല്ലെങ്കിൽ പ്രതിപക്ഷത്തേക്കു് മാറിയിരിക്കും. അപ്പുറത്തേക്കുമാറിയിരിക്കുന്ന 15 സ്നേഹിതന്മാരോട്ട് എനിക്കു വിനയപൂർവ്വം ഒരഭ്യർത്ഥന പുറപ്പെടുവിക്കാനുണ്ട്. കഴിഞ്ഞകാര്യങ്ങൾ പലതുണ്ട്. മറക്കേണ്ട പലതുമുണ്ട്. അലിഗേഷൻസംബന്ധിച്ച് അന്വേഷണം നടത്താമെന്നു് ശ്രീ. പട്ടീൽ പറഞ്ഞിട്ടുണ്ട്. സ്വീകരിക്കാമെങ്കിൽ സ്വീകരിക്കുക. അപ്പുറത്തേക്കു് നോക്കുമ്പോൾ ഒരു വിഷമം എനിക്കു് അനുഭവപ്പെടുന്നുണ്ട്. ഈ കൂട്ടത്തിൽ എൻെറ പല ആത്മാർത്ഥസ്നേഹിതന്മാരുമുണ്ട്. അവരോട്ട് എനിക്കു് പറയുവാനുള്ളതു് സ്ഥാപിതതാല്പര്യക്കാർ ഇട്ടുകൊടുത്ത കൊലക്കയററിൽ കയറി അറക്കാൻ കൊണ്ടുപോകുന്ന കുഞ്ഞാടുകളെപ്പോലെയാകരുതേ നിങ്ങൾ എന്നാണ്. അത്തരം വഞ്ചന നിറഞ്ഞ ഒരു പ്രതീതിയാണ് ഞാൻ കാണുന്നതു്. അതു ദൂഷണമാണെങ്കിൽ അങ്ങനെതന്നെ നടക്കട്ടെ. ഇന്ത്യൻ നാഷണൽകാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അതിവിടെ നിലനിൽക്കുമെന്നുമാത്രമെ ഞാൻ പറയുന്നുള്ളു. ഇവിടെ ക്രൈസ്തവ വിരുദ്ധമായ നിലപാട്ട് ഗവണ്മെൻറിനുള്ളതായി പ്രചാരണം നടത്തുന്നുണ്ട്. ഞാനും ഒരു ക്രൈസ്തവനാണ്. ഞാൻ ക്രൈസ്തവകടുംബത്തിൽ ജനിച്ചുവളന്നവനാണ്. മതേതരരാഷ്ട്രമായ ഇൻഡ്യയിൽ ക്രൈസ്തവസഭ വളരെ ദേശീയമായ ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതു്. ഇൽഡ്യയിൽ 45 കോടി ജനങ്ങളുള്ളതിൽ ക്രൈസ്തവർ ഒരു കോടി മാത്രമെയുള്ളവെങ്കിലും അഭിമാനകരമായ ഒരു പദവി ക്രൈസ്തവസഭക്കുണ്ട്. ഫാദർ ജറോം ഡിസൂസകോൺസ്റ്റിററുവൻറു് അസംബ്ലിയിൽ ക്രൈസ്തവക്കു് സംവരണം വേണ്ടെന്നുപറഞ്ഞിട്ടുണ്ട്. ആ പദവിയിൽ നിന്നും ക്രൈസ്തവസഭയെ താഴ്ത്തുകയും ഛിന്നഭിന്നമാക്കുകയുമാണ് ചെയ്യുന്നതു്. വിയററ്നാമിലും, സിലോണിലും, പാകിസ്ഥാനിലും നടക്കുന്ന കാര്യങ്ങളിൽ വേദന അനുഭവപ്പെടുന്നുണ്ട്. അത്തരം കാര്യങ്ങൾക്കു് ഇടനൽകരുതെന്നുമാത്രമെ ക്രൈസ്തവ സുഹൃത്തുക്കളോട്ട് എനിക്കുപറയുവാനുള്ളു. ഈ നിയമസഭയിൽ ക്രൈസ്തവ മെമ്പറന്മാർ ബഹുഭൂരിപക്ഷവും ഈവശത്തിരിക്കുകയാണ്. കോട്ടയം ഡി. സി. സി. യിലെ 75 ശതമാനവും, പി. സി. സി. മെമ്പറന്മാരും ഇപ്പുറത്തുനിൽക്കുകയാണ്. ശ്രീ. ടി. എം. വർഗ്ഗീസിൻേറയും, എ. ജെ. ജാണിൻേറയും ദേശീയപാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ടാണ് ഈ ചെറിയ നൗകയുടെ നംകൂരം ഉറപ്പിക്കാൻ ഞങ്ങൾ ശ്രമിക്കുന്നതു്. ഇന്നു് 15 പേരാണുമാറിനിൽക്കുന്നതു്. നിങ്ങൾ അവരോട്ട ചേർന്നു വോട്ടുചെയ്താൽ അവിശ്വാസപ്രമേയം പാസാകും. പക്ഷേ അതെന്തടിസ്ഥാനത്തിലാണെന്നു് ഓക്കണമെന്നുഞാൻ അഭ്യർത്ഥിക്കുന്നു. കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം എന്താണെന്നു വളരെ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൻെറ ചരിത്രത്തിൽ വർഗ്ഗീയതയും സ്ഥാപിതതാല്പര്യവും ഓരോ നിർണ്ണായകഘട്ടത്തിലും അട്ടിമറിപ്രവർത്തനം നടത്താൻ ശ്രമിച്ചിട്ടുണ്ട്. 1964—ലും അതേ ശക്തികൾ മുന്നോട്ടുവന്നു അട്ടിമറിപ്രവർത്തനം നടത്താൻ ശ്രമിക്കുന്നുണ്ട്. അവർ ജയിക്കണമോ വേണ്ടയോ എന്നു നിങ്ങൾ ആലോചിക്കുക. ഇതിനപ്പുറമൊന്നും എനിക്കു് പറയുവാനില്ല. ഈ അവിശ്വാസപ്രമേയം പിൻവലിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. അതു പിൻവലിക്കാതെ ഈ സഭ അതിനനുകൂലമായി തീരുമാനമെടുക്കുകയാണെങ്കിൽ ഞങ്ങൾക്കു് പറയുവാനുള്ള കാര്യങ്ങൾ യജമാനന്മാരായ ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുമെന്നു് പറഞ്ഞുംകൊണ്ടു് ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി ഞാൻ എതിർക്കുന്നു.

ശ്രീ. എം. പി. എം. അഹമ്മദ കുരിക്കൽ: മാഡം ഡെ.സ്പീക്കർ; ഈ അവിശ്വാസപ്രമേയത്തെപ്പററി സംസാരിക്കുമ്പോൾ, ഈ ഗവണ്മെൻറിൻെറ കൊള്ളരുതായ്മകൾ പരാമർശിക്കുന്ന അവസരത്തിൽ ശ്രീമതി നഫീസത്തു

LIBRARY ARCHIVES Kerala Legislative Assembly

ബീവിയേയും സ്പർശിക്കേണ്ടതു് എന്റെ ഒരു കടമയായി വന്നിരിക്കുകയാണു്. മാഡം അവിടെയിരിക്കുമ്പോൾ അങ്ങനെ ചെയ്യുന്നതു് ചെയറിനോടുള്ള ബഹുമാനക്കുറവായി വരുമോയെന്നു ഞാൻ സംശയിക്കുന്നതുകൊണ്ടു് ബഹുമാനപ്പെട്ട സ്പീക്കർ അവിടെയിരിക്കുന്നതായിരിക്കും നല്ലതെന്നു ഞാൻ വിശ്വസിക്കുന്നു.

ഡെ. സ്പീക്കർ : അങ്ങനൊരു ബുദ്ധിമുട്ടുണ്ടെങ്കിൽ വേറൊരു മെമ്പറെ സംസാരിക്കാൻ വിളിക്കാം. ബ ഹു മാ ന പ്പെ ട്ട മെമ്പർക്കു് ബഹുമാനപ്പെട്ട സ്പീക്കർ വന്നിട്ടു പ്രസംഗിക്കാം.

ശ്രീ. എം. പി. എം. അഹമ്മദു കുരിക്കൽ: എനിക്കു് അങ്ങനെ നിർബന്ധമില്ല. ഈ സഭാതലത്തിൽ നാലാമത്തെ അവിശ്വാസപ്രമേയമാണു് അവതരിപ്പിക്കപ്പെടുന്നതു്. ആറുമാസം കഴിയുമ്പോൾ ഈ നിയമസഭാസമ്മേളനം കൂടും ഇവിടെ വരുമ്പോൾ പല പുതുമകളും ഞങ്ങൾക്കു കാണാൻ സാധിക്കും. ഇവിടെ ഉണ്ടായിരുന്ന പാർട്ടികൾ അങ്ങോട്ടുമിങ്ങോട്ടും മാറിയിരിക്കുന്നതു് ഞങ്ങൾ കണ്ടിട്ടുണ്ടു്. ഈ സഭാതലത്തിലുള്ള മുസ്ലീം ലീഗു പാർട്ടിയൊഴിച്ചു് മററുള്ള പാർട്ടികളെല്ലാം ഇന്നു സ്ഥലം മാറിയിരിക്കുന്ന കൂട്ടത്തിലാണു്. യാതൊരു പാർട്ടി പരിഗണനയും കൂടാതെ മുസ്ലീം ലീഗുപാർട്ടി ഇന്നെടുത്ത നിലപാടിനെ വിശദീകരിക്കായാണു് ഞാൻ ഇവിടെ നിലകൊള്ളുന്നതു്. ഈ അവസരത്തിൽ ജനങ്ങളാണു് യജമാനന്മാരെന്നു് എന്നെ ഓർമ്മിപ്പിച്ച ശ്രീ. സ്റ്റീഫനോടു് എനിക്കു് നന്ദിയുണ്ടു്. ഈ സഭയിൽ ആദ്യമായി പി. എസ്സ്. പി. അവിശ്വാസപ്രമേയം അവതരിപ്പിച്ച അവസരത്തിൽ, ഞങ്ങൾ ഈ ഗവണ്മെൻറിനെ പിൻതാങ്ങിയിട്ടുണ്ടു്. മററു രണ്ടവസരങ്ങളിൽ പ്രതിപക്ഷങ്ങൾ അവിശ്വാസപ്രമേയം കൊണ്ടുവന്നപ്പോൾ ഞങ്ങൾ നിഷ്പക്ഷമായി നിലകൊണ്ടിട്ടുണ്ടു്. ഇന്നു് എസ്സ്. എസ്സ്. പി. യുടെ തന്നെ നേതാവായ ജനാബു കുഞ്ഞുസാഹേബ് കൊണ്ടുവന്ന അവിശ്വാസപ്രമേയത്തെ അനുകൂലിക്കാൻ ഞങ്ങളെ എന്തുകൊണ്ടു് പ്രേരിപ്പിച്ചു എന്നുള്ള സംഗതി ഞാൻ വിശദീകരിക്കുകയാണു്. ഈ സഭാതലത്തിലുള്ള മാററങ്ങളെ സംബന്ധിച്ചു് എനിക്കു് അത്ഭുതമില്ല. ഞങ്ങൾ പുറംതള്ളപ്പെട്ട അവസരത്തിൽ ആദ്യമായി സംസാരിച്ചപ്പോൾ തന്നെ ഞാൻ ഈ സഭാതലത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടു്. ഇന്നു ഞങ്ങൾ നാളെ പി. എസ്സ്. പി., പിന്നീടു് നിങ്ങളുടെ കക്ഷിയിൽ തന്നെയുള്ള വിഭാഗങ്ങൾ തന്നെ മാറിയിരിക്കുന്നതു് കേരളത്തിൽ കാണാൻ കഴിയുമെന്നു്. അത്രയും കൊടും വഞ്ചന ചെയ്ത കൂട്ടരാണു നിങ്ങൾ. വാഗ്ദാനലംഘനം ചെയ്തവരാണു നിങ്ങൾ. അതു ദൈവം സഹിക്കുകയില്ല.

ഈ അസംബ്ലിയിലെ പ്രൊസീഡിംഗ്സിൽനിന്നും അക്കാര്യങ്ങളെല്ലാം വ്യക്തമായി കാണാൻ സാധിക്കും. അങ്ങനെയുള്ള അവസരങ്ങളിൽ ശ്രീമാൻ ജാർജ് മാറിയിരുന്നതുകൊണ്ടു എനിക്കു യാതൊരു വേദനയും തോന്നീട്ടില്ല. അച്ചടക്കത്തെസംബന്ധിച്ചും നിങ്ങൾ ഗീതോപ ദേ ശം നടത്തിയല്ലോ. എന്നാൽ ഞാൻ നിങ്ങളോടു ചോദിക്കുകയാണു് ശ്രീമാൻ ഗോപാലൻ പാർട്ടി അച്ചടക്കത്തിനു എതിരായി പ്രവർത്തിച്ച അവസരത്തിൽ അതു ദേശീയമായി ചിത്രീകരിക്കാൻ ശ്രമിച്ച ഈ പാർട്ടി, ശ്രീമാൻ ജാർജ് പാർട്ടിയിൽ നിന്നും ഇറങ്ങിയപ്പോൾ ഇ ന്നീ വി ധ ത്തി ൽ ഇ രു ന്നു ക ര യേ ണ്ട ആവശ്യമില്ലായിരുന്നു. ദേ ശീ യ വി രു ദ്ധ മാ യ പ്രവർത്തന ങ്ങ ളി ൽ ങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരായ ബീഹാറിലെ സ്വന്തം പാർട്ടിയിലെ അംഗങ്ങളെ ചാക്കിട്ടു പിടിച്ചപ്പോൾ ഈ വേദോപദേശം പ്രഖ്യാപിക്കാൻ നിങ്ങൾ തയാറില്ലായിരുന്നു. ഞാൻ ഇക്കാര്യങ്ങളെല്ലാം ഒന്നു വ്യക്തമാക്കിപ്പോയി, പിന്നാക്കസമുദായത്തിൽപെട്ട ഒരാൾ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ നേരെ കൊണ്ടുവരുന്ന അവിശ്വാസപ്രമേയത്തെ പിൻതാങ്ങുന്നതു വളരെ വളരെ ഖേദകരമായിപ്പോയി, അതു വേദനാജനകമാണു് വഞ്ചനയാണു് എന്നെ എല്ലാം ഈനാട്ടിൽ പ്രചരിപ്പിക്കുന്നുണ്ടു".

ഈ പിന്നാക്കസമുദായമെന്നു പറയുന്നതു ഈ നാട്ടിലെ ഈഴവസമുദായമല്ലാ എന്നു് ഈ നാട്ടിലെ ആളുകൾ വിശ്വസിക്കുന്നുണ്ടെങ്കിൽ അതു ശരിയാണു്. ഈ നാട്ടിലെ മുസ്ലീം സമുദായത്തോടു ഈ മുഖ്യമന്ത്രിയും ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. അഹമ്മദ് കുരിക്കൾ]

മുമ്പുള്ള മുഖ്യമന്ത്രിമാരും പെരുമാറിയിരിക്കുന്നതു ഈ അവസരത്തിൽ ഒന്നു പരാമർശിക്കേണ്ടതു എന്റെ കർത്തവ്യമാണ് എന്നു ഞാൻ കരുതുന്നു. ഈ നാട്ടിൽ റിസർവ്വേഷൻവ്യവസ്ഥ നീട്ടുന്നതിനുവേണ്ടി പ്രക്ഷോഭണം നടത്തുവാനും റിസർവേഷൻ സംബന്ധിച്ചു വളരെ വളരെ കാര്യങ്ങൾ സാധിച്ചു കിട്ടുന്നതിനുമായി ഗവണ്മെന്റിനെ ആഹ്വാനം ചെയ്തു. കാര്യങ്ങൾ നേരെയാക്കുവാനും അതു സംബന്ധിച്ചു അന്വേഷണം നടത്തുവാനും അതു നിലനിറുത്തണോ വേണ്ടയോ എന്നു അന്വേഷിക്കുവാനും ഒരു കമ്മിററി രൂപീകരിച്ചു. ആ കമ്മിററിയിൽ മുസ്ലീംസമുദായത്തിൽനിന്നും ഒരു വ്യക്തിയെ എടുക്കാൻ ഈ പിന്നാക്കസമുദായത്തിലെ മുഖ്യമന്ത്രിക്കു മനസ്സുണ്ടായില്ല. ആ കമ്മററിയിൽ അംഗമായി മുസ്ലീംസമുദായത്തിൽനിന്നും ഒരാളെ വയ്ക്കുന്നതിനു സാധിച്ചില്ല. അവർ പറയുമായിരിക്കും, ആ കമ്മിററിയിൽ സെക്രട്ടറി ശ്രീ. അബ്ദുള്ളാസാഹിബ് ഇല്ലേ എന്ന്. എഡ്യൂക്കേഷൻസെക്രട്ടറിയായി വിലസുന്ന മുസ്ലീംസമുദായത്തിൽപെട്ട ഒരുദ്യോഗസ്ഥനല്ലാതെ പിന്നാക്കസമുദായമായ മുസ്ലീംസമുദായത്തിൽ മററു പ്രമുഖ അംഗങ്ങൾ ആരുമില്ലേ. പിന്നോക്കസമുദായങ്ങളുടെ കൂട്ടത്തിൽ 30 ലക്ഷത്തോളം വരുന്ന മുസ്ലീംസമുദായത്തിൽനിന്നും ശ്രീമാൻ അബ്ദുള്ളായേ എടുത്തിട്ടില്ലേ എന്നു മിസ്റ്റർ: ശങ്കർ പറയുകയാണ്. അതാണ് ഏററവും പ്രധാനമായ ഒരു തെററ്. ഞങ്ങളുടെ സമുദായത്തിൽനിന്ന് മറെറാരാളെ ആക്കിക്കൂടിയിരുന്നോ എന്നു ഞാൻ ചോദിക്കുകയാണ്.

പിന്നീട് മറെറാരുകാര്യം ഇവിടെ പ്രസ്താവിച്ചു. ഈ മന്ത്രിസഭ വന്നതിനു ശേഷം രൂപീകൃതമായ കമ്മിററികളിൽ മുസ്ലീം ലീഗിനെ പുറംതള്ളിയതായിട്ടുള്ള അനുഭവങ്ങൾ ഒന്നല്ലാ, രണ്ടല്ല, മൂന്നല്ല. ഈക്കാര്യം എത്രയോ പ്രാവശ്യം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആ വസ്തുതകളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. മിസ്റ്റർ: അച്യുതൻ കോഴിക്കോട്ടു ആർ. ടി. ഏ. യിൽനിന്നും മുസ്ലീം ലീഗിനെ പുറംതള്ളാൻ ആലോചിച്ചപ്പോൾ പറഞ്ഞ തായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നിർദ്ദേശം അങ്ങനെയാണ്, മുസ്ലീംലീഗിന്റെ പ്രാതിനിധ്യം അങ്ങിങ്ങായി കുറച്ചു കഴിയുന്നതും ഒഴിച്ചു നിറുത്തണം എന്നുള്ളതാണ്, എന്ന്.

കാസർകോഡുകാളേജിൽ ഒരു അറബിക്കു മുൻഷിയുടെ നിയമനത്തെ സംബന്ധിച്ചു പ്രതിപാദിച്ചതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നതാണ് അറബിഭാഷയോടും മുസ്ലീംസമുദായത്തോടും മുഖ്യമന്ത്രി അനുവർത്തിക്കുന്ന നയം. സർ, മുഖ്യമന്ത്രിക്കു കാസർകോഡുകാളേജിലെ പ്രിൻസിപ്പാൾ അവിടെ സംസ്കൃതവും അറബിയും തുടർന്നു നിലനിറുത്തണമെന്നു മാത്രമല്ല, രണ്ടോ മൂന്നോഹൈസ്കൂളുകൾ ഉള്ളിടത്തു അറബി എസ്. എസ്. എൽ. സി. ക്കു എടുത്തു പാസ്സായിവരുന്ന കുട്ടികൾക്കുവേണ്ടി കൂടുതൽ ക്ലാസ്സു നടത്താൻ സാധിക്കുമെന്നും എഴുതുകയുണ്ടായി. എന്നാൽ അവിടെ യാതൊരു സംശയവും കൂടാതെ മൂന്നു വിദ്യാർത്ഥികൾമാത്രമുള്ള സംസ്കൃതക്ലാസ്സുമാത്രം മതി എന്നു നിശ്ചയിച്ചു. അറബി പുറം തള്ളപ്പെട്ടു. എന്നാൽ അതിനുശേഷം ശ്രീമാൻ ഷംനാഡും, നൂറുകണക്കിനാളുകളും അതേസംബന്ധിച്ചു ഈ ഗവണ്മെൻറിനെഴുതീട്ടു ഒരു മറുപടി പോലും കൊടുക്കാൻ ഈ മുഖ്യമന്ത്രിക്കു സാധിച്ചിട്ടില്ല. അങ്ങനെയൊരു സാമാന്യ മര്യാദ പോലും അവരോടു കാണിച്ചില്ല.

അതും പോകട്ടെ. ഈ ബഡ്ജററിൽ, നമ്മുടെ മുമ്പിലുള്ള ബഡ്ജററിൽ കാസർകോഡ് കാളേജിൽ ഒരു അറബിക് ക്ലാസും ഒരു അറബിക്കു ലക്ചററേയും വയ്ക്കാൻ ബഡ്ജററിൽ പ്രൊവിഷനുണ്ടായിട്ടും ഈ മന്ത്രിസഭ ഇതേവരെ നിയമിച്ചിട്ടില്ല. ഒരാളേയും നിയമിച്ചിട്ടില്ലാത്തതുകൊണ്ടു അവിടത്തെ വിദ്യാർത്ഥികൾ വളരെ അധികം വിഷമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഈ ബഡ്ജററിൽ പ്രൊവിഷ്യനില്ലാതെകണ്ടു പാലക്കാട്ടുകാളേജിൽ ഒരു വിദ്യാർത്ഥിക്കു വേണ്ടി സൈക്കോളജി ക്കുവേണ്ടി ഒരു ക്ലാസ് അനുവദിക്കുകയുണ്ടായി. എന്നാൽ ഞാൻ മുമ്പു പറഞ്ഞതു് ഇതുവരെ ഉണ്ടായിട്ടുമില്ല. ഈ നിലയിലാണ് അറബിയോടും അറബിഭാഷ എടുത്തു പഠിക്കാൻ ബാദ്ധ്യസ്ഥരായ വിദ്യാർത്ഥികളോടും ഈ ഗവണ്മെൻറു അനുവർത്തിച്ചു വരുന്നനയം.

LIBRARY ARCHIVES Kerala Legislative Assembly

നൂറുവിദ്യാർത്ഥികൾ ഉള്ളിടത്തെല്ലാം അറബിക്ക് ടീച്ചേഴ്സിനെ നിയമിക്കണമെന്നു നിർദ്ദേശമുണ്ടായി. അങ്ങനെ എത്ര സ്കൂളുകളിൽ നിയമിക്കാതെ കിടപ്പുണ്ട്. അതു ഒരു സ്പെഷ്യൽ സബ്ജക്ററായി പഠിക്കണം. തൽക്കാലം പണം ഇല്ലാ എന്നു പറഞ്ഞു നിയമനം നടത്താതിരിക്കുകയാണ്. എത്ര തവണ അതേപ്പററി ഈ നിയമ സഭയിൽ സംസാരിച്ചാലും അറബിഭാഷയെ ഈ തരത്തിൽ പുറംതള്ളുകയാണ്. ഹയർ എലിമെൻററി സ്കൂളുകളിൽ അറബി ടീച്ചറന്മാർ വേണ്ടാ ഹൈസ്കൂളുകളിൽ മാത്രം മതി, അതുകൊണ്ട് ഹയർ എലിമെൻററി സ്കൂളുകളിൽ അവരെ നിയമിക്കാൻ പാടില്ലാ എന്നാണ് പറയുന്നതു്. ഈ വിധത്തിലാണ് അറബിഭാഷയോടുള്ള പെരുമാററം.

മറെറാരുകാര്യം പ്രൊഫഷണൽകാളേജുകളിൽ റിസർവേഷനുണ്ടെങ്കിലും അവിടത്തേയും ആർട്ട്സ്കാളേജിലേയും റിസർവേഷൻ തമ്മിൽ വ്യത്യാസമുണ്ട്. ആർട്ട്സ് കാളേജുകളിൽ ബാക്ക് വേഡ് കമ്മ്യൂണിററി എന്നുമാത്രമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. സബ്ബ് റൊട്ടേഷൻ വ്യവസ്ഥയില്ല. അതുകൊണ്ട് ഒരു സമുദായത്തിൽ നിന്നു മാത്രമേ ആർട്ട്സ് കാളേജിൽ പോകാൻ സാധിച്ചിട്ടുള്ളു. ഈ വ്യവസ്ഥ നിലവിലിരിക്കുന്നതുകൊണ്ട് മുസ്ലീംസമുദായത്തിനു വളരെ അവശതകൾ അനുഭവിക്കേണ്ടതായി വരുന്നു. ബാക്ക്വേഡ് കമ്മ്യൂണിററിയിൽപ്പെട്ട എത്തു സമുദായത്തിനും അതു അവകാശപ്പെടാം. ബാക്ക് വേഡ് കമ്മ്യൂണിററിയുടെ കൂട്ടത്തിൽ മുസ്ലീംസമുദായം പ്രബലമാണ് എന്നു പറയുന്നുണ്ട്. അങ്ങനെ ഒരു ബോദ്ധ്യം ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും ഈ അനീതി മുസ്ലീംസമുദായത്തോടു ചെയ്യുമായിരുന്നില്ല.

ഇനി ഞാൻ മറെറാരു വിഷയത്തിലേക്കു കടക്കുകയാണ്. സർ, ഈ നാട്ടിലെ ഇങ്ങനെയുള്ള വിവിധ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറു പരാജയപ്പെട്ടിരിക്കുകയാണ്. വളരെ വളരെ വേദനയോടുകൂടി വളരെ കഠിനമായ യാതനകളോടുകൂടി ഈ നാട്ടിൽ വന്നിറങ്ങുന്ന ബർമ്മാ അഭയാർത്ഥികളുടെ കാര്യമാണ് ഞാൻ പറയുന്നതു്. ഈ ബർമ്മാ അഭയാർത്ഥികളുടെ പ്രശ്നം വളരെ ഗൗരവമായ ഒരു പ്രശ്നം തന്നെയാണ്. അവരെ സംബന്ധിച്ചിടത്തോളം, നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ മദ്രാസിൽ വന്നിറങ്ങുന്ന ബർമ്മാ അഭയാർത്ഥികളുടെ കാര്യം അവർ വളരെ ഗൗരവമുള്ള ഒരു പ്രശ്നമായി അംഗീകരിച്ചു അവരുടെ യാതനാനുഭവങ്ങൾക്കു അനുസരണമായ സാമ്പത്തികസഹായങ്ങൾ നൽകുന്നുണ്ട്. അതുപോലെ അവരുടെ കുട്ടികൾക്കു വിദ്യാഭ്യാസം ലഭിക്കുന്നതിനു വിദ്യാലയങ്ങളിൽ പ്രവേശനസൗകര്യങ്ങളും സാമ്പത്തികസഹായങ്ങളും നൽകി സഹായിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇപ്പോൾതന്നെ നാലുകപ്പലുകളിലായി 450-ഓളം അഭയാർത്ഥികൾ കേരളത്തിലെത്താൻപോകുന്നു എന്നാൽ ഇവിടെ ഇതുവരേയും അതൊരു പ്രശ്നമായി അംഗീകരിച്ചിട്ടില്ല. അതു ഈ ഗവണ്മെൻറിൻെറ കൃത്യവിലോപം തന്നെയാണ്.

മറെറാരു കാര്യം ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതു ഇവിടത്തെ ഇൻഡസ്ട്രീസ് മിനിസ്ട്രി കാണിക്കുന്ന ചില കൊള്ളരുതായ്മകളാണ്. സർ, ഈ ഫാക്ടറികളിലെല്ലാം ഒരു സമുദായത്തിൽപ്പെട്ട ആളുകളെമാത്രമേ നിയമിക്കാൻ പാടുള്ളുഎന്നുള്ള തത്വം അംഗീകരിച്ചിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഇൻഡസ്ട്രീസ് മിനിസ്റ്റർ ഫോൺ എടുത്തു സംസാരിച്ചു പലപ്പോഴും ആളുകളെ നിയമിക്കാൻ ആവശ്യപ്പെടാറുണ്ട്. ആ നിയമനസംപ്രദായം ഇപ്പോഴും തുടരുകയാണ്. ഉദ്യോഗാർത്ഥികൾ എംപ്ലായ്മെൻറ് എക്സ്ചെയിഞ്ചുകളിൽക്കൂടി വരണമെന്നുള്ള തത്വം നിഷേധിക്കപ്പെട്ടിട്ടുണ്ടോ. ഇതും ഒരുകുററാരോപണമാണ്,

2/3207/V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ]

അടുത്തതായി ഇവിടത്തെ വീററുഹൗസിനെപ്പററി ചില കാര്യങ്ങൾ പറയാനുണ്ട്. ഇവിടെ വീററുഹൗസിനു ഗ്രാൻറും സൗജന്യവിലയ്ക്കു വീററും കൊടുക്കുന്നുണ്ട്. എന്നാൽ അതിന്റെ പ്രവർത്തനഫലമായി വമ്പിച്ച കടങ്ങൾ വമ്പിച്ച നിലയിൽവന്നു. അതിന്റെ ഫലമായി അതു ലിക്വിഡേററു ചെയ്തു. കടം വീട്ടാതെ ലിക്വിഡേററു ചെയ്ത സ്ഥാപനത്തിന് പിന്നെയും ഗവൺമെൻറു ഗ്രാൻറു നൽകി. മാത്രമല്ല, എന്റെ അറിവിൽ പെട്ടിടത്തോളം പൂട്ടിക്കിടക്കുന്ന ആ സ്ഥാപനത്തിനു പഞ്ചസാരയും വീററും ഇപ്പോഴും നൽകിക്കൊണ്ടിരിക്കുകയാണ്. അതിന്റെ കാരണം, മിനിസ്റ്ററുടെ ഭാര്യ അതുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. ഈ നാട്ടിൽ നടക്കുന്ന ചില കാര്യങ്ങൾ നിങ്ങളുടെ മുമ്പാകെ വയ്ക്കുകയാണ്. ഇവിടെ എത്രയെത്ര മിഠായിക്കമ്പനികൾ പുതുതായി വന്നിട്ടുണ്ട്. മിഠായികമ്പനികൾക്കു പഞ്ചസാരയും വീററും നൽകുന്നതു അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിലാണ്. ടേൺ ഓവർ കണക്കാക്കുന്നതിനനുസരിച്ചു അവർ സെയിൽടാക്സ് അടച്ചിട്ടുണ്ടോ. കള്ളകൗണ്ടറന്മാരെ ടേൺ ഓവർ കാണിച്ചു പഞ്ചസാരയും വീററും വാങ്ങിച്ചുകഴിഞ്ഞാൽ അതെല്ലാം എവിടെപോകുന്നു. ഇങ്ങനെയുള്ള അഴിമതികൾ വളരെ അധികം വേദനാജനകമായ നിലയിൽ എത്തിയിരിക്കുകയാണ്. ഇവിടത്തെ ഭക്ഷ്യപ്രശ്നത്തെസംബന്ധിച്ചു ഓപ്പോസിഷൻ ലീഡേഴ്സിനെ പ്രധാനമന്ത്രി ഒരു കാൺഫറൻസിനായി വിളിച്ചു. അന്നു ഞങ്ങൾ ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. അതായത് ഇവിടെ സ്റ്റേററു ട്രേഡിംഗ് ഏർപ്പെടുത്തുക, അതുപോലെ ആന്ധ്രയിലെ മില്ലുകളും ദേശീകരിക്കേണ്ടതാവശ്യമാണെന്നു പറഞ്ഞു. അതുകൊണ്ടുമാത്രമേ ഇതിനെ തടയുവാൻ സാധിക്കുകയുള്ളു. സ്റ്റേററു ട്രേഡിംഗിന്റെകാര്യം അതിനെ എതിർക്കാൻ വയ്യാത്ത സാഹചര്യത്തിൽ ചില സംസ്ഥാനങ്ങൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഭക്ഷ്യപ്രശ്നത്തിന്റെ കാര്യത്തിൽ ഈ നാട്ടിലെ ജനങ്ങളുടെ സ്ഥിതി എന്താണ്. എൻ. ജി. ഒ. മാർ ഇന്നു ജീവിക്കുന്നതു ഏതു നിലയിലാണ്. കഴിഞ്ഞ കൊല്ലത്തേക്കാൾ പത്തും പതിനഞ്ചും രൂപാ വീതം വിലവർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിലയിൽ എൻ. ജി. ഒ. മാർ മാത്രമല്ല എല്ലാ ജനങ്ങളും കഷ്ടതയനുഭവിക്കുന്നു. അതേസമയം ഈ മന്ത്രിമാർ അഴിമതി നടത്തുന്നു. പണം ദുർവ്വിനിയോഗം ചെയ്യുകയാണ്. ഈയവസരത്തിൽ ഈ മന്ത്രിസഭയെ പിൻതാങ്ങുന്നതു ജനദ്രോഹകരമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ഈ അവസരത്തിൽ മുസ്ലീംലീഗിനെ സംബന്ധിച്ചും രണ്ടു വാക്ക് എനിക്ക് പറയാനുണ്ട്. ഞങ്ങൾക്കു പ്രത്യേക സാമുദായിക
12 NOON] താൽപര്യം ഒന്നുമില്ല. എല്ലാ സ്ഥലത്തും, എല്ലാ പാർട്ടികളും നീതിപൂർവ്വം ജീവിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ക്രിസ്ത്യൻ സമുദായത്തിന് ആപത്തു സംഭവിച്ചാൽ, ഞങ്ങൾ സ്വന്തം താല്പര്യങ്ങൾ നോക്കാതെ, അവരെ സംരക്ഷിക്കാൻ പാഞ്ഞെത്തുന്നതാണ്. നായർ സമുദായത്തിനാണു എന്തെങ്കിലും ആപത്തു സംഭവിക്കുന്നതെങ്കിൽ ഞങ്ങൾ സ്വന്തം താല്പര്യത്തേക്കാൾ അവരുടെ സമുദായത്തിനു വേണ്ടി മുന്നിട്ടു നില്ക്കും. അതുപോലെതന്നെ, ഈഴവ സമുദായത്തിന് എന്തെങ്കിലും ആപത്തു സംഭവിച്ചാലും ഞങ്ങൾ മുന്നിട്ടു നിൽക്കുക തന്നെ ചെയ്യും. ഇവിടെ ചിലർ അവിഹിതമായ കൂട്ടുകെട്ടിനെപ്പററി പറഞ്ഞു. ഈ നിയമസഭയിലെ എല്ലാ പാർട്ടികളും മുസ്ലിം ലീഗുമായി ഒരവസരത്തിൽ അല്ലെങ്കിൽ മറെറാരവസരത്തിൽ കൂട്ടുചേർന്നിട്ടുണ്ട്. ഓരോ കാലത്തും ജനങ്ങളുടെ അഭിലാഷമനുസരിച്ച് ഞങ്ങൾ മുന്നിട്ടു നിന്നു പ്രവർത്തിച്ചിട്ടുണ്ട്. ശ്രീ. നാരായണക്കുറുപ്പ് ഡിഫൻസ് ആഫ് ഇൻഡ്യയ്ക്കു വേണ്ടി നിവേദനം സമർപ്പിക്കാൻ ഈ പാർട്ടികൾ ഒന്നിക്കുന്നതിനെപ്പററി ആരോപണം ഉന്നയിക്കുകയുണ്ടായി. സർ, 1948-ൽ കമ്മ്യൂണിസ്ററുപാർട്ടിയുടെ പ്രവർത്തനങ്ങൾ മലബാർ ഭാഗത്തു് ഉണ്ടായപ്പോൾ, ജനങ്ങളുടെ അഭിലാഷമനുസരിച്ച്, ധാർമ്മികബോധം മൂലം മുസ്ലീംലീഗു പ്രവർത്തിക്കുകയും, ശബ്ദം ഉയർത്തുകയും ചെയ്തു എന്നതു് വിസ്മരിച്ചിട്ടു കാര്യമില്ല. അതുപോലെതന്നെ കാൺഗ്രസ്സു രേണ കാര്യത്തിൽ കിരാത നയം അവലംബിച്ചപ്പോൾ അതിനെതിരായി ശബ്ദമുയർത്തിയിട്ടുണ്ട്. ഇന്നുവരെ മുസ്ലീംലീഗ് നീതിക്കുവേണ്ടി

പ്രവർത്തിക്കുകയും, നിലകൊള്ളുകയും ചെയ്തിട്ടുണ്ട്. ഏതു സന്ദർഭത്തിലും ലീഗിന്റെ നിലപാട് പരിശോധിച്ചാൽ കേവലം വർഗീയമായ മനോഭാവത്തോടുകൂടിയുള്ളതായിരുന്നുവെന്നു പറയാൻ സാധ്യമല്ല. അതിന് ഒരൊററ ഉദാഹരണമെങ്കിലും ചൂണ്ടികാണിക്കാൻ സാധിക്കുകയില്ല. ഇതുവരെയുള്ള അനുഭവം പരിശോധിച്ചാൽ, പല കാര്യത്തിനും മുസ്ലീംലിഗിനെ ഉപയോഗിച്ചിട്ട് കരിവേപ്പിലപോലെ ഉപേക്ഷിക്കുന്ന ഒരു നയമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളതു്.

സർ, ശ്രീ. പട്ടീൽ എന്തുതന്നെ പറഞ്ഞാലും അതു പാർട്ടി പരിഗണനവച്ചായിരിക്കും പറയുന്നതു്. അദ്ദേഹം മുസ്ലിംലീഗിനെസംബന്ധിച്ചു പറഞ്ഞതുകൊണ്ട് രണ്ടുവാക്കു പറയാൻ ആഗ്രഹിക്കുകയാണ്. കാൺഗ്രസുമായി അടുക്കാൻ കേരളത്തിലെ മുസ്ലീങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ഈ അവിശ്വാസപ്രമേയത്തെ എതിർത്തു വോട്ടു ചെയ്യണമെന്നു പറഞ്ഞു. അതു പറയുമ്പോൾ, ഈ അവിശ്വാസ പ്രമേയത്തെ മുസ്ലീംലീഗംഗങ്ങൾ എതിർത്തു വോട്ടു ചെയ്താൽ കേരളത്തിലെ മുസ്ലീങ്ങൾ കാൺഗ്രസുമായി അടുക്കുമെന്നാണോ?

ശ്രീ. എം. നാരായണക്കുറുപ്പ്: ശ്രീ. പട്ടീൽ അങ്ങനെ പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പ്രസ്താവനയുമായി യാതൊരു ബന്ധവുമില്ലാതെയാണു പറയുന്നതു്. അങ്ങനെയുള്ള പ്രസ്താവനയുണ്ടെങ്കിൽ മേശപ്പുറത്തു വയ്ക്കാമോ?

ശ്രീ. എം. പി. എം. അഹമ്മദുകുരിക്കൾ: പത്രത്തിൽ വന്നിട്ടുള്ളതാണ്; പത്രം വേണമെങ്കിൽ വയ്ക്കാം, മാതൃഭൂമിയിൽ ഉണ്ട്. ഏതായാലും കേരളത്തിൽ മുസ്ലിംലീഗിൽ 11 പേർ ഉള്ളതായി ശ്രീ. പട്ടീൽ ഇപ്പോൾ സമ്മതിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

സർ, ഒരു കാര്യം ഈ അവസരത്തിൽ എനിക്കു പറയാനുണ്ട്. കാൺഗ്രസുകാർ വളർത്തുന്ന പട്ടികളല്ല മുസ്ലിംലീഗുകാർ എന്നു മനസ്സിലാക്കണം. ഞങ്ങൾക്കു ഗവണ്മെന്റുമായി കരാറൊന്നുമില്ല. ജനങ്ങളോടാണ് ഞങ്ങളുടെ താൽപര്യം. സത്യത്തിനും, നീതിക്കും വേണ്ടി പോരാടുകയും, അതിനുവേണ്ടി പ്രവർത്തിക്കുകയും, അതിനുവേണ്ടി ജീവൻ ബലിയർപ്പിക്കുകയും ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. അങ്ങനെ ഞങ്ങൾ മുന്നേറുകയാണ്. ജനങ്ങളുടെ അഭിലാഷം അനുസരിച്ചാണു ഞങ്ങൾ ഈ പ്രമേയത്തെ പിൻതാങ്ങുന്നതു്.

ശ്രീ. സ്ററീഫൻ വളരെ വേദനയോടു കൂടിപറയുന്നതുകേട്ടു, നാലാം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന ഈ അവസരത്തിൽ; മന്ത്രിസഭയെ പുറംതള്ളുന്നതു ശരിയല്ലെന്ന്. ഈ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും വിശ്വാസം നഷ്ടപ്പെട്ട, ഒരു പാർട്ടിയുടെയും വിശ്വാസം ഇല്ലാത്ത ആളുകൾ നാലാം പഞ്ചവൽസരപദ്ധതിയിൽ എന്തെങ്കിലും ചെയ്യുന്നതു വളരെ കുററകരമായിരിക്കുമെന്നു വിശ്വസിക്കുന്നവരാണു ഞങ്ങൾ. കാരണം അവർക്ക് ജനങ്ങളുടെ പിൻതുണ ഇല്ലെന്നുള്ളതാണ്. ശ്രീ. ശങ്കർക്കും, ശ്രീ. കെ. എ. ദാമോദരമേനോനും വ്യക്തികൾ എന്നനിലയിൽ എന്തെങ്കിലും ചെയ്യുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കാം. ജനങ്ങളുടെ വിശ്വാസം ഇല്ലാത്തവർ ജനങ്ങളുടെ കാര്യം മുമ്പോട്ടുകൊണ്ടുപോകുന്നതു അനീതി ആയിരിക്കും. അധാർമ്മികമായിരിക്കും, അതൊരിക്കലും ജനാധിപത്യം ആയിരിക്കുകയില്ല. ജനാധിപത്യത്തിനു ശ്രീ. സ്ററീഫൻ ഒരു നിർവചനം പറഞ്ഞുകേട്ടു. ജനാധിപത്യം ഭൂരിപക്ഷത്തിന്റെ അഭിപ്രായമാണെന്നു പറഞ്ഞു. ഈ നാട്ടിലെ ജനങ്ങൾക്കെല്ലാം അറിയാം, ദേശാഭിമാനിയായ ശ്രീ. ജവഹർലാൽനെഹ്റുവും അതുപോലുള്ള മററു നേതാക്കന്മാരും ജനാധിപത്യത്തിനു നിർവ്വചനം കൊടുത്തിട്ടുള്ളതു് അങ്ങനെയല്ല. ന്യൂനപക്ഷങ്ങൾക്കും സഹായവും സംതൃപ്തിയും ഉണ്ടാകത്തക്കനിലയിൽവേണം ജനാധിപത്യഭരണം നടത്താൻ. ഭൂരിപക്ഷം ഉണ്ടെന്നു കരുതി എന്തുകഠിനമായ പ്രവർത്തനങ്ങളും അംഗീകരിക്കാൻ നിവൃത്തിയില്ല. അങ്ങനെയുള്ള ജനാധിപത്യമാണെങ്കിൽ ഞങ്ങളെ ആ ജനാധിപത്യത്തിൽ നിന്നു രക്ഷിക്കണേ എന്നഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker in the Chair]

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ അവിശ്വാസ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നതിനു് എന്നെ പ്രേരിപ്പിച്ച ചേതോവികാരം, ഈ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇനി ഭരണം തുടർന്നാൽ ആ ഭരണം ഈ രാജ്യത്തെ കാൺഗ്രസ്സ് സംഘടനയ്ക്കും, ജനാധിപത്യത്തിനും, ജനങ്ങളുടെ പൊതുവായ അഭിവൃദ്ധിക്കും പ്രതികൂലമായിരിക്കും എന്നുള്ളതാണു്. കഴിഞ്ഞ ആറുമാസക്കാലത്തെ അദ്ദേഹത്തിന്റെ ഭരണത്തെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ ഒട്ടേറെ ആരോപണങ്ങൾ എനിക്കു് ഉന്നയിക്കാനുണ്ടു്. പക്ഷേ, അവയൊന്നും ഇവിടെ ദീർഘമായി ഉന്നയിക്കണമെന്നു് എനിക്കു് ആഗ്രഹമില്ല. എന്റെ സ്നേഹിതൻ ശ്രീ. സി. എം. സ്റ്റീഫൻ പറഞ്ഞതുപോലെ കാൺഗ്രസ്സ് ഹൈക്കമാൻറിൽ, കാൺഗ്രസ്സ് കക്ഷിയിൽ അച്ചടക്കമുള്ള ആളുകളായി പെരുമാറിക്കൊള്ളാം എന്നു് എഴുതി വച്ചതിനുശേഷം തിരഞ്ഞെടുപ്പിൽ മൽസരിച്ചു ജയിച്ച ആളുകളായിരുന്നു ഞങ്ങൾ. പലപ്പോഴും തിരഞ്ഞെടുപ്പുയോഗങ്ങളിൽ പി.എസ്സ്.പി. മുസ്ലീംലീഗു, കാൺഗ്രസ്സ് എന്നീ പാർട്ടികളുടെ മൂന്നു കൊടികളും പറത്തിക്കൊണ്ടു പ്രസംഗിച്ച രംഗങ്ങളും എനിക്കു ഓർമ്മയുണ്ടു്. കേരളത്തിൽ പല പ്രദേശങ്ങളിലും ഈ ഐക്യം ഉണ്ടായിരുന്നു. ഇന്നിവിടെ വന്നിരിക്കുന്ന മന്ത്രിമാർക്കുപോലും ലീഗിന്റെയും, പി. എസ്. പി. യുടെയും സഹായം തിരഞ്ഞെടുപ്പിൽ ഉണ്ടായിരുന്നു. മുസ്ലിംലീഗിന്റെ സഹായം ഇല്ലായിരുന്നുവെങ്കിൽ ഇന്നു് മുഖ്യമന്ത്രിസ്ഥാനത്തു് ശ്രീ. ശങ്കർക്കു ഇരിക്കാൻ അവസരം ഉണ്ടാകുമായിരുന്നില്ല. വീണ്ടും അദ്ദേഹത്തിനു് സ്വന്തം നിയോജകമണ്ഡലത്തിൽ പോയി ജയിച്ചുവരാൻ കഴിയുമോ? സാധ്യമല്ല. ഇന്നിവിടെ പ്രസംഗിച്ച പല സുഹൃത്തുക്കളും തങ്ങളുടെ നിയോജകമണ്ഡലത്തിലെ ജനവികാരങ്ങളെ മാനിച്ചുകൊണ്ടു് നിയമസഭയിൽ ഈ അവിശ്വാസപ്രമേയത്തെ എതിർക്കാതിരിക്കാൻ സാധിക്കുമോ എന്നു് മനസ്സാക്ഷിയോടു്— അങ്ങനെയൊന്നുണ്ടോ എന്നു സംശയമാണു്—ചോദിക്കണമെന്നു ഈ അവസരത്തിൽ ഞാൻ അഭിപ്രായപ്പെടുകയാണു. ശ്രീ. പി. ടി. ചാക്കോയുടെ ചരമത്തിനുശേഷമാണു് ഇങ്ങനെയൊരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടായതെന്നു് ശ്രീ. സി. എം. സ്റ്റീഫൻ ഒരു വാദഗതി ഉന്നയിച്ചതിനോടു ഞാൻ നൂറുശതമാനം യോജിക്കുന്നു. കഴിഞ്ഞ ഇരുപത്തെട്ടുവർഷക്കാലം തന്റെ ജീവിതം തന്നെ രാജ്യത്തിനുവേണ്ടി ഉഴിഞ്ഞുവച്ചു്, സ്വന്തം ജീവൻപോലും രാജ്യത്തിനുവേണ്ടി ഉഴിഞ്ഞുവച്ചു്, ത്യാഗസുരഭിലവും, നിസ്വാർത്ഥവുമായ രാഷ്ട്രീയ ജീവിതം നയിച്ച ശ്രീ. പി ടി. ചാക്കോയുടെ പേരിൽ അഭിമാനം കൊള്ളാൻ ഈ രാജ്യത്തെ ജനാധിപത്യസ്നേഹികൾക്കു് അവകാശമുണ്ടു്. സർ. സി. പി. യുടെ ഭരണകാലത്തു് ചിലർ സർ. സി. പി. യുടെ പാദം തുടച്ചും, അദ്ദേഹത്തിനുവേണ്ടി റേഡിയോ പ്രസംഗം നടത്താനും പോയപ്പോൾ, കാൺഗ്രസിൽതന്നെ ഉറച്ചുനിന്നുകൊണ്ടു്, സി. പി. യുടെ മർദ്ദനത്തെയും, ഭീഷണിയെയും നേരിട്ട ധീരദേശാഭിമാനിയായിരുന്നു ശ്രീ. പി. ടി. ചാക്കോ. അദ്ദേഹം കാൺഗ്രസിനുവേണ്ടി അനുഭവിച്ച ത്യാഗവും, യാതനയും എക്കാലത്തും സ്മരിക്കപ്പെടുന്നതാണു്.

സർ, ശ്രീ. പി. ടി, ചാക്കോയുടെ കൈകളായിരുന്നു, ശ്രീ. ആർ. ശങ്കറെ കെ.പി.സി.സി. പ്രസിഡണ്ടായും, അതിനുശേഷം മുഖ്യമന്ത്രിയായും അവരോധിച്ചതു്. അങ്ങനെ അദ്ദേഹം വളർത്തിയെടുത്ത ആളുകൾതന്നെയാണു് പിന്നിൽനിന്നു് അദ്ദേഹത്തെ കുത്തികൊലപ്പെടുത്തിയതു്. ശ്രീ. പി. ടി. ചാക്കോ ഉന്നതനായ ഒരു കാൺഗ്രസ് നേതാവായിരുന്നു, കാൺഗ്രസ്സ് സ്നേഹിയായിരുന്നു. അദ്ദേഹത്തിന്റെ ചരമത്തിനുശേഷം ഉണ്ടായ ഈ പ്രത്യേക സ്ഥിതിവിശേഷത്തെക്കുറിച്ചു ശ്രീ. സ്റ്റീഫൻ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. ശ്രീ. പി. ടി. ചാക്കോയുടെ സേവനചരിത്രം പരിശോധിച്ചാൽ ഇൻഡ്യൻ രാഷ്ട്രീയ നഭോമണ്ഡലത്തിൽ ഒരു ഉജ്ജ്വലതാരമായി അദ്ദേഹം ശോഭിക്കുമായിരുന്നു എന്നുള്ളതിനു സംശയമില്ല. സത്യത്തിൽ അദ്ദേഹം മരിച്ചതല്ല, രാഷ്ട്രീയമായി തേജോവധം ചെയ്യപ്പെടുകയാണുണ്ടായതു്. എന്തായിരുന്നു സർ, അദ്ദേഹം ചെയ്ത തെറ്റു്? ഈ രാജ്യത്തെ ജനങ്ങളെ ആത്മാർത്ഥമായി സ്നേഹിച്ച

LIBRARY ARCHIVES Kerala Legislative Assembly

താണോ? കോൺഗ്രസിൽനിന്നുമാറി ഇന്നത്തെമുഖ്യമന്ത്രി മുൻപു ഡമോക്രാററിക്ക് പാർട്ടി രൂപവൽക്കരിച്ചതുപോലെ പ്രത്യേകം ഇരിക്കാത്തതാണോ ശ്രീ. ചാക്കോചെയ്തതെററു്? രാജ്യത്തിനോ, ജനങ്ങൾക്കോ ഉപദ്രവകരമായിഅദ്ദേഹം എന്തു തെററു ചെയ്തു?

സർ, ശ്രീ. പി. ടി. ചാക്കോ കോഴിക്കോട്ടുവച്ചു മരിച്ചു. ജനാധിപത്യത്തെ പാലൂട്ടി വളർത്തി, ഈ രാജ്യത്തെ ജനങ്ങളിൽ ഐക്യബോധം വളർത്തി, ശരിയായനേതൃത്വം നൽകി ജീവിച്ച അദ്ദേഹത്തെപ്പററി ഓർക്കുമ്പോൾ വേദന തോന്നുന്നു സർ. അദ്ദേഹത്തിന്റെ ശവം കോഴിക്കോട്ടുനിന്നു് അർദ്ധരാത്രി സമയത്തു് അടച്ച ഒരു പോലിസുവാനിൽ കൊണ്ടുപോകാനാണു് മുഖ്യമന്ത്രി ശ്രമിച്ചതെന്നു് തൃശ്ശൂർ ഡി.സി.സി.പ്രസിഡൻറു് ശ്രീ. പി.ആർ.ഫ്രാൻസിസു് ആരോപണം ഉന്നയിച്ചിരുന്നു. ശ്രീ. ചാക്കോയെ രാഷ്ട്രീയ തേജോവധംനടത്തിയ ആളുകൾക്കു അദ്ദേഹത്തിന്റെ ശവശരീരത്തോടു യാതൊരു മമതയും താൽപര്യവും തോന്നേണ്ട കാര്യമില്ല. ശ്രീ. പി. ടി. ചാക്കോ ഈ രാജ്യത്തെ ദേശീയനേതാക്കന്മാരിൽ നടുനായകമായിരുന്നു: ഈ രാജ്യത്തെ ജനങ്ങളുടെ കണ്ണിലുണ്ണിയായിരുന്നു. അദ്ദേഹത്തിന്റെ ശവശരീരം അർദ്ധരാത്രി സമയത്തു് അടച്ച പോലീസുവാനിൽ കടത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തെ സ്നേഹിച്ചിരുന്ന ജനങ്ങൾ അനുവദിച്ചില്ല. അദ്ദേഹത്തിന്റെ കുതികാൽവെട്ടി, അദ്ദേഹത്തെ തേജോവധംചെയ്ത ആളുകൾക്കു് ആ ശവശരീരത്തിൽ കൈവെയ്ക്കാൻ അവകാശമില്ലെന്നു ജനങ്ങൾ തെളിയിച്ചു.

സർ, ശ്രീ. സി. എം. സ്ററീഫൻ ക്രിസ്ത്യാനികളുടെ സംരക്ഷകനായി ദീർഘമായി ഇവിടെ പ്രസംഗിച്ചു. ഈ രാജ്യത്തെ ക്രിസ്ത്യാനികൾ ശ്രീ. എ. ജെ. ജാണിന്റെയും, ശ്രീ. ടി. എം. വർഗീസിന്റെയും പാരമ്പര്യം പുലർത്തണമെന്നു അദ്ദേഹം പറഞ്ഞു. ഇപ്പോൾ ക്രിസ്ത്യാനികൾക്കുവേണ്ടി വാദിക്കുന്ന ശ്രീ. സ്ററീഫൻ ഒററ പള്ളി ആക്രമണ പ്രതിഷേധയോഗത്തിലെങ്കിലും തലകാണിച്ചോ എന്നു ഞാൻ ചോദിക്കുകയാണു്. പ്രതിഷേധയോഗങ്ങളിൽ സംബന്ധിച്ചിരുന്നെങ്കിൽ ജനങ്ങളുടെ ഹൃദയവികാരങ്ങൾ മനസ്സിലാക്കുമായിരുന്നു. സിലോണിലും, വിയററ്നാമിലും, ക്രിസ്ത്യാനികളെ അടിച്ചമർത്തുന്നതുപോലെ കേരളത്തിലും അനുഭവം ഉണ്ടാകും എന്ന ഭീഷണിയാണോ ശ്രീ. സ്ററീഫൻ മുഴക്കിയതെന്നു മനസ്സിലാകുന്നില്ല. കേരളത്തിൽഹിന്ദുഭൂരിപക്ഷമുണ്ടെങ്കിലുംമുസ്ലീങ്ങളും,ക്രിസ്ത്യാനികളും ഈമണ്ണിൽ ജനിച്ചു്, ഈ മാതൃഭൂമിയുടെ മുലപ്പാൽ കുടിച്ചു ജീവിച്ചു ഇവിടെത്തന്നെ മണ്ണടിയേണ്ടവരാണു്. ഭരണഘടനയിൽ ഉറപ്പുനൽകുന്ന സംരക്ഷണത്തിനു പോലും വിരുദ്ധമായ ഭീഷണിയാണു് ശ്രീ. സി. എം. സ്ററീഫൻ ഇവിടെ മുഴക്കിയതു്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ അനുകൂലിക്കാതിരുന്നാൽ മുക്കുചെത്തിക്കളയും എന്ന ഭീഷണി ഏതായാലും ശരിയല്ല, അതു ഭരണഘടനയ്ക്കു വിരുദ്ധമാണു്. സർ, ഞങ്ങൾ ആരുംതന്നെ ഇൻഡ്യൻ നാഷനൽ കോൺഗ്രസിൽനിന്നു പുറത്തുപോകാൻ ആഗ്രഹിക്കുന്നില്ല, പുറത്തു പോയിട്ടുമില്ല. ഇന്നും ഞങ്ങൾ ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ കൊടി ഉയർത്തി പിടിക്കുന്നുണ്ടു്. ഒരുപക്ഷേ അച്ചടക്കനടപടി എടുത്തു ഞങ്ങളെ പുറത്താക്കി എന്നുവരും. ശ്രീ. പി. ടി. ചാക്കോയെക്കൊണ്ടു രാജിവയ്പിക്കാൻ ശ്രീ. പി. ഗോപാലൻ മഹാത്മാഗാന്ധിയുടെ പടത്തിനു മുൻപിൽ ഒരു സത്യാഗ്രഹം നടത്തുകയുണ്ടായി. മഹാത്മജി സ്വപ്നത്തിൽ അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചതായിട്ടാണു് പറഞ്ഞതു്. സർ, എന്റെ മുൻപിൽ മഹാനായ ഗാന്ധിജിയുടെ ഫോട്ടോകാണുന്നു. ആ തേജസുള്ള മുഖത്തു നോക്കുമ്പോൾ പെട്ടെന്നു എനിക്കു തോന്നുന്നതു് ഈ നാട്ടിലെ ജനങ്ങൾ ഓരോരുത്തരും ഇന്നത്തെ മുഖ്യമന്ത്രിയുടെ ഭരണത്തെ ശക്തിയായി എതിർക്കുന്നു എന്നാണു്. മഹാത്മാഗാന്ധി സ്വപ്നത്തിൽ എന്നെ ഒന്നും ഉപദേശിച്ചില്ലെങ്കിലും, അദ്ദേഹത്തിന്റെ ഫോട്ടോ കാണുമ്പോൾ, ആ മുഖത്തു നോക്കുമ്പോൾ ഉണ്ടാകുന്ന ചേതോവികാരം എന്നെ ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കാൻ പ്രേരിപ്പിക്കുകയാണു്. ശ്രീ. പി. ടി. ചാക്കോ ഈ മന്ത്രിസഭയിൽ ഉണ്ടായിരുന്ന കാലംവരെ ഈ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

സത്ഭരണം നടത്തിയിരുന്നു: അദ്ദേഹം വളരെ സ്വാർത്ഥമായിട്ട്, തന്റേതായ ഒരു കൂട്ടത്തോടുകൂടി ഇടതടവില്ലാതെ ജനദ്രോഹപരമായ നടപടികളെ എതിർത്തിരുന്നു. അദ്ദേഹം മുഖ്യമന്ത്രി അല്ലായിരുന്നുവെങ്കിലും, മന്ത്രിമുഖ്യനായിരുന്നു. സർ, ഇന്നത്തെ മുഖ്യമന്ത്രിയോടുമാത്രമാണ് ഞങ്ങൾക്കു പ്രതിഷേധം. സഹമന്ത്രിമാരോട് ആരോടും അങ്ങനെ എതിർപ്പില്ല. സഹമന്ത്രിമാരിൽ പത്തരമാറ്റുള്ള തങ്കങ്ങൾ ഉണ്ട്. അവരിൽ ഞങ്ങൾക്കു അവിശ്വാസമില്ല.

ഈഴവനായ ഒരു മുഖ്യമന്ത്രിയെ എതിർക്കാൻ നായർസമുദായവും, ക്രിസ്ത്യൻ സമുദായവും കൂടി ശ്രമിക്കുകയാണെന്നും ഇന്നത്തെ മുഖ്യമന്ത്രിയെ ഗളഹസ്തം ചെയ്യാനാണ് ഈ സംരംഭമെന്നും ഒരു ആരോപണമുണ്ട്. ശ്രീ. ആർ. ശങ്കർ ഒരിക്കലും അധികാരത്തിൽ വരാതിരിക്കാൻവേണ്ടി, 1960—ലെ തിരഞ്ഞെടുപ്പുകാലത്ത് ഒട്ടധികം പ്രസംഗങ്ങൾ നടത്തിയും മുഖപ്രസംഗങ്ങൾ എഴുതിയും സഹായിച്ച പത്രമാണ് ഇപ്പോൾ ഈ ആരോപണം കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ ആർക്കും സ്ഥാപിതതാൽപര്യമില്ല. വർഗീയമായ അത്തരം സ്ഥാപിതതാൽപര്യമുള്ള ഒരു കാലഘട്ടം ഉണ്ടായിരുന്നു. എന്റെ പാർട്ടിക്ക് ശ്രീ. ശങ്കർക്കു പിറകിലിരിക്കുന്ന ശ്രീ. കെ.ടി. അച്യുതൻ മുഖ്യമന്ത്രിയായാൽ പ്രതിഷേധമില്ല. ശ്രീ. കുഞ്ഞാമ്പുവോ, ശ്രീ. പി. പി. ഉമ്മർകോയയോ മുഖ്യമന്ത്രി ആയാലും ഞങ്ങൾക്കു പരാതിയില്ല, ഞങ്ങൾ അതിനെ അനുകൂലിക്കും. ആ നിലയ്ക്ക് ഒരു ഈഴവൻ മുഖ്യമന്ത്രിയായതുകൊണ്ടാണ് ഞങ്ങൾ ഈ നില സ്വീകരിച്ചതെന്നു പറയുന്നതിൽ അർത്ഥമില്ല.

സർ, വർക്കിജോർജ്ജും, അന്ത്രപ്പേരുമാണ് ഞങ്ങളുടെ നേതാക്കന്മാർ എന്നു ഇവിടെ ആരോപണം ഉന്നയിച്ചിരിക്കുന്നു. ശ്രീ. വർക്കിജോർജിന്റെയും, ശ്രീ. അന്ത്രപ്പേരിന്റെയും ഭവനങ്ങളിൽ രാത്രികാലത്തു സംഭാവന വാങ്ങാൻ പോയിട്ടുള്ള വീരന്മാരാണ് ഈ ആരോപണം ഉന്നയിക്കുന്നത്. സർ, അവരും ഈ രാജ്യത്തെ ജനങ്ങളാണ്: ജനാധിപത്യസോഷ്യലിസത്തിൽ വിശ്വസിക്കുന്ന ഞങ്ങൾക്ക് ഈ രാജ്യത്തെ ജനങ്ങളോടു സമ്പർക്കം പാടില്ലെന്നു പറയുന്നതു ശരിയായിരിക്കുകയില്ലല്ലോ.

ശ്രീ. സ്റ്റീഫൻ ചിരിക്കുന്നു. ട്രോജൻ കുതിര ഇവിടെയല്ല അവിടെയാണ് ഇരിക്കുന്നതെന്നു ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്. ശ്രീമാൻ സേട്ടിനുവേണ്ടി വോട്ടു ചെയ്ത ആളുകൾ ആരൊക്കെയാണെന്നു എനിക്കറിയാം. സേട്ടിനുവേണ്ടി വോട്ടു ചെയ്തവരേയും അതിലേക്കു പരിപാടികൾ തയാറാക്കിയ ആളുകളേയും അതിലേക്കു കറൻസികൾ കൈമാറിയ ആളുകളേയും എനിക്കു നല്ലപോലെ അറിയാം. നെഞ്ചത്തു കൈവച്ചുകൊണ്ട് മനസ്സാക്ഷിയുണ്ടെങ്കിൽ അതില്ലല്ലോ അല്പം ചിന്തിക്കുന്നതു നന്നായിരിക്കും. ഞങ്ങളെ സംബന്ധിച്ചുള്ള ആരോപണങ്ങൾക്കു അർത്ഥമില്ല. നായർ—ക്രിസ്തീയ മേധാവിത്വത്തിനു വേണ്ടിയും മററു ചില ആളുകൾക്കു വേണ്ടിയും ചിലർ നിൽക്കുകയാണെന്നു പറഞ്ഞു. ഞങ്ങൾ ആർക്കുവേണ്ടിയും നിൽക്കുകയല്ല. ഈ രാജ്യത്തു ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്നതിലേക്കാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഞങ്ങൾ രാജ്യത്തിനുവേണ്ടി നിൽക്കുകയാണ്. ഞങ്ങളുടെ യജമാനന്മാർ ഈ രാജ്യത്തെ ജനങ്ങളാണ്. ഞങ്ങൾ ചെയ്യുന്നതു ശരിയാണെന്നു പറയുന്നതു് പതിനായിരക്കണക്കിനുള്ള കോൺഗ്രസ് മെമ്പറന്മാരും ഡി. സി. സി. മണ്ഡലങ്ങളും കാണും. ഇതു നാളെ മുതൽ വ്യക്തമായിട്ടു കാണിച്ചുകൊടുക്കുന്നതിനു ഞങ്ങൾ മുന്നോട്ടു പോവുകയാണ്. കോൺഗ്രസ്സിനു വേണ്ടി വോട്ടുചെയ്ത ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ടാണ് ഞങ്ങൾ പുറത്തേയ്ക്കു ഇറങ്ങുന്നതു്. മഹാത്മാഗാന്ധി വിഭാവനം ചെയ്തതും പണ്ഡിററു നെഹറു ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതും ആയ സത്യസന്ധമായ ഭരണം ഉണ്ടാകുന്നതിനു ഇടയാകത്തക്ക രീതിയിൽ ജനാധിപത്യ സോഷ്യലിസം പ്രസംഗിച്ചു ജനാധിപത്യ വിരുദ്ധന്മാരായി പ്രവർത്തിക്കുന്നവരെ ഉന്മൂലനാശം ചെയ്യുന്നതിനു വേണ്ടിയുമാണ് ഞങ്ങൾ പുറത്തേയ്ക്കു പോകുന്നതു്.

മറെറാന്നു ഇവിടെ പറഞ്ഞു. ഞങ്ങൾ കോൺഗ്രസ്സിൽ നിന്നും രാജിവച്ചു പോകേണ്ടതായിരുന്നുവെന്നു്. ഇവിടെ ഒരു ഇണ്ടാസ് വായിക്കുകയും ഉണ്ടായി. ഞങ്ങൾ അതു് അംഗീകരിക്കുന്നു. പാർട്ടി രഹസ്യം ഇവിടെ പറയുന്നതു് ശരിയായിരിക്കുകയില്ല. ഡി. സി. സി. സെക്രട്ടറി പറഞ്ഞു കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിക്ക് എനിക്കും ആകാമല്ലോ? അദ്ദേഹം പറഞ്ഞു ഞങ്ങൾ ഒരു പ്രതിജ്ഞാപത്രം ഒപ്പിട്ടു കൊടുത്തുവെന്നു്. അതു ശരിയാണു്. ആ പ്രതിജ്ഞയെ ലംഘിക്കുകയാണു് ഇപ്പോൾ ചെയ്തതെന്നു പറഞ്ഞു, അല്ലെങ്കിൽ ഞങ്ങൾ രാജിവച്ചു പോകേണ്ടതായിരുന്നുവെന്നു പറഞ്ഞു. അതു ശരിയാണു്. ആറു മാസം മുമ്പു് ഞങ്ങൾ രാജിവയ്ക്കുവാൻ അനുവാദം ചോദിച്ചു. പരേതനായ പി. ടി. ചാക്കോ ഉൾപ്പെടെ രാജിവയ്ക്കുവാൻ ഞങ്ങൾ ഹൈക്കമാൻറിനോടു് അനുവാദം ചോദിച്ചപ്പോൾ അതിനു ഒരു വാചികമെങ്കിലും മറുപടി അയയ്ക്കുവാൻ തോന്നിയിട്ടില്ല. അതിൽ ആദ്യം ഒപ്പുവച്ചു ആൾ എന്നുള്ള നിലയിൽ രണ്ടു റിമൈൻററുകൾ ഞാൻ അയച്ചു. എന്നിട്ടും മറുപടി അയയ്ക്കുകയുണ്ടായില്ല. കാൺഗ്രസ്സ് മന്ത്രിസഭയെ എതിർക്കുവാൻ ഞങ്ങളെ അനുവദിക്കാത്ത സ്ഥിതിക്കു തല്ക്കാലം ഈ കിരാതഭരണം അവസാനിപ്പിച്ചു നിങ്ങളേയും ഞങ്ങളേയും തിരഞ്ഞെടുത്ത ജനങ്ങളുടെ മുമ്പാകെ പോകാമെന്നു തീരുമാനിച്ചു. അവിടെവച്ചു കാണാം ഞങ്ങൾ ചെയ്തതു് രാഷ്ട്രീയമായ ആത്മഹത്യയാണോ, അല്ലയോ എന്നു്. ചാക്കോ പോയാൽ ക്രിസ്ത്യാനികൾ നശിക്കുമെന്നു പ്രസംഗിച്ച സ്റ്റീഫനും മററും ഏതു നിലയിലാണു് ശങ്കറെ പിന്താങ്ങുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇന്നു പിന്താങ്ങുന്ന ഈ ശങ്കറെ ബഹുമാനപ്പെട്ട സ്റ്റീഫൻ തന്നെ കുററം പറഞ്ഞിട്ടുണ്ടു്. കെ. പി. സി. സി. യിൽനിന്നയച്ച കത്തിനു ഒരു മറുപടിപോലും അയച്ചില്ല എന്നു അദ്ദേഹം പത്രക്കാരോടു പരാതി പറഞ്ഞിട്ടുള്ളതാണു്. ഇപ്പോൾ ഇത്രയധികം താല്പര്യം ഈ മുഖ്യമന്ത്രിയോടു കാണിക്കുവാനുള്ള കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. കുറെ രസീതു പുസ്തകങ്ങൾ കക്ഷത്തിൽ ഇടുക്കിവച്ചുകൊണ്ടു് കെ.പി.സി.സിയിലേക്കും, ഡി. സി. സി. യിലേക്കും ആളു ശേഖരണം നടത്തി കാൺഗ്രസ്സ് ഉണ്ടാക്കിയാൽ മാത്രംപോരാ. കാൺഗ്രസ്സ് സംഘടനയ്ക്കുവേണ്ടി, കാൺഗ്രസിനുവേണ്ടി വോട്ടു ചെയ്ത ബഹുജനങ്ങളുടെ വികാരങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണു്. ഇതെല്ലാം കാണുമ്പോൾ എനിക്കു ഈശ്വരാ, ഇവരോടു ക്ഷമിക്കേണമേ എന്നു പ്രാർത്ഥിക്കുവാനാണു് തോന്നുന്നതു്. ഇവിടെ ദുർഭരണമൊന്നും നടക്കുന്നില്ല എന്നു മുഖ്യമന്ത്രി പറഞ്ഞു. ഉണ്ടെന്നുള്ളതിനു വളരെ ദീർഘമായി പറയുവാനുള്ള രേഖകളും കടലാസുകളും എൻെറ കൈവശം ഉണ്ടു്. അദ്ദേഹത്തിനെതിരായി ചില ആരോപണങ്ങൾ ഉന്നയിച്ചിട്ടു ഒരു ജൂഡിഷ്യൽ എൻക്വയറിനടത്തി തെളിയിക്കണമെന്നു പ്രതിപക്ഷങ്ങൾ ആവശ്യപ്പെടുന്നുണ്ടു്. അങ്ങനെ ഉണ്ടാകുമെങ്കിൽ അന്നു് ഈ കാര്യങ്ങളെല്ലാം പറയാം. കഴിഞ്ഞ നിയമസഭയിൽ 'തൻെറ ഭാര്യ ആദായ നികുതി കൊടുക്കുന്ന ആളാണു്' എന്നും, അതുകൊണ്ടു് എസ്റ്റേററു ഉണ്ടാക്കുന്നതിലോ, കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിലോ പരാതിപ്പെടേണ്ടതില്ലെന്നും തനിക്കു കൈക്കൂലി വാങ്ങിക്കേണ്ട ആവശ്യമില്ലെന്നും പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ഭാര്യ ആദായനികുതി കൊടുക്കുന്നതെത്രയാണു്? വെറും നൂറു രൂപയ്ക്കുതാഴെയാണു്. ഇങ്ങനെ നൂറു രൂപ ആദായ നികുതി കൊടുക്കുന്ന വസ്തുവിൻെറ നാല്പതു കൊല്ലത്തെ ആദായം എടുത്താൽ പോലും ഇന്നുള്ള സമ്പാദ്യം കാണുകയില്ല എന്നിട്ടും നൂറു രൂപയാണു് ആദായനികുതി കൊടുക്കുന്നതു്. സർ, വേളിയിലുള്ള 20 ഏക്കർ കായൽ നിലം നികത്തിയെടുത്തു. ഒരു സെൻറു കായൽ നിലം നികത്തിയെടുക്കുന്നതിനു 200, 300 രൂപ വച്ചു കണക്കാക്കിയാലും ഇത്രയും സ്ഥലം നികത്തുന്നതിനു ഏതാണ്ടു് ആറുലക്ഷം രൂപയോളം വേണ്ടിവരും. റവന്യൂ സ്ഥലം നികത്തിയെടുത്തു. കവളപ്പാറമൂപ്പിൽനായരുടെ കൈയിൽ നിന്നു വാങ്ങിയ സ്ഥലം നന്നാക്കിയെടുക്കുന്നതിനു ഒരു ഏക്കറിനു അഞ്ഞൂറു രൂപ എന്നുള്ള കണക്കു വച്ചു നോക്കിയാലും രണ്ടുമൂന്നുലക്ഷം രൂപ അവിടേയും ചെലവാക്കിയിട്ടുണ്ടു്. സ്വർണ്ണാഭരണം പണിയിക്കുന്നതിലേക്കായി 125 പവൻ കൈതമുക്കിലുള്ള കൊളമ്പു തട്ടാനെ ഏല്പിച്ചിട്ടുണ്ടു്.

<u>ശ്രീ. ആർ. ശങ്കർ</u>: സർ, ഒരു പോയിൻറു ഓഫ് ഓർഡർ, ഈ ആരോപണങ്ങളെല്ലാം ഈ നിയമസഭയിൽ മാത്രം ഉന്നയിക്കാതെ, ഈ നിയമസഭയ്ക്കു പുറത്തും പറയുവാൻ ബഹുമാനപ്പെട്ട മെമ്പർ തയാറാണോ?

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u>: വേണ്ടിവന്നാൽ പറയും. പക്ഷേ നിർബന്ധിച്ചു പറയിക്കുവാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: നിയമസഭയുടെ സംരക്ഷണത്തിൻ കീഴിൽ നിന്നു കൊണ്ടു എന്തെങ്കിലും പറയുന്നതു് പുറത്തു പറയുവാനും തയാറാകണം, അല്ലെങ്കിൽ അതു ശരിയായിരിക്കുകയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സ്വർണ്ണം ചെന്നു തിരിച്ചു മേടിച്ചിട്ടുണ്ടെങ്കിൽ എങ്ങനെ തെളിയിക്കുവാനൊക്കും?

ശ്രീ. ടി. ഒ. ബാവ: സർ, ഒരു പോയിന്റു ഓഫ് ഓർഡർ, ഈ നിയമസഭയിൽ ഒരു മെമ്പർ വയ്ക്കുന്ന ആരോപണം ഇതിനു വെളിയിലും വയ്ക്കുമോ എന്നു ചോദിക്കുമ്പോൾ നിർബന്ധിച്ചു വയ്പ്പിക്കുവാൻ സാദ്ധ്യമല്ല എന്നു പറയുന്നതു ശരിയാണോ? അപ്പോൾ എന്തും ഇവിടെ പറയാമെന്നാണോ?

മി. സ്പീക്കർ: നിയമസഭയുടെ സംരക്ഷണത്തിൽ പെട്ടിട്ടു വല്ലതും പറയുന്നതു ശരിയാണോ എന്നു ചോദ്യത്തിനു ബാലകൃഷ്ണപിള്ള പറഞ്ഞ മറുപടിയാണ്. വേണ്ടിവന്നാൽ പറയും, എന്നാൽ നിർബന്ധിച്ചു പറയുവാൻ കഴിയുകയില്ല.

Shri M. Narayana Kurup: Sir, on a point of order. Rule 262 says:

"No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply:

Provided that the Speaker may at any time prohibit any member from making any such allegation if he is of opinion that such allegation is derogatory to the dignity of the Assembly or that no public interest is served by making such allegation."

I say that without giving previous intimation to the Speaker and also to the Minister concerned, a member is not entitled to make such defamatory allegation. He should withdraw it.

Mr. Speaker: I will give my ruling. As per.......

Shri K. Chandrasekharan; Sir, may I add one word. I would only request you to read the provise to Rule 262. It says "provided that the Speaker may at any time prohibit any member from making such allegation, if he is of opinion that such allegation is derogatory to the dignity of the Assembly or that no public interest is served by making such allegation."

Here public interest is undoubtedly served by making such kind of allegation against the Chief Minister of a State.

Mr. Speaker: Rule 262 requires Members to give previous intimation to the Speaker and also to the Minister concerned when they want to make allegation of a defamatory or incriminatory nature. Obviously, that refers to making allegations against persons who are not in the Ministry or in the House to defend themselves. On previous occasions also such rulings have been given.

The relevant rule, applicable here, is Rule 261 (ii) which says:

"A member, while speaking shall not make a personal charge against a member"

Shri Hameed Ali Shemnad: Now the hon. Chief Minister asked whether the hon. member was prepared to make such remarks outside the House. Is it not a threat?

Mr. Speaker: No, it is not.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആമാതിരി വളരെയധികം പറയാനുണ്ട്. കാർഷികാദായനികുതിയിൽ 36 ശതമാനം സർച്ചാർജ്ജ് ഉണ്ടായിരുന്നത് 30 ശതമാനമായി കുറച്ചു എന്ന് കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതാണ്. ഇതു സാരമായിബാധിക്കുന്നത് മലയാളം പ്ലാന്റേഷനേയും കണ്ണൻദേവൻ കമ്പനിയേയുമാണ്. അങ്ങനെ വലിയ എസ്റ്റേററുകാരേയും തോട്ടം ഉടമകളേയും മാത്രം ബാധിക്കുന്ന കാര്യമാണ്. മുഖ്യമന്ത്രിയോട് ചോദിച്ചാൽ പറയുന്നത് റബ്ബർ പ്ലാന്റേഷനുവേണ്ടിയാണെന്നാണ്. അല്ലാതെ അദ്ധ്വാനിക്കുന്ന പാവപ്പെട്ടവരോട് ബന്ധപ്പെട്ട എന്തെങ്കിലും നികുതിയിൽ ഇളവുചെയ്യാൻ ഈ ഗവൺമെന്റു തുനിഞ്ഞിട്ടുണ്ടോ? പണക്കാർക്കും വൻചാക്കുകാർക്കും കൂട്ടുനില്ക്കുന്ന ഈ ഗവൺമെന്റാണോ അതോ മററുള്ളവരാണോ ഈ രാജ്യത്തിനുവേണ്ടി, ജനാധിപത്യ സോഷ്യലിസത്തിനുവേണ്ടി നില്ക്കുന്നതെന്നു ഈ രാജ്യത്തെ ജനങ്ങൾ വിധിയെഴുതട്ടെ. പലർക്കും എക്സ്റ്റൻഷൻ കൊടുത്തു. ശ്രീമാൻ നാരായണൻ വിദ്യാഭ്യാസ വിദഗ്ദ്ധനാണെന്ന് കേട്ടിട്ടില്ല. വിദ്യാഭ്യാസ വകുപ്പമായി എന്തെങ്കിലും ബന്ധമുള്ള ആളാണെന്നും കേട്ടിട്ടില്ല സർ, അങ്ങേക്കുകൂടി അറിയാവുന്ന കാര്യമാണ് വിദ്യാഭ്യാസ സംപ്രദായം പരിഷ്കരിക്കുന്നതിലേക്ക്, സബ്ജക്റ്റ് ഇൻസ്പെക്ഷൻ നടത്തുന്നതിലേക്ക് ഗവൺമെന്റിനു വിശ്വാസമുള്ള ചിലരെ ചേർത്ത് ഒരു കമ്മിററിയുണ്ടാക്കി. ആ കമ്മിററിയിൽ ഈ വിദ്യാഭ്യാസ ധുരന്ധരൻ കൂടി ഒരംഗമാണ്. ആ കമ്മിററിയിൽ വിദ്യാഭ്യാസ ഡയറക്ടർ അംഗമല്ല. ഡയറക്ടർ ഇല്ലാതെ അഗ്രികൾചറൽ ഡെപ്യൂട്ടി സെക്രട്ടറിയായിരിക്കുന്ന ഈയാളെ ആ കമ്മിററിയിൽ എടുക്കുകയും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ തലവനായ ഡയറക്ടർ ഈ കമ്മിററിയിൽ ഇല്ലാതിരിക്കുകയും ചെയ്യുന്നതിൽ എന്ത് നീതിയാണ് ഈ ഗവൺമെന്റു കാണുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. അതുപോലെതന്നെ ഇവിടെ നടന്ന സ്ഥലംമാററങ്ങളിലേക്ക് ഞാൻ കടക്കുകയാണ്. ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാററത്തിൽ മുഖ്യമന്ത്രി പ്രതികാരമാണ് കാണിക്കുന്നത്. കൊല്ലത്തുള്ള ഒരു ഡി. എസ്സ്. പി. —അദ്ദേഹത്തിന്റെ പേർ ഞാൻ ഇവിടെ പറയുന്നില്ല—ഒന്നരമാസം അവിടെ സേവനം അനുഷ്ഠിക്കുന്നതിനുമുമ്പ് മസ്സൂറിയിൽ നിന്നും ട്രെയിനിംഗ് കഴിഞ്ഞുവന്ന അദ്ദേഹത്തെ മലപ്പുറം എം. എസ്സ്. പി. ക്യാമ്പിലേക്ക് ഐ. പി, എസ്സ്. അല്ലാത്ത ഒരു കേഡറിലേക്ക് മാററി നിയമിക്കുകയുണ്ടായി. കോട്ടയം കളക്ടറായിരുന്ന പത്മകുമാറിനെ സെക്രട്ടറിയേററിലെ ഒരു ഒഴിഞ്ഞ മൂലയിലേക്ക് കെട്ടിയിട്ടു. മുഖ്യമന്ത്രിയുടെ പാർശ്വവർത്തിയായ ഒരു ഹെഡ്കാൺസ്റ്റബിൾ വാസുദേവൻ നിയമവിരുദ്ധമായി ജീപ്പ് ഓടിച്ച് ഒരാളുടെ മരണത്തിന് ഇടവരുത്തി. അയാളെ കൊല്ലം ഡി. എസ്സ്. പി. സസ്പെൻറു ചെയ്തിരുന്നത് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു ചെയ്യാതിരുന്നതിനാണ് കൊല്ലം ഡി. എസ്സ്. പി. യെ മലപ്പുറത്തേക്ക് സ്ഥലം മാററിയത്. ഇങ്ങനെ പല സംഭവങ്ങളെപ്പററിയും പറയുവാനുണ്ട്. ഫോട്ടോ സ്റ്റാററ് കോപ്പിയെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നിലപാടിനെസംബന്ധിച്ച് എല്ലാവർക്കും അറിയാം. ചീഫ് മിനിസ്റ്ററോ, ഹോം സെക്രട്ടറിയോ ചീഫ് സെക്രട്ടറിയോ അറിയാതെ ഈ രഹസ്യം വെളിയിൽ പോകുവാൻ ഇടയില്ല. ഹോം സെക്രട്ടറിയായ ശ്രീ. കൊച്ചുകോശിയെ എനിക്ക് നല്ലവണ്ണം അറിയാം. വി. പി. നായരെ കരിതേച്ചു കണ്ടിട്ട് യാതൊരു കാര്യവും അദ്ദേഹത്തിന് നേടാൻ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. പിന്നെ ചീഫ് സെക്രട്ടറിയായ മറെറാരു സംസ്ഥാനത്തിൽ നിന്നും വന്നിരിക്കുന്ന പട്നായക്കിന് ഇതു വെളിപ്പെടുത്തിയിട്ടു വലിയ കാര്യം ഉണ്ടെന്നുതോന്നുന്നില്ല.

Shri C. M. Stephen: A point of order,

As per Rule 261 (i), a Member while speaking shall not refer to any matter of fact on which a judicial decision is pending. Here such a case is pending before the court. So it is *sub judice.*

Mr. Speaker: Here the question is whether this is *sub judice* or t. A case has been registered and investigation is going on ......

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഇ. പി. ഗോപാലൻ</u>: ശ്രീ. സ്റ്റീഫന് നിയമപരമായ കാര്യങ്ങൾ എങ്ങനെ മനസ്സിലായി?

Mr. Speaker: Matters which are *sub judice* should not be discussed here.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u>: ഈ രാജ്യത്തെ പത്രങ്ങളിലെല്ലാം തന്നെ വളരെയധികം വന്നു കഴിഞ്ഞു. എങ്കിലും യഥാർത്ഥകുററവാളികളാരാണെന്ന് ശരിയായിട്ടും കണ്ടുപിടിക്കാത്തതു് ജനപ്രതിനിധികളെന്ന നിലയ്ക്കു് ഞങ്ങൾക്കു് വേദനാജനകമാണു്. രഹസ്യരേഖയുടെ കോപ്പി പത്രം ഓഫീസിൽ തനിയെനടന്നു കയറിയതല്ലല്ലോ? അക്കാര്യത്തെപ്പററി പലക്കും ഇഷ്ടപ്പെടാത്ത കാര്യങ്ങൾ പറയുന്നതു് സഹിക്കാവുന്നതല്ല.

<u>ശ്രീ. പി. കെ. കുഞ്ഞു്</u>: പത്രാധിപന്മാരെ അറസ്ററു ചെയ്യതിനുശേഷം ആ രഹസ്യരേഖ എങ്ങനെ പുറത്തു വന്നുവെന്നു് അറിയാൻവേണ്ടി പത്രാധിപന്മാരെ മർദ്ദിച്ചുവെന്നു് അറിയുന്നതു് ശരിയാണോ?

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u>: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. ഞങ്ങളുടെ ഐഡിയോളജിയുമായി ബന്ധമുള്ളവരല്ല ആ പത്രാധിപന്മാർ. പിന്നെ ഇവിടെ പറഞ്ഞ ഒരു ആരോപണം പി. ടി. ചാക്കോയ്ക്കു് ഫണ്ടു് പിരിക്കുന്നുവെന്നാണു്. അദ്ദേഹത്തിന്റെ പേരിൽ ആരോപണം കൊണ്ടു വന്നു, അദ്ദേഹത്തെ മന്ത്രിസഭയിൽ നിന്നും പുറത്തിറക്കി, അദ്ദേഹത്തിന്റെ മരണത്തിനുതന്നെ ഇടയാക്കി. എന്നിട്ടു് ഇപ്പോൾ അദ്ദേഹത്തിന്റെ പേരിൽ ഒരു ലക്ഷം രൂപാ പിരിച്ചെടുത്തു് ആ പാവപ്പെട്ട കുടുംബത്തിനു് കൊടുക്കാൻ ശ്രമിക്കുന്നവരോടു് കൊടുക്കേണ്ടെന്നുപറയുന്നു, ഞങ്ങൾ അഞ്ചുലക്ഷംരൂപാ പിരിച്ചെടുത്തിരിക്കുന്നുവെന്നും പറയുന്നു. ഞങ്ങൾ പിരിച്ചെടുത്തതിൽ ഒരൊററ പൈസയും ഞങ്ങൾ എടുക്കാൻ പോകുന്നില്ല. അങ്ങനെയൊരു പാരമ്പര്യവും ഞങ്ങൾക്കില്ല. പിരിച്ചതിൽ പകുതിയെടുത്തിട്ടു് മറേറപകുതിയുടെ കണക്കു് ഇവിടെ പറയത്തക്ക കണക്കു് വിദഗ്ദ്ധനൊന്നുമല്ല ഞാൻ. ഒരു ലക്ഷം പിരിക്കാനിറങ്ങിയവർ അഞ്ചു ലക്ഷംപിരിച്ചിരിക്കുന്നു, അതുകൊണ്ടു് ഇനി ആരും ഒന്നും കൊടുക്കേണ്ട എന്നുള്ള പ്രചരണം നടത്തുന്നവരല്ല ഞങ്ങൾ, അഴിമതിയുള്ള ഒരു മുഖ്യമന്ത്രി ഈ രാജ്യത്തു് ഭരിക്കാൻ പാടില്ല. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ തത്വങ്ങളിൽ വിശ്വസിക്കുന്ന, ജനാധിപത്യ സോഷ്യലിസത്തിൽ വിശ്വസിക്കുന്ന, ഈ രാജ്യത്തിലെ ജനങ്ങളുടെ കണ്ണിലുണ്ണിയായിരുന്ന, ഭരണധുരന്ധരനായിരുന്ന, കാര്യശേഷിയുണ്ടായിരുന്ന, ധൈര്യത്തോടുകൂടി പ്രവർത്തിച്ചിരുന്ന ശ്രീ. പി. ടി. ചാക്കോയുടെ ചരമത്തിനു് വിധേയരായവരുടെ ഭരണത്തെ ഞങ്ങൾ അങ്ങേയററം വെറുക്കുകയും അതു് ഇനി മേലാൽ തുടരാൻ അനുവദിക്കരുതെന്നു് ശക്തിയുക്തം വാദിക്കുകയും ചെയ്യുന്നു. ഈ ഗവണ്മെൻറിന്റെ കാലത്തല്ലാതെ മറെറാരു ഗവണ്മെൻറിന്റേയും കാലത്തു് ന്യായവില ഷാപ്പുകളിൽ ഈ തോതിൽ കൂടി അരിവിതരണം നടത്തിയിട്ടില്ല. ഇവിടത്തെ ഭക്ഷണക്ഷാമത്തെക്കുറിച്ചു് പറയുമ്പോൾ അതിൽ ഞാൻ ഇവിടത്തെ ഭക്ഷ്യമന്ത്രിയെ കുററപ്പെടുത്തുന്നില്ല. ശ്രീ. ദാമോദരമേനോനേയും മറെറാരു മന്ത്രിയേയും കുററപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല. ഇവിടത്തെ മുഖ്യമന്ത്രിയുടെ പേരിൽ മാത്രമാണു് എനിക്കു് അവിശ്വാസമുള്ളതു്. അദ്ദേഹം ഈ നിയമസഭയിൽനിന്നും പുറത്തുപോകാൻ അർഹനാണു്. അതുകൊണ്ടു് ഞാൻ ശക്തിയായി ഈ അവിശ്വാസപ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

<u>ശ്രീ. മാലേത്തു ഗോപിനാഥപിള്ള</u>: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി എതിർക്കുകയാണു്. ഈ നിയമസഭയിലെ ചരിത്രത്തിൽ ഇതു് നാലാമത്തെ അവിശ്വാസപ്രമേയമാണു്. 1961, 62, 63 എന്നീ വർഷങ്ങളിൽ ചർച്ചയ്ക്കു വന്നിരുന്ന അവിശ്വാസപ്രമേയങ്ങളെ അപേക്ഷിച്ചു് ഈ പ്രമേയത്തിനുള്ള പ്രത്യേകത ഇന്നത്തെ സാഹചര്യത്തിൽ ഇതു് ഒരുപക്ഷേ ഈ സഭ അംഗീകരിച്ചേക്കുമെന്നുള്ളതാണു.

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് എസ്. എസ്. പി. യുടെ ലീഡറാണ്. എന്തുകൊണ്ടു് ഈ മന്ത്രിസഭ രാജിവച്ചു പിരിഞ്ഞുപോകണമെന്നു് കാര്യകാരണസഹിതം സമർത്ഥിക്കുവാൻ പ്രമേയാവതാരകനു് കഴിഞ്ഞില്ലെന്നുള്ളതു് അദ്ദേഹത്തിന്റെ പ്രസംഗം തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. അതുപോലെതന്നെ ഈ പ്രമേയത്തെ അനുകൂലിച്ച ഇവിടത്തെ ഔദ്യോഗിക കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിയമസഭയുടെ നേതാവായ ശ്രീ. സി. അച്യുതമേനോനും മന്ത്രിസഭ രാജിവയ്ക്കേണ്ട കാരണങ്ങൾ എന്തെല്ലാമെന്നു് നിശ്ചയമില്ലായിരുന്നു. മാത്രമല്ല അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മറ്റൊരു കാര്യംകൂടി വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു. അതായതു് പ്രമേയത്തിന്റെ അന്തസത്തയേയും ഈ പ്രമേയം പാസ്സാകുവാൻ പോകുന്ന സാഹചര്യങ്ങളേയും കമ്മ്യൂണിസ്റ്റു പാർട്ടി അനുകൂലിക്കുന്നില്ലെന്നു്. അതുപോലെതന്നെ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു് ഈ പ്രമേയം പാസ്സായിക്കഴിഞ്ഞാൽ ഈ രാജ്യത്തുണ്ടാകാൻ പോകുന്ന രാഷ്ട്രീയ കൂട്ടുകെട്ടുകളെ സംബന്ധിച്ചു് മനഃപൂർവ്വമായി സംസാരിക്കുകയുണ്ടായി. അങ്ങനെ ശ്രീ. നമ്പൂതിരിപ്പാടിന്റെയും ശ്രീ. പി. കെ. കുഞ്ഞിന്റെയും ശ്രീ. അച്യുതമേനോന്റെയും പ്രസംഗങ്ങൾ കേട്ടപ്പോൾ............

ശ്രീ. ഇ. പി. ഗോപാലൻ: അവിശ്വാസപ്രമേയത്തെ അനുകൂലിച്ചവർ എതിർക്കുന്നുവെന്നു വരുത്താനുള്ള ശ്രമമാണോ ഇതു് ?

മി. സ്പീക്കർ: പരകായപ്രവേശം ചെയ്തിട്ടു് വികാരങ്ങളെ എടുത്തു പറയാതിരുന്നാൽ മതി.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, ഞാൻ പറഞ്ഞുവന്നതു് ഈ അവിശ്വാസപ്രമേയത്തെ ഇവിടത്തെ ഔദ്യോഗിക കമ്മ്യൂണിസ്റ്റു പാർട്ടിയോ മറ്റു പ്രതിപക്ഷകക്ഷികളോ സത്യത്തിൽ അനുകൂലിക്കുന്നില്ലെന്നു് എനിക്കു തോന്നുന്നുവെന്നാണ്. ഇതു് കുതികാൽവെട്ടികളുടെ മാത്രം പ്രമേയമാണ്.

ശ്രീ. ഇ. പി. ഗോപാലൻ: നിങ്ങളുടെ പാർട്ടിക്കകത്തുതന്നെ കുതികാൽ വെട്ടുന്നവരില്ലേ ?

ശ്രീ. കെ. ഭാർഗ്ഗവൻ: ഞങ്ങളും ഒരു അവിശ്വാസപ്രമേയം ഇവിടെ കൊടുത്തിട്ടുണ്ടു്. അവതരിപ്പിച്ചിട്ടില്ലന്നേയുള്ളു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, ഈ അവിശ്വാസപ്രമേയം ഈ സഭ പാസ്സാക്കുകയാണെങ്കിൽ ഈ രാജ്യത്തു് ഉണ്ടാകാൻപോകുന്ന പ്രതിസന്ധിഘട്ടത്തെ ഇവിടത്തെ പ്രതിപക്ഷങ്ങൾ കാണുന്നുണ്ടെന്നുള്ളതു് സന്തോഷകരമായ ഒരു കാര്യമാണ്. ഈ പ്രമേയം ഇവിടെ പാസ്സാകാൻപോകുന്ന സാഹചര്യത്തെപ്പറ്റി രണ്ടു സ്നേഹിതന്മാർ സൂചിപ്പിക്കുകയുണ്ടായി. ഈ അവിശ്വാസപ്രമേയം പാസ്സാകുകയാണെങ്കിൽ അങ്ങനെ പാസ്സാകുന്നതു് ഇവിടത്തെ പ്രതിപക്ഷങ്ങളുടെ ശക്തികൊണ്ടല്ലെന്നു് അവരും സമ്മതിക്കും. ഇന്നലെവരെ കാൺഗ്രസ്സുകാരായിരുന്ന ചിലർ എന്തൊക്കെയോ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി, പണ്ടു് ക്രിസ്തുദേവനെ മുപ്പതു വെള്ളിക്കാശിനുവേണ്ടി ജൂഡാസ് ഒറ്റികൊടുത്തതുപോലെ, സ്വന്തം പാർട്ടിയേയും നേതാവിനേയും ഒറ്റികൊടുത്തു് അവസാനനിമിഷം കാലുമാറിയെങ്കിൽ മാത്രമേ പ്രമേയത്തിനു് അംഗീകാരം കിട്ടൂ.

ശ്രീ. ബാലകൃഷ്ണപിള്ള പ്രസംഗിക്കുന്നതു കേട്ടു മുഖ്യമന്ത്രിയോടു മാത്രമാണു ഇവർക്കു് അവിശ്വാസമുള്ളതെന്നു്. എന്തു ബാലിശമായ വാദഗതിയാണു് സർ; പാർലമെന്ററി ഡെമോക്രസിയുടെ ബാലപാഠം ശ്രീ. ബാലകൃഷ്ണപിള്ള പഠിക്കണമെന്നാണു് എനിക്കു് അദ്ദേഹത്തോടു് പറയുവാനുള്ളതു്. അവിശ്വാസപ്രമേയം എസ്. എസ്. പി. നേതാവു് കൊണ്ടുവന്നിരിക്കുന്നതു് മന്ത്രിസഭ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

യുടെമേൽ മൊത്തത്തിലാണ്. കൂട്ടുത്തരവാദിത്വമുള്ള ഈ മന്ത്രിസഭ മുഴുവനായി ഈ പ്രമേയത്തിലെ പ്രശ്നമാണ്. ഒന്നുകിൽ മന്ത്രിസഭ മുഴുവൻ ഒന്നിച്ചു മരിക്കും, അല്ലെങ്കിൽ അതു് മുഴുവനായി ജീവിക്കും. ശ്രീ. ശങ്കറിനോടുള്ള വ്യക്തിപരമായ വൈരാഗ്യം ഒന്നുകൊണ്ടു മാത്രമാണ് അവിശ്വാസപ്രമേയത്തെ ഇവർ അനുകൂലിക്കുന്നതെങ്കിൽ അതു് തെററായ വെറും ബാലിശമായ ഒരു സമീപനമാണ്.

ഈ രാജ്യത്തു് ഡെമോക്രസിയിൽ വിശ്വസിക്കുന്നവക്കു് ചില കടമകളെല്ലാമുണ്ടു്. ശ്രീ. സ്റ്റീഫൻ ചോദിച്ചതുപോലെ എന്തുകൊണ്ടു് ഇവർ പാർട്ടിയിൽനിന്നു രാജിവച്ചിട്ടു് മന്ത്രിസഭയെ എതിർക്കുന്നില്ല? രാജിവയ്ക്കുന്നതിനു് കേന്ദ്ര പാർലമെൻററി ബോർഡിൻെറ അംഗീകാരം ചോദിച്ചിരുന്നുവെന്നും അവർ അംഗീകാരം കൊടുക്കാത്തതുകൊണ്ടാണ് രാജിവയ്ക്കാത്തതെന്നുമാണ് വാദം. സർ, ഒരു പാർട്ടിയുടെ നയങ്ങളോടോ പരിപാടികളോടോ ആ പാർട്ടിയിലെ ഒരു അംഗത്തിനു് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ മററാരോടും ചോദിക്കാതെതന്നെ അവനവൻെറ മനസ്സാക്ഷിയുടെ യജമാനൻ അവനവൻതന്നെയാണെങ്കിൽ സ്വയം രാജിവച്ചു് പുറത്തുപോകാവുന്നതാണ്. അതിനു് ഒരു പാർലമെൻററി ബോർഡിൻേറയും അനുമതിവേണ്ട. രാഷ്ട്രീയ രംഗത്തു ബാലലീല നടത്തുന്ന ശ്രീ. ബാലകൃഷ്ണപിള്ളയോടു് എനിക്കു ഒന്നും പറയാനില്ല. ആ കുഞ്ഞു് വളരട്ടെ സർ. പക്ഷേ ദീർഘകാലം കാൺഗ്രസ്സിൽ നിന്നുകൊണ്ടു പ്രവർത്തിച്ചിട്ടുള്ള ശ്രീ. കെ. എം. ജോർജ്ജും ശ്രീ. വയലാ ഇടിക്കുളയുമെല്ലാം വോട്ടുചെയ്യുന്നതിനുമുൻപു കാര്യങ്ങൾ ഒന്നുകൂടി ഗൗരവമായി ആലോചിക്കണമെന്നു്; ഞാൻ അപേക്ഷിക്കുകയാണ്. കോൺഗ്രസ്സ് പാർട്ടിയിൽനിന്നും രാജിവച്ചു പിരിഞ്ഞുപോയതിനുശേഷമാണ് ഇവർ ഈ ഗവണ്മെൻറിനെ തകിടംമറിക്കുന്നതെങ്കിൽ അതു ഞങ്ങൾക്കു് മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഏതാണ്ടു് രണ്ടു കോടിയോളം ജനങ്ങളോടു് അങ്ങേയററത്തെ കൃത്യവിലോപവും വിശ്വാസവഞ്ചനയും നന്ദികേടുമാണ് ഇവർ കാണിക്കാൻപോകുന്നതു്. കോൺഗ്രസ്സ് സംഘടനയിൽനിന്നു് ടിക്കററുവാങ്ങി അതിൻെറ തണലിൽ ജനപ്രതിനിധികളായി ഇവിടെ വരികയും അവസാന നിമിഷത്തിൽ ആ സംഘടനയുടെ അച്ചടക്കത്തിനും സൽപേരിനും അറിഞ്ഞുകൊണ്ടു് കോടാലിവയ്ക്കുകയുമാണ്. ഈ സന്ദർഭത്തിൽ എനിക്കു് രാമായണത്തിലെ ഒരു ഭാഗമാണ് ഓർമ്മയിൽ വരുന്നതു്.

രാമബാണമേററു നിലംപതിച്ച മാരീചൻെറ വിലാപംകേട്ടു അതു് രാമരോദനമാണെന്നു് തെററിദ്ധരിച്ച സീത ലക്ഷ്മണനോടു പറഞ്ഞു 'അതാ രാമൻെറ ദീനനാദം കേൾക്കുന്നു, വേഗം ചെന്നു ജ്യേഷ്ഠനെ രക്ഷിക്കൂ' എന്നു്: ഇതു കേട്ട ലക്ഷ്മണൻ മറുപടി പറഞ്ഞു 'ഇതു് ജ്യേഷ്ഠൻെറ ശബ്ദമല്ല രാമൻ ആർത്തനാദം പുറപ്പെടുവിക്കുകയില്ല, ആ കേൾക്കുന്നതു് മാരീചൻെറ ശബ്ദമാണ്.' ലക്ഷ്മണൻെറ വാക്കുകൾ സീത തെററിദ്ധരിച്ചു, അവർപറഞ്ഞു നിൻെറ ജ്യേഷ്ഠൻ മരിച്ചാൽ എന്നെ അപഹരിക്കാനാണ് നിൻെറ ഉദ്ദേശം, അതുകൊണ്ടാണു് ജേഷ്ഠൻെറ സഹായ അഭ്യർത്ഥന കേട്ടിട്ടും നീ ഇവിടെ എൻെറ അടുത്തുതന്നെ തങ്ങിനില്ക്കുന്നതു്''. സീതയുടെ വാക്കുകൾ ലക്ഷ്മണനു് കർണകഠോരമായിരുന്നു. താൻ ആത്മതുല്യം സ്നേഹിക്കുകയും ഈശ്വരതുല്യം പൂജിക്കുകയും ചെയ്യുന്ന തൻെറ ജ്യേഷ്ഠൻെറ പത്നി തന്നെ തെററിദ്ധരിച്ചതു് ലക്ഷ്മണനു് സഹിച്ചില്ല. അദ്ദേഹത്തിൻെറ മറുപടി ഇങ്ങനെയായിരുന്നു:—

'നിനക്കു നാശമടുത്തിരിക്കുന്നു പാര–
മിനിക്കു നിരൂപിച്ചാൽ തടുത്തുകൂടാതാനും'.

ഇതേ വാക്കുകളാണ് എൻെറ കക്ഷിയിൽനിന്നും അവസാനനിമിഷത്തിൽ തെററിദ്ധാരണ മൂലം കാലുമാറിനിന്നുകൊണ്ടു് ഈ പ്രമേയത്തെ അനുകൂലിക്കാൻ പോകുന്ന പതിനഞ്ചുപേരിൽ ഓരോരുത്തരോടും എനിക്കു് പറയുവാനുള്ളതു്.

ഇവർ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു് എന്തു കാരണങ്ങൾ കൊണ്ടാണ് സർ? ഇപ്പുറത്തിരിക്കുന്ന ഞങ്ങൾ അൻപതാളുകളും ഏകകണ്ഠമായി ഏകസ്വരത്തിൽ പറയുന്ന ഞങ്ങൾക്കു് ഈ മന്ത്രിസഭയിൽ വിശ്വാസമുണ്ടെന്നു്,

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ നേതാവിൽ വിശ്വാസമുണ്ടെന്ന്. പക്ഷേ അവർ പതിനഞ്ചുപേർ പറയുന്ന അൻപതാളുകൾ അവരുടെ അഭിപ്രായം ആദരിച്ച് നേതാവിനെ മാററണമെന്ന്. ഇത് എന്തു ജനാധിപത്യമാണ് സർ? അൻപതു പേർ പതിനഞ്ചുപേരുടെ ഭീഷണിക്കു വഴങ്ങണം. നടപ്പുള്ള കാര്യമല്ല സർ.

കാൺഗ്രസ് പാർട്ടിയിൽനിന്നും മാറിനിന്നുകൊണ്ട് ഈ പതിനഞ്ചുപേർ പറയുകയാണ് ഈ 'പോത്തൻപാർട്ടി'യുടെ നയം ഞങ്ങൾക്കൂടി സ്വീകരിക്കണമെന്ന്, അത് സ്വീകരിച്ചില്ലെങ്കിൽ ഈ മന്ത്രിസഭയെ താഴെ വീഴ്ത്തുമെന്ന്. വീഴ്ത്തട്ടെ സർ, ഇവർ മന്ത്രിസഭയെ താഴെ വീഴ്ത്തട്ടെ, ഞാനവരെ വിടുകയാണ്, ദൈവം അവർക്കു മാപ്പുകൊടുക്കട്ടെ.

എന്നാൽ മുസ്ലീംലീഗ് ഒഴിച്ചുള്ള പ്രതിപക്ഷകക്ഷികളോട്, എനിക്ക് ഒരു അപേക്ഷയുണ്ട്. ഇവിടത്തെ കമ്മ്യൂണിസ്ററു പാർട്ടികളോടും എസ്. എസ്. പി. യോടും ഞാൻ ചോദിക്കുകയാണ്, 1952-ലേയും 1954-ലേയും 1956-ലേയും 1959-ലേയും പ്രവണതയും ഇതുതന്നെയായിരുന്നില്ലേ എന്ന്. ഈ സംസ്ഥാനത്ത് ഡെമോക്രസി വിജയിക്കണമെങ്കിൽ, ഇവിടത്തെ ഭരണകൂടത്തിൽ അനാവശ്യമായ നിയന്ത്രണങ്ങളും സമ്മർദ്ദങ്ങളും ഇനിമേൽ ഉണ്ടാകാതിരിക്കണമെങ്കിൽ ഇവിടത്തെ രാഷ്ട്രീയ പ്രവർത്തകർ, വിശാലമായ അടിസ്ഥാനത്തിലെങ്കിലും ഒന്നിച്ചു ചേരണമെന്ന് ഞാൻ അവരോടു അപേക്ഷിക്കുകയാണ്. ഇവിടത്തെ രാഷ്ട്രീയരംഗത്തെ ഇതഃപര്യന്തശാപമായി ജന്മി—മുതലാളി—വർഗ്ഗീയ കൂട്ടുകെട്ടിനെ പൊളിക്കാതെ ഈ രാജ്യത്ത് ജനാധിപത്യം ഒരു കാലവും വളരുകയില്ല എന്ന സത്യം എല്ലാ രാഷ്ട്രീയ പ്രവർത്തകരും ഗൗരവപൂർവ്വം ഓർമ്മിക്കേണ്ട ഘട്ടമായിരിക്കുന്നുവെന്ന് ഞാൻ ആവർത്തിച്ച് ആവർത്തിച്ച് അവരെ അനുസ്മരിപ്പിക്കുകയാണ്.

<u>ശ്രീ. കെ. ഭാർഗ്ഗവൻ</u> : ഒരു ചോദ്യം.

<u>ശ്രീ. മാലേത്ത് ഗോപിനാഥപിള്ള</u> : ഞാൻ വഴങ്ങുന്നില്ല. ഏതായാലും ഒരു കാര്യം വ്യക്തമാണ്. ഈ മന്ത്രിസഭ എന്തു മൗലികകാര്യങ്ങൾകൊണ്ട് രാജിവയ്ക്കണമെന്ന് ഈ അവിശ്വാസപ്രമേയത്തെ അനുകൂലിച്ച ആരുംതന്നെ സമർത്ഥിച്ചിട്ടില്ല. 1963 സെപ്റ്റംബർ 19, 20, എന്നീ തീയതികളിലായിരുന്നു കഴിഞ്ഞ അവിശ്വാസപ്രമേയം ഈ സഭ ചർച്ച ചെയ്തത്. അന്നു പറഞ്ഞ കാര്യങ്ങളെക്കാൾ കൂടുതലായി യാതൊരു പുതിയ കാര്യങ്ങളും പ്രമേയാവതാരകനും പിൻതാങ്ങികൾക്കും ഇപ്പോൾ പറയുവാൻ കഴിഞ്ഞിട്ടില്ല. ഇന്ന ഇന്ന കാര്യങ്ങൾകൊണ്ട് മന്ത്രിസഭ രാജിവയ്ക്കണമെന്ന് പറയാനായി അവക്ക് ഒന്നും ഇല്ല, ഗവണ്മെൻറിന്റെ പാളിസി തെററാണെന്ന് പറഞ്ഞിട്ടില്ല, ഗവണ്മെൻറിന്റെ ഇന്നയിന്ന പ്രത്യേക ചെയ്തികൾ രാജ്യത്തിന്റെ ഭാവിയെ ദോഷകരമായി ബാധിക്കുന്നുവെന്നു പറഞ്ഞിട്ടില്ല, ബഡ്ജററു സമ്മേളനങ്ങളിൽ നടക്കുന്ന പൊതുവായ ചർച്ചകളിൽ കാണുന്ന വിമർശനങ്ങളിൽ കൂടുതലായി പുതിയ യാതൊരു ആരോപണവും ഈ അവസാന നിമിഷത്തിൽപോലും കൊണ്ടുവരാൻ ഇവർക്ക് സാധിച്ചിട്ടില്ല. എന്റെ സ്നേഹിതൻ ശ്രീമാൻ ബാലകൃഷ്ണപിള്ള ഇവിടെ ഒരു പുതിയ ആരോപണം കൊണ്ടുവന്നു. മുഖ്യമന്ത്രി അഞ്ചാറു ലക്ഷം രൂപാ അന്യായമായി സമ്പാദിച്ചിട്ടുണ്ടെന്ന്, കാൺഗ്രസ് പാർട്ടിയിലെ വിനീതനായ ഒരു ഭടൻ എന്ന നിലയിൽ ശ്രീ. ബാലകൃഷ്ണപിള്ളയെ ഞാൻ വെല്ലുവിളിക്കുകയാണ്, ഈ പ്രസ്താവനയിൽ സത്യത്തിന്റെ എന്തെങ്കിലും കണികയുണ്ടെങ്കിൽ മഹത്തായ ഈ നിയമസഭാമന്ദിരത്തിനു പുറത്തുവച്ച് അതു പറയുവാനുള്ള ചങ്കൂററം അദ്ദേഹത്തിന് ഉണ്ടോ എന്ന്.

ഏതായാലും ഈ അവിശ്വാസപ്രമേയത്തിൽ ബുദ്ധിയുടെ നേരിയ സൂചന പോലുമില്ല. ഇത് ഒരു വെറും 'നെഗററീവ്' പ്രമേയമാണ്. ഇതിൽ ക്രിയാത്മകത്വമില്ല, പോസിററിവിററി ഇല്ല.

ഈ അവിശ്വാസപ്രമേയം പാസ്സായി എന്നു വിചാരിക്കു. ഇവരുടെ ആൾട്ടർനേററീവ് എന്താണ് സർ? വേറൊരു ഗവണ്മെൻറു രൂപീകരിക്കുവാൻ, ബാലിസുഗ്രീവന്മാരെപ്പോലെ പടപൊരുതുന്ന നമ്പൂതിരിപ്പാടിനോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

അച്യുതമേനവനോ കഴിയുമോ? അവരുമായി ഒരിക്കലും അടുക്കാത്ത മുസ്ലീം ലീഗിനു് അതു് കഴിയുമോ? എസ്. എസ്. പി. എന്തുപറഞ്ഞു? ഉണ്ടാക്കാമോ ഒരു ഗവണ്മെൻറു? പതിനഞ്ചന്മാരു പയററിയാൽ ഗവണ്മെൻറാകുമോ? ഇവർക്കെല്ലാംകൂടി കാണിക്കുവാനുള്ളതു്, രാഷ്ട്രീയമായ അനിശ്ചിതാവസ്ഥയിലേക്കു്—ശൂന്യതയിലേക്കു—ഉള്ള ചൂണ്ടുപലക മാത്രമാണു്. ഒരു മന്ത്രിസഭയുണ്ടാക്കുന്നതിനു് പ്രതിപക്ഷങ്ങൾക്കു് അവസരം കൊടുക്കണമെന്നു് പറഞ്ഞതു് ശ്രീ. എ. കെ. ഗോപാലൻ ഒരാളാണു്. ആരെക്കൊണ്ടു് മന്ത്രിസഭ ഉണ്ടാക്കാനാണു് സർ? ഈ എഴുപത്തിയഞ്ചുപേരും ഇന്നു് എൺപത്തിയാറു തട്ടുകളിലാണു് നില്ക്കുന്നതു്?

ഇവിടെ സുശക്തമായി അന്തസായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ജനാധിപത്യ ഗവണ്മെൻറിന്റെ കഴുത്തറുക്കുന്നതിനു് ഗവണ്മെൻറിന്റെ പക്ഷത്തുണ്ടായിരുന്ന കുറെ മെമ്പറന്മാർ തുനിയുമ്പോൾ, ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പാർട്ടിക്കാർ അതിനു് കൂട്ടുനില്ക്കുന്നതു് ആക്ഷേപാർഹമാണു്, അങ്ങേ അററത്തെ തെററാണു്, അതു് നീതിക്കും ഫെയർ പ്ലേയ്ക്കും ചേർന്നതല്ലെന്നു മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു. ഈ അവിശ്വാസപ്രമേയം പാസ്സായിക്കഴിഞ്ഞാലും ഈ രാജ്യത്തു് മഹത്തായ കാൺഗ്രസ്പാർട്ടി നിലനിൽക്കും. സ്വാർത്ഥതാൽപര്യക്കാരുടേയും കുതികാൽ വെട്ടികളുടേയും ജന്മി—മുതലാളി—വർഗ്ഗീയ കൂട്ടുകെട്ടിന്റെ ചട്ടുകങ്ങളുടേയും ബാധ ഒഴിഞ്ഞ എന്റെ പാർട്ടി

'വിലസിടുമടിയേററവെള്ളിപോൽ
ഉലയതിലൂതിയ പൊന്നുപോലെയും'

ശോഭിക്കും എന്നുള്ളതിനു സന്ദേഹമില്ല. ഈ 'കുതികാൽവെട്ടി' പ്രമേയത്തെ ഒരിക്കൽകൂടി ശക്തിയായി എതിർത്തുകൊണ്ടു് ഞാൻ വിരമിക്കുകയാണു് സർ. നമ്മെയും കേരളത്തെയും ദൈവം രക്ഷിക്കട്ടെ.

ശ്രീ. എൻ. ഗോപാലക്കുറുപ്പു്: ഈ നിയമസഭയിൽ ഇതു നാലാമത്തെ അവിശ്വാസപ്രമേയമാണു്. ഇതിനുമുമ്പു അവതരിപ്പിച്ചു ചർച്ചചെയ്ത പ്രമേയങ്ങളെ പിൻതാങ്ങിക്കൊണ്ടു് സംസാരിച്ചപ്പോഴെല്ലാം എനിക്കു നിർവ്വഹിക്കേണ്ടിയിരുന്ന ഭാരമേറിയ ചുമതലയിൽ വലിയൊരു പങ്കു് എന്നേക്കാളധികം ആധികാരികമായി സംസാരിക്കാൻ അർഹതയുള്ള പല സ്നേഹിതന്മാരും ഏറെറടുത്തിരിക്കുന്നതിൽ എനിക്കു് കൂടുതൽ സന്തോഷമുണ്ടു്. ഈ അവിശ്വാസപ്രമേയം കോൺഗ്രസ്സ് മന്ത്രിസഭയുടെ ചിതയിൽ കൊളുത്തിയ തീയെ ആളിക്കത്തിക്കുകയാണു്. ആളിക്കത്തുന്ന കോൺഗ്രസ്സിന്റെ ചുടുകാട്ടിൽ നിന്നുകൊണ്ടു് കോൺഗ്രസ്സിന്റെ പ്രത്യയശാസ്ത്രവിദഗ്ദ്ധനായ സ്റ്റീഫൻ ചെയ്ത പ്രസംഗത്തിൽ, മാലേത്തു ഗോപിനാഥപിള്ള ചെയ്ത പ്രസംഗത്തിൽ പശ്ചാത്താപത്തിന്റെ കുറെ പരിദേവനങ്ങളുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതാവായ സഖാവു് അച്യുതമേനോൻ 1960–ലുണ്ടാക്കിയ അവിശുദ്ധമായ ഒരു കൂട്ടുകെട്ടിന്റെ ദുർഭഗസന്തതിയായിട്ടാണു് ഈ ഭരണകക്ഷി രൂപംകൊണ്ടതെന്നു പറഞ്ഞിരുന്നതിനെ അന്നുവരെ എതിർത്തിരുന്ന സ്റ്റീഫനും മാലേത്തു ഗോപിനാഥപിള്ളയും ഇന്നു ഈ ഗവണ്മെൻറു് ഒരു ദുർഭഗസന്തതിയാണെന്നു പരസ്യമായി സമ്മതിച്ചതിൽ ഞാൻ അവരെ അനുമോദിക്കുകയാണു്. ഈ മന്ത്രിസഭക്കെതിരായി കഴിഞ്ഞകാലത്തു പറഞ്ഞതല്ലാതെ കൂടുതലായി ഇപ്പോഴൊന്നും പറയാനില്ലെന്നാണു് സ്റ്റീഫന്റെ അഭിപ്രായം. കഴിഞ്ഞകാലത്തു പറഞ്ഞ അതേ ആരോപണങ്ങൾ തന്നെ വളരെ ശക്തിമത്തായി ഉണ്ടായിരിക്കുന്നു എന്നു മാത്രമല്ല, അതു പരിഹരിക്കുന്നതിനുപകരം അതു മേൽക്കുമേൽ അനുസ്യൂതം ഈ ഗവണ്മെൻറു് തുടരുന്നു എന്നുള്ളതാണു് ഒരാരോപണം. കഴിഞ്ഞകാലത്തു നടന്ന സംഭവങ്ങളുടെ പട്ടിക ഇവിടെ നിരത്തിവച്ചു. ഞാൻ അതിലേക്കു് വരുന്നതിനുമുമ്പു് ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. ഇതിനുത്തരവാദിയായ മുഖ്യമന്ത്രിയുടെനേരെ വിരൽ ചൂണ്ടുമ്പോൾ എന്തുകൊണ്ടാണു് ഇതേപ്പററി ഒരന്വേഷണം നടത്താത്തതെന്നു ഞാൻ ചോദിക്കുകയാണു്? 1960-ൽ രൂപംകൊണ്ട സംയുക്തകക്ഷിയിലെ ഗവണ്മെൻറിലെ പ്രധാന കക്ഷിയായ കോൺഗ്രസ്സ്, അതിന്റെ ലീഡറായി ആർ. ശങ്കറെ തിരഞ്ഞെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം മിക്കവാറും തന്റെ സ്വന്തം ഭാഗ്യാന്വേഷണം ലക്ഷ്യമാക്കിവച്ച് ഈ കൂട്ടുകക്ഷികളെ അധാർമ്മികമായി പിളർന്നു പിളർന്നു അവസാനം സ്വന്തം കക്ഷിയെത്തന്നെ പിളർക്കുന്ന രാഷ്ട്രീയ ഗൂഢാലോചനയിൽ ഏർപ്പെട്ടിരിക്കുന്നു എന്നു പറയുന്നതിൽ എന്താണ് ആക്ഷേപം? ആദ്യം മുസ്ലീം ലീഗിനെ തള്ളി, പിന്നെ പി. എസ്സ്. പിയെ തള്ളി, അവസാനം കോൺഗ്രസ്സ് കക്ഷിയെത്തന്നെ രണ്ടായി പിച്ചിച്ചീന്തി. ഇതു ചരിത്രത്തിന്റെ പ്രതികാരം മാത്രമാണ്. മുഖ്യമന്ത്രിയുടെപേരിൽ ഈ നിയമസഭയ്ക്കകത്തും കോടതിയിലും ശക്തിയായ ആരോപണങ്ങളുണ്ടായി. ബൻസ് ടക്കിന്റെ കാര്യം മുതൽ ജാതിത്തൈവരെയുള്ള പട്ടിക നിരത്തി ഞാൻ സമയം കളയുന്നില്ല. ആ കാര്യങ്ങളെക്കുറിച്ച് ഒരു അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്നു ചോദിച്ചാൽ അതു വിഷമമാണ്. ബഡ്ജറ്റു പ്രൊവിഷനില്ലാതെ ആക്കുളം കായലിൽനിന്നു വേളിയിലേക്കു ഏഴു ലക്ഷം രൂപാ ചെലവാക്കി ഇന്ന് ഒരു റോഡ് വെട്ടുന്നുണ്ട്. ബഡ്ജറ്റുപ്രൊവിഷനില്ലാതെ അടിയന്തിരമായി അദ്ദേഹംതന്നെ ഈ കാര്യം നേരിട്ടെടുത്ത് മന്ത്രിസഭ അന്ത്യശ്വാസം വലിക്കുന്ന ഈ സമയത്ത് ഇങ്ങനെയൊരു റോഡ് വെട്ടേണ്ട ആവശ്യമെന്താണ്? ഭരണാധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വന്തം കക്ഷിയിലെ ഗ്രൂപ്പിനെ പിടിക്കാൻ ശ്രമം നടത്തുന്നു എന്നുള്ള ആക്ഷേപമുണ്ടായിട്ടില്ലേ? മന്ത്രിസഭയെ താങ്ങിനിറുത്തുന്ന നെടുംതൂണുകളുണ്ടാക്കുന്നതിന് 500 പള്ളിക്കൂടങ്ങൾ അനുവദിച്ചു എന്നു ആക്ഷേപമുണ്ടായിട്ടില്ലേ? ആദ്യം അനുവദിച്ച സ്കൂളുകൾക്കുശേഷം പിന്നെയും എട്ടു സ്കൂളുകൾകൂടി അനുവദിച്ചതു് കെ. പി. സി. സി. എലക്ഷനിൽ വോട്ടുപിടിക്കാനാണെന്നുള്ള ആക്ഷേപം ഈ നാട്ടിൽ പരക്കെയുണ്ട്. കെ. പി. സി.സി. എലക്ഷനിൽ ആളുകളെ പിടിക്കാൻവേണ്ടി എന്തെല്ലാം അധികാരദുർവിനിയോഗങ്ങൾ ചെയ്തു. ഇതേക്കുറിച്ചെല്ലാം ഒരന്വേഷണം നടത്തണമെന്നു പറഞ്ഞാൽ അതിനു മറുപടി പറയാത്തതു് എന്തുകൊണ്ടാണ്? ഈ അടുത്ത സന്ദർഭത്തിൽ എലക്ട്രിസിറ്റി ബോർഡിൽനിന്നും കാൺക്രീറ്റു തൂണുകൾ വാർക്കാനുള്ള ഒരു കാൺട്രാക്ട് മുഖ്യമന്ത്രി ഇടപെട്ട് എം. സി. ചാക്കോയുടെ മരുമകന് നെഗോഷിയേറ്റ് ചെയ്തുകൊടുത്തില്ലേ? മൂന്നു കൊല്ലമായി എലക്ട്രിസിറ്റി ബോർഡിൽ യാതൊരു തീരുമാനവുമെടുക്കാതെ കിടന്നിരുന്ന ഈ കാൺട്രാക്ട് ശരിപ്പെടുത്തിക്കൊടുത്താണ് ശ്രീ. പി. ടി. ചാക്കോയുടെ ഭാഗത്തുനിന്നും എം. സി. ചാക്കോയെ മുഖ്യമന്ത്രി പിടിച്ചെടുത്തതെന്നുള്ള ആക്ഷേപം ഇന്നു നാട്ടിൽ പരക്കെയുണ്ട്. ഭരണകക്ഷിയിലെ അംഗങ്ങളെ സ്വാധീനിക്കാൻവേണ്ടി 400—ൽപരം ടൺ സിമന്റ്, ഇല്ലാത്ത ഒരു ഫാക്ടറിക്കു കൊടുത്തില്ലേ? മൊസേക്ക് കമ്പനി എന്നു പറയുന്ന ഇല്ലാത്ത ഒരു കമ്പനിക്ക് 400 ടൺ സിമന്റു യാതൊരു രേഖയുമില്ലാതെ കൊടുത്തില്ലേ? ഇങ്ങനെ നിരവധി ആരോപണങ്ങൾ ഉയർന്നുനിൽക്കുകയാണ്. ഇതിനൊന്നിനും എന്തുകൊണ്ട് മുഖ്യമന്ത്രി സമാധാനം പറയുന്നില്ല? ഇതിനെക്കുറിച്ചെല്ലാം വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ? ഞാൻ ഈ അഴിമതികളുടെ കാര്യത്തിൽ ഒരു വാക്കുകൂടി പറഞ്ഞു് നിറുത്തുകയാണ്. ആലപ്പുഴയിൽ നടന്ന പഞ്ചസാര കേസിന്റെ കാര്യം ഇവിടെ പറഞ്ഞുകഴിഞ്ഞതാണ്. ശ്രീമാൻ സ്റ്റീഫൻ ഇവിടെ നാക്കുനീട്ടി പല കാര്യങ്ങളും പറഞ്ഞു. ഞാൻ അദ്ദേഹത്തോട് പറയുകയാണ്, നാക്കുനീട്ടി ഈ പഞ്ചസാരയുടെ സ്വാദൊന്ന് രുചിച്ചുനോക്കണമെന്ന്. ആ കേസിൽ കളക്ടറെടുത്ത നടപടിയെ പിറ്റേദിവസം ഭക്ഷ്യമന്ത്രി മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് സ്റ്റേ ചെയ്തു. അങ്ങനെ ഭക്ഷ്യമന്ത്രി സ്റ്റേ ചെയ്തില്ലായിരുന്നുവെങ്കിൽ, അടുത്തദിവസം മുഖ്യമന്ത്രി പറയും തന്റെ സഹപ്രവർത്തകനിൽ വിശ്വാസമില്ലെന്ന്. അതുകൊണ്ട് അദ്ദേഹം ആ നടപടിയെ സ്റ്റേ ചെയ്തു. ആയിടയ്ക്ക് ആലപ്പുഴ കളക്ടർ ഒരു പതിനാലു കരിഞ്ചന്ത കേസുകൾ പിടിച്ചു. അതിന്മേൽ ശക്തിമത്തായ നടപടികളെടുക്കാൻ ആത്മാർത്ഥമായി ആ ഉദ്യോഗസ്ഥൻ മുന്നോട്ടു പോയി. ആ പതിനാലു കേസുകളുടെയിടയിൽ ഒരെണ്ണം നമ്മുടെ മുഖ്യമന്ത്രിക്ക് പ്രത്യേക താൽപ്പര്യമുള്ള ഒരാളുടെ പേരിലുള്ളതായിരുന്നു. അതു് കായംകുളത്തുകാരൻ ഒരു പുരുഷോത്തമൻ എന്നയാളുടെ പേരിലുള്ള കേസ്സായിരുന്നു. ആ കേസ് പിൻവലിക്കണമെന്ന് മുഖ്യമന്ത്രി കളക്ടറോട് ആവശ്യപ്പെട്ടു. കക്ഷിപരിഗണനകൾക്കതീതമായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

പ്രവർത്തിക്കേണ്ട കളക്ടർ ആ ഒരു കേസ് മാത്രം പിൻവലിക്കാൻ സാദ്ധ്യമല്ല, അങ്ങനെയാണെങ്കിൽ ആ പതിനാലു കേസ്സുകൾക്കും ഒരുമിച്ചു തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ടു. ഭീരുവായ നമ്മുടെ മുഖ്യമന്ത്രി ആ 14 ഫയലുകളും തന്റെ ആഫീസിൽ വരുത്തി ഒരു കച്ചവടക്കാരനെ രക്ഷിക്കാൻവേണ്ടി 14 കേസ്സുകളും പിൻവലിക്കാൻ ഉത്തരവു കൊടുത്തു് ആ കേസ്സുകൾ പിൻവലിച്ചിരിക്കുകയാണു്. അങ്ങനെ അഴിമതിക്കു് മകുടോദാഹരണമായ തെളിവുകൾ എത്രയെത്രയുണ്ടു്. ഇവിടത്തെ ഭരണം എങ്ങനെ നടക്കുന്നു സർ? ഇവിടെ പല സ്നേഹിതന്മാരും ആ കാര്യങ്ങൾ പരാമർശിച്ചു. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ എന്റെ സംസാരം ചുരുക്കാം.

ഇവിടത്തെ പോലീസ് ഐ. ജി.ക്കെതിരായി വളരെ ന്യായമായ കുറെ ആക്ഷേപങ്ങൾ ഈ നിയമസഭയിൽ വന്നപ്പോൾ നമ്മുടെ മുഖ്യമന്ത്രി എഴുന്നേററുനിന്നു് അതു തെററാണെന്നു പറഞ്ഞു. അതിനു തെളിവുകൾ ഹാജരാക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഞങ്ങൾ തെളിവുകൾ ചൂണ്ടിക്കാണിച്ചു. അതു അദ്ദേഹം സ്വീകരിച്ചില്ല. ഐ. ജി. നല്ലവനാണെന്നു മുഖ്യമന്ത്രി സർട്ടിഫിക്കററു കൊടുത്തു എന്നാൽ അതിന്റെ പിന്നിൽ തെളിവുകൾ പുറത്തു വന്നു കഴിഞ്ഞപ്പോൾ അപ്പോഴും അദ്ദേഹം നല്ലവനാണു്. പക്ഷേ അദ്ദേഹത്തെ മുഖ്യമന്ത്രിക്കു മാററണം. അദ്ദേഹം നല്ല ഉദ്യോഗസ്ഥനാണെങ്കിൽ ഇവിടെയിരുത്തണം. അതല്ല കൊള്ളരുതാത്ത ഉദ്യോഗസ്ഥനാണെങ്കിൽ ആ ഉദ്യോഗസ്ഥനെ ഇവിടെനിന്നും പുറത്താക്കണം. ആ രണ്ടിനും നടപടി എടുക്കുന്നതിനു പകരം പത്രപ്രവർത്തകരെ അറസ്ററു ചെയ്തു് ജയിലിൽ വയ്ക്കുകയാണു് ചെയ്യുന്നതു്.

മി. സ്പീക്കർ: മെമ്പറുടെ സമയം കഴിഞ്ഞു. മെമ്പർ സീററിൽ ഇരിക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, പല പുതിയ സംഗതികളും പുറത്തു വരുന്നുണ്ടു്. അതുകൊണ്ടു് അദ്ദേഹത്തിനു കുറച്ചുസമയംകൂടി കൊടുക്കണം. അതൊക്കെ ഞങ്ങൾക്കും കേൾക്കണ്ടേ?

മി. സ്പീക്കർ: അതു നിങ്ങൾതമ്മിൽ പറഞ്ഞുതീർത്താൽ മതിയല്ലോ.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: അറസ്ററു ചെയ്ത പത്രപ്രവർത്തകരോടു് സമ്മർദ്ദം ചെലുത്തി, മുഖ്യമന്ത്രിയാണു് ഈ രേഖ പുറത്തു തന്നതെന്നു സമ്മതിച്ചാൽ 15,000 രൂപയും ഒരു പ്രമുഖ ദിനപ്പത്രത്തിന്റെ മാനേജിംഗ് എഡിററർ സ്ഥാനവും അവർക്കു ആഫർ ചെയ്തു എന്നു പറഞ്ഞാൽ മുഖ്യമന്ത്രിക്കെതിരായ ഒരു ഗൂഢാലോചനാപ്രവർത്തനം ഇവിടെ നടക്കുന്നുണ്ടു് എന്നുള്ളതല്ലേ പരമാർത്ഥം? മുഖ്യമന്ത്രിക്കെതിരായ ഗൂഢാലോചനാപ്രവർത്തനം ഒരു വശത്തും മറുവശത്തു് പോലീസ് ഐ. ജി.യെ മാററുന്നതിനുള്ള ഗൂഢപ്രവർത്തനവും. ഈ പരിതഃസ്ഥിതിയിൽ ഇവിടെ ഒരു ഗവണ്മെന്റുണ്ടോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ എല്ലാ വിഭാഗം ജനങ്ങളുടേയും കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഈ മന്ത്രിസഭ പരാജയപ്പെട്ടിരിക്കുന്നു. എൻ. ജി. ഒ. മാരുടെ കാര്യത്തിൽ, അദ്ധ്യാപകരുടെ കാര്യത്തിൽ, അങ്ങനെ എല്ലാ വിഭാഗക്കാരുടേയും കാര്യത്തിൽ ഈ മുഖ്യമന്ത്രി ഒരു നിഷേധാത്മകമായ നിലപാടാണു് സ്വീകരിച്ചിരിക്കുന്നതു്. 97 നയാപൈസ അരിവില ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്, ആ വിലയ്ക്കു അരി കിട്ടുന്നില്ലെന്നു മാത്രമല്ല 120 നയാപൈസ കൊടുത്താൽ പോലും ഒരു യൂണിററു് അരി കിട്ടാത്ത ഒരു പരിതഃസ്ഥിതി ഇന്നിവിടെ സംജാതമായിരിക്കുകയാണു്. ഇതിനെതിരായി ഗവണ്മെൻറു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അങ്ങനെ എല്ലാ ജനവിഭാഗങ്ങളുടേയും അസംതൃപ്തിക്കു് പാത്രമായ ഈ മുഖ്യമന്ത്രിയും മന്ത്രിസഭയും ഇനി ആർക്കുവേണ്ടിയാണു് ഭരിക്കുന്നതു്, എന്തിനാണു് ഭരിക്കുന്നതു്? അതുകൊണ്ടു് രാജിവച്ചു പുറത്തു പോകുന്നതാണു് നിങ്ങൾക്കു നല്ലതു്.

Mr. Speaker: Order, order. The House will now adjourn and meet again at 8 a.m. tomorrow, the 8th September, 1964.

The Assembly adjourned at 1 p.m. to meet again at 8 a. m. on Tuesday, the 8th September, 1964.

LIBRARY ARCHIVES Kerala Legislative Assembly